# വെമ്പായം ഗ്രാമപഞ്ചായത്ത്

# വികസനരേഖ
96



## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

## വെമ്പായം ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട് 1996

വെമ്പായം ഗ്രാമപഞ്ചായത്തു കമ്മിറ്റി ചർച്ച ചെയ്ത്
അംഗീകരിച്ച സമഗ്ര വികസന റിപ്പോർട്ട്



ഗ്രാമസ്വരാജ്

ഒരു സ്വപ്ന സാക്ഷാത്കാരം



അദ്ധ്യക്ഷൻ
ഉന്നതതല മാർഗനിർദേശക സമിതി
ജനകീയാസൂത്രണ പ്രസ്ഥാനം
കേരളം
PHONE: 445731,
445944

പ്രിയപ്പെട്ട ശ്രീ. ശ്രീധരൻപിള്ള,

വെമ്പായം പഞ്ചായത്തിന്റെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ സംബന്ധിച്ച് താങ്കൾ 22-12-96ന് അയച്ച കത്തു കിട്ടി. ഗ്രാമ പുരോഗതിക്കായി ഒരുമയോടെ മുന്നോട്ടു നീങ്ങുക. ആശംസകൾ

സ്നേഹപൂർവം

ഇ.എം.എസ് നമ്പൂതിരിപ്പാട്

ശ്രീ. പി. ശ്രീധരൻപിള്ള
പ്രസിഡൻറ്
വെമ്പായം ഗ്രാമപഞ്ചായത്ത്

## മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ


എം ഗോപാലപിള്ള


കെ. പി. കേശവൻനായർ


കെ. ജി. കുഞ്ഞുകൃഷ്ണപിള്ള


എം അലിയാരുകുഞ്ഞ്


എൻ. എഡ്വേർഡ്


എം എ ഖാദർ



പി. ശ്രീധരൻപിള്ള
പ്രസിഡൻറ്



എസ്. രാജേന്ദ്രൻ
വൈസ് പ്രസിഡൻറ്



എൻ. എ. സലാം
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ

# പഞ്ചായത്ത് മെമ്പറന്മാർ



ചീരാണിക്കരബാബു
ചീരാണിക്കര



സി. ചെല്ലപ്പൻ
കാരംകോട്



ജെ. ഐസക്
കന്യാകുളങ്ങര



ആർ. ലത്തീഫാബീവി
പെരുങ്കൂർ



ജി. ഐ. തമ്പി
കണക്കോട്



എ. വസന്തകുമാരി
കുറ്റ്യാണി



വി. അംബിക
വേറ്റിനാട്



എസ്. ആർ. വിജയൻ
നെടുവേലി



കെ. എസ്. സലില കുമാരി
കൊഞ്ചിറ



കെ. പി. സുജാത
വഴയ്ക്കാട്

# വിഷയവിവരം


| | | |
|---|---|---|
| 1. | ആമുഖം | |
| 2 | ചരിത്രം | 12 |
| 3 | ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവങ്ങൾ | 19 |
| 4 | കൃഷി, ജലസേചനം | 22 |
| 5 | മൃഗസംരക്ഷണം | 34 |
| 6 | വ്യവസായം | 38 |
| 7 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 40 |
| 8 | പൊതുനാരോഗ്യ, കുടിവെള്ളം | 48 |
| 9 | വിദ്യാഭ്യാസം | 57 |
| 10 | സംസ്ക്കാരം, കായികം | 65 |
| 11 | പാർപ്പിടം, സാമൂഹ്യക്ഷേമം | 68 |
| 12 | വനിതാക്ഷേമം | 73 |
| 13 | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 76 |
| 14 | സഹകരണ മേഖല | 80 |
| 15 | വിഭവസമാഹരണം | 85 |

# ആമുഖം

സ്വാതന്ത്ര്യത്തിന്റെ 49 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു നമ്മൾ. എട്ടു പഞ്ചവത്സര പദ്ധതികൾ കഴിയുന്നു. 1997 ഏപ്രിലിൽ ഒമ്പതാം പദ്ധതിക്ക് തുടക്കം കുറിക്കുകയാണ് ചരിത്രത്തിൽ ആദ്യമായി ജനപങ്കാളിത്തത്തോടെ പദ്ധതികളുടെ ആസൂത്രണ നിർവ്വഹണവും നടത്താനുള്ള സുധീരമായ നടപടി കൈക്കൊള്ളാൻ കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നു. 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' അതാണ് ഇന്ന് കേരളത്തിന്റെ മുദ്രാവാക്യം. 1996 ആഗസ്ത് 17ന് ഈ പരിപാടി തിരുവനന്തപുരത്ത് ഉൽഘാടനം ചെയ്യപ്പെട്ടതോടെ കേരളത്തിന്റെ പുതുയുഗപ്പിറവിയായി.

വെമ്പായം പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രക്രിയക്ക് 22-9-1996ൽ നടന്ന ഏകദിന ശിൽപ്പശാലയോടെ തുടക്കം കുറിച്ചു. പഞ്ചായത്തിലെ ഗ്രാമസഭകളുടെ ഉൽഘാടനം 29-9-96 തേക്കട എൽ. പി. എസ്സിൽ എം എൽ എ ശ്രീ.പാലോട് രവി നിർവ്വഹിച്ചു. തുടർന്ന് 2 - 10 - 96, 12 - 10 - 96 എന്നീ ദിവസങ്ങളിയായി 13 വാർഡുകളിലും ഗ്രാമസഭകൾ നടന്നു. 2408 പുരുഷന്മാരും 1531 സ്ത്രീകളും ഉൾപ്പെടെ 3939 വോട്ടറന്മാർ എല്ലാ ഗ്രാമസഭകളിലുമായി പങ്കെടുത്തു.

വമ്പിച്ച ജനത്തിരക്കും ആവേശവുമായിരുന്നു ഗ്രാമസഭകളിൽ. നെടുമങ്ങാട് ബ്ലോക്കിൽ തന്നെ ജനപങ്കാളിത്തത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് നമ്മുടെ പഞ്ചായത്തിലെ വേറ്റിനാട് വാർഡാണ്. കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിലൂടെ ഉണ്ടായ നേട്ടങ്ങളോടൊപ്പം കോട്ടങ്ങളെ കുറിച്ചും ബോധമുള്ളവരാണ് ജനങ്ങൾ. ഉണ്ടായ ചർച്ചകളിൽ ഉടനീളം അത് പ്രതിഫലിച്ചു. തങ്ങൾക്കാവശ്യമായ പദ്ധതികളെപ്പറ്റി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കിട്ടിയ ആദ്യയവസരം അവർ ഭംഗിയായി ഉപയോഗിക്കുകയും ചെയ്തു. പക്ഷേ ഒന്നോ, രണ്ടോ പഞ്ചവത്സര പദ്ധതികൾകൊണ്ട് തീരാത്തത്ര പദ്ധതികളാണ് അവർ നിർദ്ദേശിച്ചിരിക്കുന്നത്. എങ്കിലും ആ ആത്മാർത്ഥതയെ പൂർണ്ണമായും നിലനിർത്തിക്കൊണ്ടുതന്നെ മുൻഗണനാക്രമം നിശ്ചയിച്ച് നിർദ്ദേശങ്ങളെ പദ്ധതികളാക്കി മാറ്റി നടപ്പാക്കേണ്ടതുണ്ട്. അധികാരവും ജനങ്ങളും ഇവിടെ ഒന്നായിത്തീരുകയാണ്.

വികസന സെമിനാറിലേക്ക് സമർപ്പിക്കുന്ന ഈ വികസനരേഖ ഗ്രാമസഭകളിൽ നടന്ന ചർച്ചകളും നിർദ്ദേശങ്ങളും ക്രോഡീകരിക്കപ്പെട്ടതാണ്. ഇതെല്ലാം ഒമ്പതാം പദ്ധതിയിൽത്തന്നെ നടത്തിത്തീർക്കാനാവില്ല. അതിനുള്ള വിഭവശേഷി നമുക്കില്ല. ഒമ്പതാം പദ്ധതിയിൽ മൊത്തം പദ്ധതി വിഹിതത്തിന്റെ 40% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവെക്കുന്ന കൂട്ടത്തിൽ ജനസംഖ്യാനുപാതികമായി ഒരു വിഹിതം നമുക്കുമുണ്ടാകും. ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും സാങ്കേതിക വിദഗ്ധരും മറ്റുമടങ്ങുന്ന വികസന സെമിനാർ മുഖ്യമായും ചെയ്യുന്നത് വികസന രേഖയിൽ നിർദ്ദേശിക്കപ്പെട്ട സംഗതികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതികൾ തയ്യാറാക്കാൻ കർമ്മസമിതികളെ ചുമതല ഏല്പിക്കലാണ്. അർപ്പണ ബോധത്തോടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും എല്ലാ പ്രവർത്തനങ്ങൾക്കും ഒപ്പം ഉണ്ടാകേണ്ടതാണ്.

ഗ്രാമസഭാ റിപ്പോർട്ടുകൾ പഞ്ചായത്തുതല കോർ ഗ്രൂപ്പു തയ്യാറാക്കുകയും ജില്ലാതല പരിശീലകർ ഉൾപ്പെടെയുള്ള എഡിറ്റോറിയൽ ബോർഡ് ചിട്ടപ്പെടുത്തുകയും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതോടുകൂടിയാണ് ഈ വികസന രേഖ രൂപപ്പെട്ടത്. ഇത് വെമ്പായം പഞ്ചായത്ത് വികസന സെമിനാറിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

2.1.1997 — പി. ശ്രീധരൻപിള്ള

വെമ്പായം — ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്



# ചരിത്രം

വെമ്പായം പഞ്ചായത്ത് സഹ്യാദ്രിസാനുക്കളിൽ നിന്ന് 25 കിലോമീറ്റർ പടിഞ്ഞാറും സമുദ്രതീരത്തുനിന്ന് 10 കീലോമീറ്റർ കിഴക്കു മാറിയും സ്ഥിതിചെയ്യുന്നു. മുൻകാലങ്ങളിൽനിബിഡ വനങ്ങളായ മലകളും താഴ്വരകളും നീരുറവകളും ചെറുതും വലുതുമായ നെൽപ്പാടങ്ങളും നിറഞ്ഞ പ്രദേശങ്ങളായിരുന്നു. പാവപ്പെട്ടവരുടേയും സർക്കാർവക ഭൂമി കൈവശപ്പെടുത്തി സമ്പന്നരായ പ്രബല സമുദായങ്ങളിൽപ്പെട്ട ജന്മിമാരുടെയും കുടുംബങ്ങൾ നിലനിന്നിരുന്നു. കൂടാതെ കന്യകുളങ്ങരമഠം വക ഭൂമിയും പത്മനാമസ്വാമി ക്ഷേത്രോത്സവച്ചടങ്ങുകൾക്കു വേണ്ടി ചില നായർ കുടുംബങ്ങൾക്ക് കരമൊഴുവായി നൽകിയിരുന്ന ഇറയിലി നിലങ്ങളും ശ്രീപണ്ടാരവക ഭൂമിയും ഉൾപ്പെട്ടതായിരുന്നു. കാർഷിക പ്രദേശമായിരുന്ന ഈനാട്ടിലെ പ്രധാന കൃഷി നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, വാഴ, പച്ചക്കറികൾ, പ്ലാവ്, മാവ്, പറങ്കിമാവ്, മരച്ചീനി എന്നിവയായിരുന്നു.

കൊടിക്കുന്ന് കാപ്പിത്തോട്ടം, കൊടുതൂക്കി, കടുവാക്കുഴി, കാവിനുംപുറം എന്നീ പഞ്ചായത്തിൻെറ പൊക്കംകൂടിയ പ്രദേശങ്ങളിൽനിന്നു നോക്കിയാൽ തിരുവനന്തപുരം ജില്ലയുടെയും അറബിക്കടലിൻെറയും സഹ്യാദ്രിസാനുക്കളുടേയുംമനോഹാരിത നുകരാൻ കഴിയും.

കണക്കോടിനു സമീപം മുളംകാട്ടിൽ വേടർ രാജാവ് താമസിച്ചിരുന്നു എന്ന് വിശ്വസിച്ചിരുന്ന സ്ഥലത്ത് ഒരു കോട്ടയുടെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്. പന്തലക്കോടിനു സമീപം ശ്രീനാരായണ ഗുരുദേവൻ സന്ദർശിക്കുകയും വിശ്രമിക്കുകയും ചെയ്തിരുന്ന സ്ഥലം "ശാന്തിക്കുന്ന്" എന്ന പേരിലറിയപ്പെടുന്നു. തേക്കട, ഓവുംമുഖം എന്ന സ്ഥലത്ത് ശ്രീ. ചട്ടമ്പിസ്വാമികൾ ധ്യാനനിമഗ്ധനായിരുന്നതായി പറയപ്പെടുന്നു. പെരുകൂർ വാർഡിൽ ചിറമുക്കിനു സമീപം ഈയം വെട്ടിയെടുത്തതിൻെറ അടയാളം വരുന്ന 'ടണൽ' കാണാൻ കഴിയുന്നുണ്ട്.

1934 ജനുവരി 20ന് മഹാത്മാഗന്ധിജി വേറ്റിനാട് ഊരൂട്ടുമണ്ഡപം ക്ഷേത്രത്തിൽ വിശ്രമിക്കുകയും ക്ഷേത്രപ്രവേശന വിളംബരത്തിന് രണ്ടുകൊല്ലം മുമ്പേ ഈ ക്ഷേത്രം ഹരിജനങ്ങൾക്ക് ആരാധനകൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ ക്ഷേത്രത്തിൽ പുനരുദ്ധാരണ പണികൾ നടത്തിയെങ്കിലും രാഷ്ട്രപിതാവ് ഹരിജനങ്ങൾക്ക് ആരാധനകൾക്കായി തുറന്നുകൊടുത്ത ആ വാതിൽ ഇന്നും നിലനിർത്തിയിട്ടുണ്ട്. ശ്രീ. കെ. എൻ. നായർ എന്നറിയപ്പെടുന്ന കുറ്റ്യാണിനാരായണൻനായർ അന്ന് മഹാത്മാഗന്ധിക്ക് മംഗളപത്രം സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ സംഭവം വെമ്പായം വില്ലേജിൽ ദേശീയ പ്രസ്ഥാനത്തിലേക്ക് ബഹുജനങ്ങളെ ആകൃഷ്ടരാക്കി. എന്നാൽ സ്വാതന്ത്ര്യത്തിനു മുമ്പേ ഈ പ്രദേശത്ത് സംഘടിതമായ ഒരു ദേശീയ പ്രസ്ഥാനം ഉണ്ടായിരുന്നില്ല.

ശ്രീമാൻമാർ കെ. പി. കേശവൻനായർ, കുറ്റിയാണി നാരായണൻ നായർ (കെ. എൻ. നായർ), വി. കൃഷ്ണൻനായർ, പി. ശിവശങ്കരപ്പിള്ള സാർ എന്നിവർ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കച്ചിരുന്നവരിൽ പ്രമുഖരാണ്. 1946 - 47-ൽ നെടുമങ്ങാട് ഹൈസ്കൂൾ വിദ്യാർത്ഥികളായിരുന്ന ശ്രീമാൻമാർ കെ. ജി. കുഞ്ഞിക്കൃഷ്ണപിള്ള, കെ. പി. അപ്പുക്കുട്ടൻ നായർ എന്നിവർ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി പ്രക്ഷോഭണങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുശേഷം ശ്രീ. വിനോബാഭാവെ ഭൂദാന പ്രസ്ഥാനത്തിന്റെ പ്രചരണാർത്ഥം കന്യാകുളങ്ങര ജംഗ്ഷനിൽവന്ന് ഒരു ദിവസം താമസിക്കുകയുണ്ടായി. അതിന്റെ ഓർമ്മക്കായി നിർമ്മിച്ച ഒരു കിണർ ജംഗ്ഷനു സമീപം ഉണ്ട്.

സ്വാതന്ത്രത്തിനുശേഷമുള്ള ആദ്യത്തെ പൊതു തെരഞ്ഞെടുപ്പിൽ നെടമങ്ങാട് അസംബ്ലി നിയോജക മണ്ഡലത്തിൽ (അന്ന് മാണിക്കൽ വില്ലേജുകൂടി ചേർന്നതാണ്) ശ്രീ. ഗംഗാധരമേനോൻ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ജഡ്ജിയായി പോയതിനാൽ 1949-ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. എൻ എൻ. പണ്ഡാരത്തിൽ ഡെമോക്രാറ്റിക്ക് കോൺഗ്രസ് (മന്നം ശങ്കറിന്റെ ഹിന്ദു മണ്ഡലം) സ്ഥാനാർത്ഥി. കോൺഗ്രസ് സ്ഥാനാർത്ഥി ശ്രീ. എസ് . ജെ. നായർക്കെതിരായി മത്സരിച്ചു ജയിച്ചു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു കന്യാകുളങ്ങര ഫോറസ്റ്റു റെയിഞ്ചാപ്പീസ് ഗ്രൗണ്ടിൽ നടന്ന കോൺഗ്രസ് പ്രചാരണ യോഗത്തിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ബഹളവും കല്ലേറും നടന്നു. തുടർന്നു കത്തിക്കുത്തും നടന്നു. പ്രസ്തുതയോഗത്തിൽ സർവ്വശ്രീ. പരവകൂർ ടി. കെ. നാരായണപിള്ള (മുഖ്യമന്ത്രി), സി. നാരായണപിള്ള, കുമ്പളത്തു ശങ്കുപ്പിള്ള എന്നീ പ്രമുഖ കോൺഗ്രസ് നേതാക്കൾ പങ്കെടുത്തിരുന്നു. ഈ സംഭവവും തുടർന്നുള്ള പൊലീസ് തേർവാഴ്ചയും വെമ്പായം, മാണിക്കൽ വില്ലേജുകളിൽ കോൺഗ്രസ് വിരുദ്ധ ചിന്താഗതി വ്യാപകമായി. ഇതാണ് പണ്ടാരത്തിലിന്റെ വിജയത്തിനു വഴിതെളിച്ചതിനു കാരണം. തുടർന്നുള്ള കാലങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം വെമ്പായം, മാണിക്കൽ പഞ്ചായത്തുകളിൽ ശക്തിപ്രാപിക്കുകയും ചെയ്തു. 1952ൽ നടന്ന ആദ്യത്തെ പഞ്ചായത്തു തെരഞ്ഞെടുപ്പിലും വെമ്പായം, മാണിക്കൽ പഞ്ചായത്തുകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മുന്നണികൾ വമ്പിച്ച ഭൂരിപക്ഷത്തോടു വിജയിക്കുകയും ചെയ്തു.

1950 കാലഘട്ടത്തിൽ വെമ്പായം കേന്ദ്രമാക്കി വെമ്പായം മാണിക്കൽ വില്ലേജുകൾ ഉൾപ്പെടുത്തി വിവിധ തൊഴിലാളി യൂണിയനുകൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു. തൊഴിൽ മേഖല തരംതരിച്ച് തോട്ടം തൊഴിലാളി യൂണിയനും സംഘടിപ്പിച്ച് പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു. വേറ്റിനാട് വള്ളിയറുപ്പൻകാട്, പോതുപാറ എന്നീ എസ്റ്റേറ്റുകളിൽ, ജോലി സ്ഥിരതയ്ക്കും, കൂലി വർദ്ധനവിനും വേണ്ടി തോട്ടം തൊഴിലകളികൾ ശക്തമായ സമരം നടത്തിയിരുന്നു. ഇതോടൊപ്പം തന്നെ കർഷക കർഷക തൊഴിലാളി പ്രസ്ഥാനങ്ങളും ശക്തി പ്രാപിച്ചിരുന്നു. കുടിയിറക്കിനെതിരേയും, കൃഷി ഭൂമി കർഷകന് എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാനും, ഭൂ ഉടമാ ബന്ധങ്ങളിലെ വിവേചനത്തിനെതിരേയും ശക്തമായ സമരങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 1950 - 55 കാലഘട്ടങ്ങളിൽ നടന്നിട്ടുണ്ട്. 1953-ൽ റൗഡിസമുപയോഗിച്ച് നടത്തിയ അക്രമ പിരിവിനെതിരായി നടത്തിയ കന്യാകുളങ്ങര ചന്ത സമരം നെടുമങ്ങാട് താലൂക്കിലെ ആദ്യ സമരങ്ങളിലൊന്നായിരുന്നു. തൊട്ടുകൂടായ്മക്കെതിരായും അയിത്താചാരണത്തിനെതിരായ സമരവും പഞ്ചായത്തിന്റെ പല പ്രദേശത്തും ശക്തി പ്രാപിച്ചിരുന്നു. കമുകറക്കോണം ശ്രീ. എം പരമേശ്വരൻപിള്ളയുടെ (ജർമ്മൻ അമ്മാവൻ) നേതൃത്വത്തിൽ ചായക്കടയിലും ബാർബർ ഷാപ്പിലും ഹരിജനങ്ങളെ പ്രവേശിപ്പിക്കുന്നതിനുവേണ്ടിയുള്ളസമരവും പ്രത്യേക പ്രാധാന്യം അർഹിക്കുന്നതാണ്. ഈ സമരങ്ങൾക്ക് നേതൃത്വം കൊടുത്തവരിൽ സർവ്വശ്രീ. എൻ. സി. പാണി, ആർ. ബി. ആശാൻ, എം പരമേശ്വരൻപിള്ള എന്നിവരുടെ പേരുകൾ ഇത്തരുണത്തിൽ സ്മരിക്കാവുന്നതാണ്. കൂടാതെ സർവ്വശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, എ. എ. ലത്തീഫ്, എസ്. സുന്ദരേശൻനായർ, പി. ഭാർഗ്ഗവൻനായർ, കെ.പി. അപ്പുക്കുട്ടൻ നായർ, മുക്കുവൻകോണം ഭാർഗ്ഗവവൻനായർ. വി. ചെല്ലപ്പൻ എന്നിവർ നേതൃത്വം കൊടുത്തവരിൽപ്പെടുന്നു. 1952ൽ നടന്ന ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഗ്രാമോദ്ധരണ മുന്നണി വെമ്പായം പഞ്ചായത്തിലെ ഏഴിൽ അഞ്ച് സീറ്റും, മാണിക്കൽ പഞ്ചായത്തിൽ എട്ടിൽ എട്ടു സീറ്റും നേടി.

| വാർഡിന്റെ പേര് | | മെമ്പറന്മാരുടെ പേര് |
|---|---|---|
| തോപ്പ് | : | അബുബേക്കർകുഞ്ഞ് |
| കന്യാകുളങ്ങര | : | എം. ഗോപാലപിള്ള(ജനറൽ)<br>വി. ചെല്ലപ്പൻ (സംവരണം) |
| വേറ്റിനാട് | : | കെ. പി. കേശവൻനായർ |
| കുറ്റിയാണി | : | എൻ. എഡ്വേർഡ് |
| നന്നാട്ടുകാവ് | : | മൈലാടുംമുകൾ<br>രാഘവൻപിള്ള |
| തീപ്പുകൾ | : | വേലുപ്പിള്ള |

ശ്രീ. എം ഗോപാലപിള്ളയാണ് ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ്. ശ്രീ. എൻ. എഡ്വേർഡ് വൈസ് പ്രസിഡൻറു മായിരുന്നു. കന്യാകുളങ്ങര കാവിൽ നടന്ന തടിമുറിപ്പു കേസ്സുമായി ബന്ധപ്പെട്ട് ശ്രീ. എം ഗോപാലപിള്ള പ്രസിഡൻറ് സ്ഥാനം രാജിവെക്കേണ്ടി വരികയും ശ്രീ. കെ.പി. കേശവൻ നായർ പ്രസിഡൻറാവുകയും ചെയ്തു. പഞ്ചായത്തിൻെറ കാലാവധി സർക്കാർ നീട്ടിക്കൊടുത്തതിൻെറ ഫലമായി പത്തുവർഷം വരെ ഈ കമ്മിറ്റി ഭരണം നടത്തി.

1962-ൽ നടന്ന രണ്ടാമതു പഞ്ചായത്തു തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള "ഇടതുപക്ഷ ജനാധിപത്യ മുന്നണി" ഒമ്പതിൽ ആറു സീറ്റും കരസ്ഥമാക്കിയിരുന്നു.

| വാർഡിൻെറ പേര് | | മെമ്പർമാരുടെ പേര് |
|---|---|---|
| തോപ്പ് | : | കെ. പരമേശ്വരൻതമ്പി |
| തേക്കട | : | വി വാസുദേവൻ |
| മഴുവടി | : | എ. ഇബ്രാഹിംകുഞ്ഞ് |
| കന്യാകുളങ്ങര | : | കെ.ജി. കുഞ്ഞുകൃഷ്ണപിള്ള (ജനറൽ) |
| | : | വി. കേശവൻകാണി (സംവരണം) |
| വേറ്റിനാട് | : | കെ. കുഞ്ഞൻകുറുപ്പ് |
| കുറ്റ്യാണി | : | കെ. ഗംഗാധരപ്പണിക്കർ |
| നന്നാട്ടുകാവ് | : | പി. നാരായണപിള്ള |
| തീർപ്പുകൾ | : | സി. കെ. ജലാലുദ്ദീൻ കുഞ്ഞ് |

ശ്രീമതി. എസ്. രത്ന ലീലയെ സ്ത്രീ സംവരണ സീറ്റിലേക്ക് നോമിനേറ്റ് ചെയ്തു.

പ്രസിഡൻറായി ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ളയേയും വൈസ് പ്രസിഡൻറ് ശ്രീ. കെ. ഗംഗാധരപ്പണിക്കരേയും തെരഞ്ഞെടുത്തിരുന്നു. അഞ്ചു കൊല്ലത്തേക്കാണ് പഞ്ചായത്തു സമിതി തെരഞ്ഞെടുക്കപ്പെട്ടതെങ്കിലും നിരവധി തവണ സർക്കാർ കാലാവധി നീക്കിക്കൊടുത്തതിൻെറ ഫലമായി 16 വർഷം ഈ ഭരണസമിതി ഭരണം നടത്തിയിരുന്നു. ആദ്യത്തെയും രണ്ടാമത്തെയും പഞ്ചായത്തിൻെറ ഭരണകാലത്ത് ആണ് പഞ്ചായത്തിൽ വികസനം നടത്താൻ കഴിഞ്ഞത്. ഈ കാലഘട്ടത്തിലാണ് സംസ്ഥാനത്തെ ഒന്നാമത്തെ പഞ്ചായത്തായി വെമ്പായം പഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ടത്. ഈ പഞ്ചായത്തിലെ ശ്രീ. ജി. അപ്പുക്കുട്ടൻപിള്ളയെ ഏറ്റവും നല്ല ഗ്രാമസേവകനായും തെരഞ്ഞെടുത്തിരുന്നു. സ്വാതന്ത്ര്യത്തിനു വളരെമുമ്പ്, അതായത് 1912-ന് മുമ്പെ, കന്യാകുളങ്ങര ഒന്നു മുതൽ നാലുവരെ ഉള്ള മലയാളം പ്രൈമറി സ്കൂളായിരുന്നു ഏക വിദ്യാഭ്യാസ സ്ഥാപനം. നന്നാട്ടുകാവിൽ ചാത്തൻപാട്ടും വേറ്റിനാട് നിരപ്പിലും ഓരോ കുടിപ്പള്ളിക്കൂടം ഉണ്ടായിരുന്നു. നാലാംക്ലാസ്സ് കഴിഞ്ഞ് പത്തു കിലോമീറ്റർ വീതം രാവിലെയും വൈകുന്നേരവും നടന്നുപോയി പഠിക്കേണ്ടി വന്നിട്ടുണ്ട്. ഈ പഞ്ചായത്തിൽ ആദ്യമായി ബി. എ.പാസ്സായ ശ്രീ. ഭാർഗ്ഗവൻനായർക്ക് സ്വീകരണം നൽകിയ ചരിത്രവും ഉണ്ട്. വിദ്യാഭ്യാസ രംഗത്ത് ഏറ്റവും പിന്നിലായിരുന്ന വെമ്പായം പഞ്ചായത്ത് ഇന്ന് മുന്നിലാണെന്നു പറയാം.

ചീറാണിക്കര, തേക്കട, കന്യാകുളങ്ങര, പുങ്കുംമൂട്, കുറ്റ്യാണി, നന്നാട്ടുകാവ് എന്നീ ഗവൺമെൻറ് എൽ പി സ്കൂളുകളും കൊഞ്ചിറ എൽ. പി / യു. പി ഗവൺമെൻറ് സ്കൂളും ചീരാണിക്കര യു. പി. എസ്., സെൻറ് തോമസ്സ് യു. പി. എസ്സ് എന്നീ പ്രൈവറ്റ് സ്കൂളുകളും കന്യാകുളങ്ങര ഗവൺമെൻറ് ബോയിസ് ഹൈസ്കൂളും നെടുവേലി എച്ച്. എസ്. ആൻറ് സെക്കൻററി ഗവൺമെൻറ് സ്കൂളുകളും ലൂർദ് മൗണ്ട് അൺഎയ്ഡഡ് ഇംഗ്ലീഷ് ഹൈസ്ക്കൂളും പഞ്ചായത്തിനകത്തുണ്ട്. കൂടാതെ എൽ എം എസ് ഏര്യ എൽ പി എസും യൂ പി. എസും, കന്യാകുളങ്ങര ജി. എച്ച്. എസ്. ആയിരൂപ്പാറ എച്ച് എസ് എന്നീ സർക്കാർ സ്കൂളുകളും വട്ടപ്പാറ എൽ എം എസ് എച്ച് എസ്സ് പ്രൈവറ്റ് സ്കൂളും പഞ്ചായത്തിൻെറ തൊട്ടതിർത്തിയിൽ സ്ഥിതി ചെയ്യുന്നുണ്ട്. പുങ്കുമൂട് എൽ പി എസ്. കുട്ടികളുടെ കുറവുമൂലം നിലനിർത്താൻ കഴിയാത്ത സ്ഥിതിയിലാണ്. വേറ്റിനാട് ഒരു എൽ. പി. സ്കൂൾ ആവശ്യമാണ്.

1930ൽ കുറ്റ്യാണി ഹൃദയനന്ദിനി ഗ്രന്ഥശാല ഫാ. ജോസഫ് തങ്കപ്പൻ പ്രസിഡൻറായും ശ്രീ. കെ. ഗംഗാധരപ്പണിക്കർ സെക്രട്ടറിയായും പ്രവർത്തനം ആരംഭിച്ചു. അത് 1948ൽ കുറ്റ്യാണി ദേശസേവിനി ഗ്രന്ഥശാലയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടർന്നു. 1950തുകളിൽ വെമ്പായം മഹാത്മാജി ഗ്രന്ഥശാല, കൊഞ്ചിറ ഗ്രാമോദ്ധാരണ ഗ്രന്ഥശാല, വേറ്റിനാട് യുവജന സമാജം ഗ്രന്ഥശാല, നന്നാട്ടുകാവ് നാഷണൽ ലൈബ്രറി എന്നിവ സ്ഥാപിച്ച് പ്രവർത്തനങ്ങൾ തുടങ്ങി. ചീരാണിക്കര ഒരു വായനശാലയും തേക്കട ഗ്രാമോദ്ധാരണ ഗ്രന്ഥശാലയും പ്രവർത്തനം തുടങ്ങിയിരുന്നു. വെമ്പായം മഹാത്മാജി ഗ്രന്ഥശാല, കൊഞ്ചി ഗ്രാമോദ്ധാരണ ഗ്രന്ഥശാല, അയിരൂപ്പാറ മഹാത്മാജി ഗ്രന്ഥശാല, വേറ്റിനാട് യുവജന ഗ്രന്ഥശാല, കുറ്റ്യാണി ദേശസേവിനി ഗ്രന്ഥശാല, നന്നാട്ടുകാവ് നാഷണൽ ലൈബ്രറി എന്നിവ സ്വന്തം കെട്ടിടത്തിൽ ഭേദപ്പെട്ട രീതിയിൽ ഇന്ന് പ്രവർത്തിച്ചുവരുന്നു. 1960നുശേഷം വെമ്പായം പഞ്ചായത്തിൻെറ കീഴിൽ പെരുകൂർ എന്ന സ്ഥലത്ത് ഒരു ലൈബ്രറി തുടങ്ങുകയും കുറെക്കാലം

പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഗ്രന്ഥശാലക്കുവേണ്ടി നിർമ്മിച്ച കെട്ടിടത്തിലാണ് ഹോമിയോ ഡിസ്പൻസറി നടത്തുന്നത്. വിലപിടിപ്പുള്ള വളരെയധികം പുസ്കങ്ങൾ ഉണ്ടായിരുന്നതാണ്. ആ പുസ്തകങ്ങൾ പലരും കൊണ്ടു പോകുകയോ നശിച്ചു പോകുകയോ ചെയ്തു.

ഇതോടൊപ്പം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കായിക കലാ സമിതികളും രൂപീകൃതമായി. കായികരംഗത്ത് ഇക്കാലത്ത് വോളിബാളിനായിരുന്നു പ്രാധാന്യം. ഗ്രന്ഥശാലാ, കലാസമിതികളിലെ വാർഷികാഘോഷങ്ങളിൽ നാടകങ്ങൾ അരങ്ങേറിയിരുന്നു. പുരുഷന്മാർ സ്ത്രീവേഷം ധരിച്ചാണ് നാടകങ്ങളിൽ സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിച്ചിരുന്നത്. ഗ്രന്ഥശാലാകളിൽ നിന്ന് പുസ്തകങ്ങൾ എടുത്തു കൊണ്ടുപോയി വായിക്കാനുള്ള അന്നത്തെ ചെറുപ്പക്കാരുടെ വ്യഗ്രത അനുകരണീയമാണ്.

ഓണവും ക്ഷേത്രോത്സവങ്ങളും വിഭാഗീയമായി നടത്തിയിരുന്ന കാലമുണ്ടായിരുന്നു. ഓണക്കാഴ്ചവക്കുന്ന ഏർപ്പാടും ഉണ്ടായിരുന്നു. എന്നാൽ ക്രമാനുഗതമായി ഇതിനു മാറ്റമുണ്ടായി. ഓണക്കളികളിൽ ഓണപ്പന്ത്, കിളിത്തട്ട്, ശവംകളി, തോലുമാടൻകളി, പുലിക്കളി, കമ്പടവുകളി, തിരുവാതിരക്കളി, കള്ളനുംപൊലീസും കളി, തുമ്പിതുള്ളൽ, ഊഞ്ഞാൽപാട്ടും ഊഞ്ഞാലാട്ടവും, ഉറിയടി തുടങ്ങിയവ വ്യാപകമായിരുന്നു. അവയിൽ പലതും ഇപ്പോൾ നിലനിൽക്കുന്നുണ്ട്. പൂക്കളം ഉണ്ടാക്കാനും മഞ്ഞക്കോടി അണിയാനും കുട്ടികൾ ഉത്സുകരായിരുന്നു.

തോറ്റൻപാട്ട്, തമ്പുരാൻ പാട്ട്, ചാറ്റുപാട്ട്, രാപാട്ട്, ഞാറ്റുപാട്ടു (നടവുപാട്ട്) തുടങ്ങിയ നാടൻ പാട്ടുകൾ ചില വിഭാഗം ആളുകൾ ആചാരാനുഷ്ഠാനങ്ങളായി നടത്തിവരുന്നു. ഇവയിൽ പലതും ഇപ്പോഴും നിലനിൽക്കുന്നു.

പട്ടികവർഗ്ഗക്കാർ പന്തലക്കോട്, പുലകം, വട്ടക്കരിക്കകം, ഉതിരപ്പെട്ടി, കൊഞ്ചിറ പ്രദേശങ്ങളിലും പട്ടികജാതിക്കാർ, ചീരാണിക്കര, തേക്കട, കുറ്റിയാണി, മുളങ്കാട്, വേറ്റിനാട്, പെരുംകൂർ, നെടുവേലി, നന്നാട്ടകാവ്, മണ്ഡപക്കുന്നു, തീപ്പുകൽ മേഖലകളിലും കേന്ദ്രീകരിച്ചിരുന്നു.

ആരോഗ്യരംഗത്ത് ആയൂർവേദ ചികിത്സാരീതിയാണ് സാർവ്വത്രികമായി ഉണ്ടായിരുന്നത്. പാരമ്പര്യ വൈദ്യന്മാരാണ് ഈ രംഗം കൈയ്യടക്കിയിരുന്നത്. രോഗശമനത്തിനുവേണ്ടി മന്ത്രവാദം തുടങ്ങിയ ആചാര കർമ്മങ്ങളും സ്വീകരിച്ചിരുന്നു. മസൂരീരോഗം ദേവീകോപത്താൽ ഉണ്ടാകുന്നതാണെന്നുള്ള അന്ധവിശ്വസം വർഷങ്ങൾക്ക് മുമ്പ് നിലനിന്നിരുന്നു. മസൂരി ബാധിച്ചാൽ ചികിത്സക്കും പരികർമ്മത്തിനും ചില വൈദ്യന്മാരെ ചുമതലപ്പെടുത്തുകയും മറ്റാരും അവിടെ പോകാതിരിക്കുകയും ചെയ്തിരുന്നു. അപൂർവ്വം ചില കേസുകൾ പാടുചാരി (പായിൽപ്പൊതിഞ്ഞ് വെയ്ക്കുന്ന സമ്പ്രദായം) ഉണ്ടായിരുന്നു. മസൂരി രോഗം ബാധിച്ച് ഭേദപ്പെട്ടവരുടെ ശരീരത്തിൽ മസൂരി തഴമ്പുകൾ കാണാമായിരുന്നു. ഇന്ന് ഈ രോഗം നമ്മുടെ പ്രദേശത്തു നിന്നും രാജ്യത്തുനിന്നും തുടച്ചു മാറ്റിയിട്ടുണ്ട്. മുഖത്തുണ്ടാകുന്ന ക്യാൻസറിനെ കവിൾ വാർപ്പായിട്ടാണ് അറിയപ്പെട്ടിരുന്നത്. അടുത്തകാലത്താണ് ക്യാൻസർ ശരീരത്തിന്റെ ഏതു ഭാഗത്തും രക്തത്തിലും ഉണ്ടാകുന്ന മാരകരോഗമായി അറിയാൻ തുടങ്ങിയത്. വിഷചികിത്സാ രംഗത്തും പ്രഗത്ഭരായ നാട്ടുവൈദ്യന്മാർ ഉണ്ടായിരുന്നു.

1952ലാണ് കന്യാകുളങ്ങര ഫോറസ്റ്റ് റെയിഞ്ചാപ്പീസ് കെട്ടിടത്തിൽ ഒരു അലോപ്പൊതി ആശുപത്രി അന്നത്തെ ആരോഗ്യമന്ത്രി എ ജെ ജോൺ ഉൽഘാടനം ചെയ്ത് പ്രവർത്തനം തുടങ്ങിയത്. ഇത് മാണിക്കൽ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും ആരോഗ്യ സംരക്ഷണ രംഗത്ത് വെമ്പായം പഞ്ചായത്തിന്റെ ഏക ആശ്രയം ഈ ആശുപത്രിയാണ്. 1975നുശേഷമാണ് പെരുങ്കൂരിൽ ഹോമിയോ ഡിസ്പൻസറിയും വേറ്റിനാട്ട് ആയൂർവേദ ഡിസ്പൻസറിയും അടുത്തകാലത്തായി വെമ്പായം പഞ്ചായത്താപ്പീസിനോടു ചേർന്നുള്ള പഴയ കെട്ടിടത്തിൽ ഒരു അലോപ്പതി പ്രാഥമിക ആരോഗ്യ കേന്ദ്രവും നിലവിൽ വന്നത്.

മുൻകാലങ്ങളിൽ സ്ത്രീകൾ പുടവയും നേര്യതും റൗക്കയും ധരിച്ചു. കൂടാതെ മുലക്കച്ച കെട്ടിയുള്ള തനി കേരളീയ വസ്ത്രധാരണ രീതിയായിരുന്നു പ്രധാനം. റൗക്കക്ക് പകരം ബ്ലൗസും നിലവിൽ വന്നു. പുരഷന്മാർ മുണ്ടും ഷർട്ടും നേര്യതുമായിരുന്നു ധരിച്ചിരുന്നത്. പുരുഷന്മാർക്ക് മുണ്ടും നേര്യതും മാത്രമുള്ള വസ്ത്രധാരണ രീതിയും നിലവിലുണ്ടായിരുന്നു. ചില ജാതിയിലും സമുദായങ്ങളിലും പെട്ട പുരുഷന്മാർക്ക് തലയിൽ കുടുമ വെക്കുന്ന സമ്പ്രദായം ഒരാചാരമായി നിലനിന്നിരുന്നു.

കൃഷിയിൽ പ്രധാനയിനം നെൽക്കൃഷിയായിരുന്നു. ഉഴവുമാടുകളേയും പശുക്കളേയും വളർത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ടവയായിരുന്നു പുരാതന കുടുംബങ്ങളിലെ കെട്ടിട നിർമ്മാണ രീതി. വീട്, വടക്കത്, കളിയിൽ തൊഴുത്ത്, ഉരപ്പുര (നെല്ലുകുത്തുന്ന സ്ഥലം) എന്നവ ചേർന്നതായിരുന്നു പല വീടുകളും. ഈടുള്ള മരപ്പലകൾ ഉപയോഗിച്ച് ഭിത്തിയും മറ്റും നിർമ്മിച്ചി

ട്ടുള്ളവ അപൂർവ്വമാണെങ്കിലും ഇപ്പോഴും അവശേഷിക്കുന്നുണ്ട്. വാതിലും ജന്നലും കുറവായിരുന്നു. നെല്ല് സംഭരണത്തിന് പ്രാധാന്യമുള്ള നിർമ്മാണ രീതിയായിരുന്നു. സാധാരണ ജനങ്ങൾ മൺചുവരും കാട്ടുകമ്പുകളും ഉപയോഗിച്ചായിരുന്നു വീട് നിർമ്മിച്ചത്. ഈ കാലഘട്ടത്തിനുശേഷം ഓലയും ഓടുംമേഞ്ഞ ബംഗ്ലാവ് മാതൃകയിലുള്ള ഒറ്റകെട്ടിട നിർമ്മാണ രീതിയും സ്വീകരിച്ചിരുന്നു. ഇന്ന് ഈ കെട്ടിട നിർമ്മാണ രീതി ആകെ മാറിയിരിക്കുന്നു.

ആദ്യകാലത്ത് ആഹാര രീതി നെല്ലരിയും കിഴങ്ങുവർഗ്ഗങ്ങളും ഉപയോഗിച്ചുള്ളതായിരുന്നു. പഴങ്കഞ്ഞിയായിരുന്നു രാവിലത്തെ ആഹാരം. ചായകുടി കുറവായിരുന്നു. ചായക്കടകൾ അപൂർവ്വവും. ഒറട്ടി, പുട്ട്, ദോശ എന്നിവയായിരുന്നു പ്രധാന പലഹാരങ്ങൾ. പുട്ടിന് അരിയും മരച്ചീനിയും ഉപയോഗിച്ചിരുന്നു. എണ്ണപ്പലഹാരങ്ങൾ വീടുകളിൽ ഉണ്ടാക്കിയിരുന്നു. കള്ളായിരുന്നു മദ്യത്തിൽ പ്രാധാന്യം ഉണ്ടായിരുന്നത്. ചാരായം ആവശ്യക്കാർ ഉണ്ടാക്കി ഉപയോഗിച്ചിരുന്നു. ഇക്കാലത്ത് നായാട്ടും ഉണ്ടായിരുന്നു.

18-12-1950 3121-ാം നമ്പർ കാർഷിക വിഭവ സംഭരണ വിതരണ സഹകരണ സംഘം വെമ്പായം എന്ന പേരിൽ രജിസ്റ്റർ ചെയ്ത് കൊഞ്ചിറ ജംഗ്ഷനിൽ ശ്രീ. വി. കേശവൻ അവറുകളുടെ ഇരുനില കെട്ടിടത്തിൽ ആദ്യകാലത്ത് പ്രവർത്തനം തുടങ്ങി. കൊഞ്ചിറ ജംഗ്ഷനിൽനിന്നും കൊച്ചാലുംമൂട്, പെരുങ്കൂർ, വീണ്ടും കൊഞ്ചിറ എന്നീ കേന്ദ്രങ്ങളിൽ മാറിമാറി സംഘം ആഫീസ് പ്രവർത്തിച്ചിരുന്നു. കമുകറക്കോണത്ത് ശ്രീ. എം. പരമേശ്വരപിള്ള പ്രസിഡൻറായും ശ്രീ. കെ. പി. കേശവൻനായർ സെക്രട്ടറിയായും ശ്രീ. എസ്. കൃഷ്ണക്കുറുപ്പ് ജോയിൻറ് സെക്രട്ടറിയായും സർവ്വശ്രീ. പി. ശിവശങ്കരപ്പിള്ള, എ. നീലകണ്ഠപ്പിള്ള, എൻ. മാധവൻപിള്ള, കെ. പരമേശ്വരൻപിള്ള എന്നിവർ സമിതി അംഗങ്ങളുമായാണ് ഇതിൻെറ ആദ്യകാല പ്രവർത്തനം ആരംഭിച്ചത്. ഒരു ഗ്രാമത്തിലെ ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും ബാങ്കിംഗ് പ്രവർത്തതനംകൊണ്ട് കഴിയത്തക്കവണ്ണം കാലാകാലങ്ങളിൽ മാറ്റത്തിന് വിധേമായി 31-10-1956ൽ വിവിധോദ്ദേശ സഹകരണസംഘം ക്ലിപ്തം നമ്പർ 3121 വെമ്പായും ആയും, 13-2-1962ൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 3121 വെമ്പായം ആയും 28-10-1965ൽ "വെമ്പായം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3121" ഇന്ന് പ്രവർത്തനം സ്വന്തം കെട്ടിടത്തിൽ നടത്തിവരുന്നു.

1956-ൽ പന്തലക്കോട് ഗിരിവർഗ്ഗ വിവിധോദ്ദേശ്യ സഹകരണ സംഘം ക്ലിപ്തം നമ്പർ 3919" ആയി രജിസറ്റർ ചെയ്ത് പന്തലക്കോട് ജംഗ്ഷനിൽ പ്രവർത്തനം ആരംഭിച്ചു. നെടുമങ്ങാട് താലൂക്കിൽപ്പെട്ട പന്തലക്കോട്, പുലകം, വട്ടക്കരിക്കം, ഉതിരപ്പെട്ടി, കൊഞ്ചിറ, ഇരഞ്ചിയം, ആറ്റിൻപുറം, വെള്ളാണിക്കൽ, വേങ്കമല എന്നീ സ്ഥലങ്ങളും തിരുവനന്തപുരം താലൂക്കിൽപ്പെട്ട കാരണിക്കോണം, ചേങ്കോട്ടുകോണം, ശ്രീകാര്യം എന്നീ സ്ഥലങ്ങളും ഉൾപ്പെട്ടതാണ് പ്രവർത്തനമേഖല, പന്തലക്കോട് ഗിരിജൻ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 3919 ആയും അതിനുശേഷം പന്തലക്കോട് പട്ടികവർഗ്ഗ സഹകരണസംഘം ക്ലിപ്തം നമ്പർ 3919 ആയും ബൈല ഭേദഗതി ചെയ്ത് ഇന്ന് പുലകം ജംഗ്ഷനിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. വെമ്പായം ഹരിജൻ സർവ്വീസ് സഹരണസംഘം ക്ലിപ്തം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സംഘം വെമ്പായം പട്ടികജാതി സർവ്വീസ് സഹകരണസംഘം ക്ലിപ്തം ആയി കൊഞ്ചിറ ജംഗ്ഷനിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

സ്വാതന്ത്ര്യത്തിനു മുമ്പ് നമ്മുടെ പഞ്ചാത്തിലെ പ്രധാനറോഡ് വട്ടപ്പാറ തുടങ്ങി കന്യാകുളങ്ങര വഴി കടന്നുപോകുന്ന എം സി റോഡായിരുന്നു. മറ്റൊരു റോഡായി പറയാൻ കഴിയുമായിരുന്നത് തേക്കട, മേലെ മുക്കിൽ തുടങ്ങി പോത്തൻകോട്, മേലെ മുക്കിൽകൂടി കടന്നുപോകുന്ന നെടുമങ്ങാട് - പോത്തൻകോട് റോഡ് (മൺറോഡ്) ആയിരുന്നു. മറ്റ് പലതും ജനങ്ങൾ നടന്നുപോകുന്ന ആറടി പാതകളും ഊടുവഴികളുമായിരുന്നു. ഭാരങ്ങൾ കൊണ്ടുപോകുന്നതിന് കാളവണ്ടിയും യാത്രചെയ്യുന്നതിന് വില്ലുവണ്ടിയുമാണ് സാർവ്വത്രികമായും ഉപയോഗിച്ചിരുന്നത്. കാളവണ്ടികൾ പോകത്തക്ക വിധത്തിൽ ആറടിപ്പാതകൾ പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിൽ വെട്ടിതെളിച്ചിട്ടുമുണ്ടായിരുന്നു. സാമ്പത്തികമായി ഭേദപ്പെട്ടവർ വില്ലുവണ്ടിയിലും മറ്റുള്ളവർ കാൽനടയുമായാണ് യാത്ര ചെയ്തിരുന്നത്. എം . സി. റോഡിൽക്കൂടിയാണ് ആദ്യമായി പ്രൈവറ്റ് ബസ്സർവ്വീസ് തുടങ്ങിയത് ഓപ്പൺബോഡി ബസ്സുകളാണ്. രണ്ടാം ലോകമഹായുദ്ധ കാലത്ത് പെട്രോൾക്ഷാമം നേരിട്ടപ്പോൾ കരിഗ്യാസ് ഉപയോഗിച്ച് ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു. രാധാകൃഷ്ണൻ എന്ന ബസ്സാണ് വെമ്പായം വഴി കല്ലറ - പാങ്ങോട്ടു നിന്നും നെടുമങ്ങാട്ടേക്ക് ആദ്യമായി ഓടിത്തുടങ്ങിയത്. നെടുമങ്ങാട്ടുനിന്നും, മുരുക്കുപുഴക്കും കണിയാപുരത്തേക്കും ആദ്യമായി കരിഗ്യാസ് ഓപ്പൺബോഡി ബസ്സുകളാണ് ഓടിത്തുടങ്ങിയത്. ഇവയെല്ലാം പ്രൈവറ്റ് ഉടമസ്ഥതയിലുള്ളവയായിരുന്നു. രാജവാഴ്ചക്കാലത്ത് സർ സി. പി. രാമ

സ്വാമി അയ്യർ ദിവാനായി ഭരിക്കുന്ന കാലത്താണ് എം സി റോഡിൽക്കൂടി ട്രാൻസ്പോർട്ട് ബസ്സ് ഓടിത്തുടങ്ങിയത്. കാറുകൾ കാണാനാും മറ്റും ആളുകളുകൾ കൂട്ടംകൂടുന്ന കാലമുണ്ടായിരുന്നു. വിമാനത്തിൻെറ ശബ്ദം കേൾക്കുമ്പോൾ ആദ്യമാദ്യം ഭയം തോന്നുന്ന കാലം. പിന്നീട് വളരെ നേരം കാത്തുനിന്നു വിമാനം പറന്നുപോകുന്നത് കാണുമായിരുന്നു.

സ്വാതന്ത്ര്യാനന്തരം ജനാധിപത്യ ഭരണത്തിന് ശേഷം നടന്ന പഞ്ചായത്ത് തെരെഞ്ഞടുകളിൽ കുടി അധികാരത്തിൽ വന്ന ഒന്നും രണ്ടും പഞ്ചായത്ത് കമ്മിറ്റികളുടെ കാലഘട്ടത്തിലാണ് റോഡുകൾ പാലങ്ങൾ ഇലക്ട്രിസിറ്റി, തോടുകൾ, കുളങ്ങൾ തുടങ്ങിയുള്ള വികസന പ്രവർത്തനങ്ങൾ ഉണ്ടായിട്ടുള്ളത്.

1979-ൽ നടന്ന മൂന്നാമതു പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ദേശീയ പാർടികളിൽ വന്ന ഭിന്നിപ്പ് മുന്നണി ബന്ധങ്ങളിൽ മാറ്റങ്ങൾക്കു വിധേയമായി. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും കോൺഗ്രസ് ഐയും ചേർന്നുള്ള മുന്നണിയും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)യും , കോൺഗ്രസ് ഐയും ചേർന്നുള്ള മുന്നണിയും തമ്മിലായിരുന്ന പ്രധാനമത്സരം കമമ്യൂണിസ്റ്റ് പാർട്ടി മാർസിസ്റ്റും കോൺഗ്രസ് ഐയും ചേർന്നുള്ള മുന്നണി ഭൂരിപക്ഷം നേടി. ശ്രീ എം. അലിയാരുകുഞ്ഞ് പ്രസിഡൻറും, ശ്രീ ജി. സദാശിവൻ നായർ വൈസ് പ്രസിഡൻറു മായിരുന്നു. കോൺഗ്രസ് -എ കോൺഗ്രസ് ഐയിൽ ചേരുകയും പ്രസിഡൻറ് ശ്രി എം അലിയാരുകുഞ്ഞു രാജിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ, ശ്രി എൻ എഡ്വേർഡ് പ്രസിഡൻറാവുകയും ചെയ്തു. കാലാവധി പുർത്തിയായ 1984-ൽ പഞ്ചായത്തു കമ്മറ്റി സ്വയം പിരിഞ്ഞു പോകുകയാണുണ്ടായത്.

| വാഡുകളുടെ പേര് | | മെമ്പറന്മാരടെ പേര് |
|---|---|---|
| 1. ചീരാണിക്കര | - | ആർ. മാധവൻപിള്ള |
| 2. തേക്കട | - | ജെ. അരുന്ധതി |
| 3. കന്യാകുളങ്ങര | - | ജെ. രാജഞൻ |
| 4. പെരുങ്കൂർ | - | എം. അലിയാരുകുഞ്ഞ് |
| 5. കണക്കോട് | - | എൻ. എഡ്വേർഡ് |
| 6. കുറ്റ്യാണി | - | എ. പുരുഷോത്തമൻനായർ |
| 7. വേറ്റിനാട് | - | എ. പത്മനാഭപിള്ള |
| 8. നെടുവേലി | - | കെ. ജി. കുഞ്ഞുകൃഷ്ണപിള്ള |
| 9. കൊഞ്ചിറ | - | പി. പാച്ചൻ |
| 10. നന്നാട്ടുകാവ് | - | ജി. സദാശിവൻനായർ |
| 11. തീപ്പുകൽ | - | എം. എ ഖാദർ |

1984 മുതൽ 1990 വരെ പഞ്ചായത്തിൽ ഉദ്യോഗസ്ഥ ഭരണമാണ് നിലവിലൽ ഉണ്ടായിരുന്നത്. 1990-ലാണ് നാലാമത് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നത്. അന്നും രാഷ്ട്രീയ പാർട്ടികളുടെ മുന്നണി ബന്ധങ്ങളിൽ മാറ്റംവന്നു. കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി കോൺഗ്രസിൻെറ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണിയും തമ്മിലായിരുന്നു പ്രധാന മത്സര. എന്നാൽ കന്യാകുളങ്ങര വാർഡിൽ സി പി ഐ സ്ഥാനാർത്ഥിയും സി പി എം സ്ഥാനാർത്ഥിയും തമ്മിലുള്ള മൽസരം ഇടതുപക്ഷ ഐക്യത്തിന് കോട്ടമുണ്ടാക്കി. ഇത് ഐക്യജനാധിപത്യമുന്നണിക്ക് അനുകൂലമായി ഭവിച്ചു. കോൺഗ്രസ്സിൻെറ നേതൃത്വത്തിലുള്ള മുന്നണി അധികാരത്തിൽ വന്നു. എം എ ഖാദർ പ്രസിഡൻറും ശ്രീ. മാധവൻനായർ വൈസ് പ്രസിഡൻറുമായി. നന്നാട്ടുകാവ് മെമ്പർ എൻ. സുജാതൻ നായർ ഗൾഫിൽ പോയതുകൊണ്ട് കാലാവധിക്കു മുമ്പു തന്നെ പഞ്ചായത്തു മെമ്പർ സ്ഥാനം നഷ്ടമായി. കോൺഗ്രസ് മെമ്പറന്മാരായ ശ്രീ. ആബിദാ റഹീം, ശ്രീ. പി. മാധവൻ നായരും ഇടതുപക്ഷ മുന്നണി മെമ്പറന്മാരോടൊപ്പം ചേർന്ന് പ്രസിഡൻറിനെതിരായി അവിശ്വാസം അവതരിപ്പിച്ചെങ്കിലും നിലവിലുണ്ടായിരുന്ന നിയമത്തിൻെറ പഴുതുകൾ കാരണം അവിശ്വാസം പരാജയപ്പെട്ടു. ആറുമാസം വീതം രണ്ടു തവണ പഞ്ചായത്തിൻെറ കാലാവധി നീട്ടിക്കൊടുത്തതിൻെറ ഫലമായി ആറുവർഷം ഭരണ സമിതി ഭരണം നടത്തി.

| വാർഡുകളുടെ പേര് | | മെമ്പറന്മാരുടെ പേര് |
|---|---|---|
| 1. ചീരാണിക്കര | : | ചീരാണിക്കര ബാബു |
| 2. തേക്കട | : | ആബിദാറഹീം |
| 3. കന്യാകുളങ്ങര | : | ജെ രാജയ്യൻ |
| 4 പെരുങ്കൂർ | : | പി. ജി. സുകുമാരൻനായർ |
| 5 കണക്കോട് | : | കെ. സരസ്വരിയമ്മ |
| 6 കുറ്റ്യാണി | : | എ. പുരുഷോമൻനായർ |
| 7 വേറ്റിനാട് | : | പി. മാധവൻനായർ |
| 8 നെടുവേലി | : | കെ. മാധവൻപിള്ള |
| 9 കൊഞ്ചിറ | : | കെ. പി. അപ്പുക്കുട്ടൻനായർ |
| 10. വാഴയ്ക്കാട് | : | ജി. പുഷ്പരാജൻ |
| 11 നന്നാട്ടുകാവ് | : | എൻ. സുജാതൻനായർ |
| 12 തീപ്പുകൽ | : | എം എ ഖാദർ |

പഞ്ചായത്ത് രാജ് നിയമപ്രകാരം ത്രീ തലങ്ങളിലേക്കും 1996 സെപ്തംബർ മാസം 23-ാം തീയതി നടന്ന തെരഞ്ഞെടുപ്പിൽ വെമ്പായം പഞ്ചായത്തിൽനിന്ന് 13ൽ 11സ്സീറ്റും ഇടതുപക്ഷ ജനാധിപത്യ മുന്നണി നേടിയെടുത്തു. ശ്രീ. പി. ശ്രീധരൻപിള്ള പ്രസിഡൻറ്, ശ്രീ. എസ്. രാജേന്ദ്രൻ വൈസ് പ്രസിഡൻറും ശ്രീ. എൻ. എ. സലാം സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായുള്ള ഭരണ സമതിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

| ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളുടെ പേര് | | മെമ്പർമാരുടെ പേര് |
|---|---|---|
| 1. ചീരാണിക്കര | - | ചീരാണിക്കര ബാബു |
| 2. കാരംകോട് | - | സി. ചെല്ലപ്പൻ |
| 3. തേക്കട | - | എസ്. രാജേന്ദ്രൻ |
| 4. കന്യാകുളങ്ങര | - | ജെ. ഐസക്ക് |
| 5. പെരുങ്കൂർ | - | ആർ. ലത്തീഫാബീവി |
| 6. കണക്കോട് | - | ജി.ഐ. തമ്പി |
| 7. കുറ്റ്യാണി | - | എ. വസന്തകുമാരി |
| 8. വേറ്റിനാട് | - | വി. അംബിക |
| 9. നെടുവേലി | - | എസ്.ആർ. വിജയൻ |
| 10. കൊഞ്ചിറ | - | കെ.എസ്. സലീലാകുമാരി |
| 11. വാഴക്കാട് | - | കെ.പി. സുജാത |
| 12. നന്നാട്ടുകാവ് | - | എൻ.എ. സലാം |
| 13. തീപ്പുകൽ | - | പി. ശ്രീധരൻപിള്ള |



# ഭൂപ്രകൃതി ജലവിഭവങ്ങൾ ജനപ്രകൃതി

നെടുമങ്ങാട് താലൂക്കിന്റെ പടിഞ്ഞാറു ഭാഗത്തായി വെമ്പായം പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. സഹ്യസാനുക്കളിൽ നിന്ന് 25 കിലോമീറ്റർ പടിഞ്ഞാറും അറബിക്കടലിൽ നിന്നും 10 കിലോമീറ്റർ കിഴക്കുമായി കിടക്കുന്ന വെമ്പായം പഞ്ചായത്ത് ഹരിതാഭമാണ്.

വെമ്പായം തേക്കട റവന്യൂ വില്ലേജുകൾ പൂർണ്ണമായും വട്ടപ്പാറ വില്ലേജിന്റെ വേറ്റിനാട് (ഭാഗികം), കണക്കോട്, കുറ്റ്യാണി വാർഡുകളും ചേർന്നതാണ് വെമ്പായം ഗ്രാമപഞ്ചായത്ത്.

വെമ്പായം ജംഗ്ഷൻ, വെമ്പായം പഞ്ചായത്തിലെ ജനങ്ങളുടെ ഭൂരിപക്ഷ സാന്നിദ്ധ്യം കൊണ്ട് സജീവമാകുന്ന കന്യാകുളങ്ങര മാർക്കറ്റ്. ഈ പഞ്ചായത്തിലെ ജനങ്ങൾ കൂടുതലായി എത്തിച്ചേരുകയും വെമ്പായം പഞ്ചായത്ത് ഉൾപ്പെടുന്ന നെടുമങ്ങാട് ബ്ലോക്കിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ കേന്ദ്രമായി പ്രവർത്തിക്കുകയും ചെയ്യുന്ന കന്യാകുളങ്ങര പ്രാഥമിക ആരോഗ്യകേന്ദ്രം, പഞ്ചായത്തിലെ പെൺകുട്ടികൾ കൂടുതലായി പഠിക്കുന്ന കന്യാകുളങ്ങര ഗവൺമെന്റ് ഗേൾസ് എച്ച്. എസ്. എന്നിവ ഉൾപ്പെടുന്ന വെമ്പായം വാർഡ്, വെമ്പായം പഞ്ചായത്തിലല്ല സ്ഥിതിചെയ്യുന്നത് എന്നത് വലിയൊരു വിരോധാഭാസമായി തോന്നുന്നു.

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം ചീരാണിക്കര വാർഡിലെ കൊടുതൂക്കിയാണ്. ഏറ്റവും താഴ്ന്ന പ്രദേശം തിട്ടയത്തുകോണവുമാണ്. മൊത്തം വിസ്തൃതിയുടെ 15 ശതമാനം ഉയർന്ന പ്രദേശങ്ങളും 60% ചരിവു പ്രദേശങ്ങളുമാണ്. 25% താഴ്ന്ന സമതലങ്ങളും വരും.

ചീരാണിക്കര, കാരംകോട്, വേറ്റിനാട്, നന്നാട്ടുകാവ്, വഴയ്ക്കാട് എന്നീവാർഡുകളിൽ പാറക്കെട്ടുകൾ ധാരാളമുണ്ട്. ചില ഭാഗങ്ങളിൽ പാറക്കെട്ടുകൾക്കിടയിൽ നിന്നും നീർച്ചാലുകൾ രൂപം കൊണ്ടിരിക്കുന്നു.

### മണ്ണ്

മണൽ ചേർന്ന മണ്ണ്, നെൽപ്പാടങ്ങളായിരുന്ന പ്രദേശങ്ങളിലും മഴക്കാലത്തെ വെള്ളം കുത്തിയൊലിച്ച് എത്തുന്ന ഭാഗങ്ങളിലും കാണപ്പെടുന്നു. എക്കൽ മണ്ണും ഈ ഭാഗങ്ങളിൽ കാണാം. ചരൽ കലർന്ന മണ്ണും ചെമ്മണ്ണും ഉള്ള പ്രദേശങ്ങളും വെട്ടുകൽ പ്രദേശങ്ങളുമാണ് കൂടതലായിക്കാണുന്നത്. കരിമണ്ണ് ചീരണിക്കര വാർഡിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്നു.

മണ്ണൊലിപ്പിന്റെ രൂക്ഷത മണ്ണിന്റെ ഫലഭൂയി

ഷ്ടിയെ നഷ്ടമാക്കി. തന്മൂലം ജൈവാംശം തീരെ കുറഞ്ഞു. മണ്ണൊലിപ്പ് നിവാരണ മാർഗ്ഗങ്ങൾ ഫലപ്രദമായി അവലംബിച്ച ഭൂവിഭാഗം ജൈവാംശം അൽപ്പമായെങ്കിലും നിലനിർത്തുന്നുണ്ട്. ജൈവ വൈവിദ്ധ്യവും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയും സംരക്ഷിക്കുന്നതിൽ പഞ്ചായത്തു പ്രദേശം പിന്നോക്കമാണ്.

മാവ്, പ്ലാവ്, കശുമാവ്, തെങ്ങ് തുടങ്ങിയ ഫലവൃക്ഷങ്ങളും, തേമ്പാവ്, മരുത്, ആഞ്ഞിലി, പാല, വേങ്ങ, ഈട്ടി, തേക്ക് മുതലായ വൃക്ഷങ്ങളും കൊണ്ട് നിബിഡമായിരുന്നു. ഉയർന്ന പ്രദേശങ്ങളും ഉയർന്ന സമതലങ്ങളും ചരിവ് താഴ്വാരങ്ങളുമൊക്കെ ഈ വൃക്ഷസമ്പത്തുകൊണ്ട് സമ്പന്നമായിരുന്നു. ഇന്ന് കുറ്റിക്കാടുകളോ പുൽമേടുകളോ അവശേഷിക്കുന്നില്ല. തരിശ് പ്രദേശങ്ങളും ചതിപ്പ് മേഖലയും വളരെ അപൂർവ്വമായി മാത്രം കാണാം.

ജൈവവൈവിദ്ധ്യവും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയും സംരക്ഷിക്കുന്ന ഭൂ വിഭാഗം അപ്പാടെ ഇന്ന് റബ്ബർ കൃഷി വ്യാപിച്ചു കഴിഞ്ഞു. തെങ്ങ് കൃഷി പുരയിടങ്ങളിൽ പുതുതായി ചെയ്യുന്നില്ല. വയൽനികത്തി അവിടങ്ങളിൽ വച്ചു പിടിപ്പിക്കുന്നു. നിലവിലുള്ള റബ്ബറും തെങ്ങും ഒക്കെ ഉൽപ്പാദന ക്ഷമത കുറഞ്ഞതുമാണ്. വാഴക്കൃഷി പുരയിടങ്ങളിൽ നിന്നും ഒഴുവാക്കപ്പെട്ടിരിക്കുന്നു. അതിൻെറ സ്ഥാനവും നിലങ്ങളിലേക്ക് മാറി. സമൃദ്ധമായി ഒരു കാലഘട്ടം വരെ കൃഷി ചെയ്തിരുന്ന കുരുമുളക് ആരാലും ശ്രദ്ധിക്കപ്പെടാത്ത അവസ്ഥയിലേക്ക് മാറിയിരിക്കുകയാണ്.

ഇതൊക്കെയാണെങ്കിലും റബ്ബർ മേഖല ഒഴിഞ്ഞുള്ള ഭൂവിഭാഗം ഇന്നും സമ്മിശ്ര കൃഷി രീതിയാണ് അവലംബിച്ചിരിക്കുന്നത്.

നെൽക്കൃഷി സമ്പന്നമായിരുന്ന കാലത്ത് ഒരു പറ നെല്ല് വിലക്കുകൊടുത്താൽ ലഭിക്കുമായിരുന്ന തുക രണ്ട് ജോലിക്കാർക്ക് കൂലി നൽകുവാൻ മതിയാകുമായിരുന്നു. അന്ന് കൃഷിയെന്ന് അറിയപ്പെട്ടിരുന്നത് നെൽക്കൃഷി മാത്രമായിരുന്നു. നഷ്ടത്തിൻെറ കണക്ക് നിരത്തി നെൽപ്പാടങ്ങൾ നിർദ്ദയം നികത്തുന്നവർ സമൂഹത്തോടും വരും തലമുറയോടും കൊടും ക്രൂരതയാണ് കാട്ടുന്നത് വലയൽ വരമ്പിലും സമീപത്തും തെങ്ങും മറ്റും വെച്ച് നെൽച്ചെടിക്ക് ആവശ്യം വേണ്ടുന്ന സൂര്യപ്രകാശം തടഞ്ഞതാണ് നെല്ലിൻെറ വിളവിനെ ബാധിച്ചിരുന്നത്. രാസവളം വിലവർദ്ധന, തൊഴിലാളികളുടെ ലഭ്യതയില്ലായ്മ വേതന വർദ്ധന തുടങ്ങിയ കാരണങ്ങൾ ഈ കൃഷിയെ അനാകർഷകമാക്കി. നെൽക്കൃഷി ഒരു സേവനരംഗമായി മാറ്റണം. അതിനു കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ മുൻകൈയെടുക്കണം.

മഴയെ ആശ്രയിച്ചാണ് ജലലഭ്യത നിലനിൽക്കുന്നത്. ഇടവപ്പാതിയും തുലാവർഷവും പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർത്ത്, പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന സാഹചര്യം സൃഷ്ടിച്ചതു മുതൽ വർഷപാതത്തിൽ ഏറ്റക്കുറച്ചിലുണ്ടായി. കൂടാതെ നെൽപ്പാടങ്ങളും ചെറുതും വലുതുമായ ജലാശയങ്ങളും തോടുകളും നികത്തപ്പെട്ടു. തൽഫലമായി മഴവെള്ളം തങ്ങിനിൽക്കുന്നതിനുള്ള സാധ്യതകൾ തടസ്സപ്പെട്ടു. കുത്തിയൊലിച്ച് വരുന്ന വെള്ളം മണിക്കൂറുകൾക്കകം ഒഴുകി ഒളിക്കുന്നു. പരമ്പരാഗതമായ ജലസ്രോതസ്സുകൾ ശൂന്യമായിത്തീരുകയാണ്.

ചീരാണിക്കര - കാരംകോട് വാർഡുകളിൽക്കൂടി ഒഴുകി വെമ്പായം മണ്ഡപത്തിൽ എത്തിച്ചേരുന്ന തോട് തേക്കട, കന്യാകുളങ്ങര വാർഡുകളിലൂടെ വരുന്ന തോടുമായി യോജിച്ച് ഉണ്ടാകുന്ന വെമ്പായം തോട് മാണിക്കൽ പഞ്ചായത്തിലേക്ക് ഒഴുകുന്നു.

പെരുങ്കൂർ, കുറ്റ്യാണി, കണക്കോട്, വേറ്റിനാട്, നെടുവേലി വാർഡുകളിലൂടെ ഒഴിയെത്തുന്ന ചെറിയ തോടുകൾ കരുങ്കുറ്റി മൂലയിൽ ഒത്തുചേർന്ന് കൊഞ്ചിറ വാർഡിലൂടെ കടന്നു മാണിക്കൽ പഞ്ചായത്തിലെത്തിച്ചേരുന്നു.

വഴയ്ക്കാട, നന്നാട്ടുകാവ്, തീപ്പുകൽ വാർഡുകളിലൂടെ സഞ്ചരിച്ച് തിട്ടയത്തുകോണത്തെത്തുന്ന നന്നാട്ടുകാവ് തോടും മാണിക്കൽ പഞ്ചായത്തിലേക്ക് ഒഴുകുന്നു. ഈ മൂന്നു തോടുകളും വടക്കു പടിഞ്ഞാറായി ഒഴുകുന്നു.

കുറ്റ്യാണി വാർഡിൻെറ കരിംപുലകം, പാങ്കോട്ടുകോണം, വട്ടക്കൈത ഭാഗങ്ങളിലുടെ ഒഴികിയെത്തുന്ന വട്ടക്കൈതതോട് തെക്ക് പടിഞ്ഞാറായി ഒഴുകി ശ്രീകാര്യം പഞ്ചായത്തിലേക്ക് പോകുന്നു.

കൂത്തപ്പുരക്കുളം, തെങ്ങുവിള കുളം, കുതിരലാഞ്ചൻ കുളം, പൊട്ടക്കുളം, കുറ്റ്യാണി ക്ഷേത്രക്കുളം, പുളിമാത്തൂർ ക്ഷേത്രക്കുളം, ഊരുക്കോണം മരുതൻകോട്, കൊടിപ്പറമ്പിൽ ഇവയാണ് പഞ്ചായത്തിലെ പൊതുക്കുളങ്ങൾ.

പുളിമാത്തൂർ ക്ഷേത്രക്കുളമൊഴിച്ചാൽ മറ്റ് കുളങ്ങൾ പഞ്ചായത്തുവകയാണ്. പഞ്ചായത്തു കുളങ്ങൾ അഞ്ചെണ്ണം ലിഫ്ട് ഇറിഗേഷൻ ഏർപ്പാടുകൾ ഉണ്ടായിരുന്നതുമാണ്. ഈ കുളങ്ങൾ ഇന്ന് ഉപയോഗ ശൂന്യമായിരിക്കുന്നു. നെൽക്കൃഷിക്ക് വേണ്ടി നിർമ്മിച്ച കുളങ്ങൾ ഇനി

പുരയിടക്കൃഷിക്ക് ഉപയോഗപ്പെടുത്താവുന്നയാണ്.

വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നു. ചിരാണിക്കര വാർഡിൽ മണ്ണയം, കൊടതൂക്കി, കാരംങ്കോട് വാർഡിൽ വെട്ടുപ്പാറ, മഞ്ഞപ്പാറ, തേക്കട വാർഡിൽ മൈലാടുംമുകൾ, പെരുങ്കൂർ വാർഡിൽ സിയോൺകുന്ന്, പുങ്കുംമൂട്, വേറ്റിനാട് വാർഡിൽ മൊട്ടമൂട്, മുളങ്കാട്, കണക്കോട് വാർഡിൽ അലവറക്കുന്ന്, കുറ്റ്യാണി വാർഡിൽ കരിമ്പുലം, മഞ്ചപ്പാറ, നെടുവേലി വാർഡിൽ ആലുവിള, നന്നാട്ടുകാവ് വാർഡിൽ കടുവാക്കുഴി, മാതാവീട്, തീപ്പുകൽ വാർഡിൽ മൈലാടുംമുകൾ, കന്യാകുളങ്ങര വാർഡിൽ വലിയവിള, വഴക്കാട് വാർഡിൽ വെട്ടുവിള കുഞ്ഞ് എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമല്ല. കുടിവെള്ളത്തിനുവേണ്ടി പഞ്ചായത്തിലാകെ നിർമ്മിച്ചിട്ടുള്ള 23 കുഴൽക്കിണറുകളിലെ വെള്ളം ഉപയോഗ ശൂന്യമോ, വെള്ളമെടുക്കാൻ സാധിക്കാത്ത രീതിയിലോ ആണ്. കാർഷികാവശ്യത്തിന് ഇന്ന് ലഭ്യമായ ജലം വിനിയോഗിക്കുന്നുള്ളതും യാഥാർത്ഥ്യമാണ്. അതികൃതവും അനധികൃതവുമായ പാറപൊട്ടിക്കൽ ജലസ്ത്രോസ്സുകൾക്ക് ഭീഷണിയും പരിസ്ഥിതിക്ക് കോട്ടവും സൃഷ്ടിക്കുന്നു.

വിഭവശേഷി ഉപയോഗപ്പെടുത്തുന്നതിൽ മാനുഷിക ശക്തി ഫലപ്രദമായി ഉപയോഗിക്കുന്നില്ല. യുവതലമുറ കാർഷിക മേഖലയെ അവഗണിക്കുന്നു. സമൂഹത്തോട് അവർക്ക് യാതൊരു പ്രതിബദ്ധതയും ഇല്ലെന്ന കാഴ്ചപ്പാടാണ് കാണുന്നത്. സമ്പന്നമായ ചുറ്റുപാടുകൾ അവരെ ആകർഷിക്കുന്നു. വഴിവിട്ട പ്രവർത്തനങ്ങളിൽപ്പോലും വ്യാപൃതരാവുകയാണ്. വിദ്യാഭ്യാസം തൊഴിൽ ഉറപ്പുവരുത്തുന്നില്ലായെന്നതും ചെറുപ്പക്കാരെ അലട്ടുന്നു. അദ്ധ്വാനശേഷി സ്വയം ഹോമിക്കപ്പെടുകയാണ്. ഇവരെ ഈ നിലയിൽ എത്തിച്ചതിന് മുതിർന്നവർക്ക് കാര്യമായ പങ്കുണ്ട്. എന്തുകൊണ്ട് യുവകശക്തിയെ ക്രിയാത്മകമായി രൂപപ്പെടുത്തിയെടുക്കുന്നതിന് ശ്രമിച്ചില്ല. കർത്തവ്യം നിർവ്വഹിച്ചുവെന്നുറപ്പ് വരുത്താൻ നമുക്ക് കഴിയുമോ?



# കൃഷി
# ജലസേചനം
# മണ്ണുസംരക്ഷണം



## കൃഷി

വെമ്പായം പഞ്ചായത്തിൻെറ സാമ്പത്തിക വിഭവശേഷിയിൽ നിർണ്ണായക പങ്കുവഹിക്കുന്നത് കാർഷിക മേഖലയാണ്. കൃഷി എന്ന വാക്കുകൊണ്ട് ഒരു കാലഘട്ടംവരെ അർത്ഥമാക്കിയിരുന്നത് നെൽക്കൃഷി മാത്രമായിരുന്നു.
അക്കാലത്ത് ഇവിടത്തെ മുഖ്യവിളകൾ. കരപ്രദേശങ്ങളിൽ പോലും നെൽകൃഷി ചെയ്തിരുന്നു. ഒപ്പം തിന, ചാമ, എള്ള്, മുതിര, എന്നിവയും കൃഷിചെയ്തിരുന്നു. ഈ ധാന്യങ്ങളുടെ കൃഷിയുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങൾ ധാരാളം ഉണ്ടായിട്ടുണ്ട്. ചേമ്പ്, ചേന, കാച്ചിൽ, കൂർക്ക, നനകിഴങ്ങ്, ചെറുകിഴങ്ങ്, മധുരകിഴങ്ങ് തുടങ്ങിയവയും കൃഷിചെയ്തിരുന്നു. മാവ്, പ്ലാവ്, കശുമാവ് തുടങ്ങിയവയും വളരെ സമൃർദ്ധമായിരുന്നു. വിസ്തൃതമായ നെൽപാടങ്ങളും കാർഷിക ആവശ്യത്തിന് വെള്ളം എത്തിച്ചു കൊടുക്കാൻ കൊടുംവേനലിൽ പോലും ദൗർലഭ്യം കാട്ടാത്ത ചിറകളും തോടുകളും ഇന്ന് വെമ്പായം പഞ്ചായത്തിന് അന്യമായിക്കൊണ്ടിരിക്കുന്നു. നാണ്യവിളയായ റബ്ബറിൻെറ കടന്നുകയറ്റം നമ്മുടെ പരമ്പരാഗത വിളകളായിരുന്ന ഫലവൃഷങ്ങളും കുരുമുളകും മരച്ചീനിയും എന്തിന് കര പ്രദേശങ്ങളിൽ സമൃദ്ധിയായി വളർന്നിരുന്ന തെങ്ങുപോലും കുടിയിറക്കപ്പെട്ടിരിക്കുന്നു. ഇന്ന് തെങ്ങ് നികത്തപെട്ടുകൊണ്ടിരിക്കുന്ന നെൽപാടങ്ങളിലാണ് കൃഷി ചെയ്യുന്നത്. സമ്പദ്ഘടനയുടെ നെടുംതൂണ് കാർഷിക മേഖലയാണെങ്കിലും ഇന്ന് ആ രംഗം തകർച്ചയെ നേരിടുകയാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന കൃഷിചെലവ് ഉത്പാദന രംഗത്തെ മാന്ദ്യവും ഇതിന് മുഖ്യകാരണങ്ങളായി പറയാവുന്നതാണ്. പരമ്പരാഗത വിളകളിൽ നിന്നും കൃഷിരീതികളിൽ നിന്നും പുർണമായും അകന്ന പോയിരിക്കുകയാണ് ഇന്ന് നമ്മുടെ കർഷകർ.

പട്ടിക1

വെമ്പായം ഗ്രാമപഞ്ചായത്ത്
വൈശഭൂമി വിസ്തീർണം

| വാർഡ് | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| I | 374 | 309 | 18 |
| II | 412 | 354 | 6 |
| III | 402 | 292 | 7 |
| IV | 435 | 216 | 10 |
| V | 389 | 438 | 14 |
| VI | 514 | 202 | 5 |
| VII | 496 | 208 | 8 |
| VIII | 485 | 416 | 13 |
| IX | 474 | 408 | 9 |
| X | 497 | 399 | 7 |
| XI | 426 | 386 | 6 |
| XII | 462 | 312 | 5 |
| XII | 484 | 345 | 5 |

## മണ്ണിൻെറഘടന

കുന്നിൻ പ്രദേശങ്ങളും ചരിവുകളും ഇടകലർന്ന ഭൂപ്രകൃതിയാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. മണ്ണിൻെറ ഘടനയിൽ വൈവിധ്യം ദൃശ്യമാണ്. ചരൽ കലർന്ന ചെമ്മണ്ണാണ് പഞ്ചായത്തിൻെറ ഭൂരിഭാഗത്തും. പൊതുവെ എല്ലാ കൃഷിയ്ക്കും അനുയോജ്യവും ഫലഭൂയിഷ്ടവുമാണ് ഈ മണ്ണ്. നെൽകൃഷിക്കും അനയോജ്യമായ മണൽ കലർന്ന ചെളിമണ്ണും ഘടനാ വൈവിധ്യങ്ങളിൽ പെടും. മണ്ണിൻെറ സ്വാഭാവിക ജൈവഘടനയെ നിലനിർത്തുന്ന തരത്തിലുള്ള വളപ്രയോഗമല്ല ഇന്ന് കർഷകർ പിന്തുടരുന്നത്. ഈ രീതി തുടരാൻ ഇടയായാൽ വളരെ പെട്ടെന്നു തന്നെ മണ്ണിൻെറ അമ്ലത്വം വർദ്ധിക്കാനും ഉത്പാദനക്ഷമത കുറയാനും ഇടയാകും. നെൽപാടങ്ങൾ വ്യാപകമായി നികത്തുന്നതിൻെറ ഫലമായി മണ്ണിൻെറ സ്വാഭവിക ഘടനയിൽ മാറ്റമുണ്ടാകുന്നു. ശാസ്ത്രീയമായ മണ്ണു പരിശോധന വളരെ പരിമിതമായിട്ടേ നടത്തിയിട്ടുള്ളൂ.

## വിത്തിനങ്ങൾ

| 3.5 നടീൽ വസ്തുക്കളുടെ വിതരണം | | | |
|---|---|---|---|
| | എണ്ണം | | |
| ഇനം | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 1960 | 1900 | 1125 |
| കശുമാവ് | 100 | 160 | 320+ 400 |
| കുരുമുളക് | 500 | 800 + 2500 | 3700+ 2200 |
| കവുങ്ങ് | - | 15 (Mangala) | 10 (Mangala) |
| പ്ലാവ് | 18 | 12+ 35 | 50 |
| മാവ് | 24 | 12+ 25 | 50 |
| സപ്പോട്ട | - | 03 + 50 | 50 |
| പേര | 30 | 20+ 03 | 50 |
| ഗ്രാമ്പ് | 50 | 50 | 15 |
| ജാതി | 15 | 10 | 10 |

അതാത് പ്രദേശങ്ങൾക്ക് ഇണങ്ങുന്ന തരത്തിലുള്ള വിത്തിനങ്ങളായിരുന്നു പരിചയസമ്പന്നരായ മുൻകാല കർഷകർ സംഭരിക്കുകയും വിളയിറക്കുകയും ചെയ്തിരുന്നത്. അത്തരം വിത്തുകൾക്ക് പ്രതിരോധശേഷി വളരെ കൂടുതലായിരുന്നു. പ്രദേശത്തിനിണങ്ങുന്ന വിത്തിനങ്ങൾ ആയിരുന്നതുകൊണ്ട് വിളവും മോശമായിരുന്നില്ല. ആവർത്തന കൃഷികൊണ്ട് ഗുണമേന്മ നഷ്ടപ്പെടാത്ത തനതിനങ്ങൾ ആയിരുന്നു അത്തരം വിത്തുകൾ. എന്നാൽ പിൽക്കാലത്ത് അത്യുല്പാദനശേഷിയുള്ള സങ്കരയിനം വിത്തിനങ്ങൾ കടന്നുവരികയും പഴയതിൻെറ സ്ഥാനത്ത് പകരക്കാരനാവുകയും ചെയ്തു. പക്ഷേ സങ്കരയിനം വിത്തുകൾക്ക് പ്രതിരോധശക്തി കുറവായിരുന്നു, എന്നു മാത്രമല്ല ആവർത്തനകൃഷികൊണ്ട് ഉല്പാദനശേഷി കുറയുകയും ചെയ്തു. ഇന്ന് നിലനിൽക്കുന്നത് ഉൽപാദശേഷി കുറഞ്ഞു കൊണ്ടിരിയ്ക്കുന്ന സങ്കരയിനം വിത്തിനങ്ങളാണ്. വിത്തു സംരക്ഷണത്തിലും ശേഖരണത്തിലും കർഷകൻെറ അവകാശം നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഉൽപാദനക്ഷമതയും പ്രതിരോധ ശേഷിയുമുള്ള തനത് വിത്തിനങ്ങൾ കണ്ടെത്തുകയാണ് ആവശ്യം.

## വളം

ഇടക്കാലത്ത് പ്രചാരത്തിൽ വന്ന രാസവളങ്ങളുടെ വർദ്ധിച്ച രുപത്തിലുള്ള ഉപയോഗം മറ്റു പ്രദേശങ്ങളിൽ എന്ന പോലെ ഇവിടെയും വ്യാപകമായി നടന്നു വരുന്നു. അതെ സമയം ജൈവവളങ്ങളുടെ ഉപയോഗം വളരെ കുറവാണ്. ജൈവവളങ്ങളുടെ കൂടിയ വിലയും ലഭ്യത കുറവും ഇതിന്കാരണങ്ങളാണ്. ജൈവാംശവും പോഷക മൂലകങ്ങളും പ്രദാനം ചെയ്യുന്ന പയറുവർഗചെടികളുടെ കൃഷി ഇല്ലായെന്നു തന്നെ പറയണം. മുൻകാലങ്ങളിൽ പുരയിടാതിർത്തികളിൽ കെട്ടിയിരുന്ന വേലിപടർപ്പുകളിൽ ഉണ്ടായിരുന്ന വിവിധയിനം പച്ചിലകൾ കമ്പോസ്റ്റു നിർമ്മാണത്തിനും ഉപയോഗിച്ചിരുന്നു. ഇന്ന് ആ സ്ഥാനത്ത് മതിലും കമ്പിവേലിയും കടന്നു വന്നിരിയ്ക്കുന്നു. നമ്മുടെ പഞ്ചായത്തിൽ മൊത്തം എട്ട് വളം ഡിപ്പോകളാണുള്ളത്. രാസവളങ്ങളുടെ തീ വില കർഷകന് അത് അപ്രാപ്യമാക്കിമാറ്റുകയാണ്. ശാസ്ത്രിയമായ വള പ്രയോഗത്തെ കുറിച്ച് നമ്മുടെ കർഷകർ ഇനിയും ബോധവാന്മാരായിട്ടില്ല.

പട്ടിക4

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | വളത്തിൻെറ പേര് | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| 2 ഡിപ്പോകൾ | സഹകരണ സംഘം | ഫാക്ടംഫോസ് | 125048 | 146054 | 161612 |
| | | യൂറിയ | 108964 | 99765 | 116452 |
| | | അമോണിയം-സൾഫേറ്റ് | 52564 | 46512 | 51564 |
| | | പൊട്ടാഷ് | 58121 | 46802 | 48439 |
| | | മറ്റുള്ളവ | 363514 | 303112 | 282912 |
| 6 ഡിപ്പോകൾ | സ്വകാര്യ സ്ഥാപനങ്ങൾ | ഫാക്ടംഫോസ് | 179638 | 153608 | 187354 |
| | | യൂറിയ | 127200 | 147200 | 103643 |
| | | അമോണിയം-സൾഫേറ്റ് | 83232 | 85743 | 92912 |
| | | പൊട്ടാഷ് | 132012 | 152104 | 118216 |
| | | മറ്റുള്ളവ | 787264 | 757562 | 695423 |

### കീടനാശിനികൾ

നെൽകൃഷിക്കും പച്ചക്കറികൃഷിക്കുമാണ് പ്രധാനമായും കീടനാശിനികൾ ഉപയോഗിക്കുന്നത്. എഴുപതുകളിലും എൺപതുകളിലും ഉപയോഗിച്ചിരുന്ന കീടനാശിനികളുടെ വളരെ ചെറിയൊരു അംശംമാത്രമേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളു. നെൽകൃഷി ഏതാണ്ട് നിലച്ചതാണ് ഇതിന് കാരണം. കീടനാശിനികളുടെ അമിതമായ ഉപയോഗം മൂലം മിത്ര കീടങ്ങൾ ചത്തൊടുങ്ങുകയും ശത്രു കീടങ്ങൾ പ്രതിരോധ ശക്തിനേടി കടന്നാക്രമണം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ശാസ്ത്രിയമായ കീട പ്രതിരോധത്തെകുറിച്ച് കർഷകരെ ബോധവാന്മാരാക്കേണ്ടതുണ്ട്. ജൈവകീടനാശിനികളുടെ പ്രചാരത്തിന് ഈ ബോധവല്ക്കരണം അനിവാര്യമാണ്.

പട്ടിക - 5

| കീടനാശിനി വിപണനം (കി. ഗ്രാമിൽ) | | | | | | | |
|---|---|---|---|---|---|---|---|
| | | 1993-94 | | 1994-95 | | 1995-96 | |
| ക്രമ നമ്പർ | സ്ഥാപനം | ഖരം | ദ്രവം | ഖരം | ദ്രവം | ഖരം | ദ്രവം |
| 2 ഡിപ്പോകൾ | സഹകരണ സംഘം | 112 | 8.5 | 84.7 | 8.2 | 56.8 | 3.2 |
| 6 ഡിപ്പോകൾ | സ്വകാര്യ സ്ഥാപനങ്ങൾ | 73 | 12.1 | 56.2 | 6.4 | 43.5 | 1.7 |
| | ആകെ | 185 | 20.6 | 140.3 | 14.6 | 100.3 | 4.9 |

## നെൽകൃഷി

നമ്മുടെ പഞ്ചായത്തിൽ 50 ഹെക്ടർ പ്രദേശത്ത് മാത്രമേ നെൽക്കൃഷി നിലവിലുള്ളു. ഒരു കാലത്ത് നെൽക്കൃഷി സമ്പത്തിൻെറയും സംസ്ക്കാരത്തിൻെറയും പ്രതീകമായി നിലകൊണ്ടിരുന്നു. പഞ്ചായത്തിൻെറ രുപീകരണ കാലത്ത്, 1950 കളിൽ, പഞ്ചായത്തിൻെറ എല്ലാ ഏലാകളിലും നെൽക്കൃഷിയായിരുന്നു പ്രധാനം. കള്ളിക്കാട്, വെട്ടുപാറ, മണ്ണയം, കറ്റ, ഓവുംമുഖം, തേക്കട, പെരുംപിലാംകോട്, കുണൂർ, കൈതറക്കോണം, വടക്കേപ്പാറ, കാരംകോട്, മണ്ഡപം, ഊരുകോണം, പെരൂംകുർ, കൈതറമൂഴി, കൈതക്കുഴി , വേറ്റിനാട്, കണ്ണന്നൂർ, ആമ്പല്ലൂർ, മുച്ചന്നൂർ, കാളികോണം, ചേമ്പുംകുഴി, മണലി, മണ്ണൂർകോണം, ചിറക്കോണം, പുലകം, കരംപുലകം, കളമാൻകുഴി, ആറുമൺതാഴ , നെടുംപുല്ലി, പ്ലാമുട്ടം, ഞാറക്കുഴി, മാങ്കോട്ടുകോണം, നെട്ടയത്തുകോണം, തിയട്ടത്തുകോണം, നെട്ടേക്കാട്, മറവം, കരിംകുറ്റിമൂല, കൊഞ്ചിറ, കീഴ്പന്നമൂല, ശിവൻകോണം, മുടുമ്പിൽനട, പുളിമാത്തൂർ, ആലറക്കോണം, നന്നാട്ടുകാവ്, പൊലുവപ്പറമ്പ്, പോടിക്കോണം, കാരുർക്കോണം, വൈപ്പർത്തല, കല്ലുർക്കോണം, ഇലങ്കത്തറ, തുടങ്ങിയ ചെറുതും വലുതുമായ അനവധി ഏലാകൾ ഉണ്ടായിരുന്നു. ഇതിൽ കൊഞ്ചിറ ഏലായിലാണ് ഇപ്പോൾ നെൽകൃഷി അവശേഷിക്കുന്നത് കാരംകോട്, ആറുമൺതാഴ, മറവം, കരുംകുറ്റിമൂല, ആമ്പല്ലൂർ വൈപ്പർത്തല, മുടുമ്പിൽനട, കള്ളിക്കാട് എന്നീ ഏലാകളിൽ നാമമാത്രമായി നെൽകൃഷി ഉണ്ട് എന്ന് പറയാം.

പാടം നികത്തി വീട് വയ്ക്കുന്നത് പുത്തൻ വാണിജ്യ സംസ്ക്കാരത്തിൻെറ മുഖമുദ്രയായി മാറിയിരിക്കുന്നു. മേൽ വിവരിച്ചിരിക്കുന്നവയിൽ നികത്തപ്പെട്ട ഏലാകളുടെ വിസ്തൃതി പ്രശ്നത്തിൻെറ രൂക്ഷതയിലേക്കുള്ള ചൂണ്ടുപലകയാണ്. മഴക്കാലത്ത് 'കരമാരി' കയറി തോട്ടിൽ കൊല്ലാവീണ ഭാഗങ്ങൾ നെൽകൃഷിയ്ക്ക് ഉപയുക്തമല്ലാതായ സാഹചര്യത്തിൽ തെങ്ങും മറ്റു വിളകളും കൃഷി ചെയ്യേണ്ടിവന്നതാണ് നികത്തൽ പ്രക്രിയ്ക്ക് തുടക്കം കുറിച്ചതെന്ന് പറയാം. പിന്നിട് റോഡുകൾ കടന്നു പോകുന്നതിൻെറ ഇരു വശങ്ങളും നികത്തി കടകളും വീടുകളും വന്നു. അതു തൊട്ട് ഇങ്ങോട്ട് ഈ പ്രക്രിയ അവിരാമം തുടർന്നു കൊണ്ടിരിക്കുന്നു.

എഴുപതുകളുടെ തുടക്കത്തിൽ ഹരിത വിപ്ലവം എന്ന ആശയത്തിൻെറ പ്രയോഗാക്താക്കളായി നെൽകൃ

ഷിക്കാർ രംഗത്തെത്തിയിരുന്നു. അത്യുൽപാദനശേഷിയുള്ള നെല്ല്വിത്തുകളുടെ മുന്നിൽ നാടൻ വിത്തിനങ്ങൾ വഴിമാറി കൊടുത്തു. അക്കാലത്ത് ഉത്പാദനം ഗണ്യമായി വർദ്ധിച്ചെങ്കിലും തനതു വിത്തിനങ്ങളെ അപേക്ഷിച്ച് പ്രതിരോധ ശേഷി കുറഞ്ഞവയായിരുന്നു അവ. അതു കൊണ്ടുതന്നെ പിൽക്കാലത്ത് ഉൽപാദന മാന്ദ്യം നേരിടുകയും നെൽകൃഷി ആദായകരമല്ലാതാവുകയും ചെയ്തു. തുടർന്ന് 1980 കാലഘട്ടം മുതൽ വയൽ നികത്തൽ പ്രക്രിയ ത്വരിതപ്പെടുകയുമായിരുന്നു. കൃഷി ഭൂമിയുടെ ഉടമസ്ഥർ കൃഷിയിൽ നിന്ന് വിട്ടുനിൽക്കുകയും കൂലിയ്ക്ക് ആളുകളെ നിയോഗിച്ച് കൃഷിചെയ്യുന്ന രീതി വ്യാപകമാക്കുകയും ചെയ്തു. അതോടൊപ്പം തോട്ടവിളകളുടെ കടന്നു കയറ്റവും വളരെ കൂടുതലായി. കൂലികൊടുത്തു കൃഷിചെയ്യുകയും അതിൽ നിന്ന് തുച്ഛമായ ഫലം കിട്ടുക എന്ന അവസ്ഥയും വന്നതോടെ നെൽകൃഷി ലാഭകരമല്ലാതായി തീർന്നു.

കൊല്ലവർഷം 1106- ൽ (1930) സെറ്റിൽമെൻറ് രജിസ്റ്റർ പ്രകാരം മൊത്തം കൃഷി ഭൂമിയുടെ നാല്പത് ശതമാനത്തിലധികം നിലമായിരുന്നതായിട്ടാണ് കാണുന്നത് ഇപ്പോൾ നാമമാത്രമായിട്ടേ നിലങ്ങൾ അവശേഷിക്കുന്നുള്ളു. ഈ നിലങ്ങളെങ്കിലും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കൂട്ടായ ശ്രമം അത്യാവശ്യമാണ്. നികന്നുപോയ നിലങ്ങളെ തിരിച്ചു കൊണ്ടുവരുവാൻ ഒരു കാരണവശാലും സാധിക്കുകയില്ല. ഇപ്പോൾ നിലവിലുള്ളതിനെ സംരക്ഷിക്കുക, തിരിച്ചു നെൽകൃഷി ചെയ്യാൻ കഴിയുന്നവകണ്ടെത്തി നെൽകൃഷിയ്ക്ക് ഉപയുക്തമാക്കുക എന്നതാകണം നമ്മുടെ കാഴ്ച്ചപ്പാട് . നെൽകൃഷിക്കാർ മാത്രം എന്തും സഹിച്ച് നമ്മുടെ സംസ്ക്കാരം നിലനിർത്തണമെന്ന് ശഠിക്കുന്നത് ഉചിതമാകില്ലല്ലോ. നിലവിലുള്ള പാടങ്ങളെ സംരക്ഷിച്ച് നിർത്തുന്നതോടപ്പം മറ്റ് പ്രദേശങ്ങളിൽ ലാഭകരമായി നടത്താൻ കഴിയുന്ന കൃഷികൾ പ്രോത്സിഹിപ്പിക്കുകയും വേണം.

പട്ടിക 6

| കൃഷിഭവൻ വഴി നടത്തിയ നെൽവിത്ത് വിതരണം (കി.ഗ്രാമിൽ) | | | |
|---|---|---|---|
| ഇനം | 1993-94 | 1994-95 | 1995-96 |
| ആശ | 100 | 200 | 200 |
| ജ്യോതി | 100 | 150 | 100 |
| ജയ | 100 | 100 | - |
| പവിഴം | 100 | 150 | 50 |
| ത്രിവേണി | - | - | 30 |
| ഭാരതി | 200 | 100 | 350 |

## തെങ്ങുകൃഷി

നമ്മുടെ പഞ്ചായത്തിൽ ലാഭകരമായി നടത്താൻ കഴിയുന്ന ഒരു പ്രധാന കൃഷിയാണ് തെങ്ങ്. ഇന്ന് നമ്മുടെ നാട്ടിൽ തെങ്ങ് കൃഷി ഒരു കൃഷിയായി അംഗികരിക്കാത്തവരാണ് അധികവും. കുറഞ്ഞ പരിചരണം കൊണ്ട് കൂടുതൽ ആദായം ഉണ്ടാക്കാൻ കഴിയുന്നതാണ് തെങ്ങുകൃഷി. എന്നാൽ വേണ്ടത്ര ശ്രദ്ധ നൽകിക്കാണുന്നില്ല. നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ തെങ്ങിൽ നിന്ന് ലഭിക്കുന്ന തേങ്ങയുടെ എണ്ണം ശരാശരി മുപ്പതാണ്. വേനൽക്കാലത്ത് ജലസേചനം നടത്തിയാൽ മാത്രം ഇത് ഇരട്ടിയാക്കി മാറ്റാൻ കഴിയുമെന്നാണ് കണക്കുകൾ കാണിക്കുന്നത്. എന്നാൽ അതിനുള്ള സൗകര്യം പരിമിതമാണ്. ഉള്ള ജലസേചന സൗകര്യം പോലും കർഷകർ ഫലപ്രദമായി വിനിയോഗിച്ച് കാണുന്നില്ല. റബ്ബർ ആധിപത്യം സ്ഥാപിച്ചതോടെ കര പുരയിടങ്ങളിൽ നിന്നും തെങ്ങ് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിലംപൊത്തിയ സ്ഥലങ്ങളിൽ വളരെ അശാസ്ത്രീയമായ നിലയിൽ ഇടയകലം കുറച്ചാണ് തെങ്ങ് കൃഷി ചെയ്തു കാണുന്നത്. നമ്മുടെ പഞ്ചായത്തിൽ മൊത്തം 1486 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ഉണ്ടെന്നാണ് കൃഷിഭവൻ രേഖകളിൽ കാണുന്നത്. മുമ്പുണ്ടായിരുന്നതിൽ നിന്നും തെങ്ങു കൃഷി കുറഞ്ഞു വരുന്നു എന്നതാണ് വസ്തുത. രാസവള പ്രയോഗം ഇല്ലാതെ തന്നെ നമ്മുടെ പറമ്പുകളിൽ ഉണ്ടാക്കാൻ കഴിയുന്ന ജൈവവളങ്ങൾ ഉപയോഗിച്ച് ഉൽപാദനക്ഷമതയിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കാൻ കഴിയുമെന്നുള്ളതാണ് കർഷകരുടെ അനുഭവങ്ങളിൽ നിന്നും അനുമാനിക്കുന്നത്. (പട്ടിക 7 കാണുക)

എന്തൊക്കെയായലും നമ്മുടെ പഞ്ചായത്തിൽ സാമ്പത്തിക രംഗത്ത് നിർണായകമായ ഒരു സ്വാധീനശക്തി തന്നെയാണ് തെങ്ങ് കൃഷിക്ക് ഇന്നുള്ളത് തേങ്ങയുടെ സീസണിലെ വിലയിടിവ് പഞ്ചായത്തിൻെറ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

പട്ടിക 8

| തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ - II | | | | |
|---|---|---|---|---|
| രോഗം മൂലം 1994ൽ മുറിച്ചുമാറ്റിയ തെങ്ങുകൾ | രോഗബാധ മൂലം 1995ൽ മുറിച്ചുമാറ്റിയ തെങ്ങുകൾ | ഇനിയും മുറിച്ചു മാറ്റേണ്ടുന്ന തെങ്ങുകൾ | രോഗ ബാധ യില്ലാത്ത തെങ്ങുകൾ | ആകെ തെങ്ങുകൾ |
| 1100 | 500 | 1586 | 305836 | 307422 |

പട്ടിക - 7

| തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ - I | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
| വാർഡ് നമ്പർ | തെങ്ങുകൃഷി വിസ്തീർണം ഹെ. | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിസ്തീർണം | ലീഫ് റൂട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| I | 162.44 | 9554 | 17692 | 27246 | 480 | 73 | 17 | 75 | - | 645 |
| II | 108.21 | 9685 | 14180 | 23865 | 15 | 4 | 26 | 30 | - | 75 |
| III | 106.51 | 9812 | 13062 | 22874 | 10 | 13 | 10 | 30 | - | 63 |
| IV | 96.98 | 7012 | 16036 | 23048 | 10 | 4 | 4 | 2 | - | 20 |
| V | 160.37 | 11816 | 16612 | 28428 | 15 | - | - | 2 | - | 17 |
| VI | 114.59 | 8896 | 12893 | 21789 | 26 | 17 | 10 | 12 | - | 67 |
| VII | 105.53 | 6370 | 12520 | 18890 | 19 | 12 | 5 | 5 | 5 | 46 |
| VIII | 103.37 | 8586 | 14234 | 22820 | 8 | 15 | 40 | 20 | 2 | 85 |
| IX | 96.25 | 6319 | 13750 | 20069 | 44 | 40 | 50 | 93 | - | 229 |
| X | 112.54 | 6245 | 8023 | 14268 | 49 | 20 | 15 | 33 | - | 117 |
| XI | 104.35 | 8632 | 16663 | 25295 | 120 | 6 | 10 | 10 | - | 146 |
| XII | 108.09 | 6675 | 14615 | 21290 | 6 | 6 | 13 | 10 | - | 35 |
| XIII | 106.72 | 9180 | 28360 | 37540 | 9 | 9 | 13 | 10 | - | 41 |
| ആകെ | 1485.97 | | | | | | | | | |

## റബ്ബർ

ഇന്ന് നമ്മുടെ പഞ്ചായത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുന്ന ഒന്നാണ് റബ്ബർ. മൊത്തം കൃഷിസ്ഥലത്തിന്റെ അൻപത് ശതമാനത്തിലേറെ റബർ കൃഷി വരുമെന്നാണ് കണക്കുകൾ കാണിക്കുന്നത്. നമുക്ക് പരമ്പരാഗതമായി ഉണ്ടായിരുന്ന മാവ്, പ്ലാവ്, തുടങ്ങിയ ഫലവൃക്ഷങ്ങളും ആഞ്ഞിലി തുടങ്ങിയ വൻ വൃക്ഷങ്ങളും വ്യാപകമായി നഷ്ടപ്പെടുത്തിക്കൊണ്ട് ആണ് നാം റബ്ബറിന്റെ പച്ചപ്പരവധാനി വിരിച്ചത്. പിൽക്കാലത്ത് അത് നമ്മുടെ തെങ്ങിനെയും കുരുമുളകിനെയും എല്ലാം കൃഷിയിടങ്ങളിൽ നിന്ന് കുടിയിറക്കി കൊണ്ടിരുന്നു. റബ്ബർ കൃഷിയുടെ കടന്നുകയറ്റത്തോടെ നമുക്ക് നഷ്ടമായി കൊണ്ടിരിക്കുന്ന ഒരു ഭക്ഷ്യ വിളയാണ് മരച്ചീനി . റബ്ബർ മറ്റേതിനെക്കാളും ആദായകരമാണെന്നുള്ളതാണ് ഇതിനു ബദലയായി ചുണ്ടികാണിക്കുന്നത്. എന്നിരുന്നാലും മലയോര പ്രദേശങ്ങളെ അപേക്ഷിച്ച് ഉല്പാദനക്ഷമതയിൽ വളരെ പുറകിലാണ് നമ്മുടെ റബ്ബർ മരങ്ങൾ. കാലാവസ്ഥയും മണ്ണിന്റെ ഘടനയിലുള്ള വ്യത്യാസവുമാകാം ഇതിന് കാരണം. കുടാതെ ഗുണമേന്മയുള്ള ഇല്ലാത്ത നടീൽ വസ്തുക്കളാണ് ഉൽപാദനക്ഷമത കുറയാനുള്ള മറ്റൊരു കാരണം. അശാസ്ത്രീയമായ നടീൽ ക്രമവും സമീകൃതമല്ലാത്ത വളപ്രയോഗവും വേറെ കാരണങ്ങളാണ്. ഇപ്പോൾ നമ്മുടെ നാട്ടിൽ കൃഷി ചെയ്തു വരുന്ന പ്രധാനയിനങ്ങളാണ് RRI,IOS, R.R.600, RR 605, GTI തുങ്ങിയവ.

## കിഴങ്ങുവർഗ്ഗങ്ങൾ

### മരച്ചീനി

നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ മുഖ്യാഹാരമായിരുന്നു മരച്ചീനി, മുൻകാലങ്ങളിൽ ഭക്ഷ്യദാരിദ്ര്യത്തിൽ നിന്നും നമ്മെ രക്ഷിച്ചത് മരച്ചിനിയാണ്. പക്ഷേ ഇന്ന് ആ ഭക്ഷ്യവിള നാമമാത്രമായിക്കൊണ്ടിരിക്കുന്നു. വൻതോതിൽ മരച്ചീനി കൃഷി ചെയ്തിരുന്ന പ്രദേശങ്ങൾ

പൂർണ്ണമായും റബ്ബർ കയ്യടക്കി കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ മരച്ചീനികൃഷി ഒട്ടെങ്കിലും അവശേഷിയ്ക്കുന്നത് വയൽ നികത്തിയ പ്രദേശങ്ങളിലാണ്. ഇപ്പോൾ നിലവിലുള്ള പ്രധാനപ്പെട്ട രണ്ടിനങ്ങളാണ് ആറ് മാസത്തിൽ വിളവെടുക്കാൻ കഴിയുന്ന ഒരിനവും, എം. 4ഉം ആണ്.

### മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ

പരമ്പരാഗത കൃഷി രീതിയിൽ ഇടവിളയായി കൃഷി ചെയ്ത് പോന്നിരുന്ന കിഴങ്ങുവർഗ്ഗങ്ങളാണ് ചേന, ചേമ്പ്, കാച്ചിൽ ചെറുകിഴങ്ങ്, നനകിഴങ്ങ്, മധുരക്കിഴങ്ങ്, കൂർക്ക തുടങ്ങിയവ. പക്ഷേ ഇപ്പോൾ ഈ കിഴങ്ങുവർഗ്ഗങ്ങൾ നാമമാത്രമായി മാറിയിരയ്ക്കുകയാണ്. ഇവയുടെ കൃഷി നമ്മുടെ മണ്ണിന്റെ സ്വാഭാവിക ഘടനയെ സന്തുലിതമാക്കിയിരുന്നു. ഇതിന്റെ അഭാവം നമ്മുടെ തെങ്ങ് തുടങ്ങിയ മുഖ്യ വിളകളുടെ ഉൽപാദനക്ഷമതയെ പ്രതികൂലമായി ബാധിച്ചിരിയ്ക്കുകയാണ്. സാധാരണ കേരളിയന്റെ പ്രാതലും ലഘുഭക്ഷണവും ആയിരുന്ന ഈ കിഴങ്ങ് വർഗ്ഗങ്ങളുടെ ഉൽപാദനത്തിലും ഉപഭോഗത്തിലും ഉണ്ടായ ഗണ്യമായ കുറവുമൂലം അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങളെ കുടുതൽ ആശ്രയിക്കേണ്ടിവന്നു. കർഷകന്റെ അദ്ധ്വാനശേഷിയെ സമ്പുഷ്ടമാക്കിക്കൊണ്ടിരുന്ന ഒന്നാണ് ഈ കിഴങ്ങ് വർഗ്ഗങ്ങൾ എന്ന വസ്തുതയും വിസ്മരിക്കാവുന്നതല്ല. നാം ഇപ്പോൾ തുടർന്നുകൊണ്ടുവരുന്ന ഭക്ഷണ ശീലങ്ങളിൽ മാറ്റമുണ്ടാകേണ്ടത് അനിവാര്യമാണെന്നാണ് മേൽപ്പറഞ്ഞ വസ്തുതകൾ സൂചിപ്പിക്കുന്നത്.

### കുരുമുളക്

ഒരു കാലത്ത് കർഷകന്റെ സാമ്പത്തിക സ്വപ്നങ്ങൾക്ക് നിറം പകർന്നിരുന്നത് കുരുമുളക് കൃഷിയായിരുന്നു. നമ്മുടെ സമ്പത്തിന്റെ സമ്പദ്ഘടനയിൽ ഈ നാണ്യവിളക്ക് അന്ന് നിർണായക പങ്കുണ്ടായിരുന്നു. 1960കളിൽ ഉണ്ടായ വിലയിടിവും കൂനിൻമേൽ കുരു പോലെ ഉണ്ടായ ദ്രുതവാട്ടരോഗവും കരുമുളക് കൃഷിക്കാരന്റെ നട്ടെല്ല് ഒടിക്കുകതന്നെ ചെയ്തു. അങ്ങനെ നാശോന്മുഖമായി തീർന്ന കുരുമുളക് കൃഷിക്ക് തിരിച്ചുവരവ് ഉണ്ടായിട്ടേയില്ല. കുരുമുളക് കൃഷി വ്യാപകമാക്കുന്നതിനുള്ള സാധ്യതയും വളരെ കുറവാണ്. അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന റബ്ബർ കൃഷിയുടെ തള്ളിക്കയറ്റത്താൽ ഇപ്പോഴുള്ള കുരുമുളക് കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലും അവശേഷിക്കുന്ന കരുമുളക് കൊടികളെ ഫലപ്രദമായി സംരംക്ഷിയ്ക്കുകയും റബ്ബറില്ലാത്ത മേഖലകളിലേയ്ക്ക് കരുമുളക് കൃഷിയെ ഒരു ഇടവിളയായി വ്യാപിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഈ കൃഷി പരിപോഷിപ്പിക്കാൻ സാധിക്കും.

### പച്ചക്കറികൾ

പഞ്ചായത്തിന്റെ മിക്കവാറു പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്തു വരുന്നു. ഈ കൃഷിയിൽ നല്ലൊരു പങ്ക് വാണിജ്യ പ്രാധാന്യമുള്ള ഇനങ്ങളായ പാവൽ, വള്ളിപ്പയർ, മുളക്, എന്നിവയാണ്. നെൽപ്പാടങ്ങളിൽ ഇടവിളയായാണ് ഈ കൃഷി അധികവും നടത്തി വരുന്നത്. കരപ്രദേശങ്ങളിലെ പച്ചക്കറി കൃഷി ഏകദേശം നിലച്ചിരിയ്ക്കുകയാണ്. റബ്ബറിന്റെ കടന്നു കയറ്റം അതിന് കാരണമാണ്. പ്രതിരോധശേഷിയും ഉൽപ്പാദനക്ഷമതയും ഒത്തിണങ്ങിയ തനതിനങ്ങളുടെ അഭാവം പച്ചക്കറികൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. അമിതമായ രാസവള പ്രയോഗത്തിലൂടെ മണ്ണിന്റെ ജൈവത്തം നഷ്ടപ്പെടുന്നതും അശാസ്ത്രീയമായ കീടനാശിനി പ്രയോഗവും ആവർത്തന കൃഷിയും ഉൽപ്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു.

### പഴവർഗ്ഗങ്ങൾ

വാഴപ്പഴം, മാമ്പഴം, ചക്കപ്പഴം, പപ്പായ, ആഞ്ഞിലിപ്പഴം, കൈതച്ചക്ക, ആത്തിച്ചക്ക, നാടൻ മുന്തിരി, പേര തുടങ്ങിയവയാണ് പ്രധാനമായ നാടൻ പഴവർഗ്ഗ ഇനങ്ങൾ. റബ്ബറിന്റെ കടന്നകയറ്റംമൂലം വാഴപ്പഴം ഒഴിച്ച് മറ്റിനങ്ങൾ നമ്മുടെ പറമ്പുകളിൽ നിന്നും അപ്രത്യക്ഷ്യമാവുകയാണ്.

### വാഴ

ഈർപ്പമുള്ള ഭാഗങ്ങളിലാണ് പൊതുവേ വാഴകൃഷി ചെയ്തുവരുന്നത്. മറ്റു പ്രദേശങ്ങളും വാഴകൃഷിക്ക് അനുയോജ്യമാണ്. വയൽ നികത്തിയ ഭാഗങ്ങളിലാണ് ഇപ്പോൾ വാഴകൃഷി ചെയ്തു വരുന്നത്. നമ്മുടെ നാട്ടിൽ കൃഷി ചെയ്തുവരുന്ന പ്രധാനയിനങ്ങൾ നേന്ത്രൻ (ഏത്തൻ) പാളയന്തോടൻ, കപ്പ (ചെങ്കണ്ണൻ), രസകദളി, മൈസൂറണ്ണാൻ റോബസ്റ്റ തുടങ്ങിയവയാണ്. വാഴക്കൃഷിയുടെ വർദ്ധമാനമായ സാധ്യത നാമിനിയും ഉപയോപ്പെടുത്തിയിട്ടില്ല. കുറുനാമ്പ് രോഗം, മാണപ്പുഴു തുടങ്ങിയ രോഗ - കീടബാധയും പ്രകൃതിക്ഷോഭവും വാഴക്കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ട്.

### സുഗന്ധ വിളകൾ

തനിവിള കൃഷിയായി സുഗന്ധവിളകൾ ഒന്നും തന്നെ കൃഷി ചെയ്തു വരുന്നില്ല. എന്നാൽ ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതി, വാനില തുടങ്ങിയ ഇടവിളയായി

പരിമിതമായ തോതിൽ കൃഷി ചെയ്തുവരുന്നു.

### വെറ്റിലക്കൊടി

ചെറുകിട കർഷകരുടെ ഒരു മുഖ്യ വരുമാനമാർഗ്ഗമാണ് വെറ്റിലക്കൊടികൃഷി. കർഷക തൊഴിലാളികൾക്കുപോലും ജോലി സമയത്തിനുശേഷം ചെയ്യാൻ കഴിയുന്ന കൃഷി എന്ന നിലയിൽ അവർക്ക് അതൊരു അധിക വരുമാനമാർഗ്ഗവുമാണ്. ഇനിയും ഏറെ വികസന സാധ്യതയുള്ള ഒരു കൃഷിയാണ് വെറ്റിലക്കൊടിയുടേത്. വ്യാപകമായി കണ്ടുവരുന്ന പുള്ളി എന്നറിയപ്പെടുന്ന കുമിൾ രോഗമാണ് വെറ്റിലക്കൃഷിയുടെ പ്രധാന ഭീഷണി. പലപ്പോഴും വിലയിൽ ഉണ്ടാകുന്ന തകർച്ചയും കർഷകൻെറ മനോവീര്യം കെടുത്തുന്നു.

## ഔഷധ സസ്യങ്ങൾ

വിശിഷ്ടങ്ങളായ ഔഷധ സസ്യങ്ങളുടെ കലവറയായിരുന്നു നമ്മുടെ പ്രദേശങ്ങൾ. മിക്കവാറും എല്ലാ രോഗങ്ങളുടെയും ചികിത്സക്ക് നാം ആശ്രയിച്ചിരുന്നത് ഈ സസ്യങ്ങളെയായിരുന്നു. പ്രസവ ശുശ്രൂഷക്കും ഇ ഔഷധ സസ്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാ ക്രമമാണ് നാം അനുവർത്തിച്ചിരുന്നത്. സസ്യങ്ങളുടെ ജൈവ വൈവിദ്ധ്യത്തിലുണ്ടായ വ്യതിയാനങ്ങൾ ഈ അപൂർവ്വ സസ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുകയുണ്ടായി. അലോപ്പതി ചികിത്സാ രീതി വ്യാപകമായതോടെ അമൂല്യമായ ഈ ഔഷധ സമ്പത്തിനെ നാം വിസ്രിക്കുകയായിരുന്നു. എന്നാൽ ഈ അടുത്തകാലത്തായി ആയൂർവേദ ചിതിക്സാ രീതിക്ക് പ്രചാരം കൂടിവരികയാണ്. ഈ സാഹചര്യത്തിൽ ഔഷധസസ്യങ്ങളുടെ കൃഷിക്ക് ഏറെ സാധ്യത തെളിയുന്നു.

### കാർഷിക രംഗത്തെ പ്രശ്നങ്ങൾ

**1. മണ്ണ് മരിച്ചുകൊണ്ടിരിക്കുന്നു**

എ. ഫലഭൂയിഷ്ടിയുള്ള മേൽമണ്ണ് മണ്ണൊലിപ്പിലൂടെ നഷ്ടമാകുന്നു.

ബി. ജൈവ വളങ്ങളുടെ ലഭ്യതക്കുറവ്.

സി. മണ്ണു പരിശോധന നടത്തി ശാസ്ത്രീയമായ വളപ്രയോഗം ചെയ്യാതെയുള്ള ആവർത്തന കൃഷിരീതി.

**2. കൃഷിച്ചെലവിലെ വർദ്ധനവ്**

എ. രാസവളങ്ങളുടേയും ജൈവ വളങ്ങളുടേയും കീടനാശിനികളുടേയും വിലയിലുണ്ടായ രൂക്ഷമായ കുതിച്ചു കയറ്റം.

ബി. കൂലിച്ചെലവിലുണ്ടായ വർദ്ധന.

സി. കാർഷിക യന്ത്രോപകരണങ്ങളുടെ അഭാവം.

**3. കർഷകൻെറ താൽപ്പര്യക്കുറവ്**

എ. വേതനത്തിന് യോജിച്ച വിധത്തിലുള്ള സേവനം ലഭിക്കുന്നില്ല.

ബി. കൃഷിയെ മാത്രം ആശ്രയിക്കുന്നവരുടെ ജീവിതം വഴിമുട്ടുന്നു.

സി. പുതിയ തലമുറ കാർഷികവൃത്തിയോട് കാട്ടുന്ന താൽപ്പര്യക്കുറവ്.

ഡി. സമൂഹത്തിൽ കർഷകന് മാന്യമായ സ്ഥാനം ലഭിക്കുന്നില്ല.

ഇ. കൃഷിക്കാർ ജീവിതം മുമ്പോട്ടു കൊണ്ടുപോകുന്നതിന് മറ്റ് മേഖലകളെ ആശ്രയിക്കേണ്ടുവരുന്നു.

എഫ്. കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവ്.

ജി. കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപാദനചെലവുമായി താര്യതമ്യപ്പെടുത്തുമ്പോൾ ന്യായമായ വില ലഭിക്കുന്നില്ല.

എച്ച്. കാർഷികോൽപ്പന്നങ്ങൾക്ക് പലപ്പോഴും ഉണ്ടാകുന്ന വിലയിടിച്ചിൽ.

**4. നല്ലയിനം നടീൽ വസ്തുക്കളുടെ അഭാവം.**

എ. ഉൽപ്പാദന ക്ഷമതയുള്ള ഇനങ്ങളുടെ ലഭ്യതയില്ലായ്മ.

ബി. വിളകളുടെ പ്രതിരോധ ശക്തി കുറയുന്നത്.

സി. തനത് നാടൻ ഇനങ്ങൾ ദുർലഭമാകുന്നു.

ഡി. നല്ലയിനം നടീൽ വസ്തുക്കളുടെ വിതരണത്തിലുള്ള സംവിധാനം ഇല്ലായ്മ

**5. വ്യാപകമായ നിലം നികത്തൽ**

എ. നിലത്തിൻെറയും പുരയിടത്തിൻെറയും വിലകൾ തമ്മിലുള്ള അന്തരം

ബി. ജലനിർഗ്ഗമന മാർഗ്ഗത്തിനുള്ള തടസ്സം

സി. വെള്ളക്കെട്ടുകാരണം തരിശ്ശിടുന്നു.

ഡി. പാരിസ്ഥിക പ്രശ്നങ്ങൾ

**6. വായ്പാ പദ്ധതികളിലെ അപാകതകൾ**

എ. യഥാർത്ഥ കർഷകന് പലപ്പോഴും വായ്പ ലഭിക്കുന്നില്ല.

ബി. യഥാകാലം വായ്പകൾ ലഭിക്കുന്നില്ല.

സി. കാർഷിക വായ്പകൾ കൃഷി ആവശ്യത്തിന്

ഉപയോഗിക്കുന്നില്ല.

**7. കൃഷിഭവൻെറ തൃപ്തികരമല്ലാത്ത പ്രവർത്തനം**

എ. യഥാർത്ഥ കർഷകരിലേക്ക് പലപ്പോഴും സഹായം എത്തുന്നില്ല.

ബി. നിർദ്ദേശങ്ങളും ഉപദേശങ്ങളും യഥാകാലം കർഷകനു കിട്ടുന്നില്ല.

സി. ആവശ്യമായ ബോധവൽക്കണ പ്രവർത്തനങ്ങളുടെ അഭാവം.

ഡി. കാർഷിക വിദഗ്ധർ കൃഷിയിടങ്ങൾ സന്ദർശിക്കുന്നില്ല.

ഇ. ജനോപകാരപ്രദമായ കാർഷിക പദ്ധതികൾക്ക് പ്രചരണം ലഭിക്കായ്ക.

8. രോഗബാധ

എ. നെൽക്കൃഷി കുറഞ്ഞതു കാരണം ഉണ്ടായിട്ടുള്ള കീടങ്ങളുടെ വർദ്ധനവ്.

ബി. തെങ്ങിനുണ്ടാകുന്ന കാറ്റുവീഴ്ച, നീരൊലിപ്പ്, വേരു ചീയൽ തുടങ്ങിയവ.

സി. റബ്ബറിനുണ്ടാകുന്ന ചീക്ക്, ഇലക്കുമിൾ രോഗം തുടങ്ങിയവ.

ഡി. വെറ്റിലക്കൊടിയെ ബാധിക്കുന്ന കുമിൾ രോഗം

ഇ. കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടം, സാവധാനവാട്ടം തുടങ്ങിയവ.

എഫ്. കമുകിനെ ബാധിക്കുന്ന മാഹാളിരോഗം.

ജി. പച്ചക്കറിക്കൃഷിയെ ബാധിക്കുന്ന കീടബാധകൾ.

9. സാർവ്വത്രികമായ വിള ഇൻഷുറൻസിൻെറ അപര്യാപ്തത.

10. കാർഷികോൽപ്പന്നങ്ങൾ സംസ്ക്കരിക്കാൻ കഴിയാത്തത്.

11. ഇടത്തട്ടുകാർ നടത്തുന്ന ചൂഷണം

12. റബ്ബർ കൃഷിയുടെ വ്യാപനത്തിലൂടെ ഇടവിളകൾക്ക് ഉണ്ടായ തകർച്ച.

13. കാർഷികാവശ്യത്തിന് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.

14. കൃഷിയിലെ കൂട്ടായ്മയുടെ അഭാവം.

15. അമിതവും അശാസ്ത്രീയവുമായ കീടനാശിനി പ്രയോഗം. ഇത് മിത്രകീടങ്ങളെക്കൂടി നശിപ്പിക്കുന്നു.

**പരിഹാര നിർദ്ദേശങ്ങളും സാധ്യതകളും**

1 കൃഷിഭവൻെറ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുകയും അതിൻെറ സേവനം ഫലപ്രദമായി യഥാർത്ഥ കർഷകരിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

2 വാർഡുതലത്തിൽ കർഷക സമിതികൾ രൂപീകരിക്കുക. ഈ സമിതികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേർന്ന് കാർഷിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടത്തിപ്പ് വിലയിരുത്തുകയും ചെയ്യുക. കൃഷിഭവൻ ഉദ്യോഗസ്ഥന്മാരുടെ പങ്കാളിത്തം ഈ പരിപാടിയിൽ ഉറപ്പാക്കുക.

3 സമഗ്ര പച്ചക്കറി കൃഷി പരിപാടി പഞ്ചായത്തു തലത്തിൽ ആവിഷ്ക്കരിക്കുക. ചെറുകിട പരിമിത കർഷകർക്ക് പരമാവധി പ്രയോജനം കിട്ടത്തക്ക വിധത്തിൽ പച്ചക്കറി വിത്തും വളവും ആവശ്യമായ സാങ്കേതിക ഉപദേശവും ലഭ്യമാക്കുക. ഈ പദ്ധതിയുടെ ജനകീയതലം ശക്തമാക്കുക. വിപണന ശൃംഖല ശക്തിപ്പെടുത്തുക.

4 പ്രതിസന്ധി നേരിടുന്ന കേരകൃഷിയെ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുക. ഗുണനിലവാരമുള്ള തെങ്ങിൻ തൈകളും സബ്സിഡി നിരക്കിൽ കാർഷികോപകരണങ്ങൾ ലഭ്യമാക്കുക. തെങ്ങിൻെറ ഇടയകലം സംബന്ധിച്ച കാര്യമായ ബോധവൽക്കരണം നടത്തുക. കേര കർഷക സമിതികളെ വാർഡുതലത്തിൽ പുനഃസംഘടിപ്പിച്ച് ജനപങ്കാളിത്തം ഉറപ്പുവരുത്തി മേൽപ്പറഞ്ഞ പദ്ധതിയുടെ നടത്തിപ്പ് ഏൽപ്പിക്കുക.

5 നാളീകേരം കൊപ്രയാക്കി വിൽക്കുന്നതിന് കേര കർഷകരെ ബോധവൽക്കരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

6 നാളീകേരത്തിൻെറ വിലയിടിവ് ഇല്ലാതാക്കുന്നതിനും ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും ഇളനീർ പന്തലുകൾ സ്ഥാപിക്കുക.

7 റബ്ബർ കൃഷിയുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രീയ കൃഷി രീതി അവലംബിക്കുന്നതിനും വേണ്ട പ്രോത്സാഹനം കൊടുക്കാനുമായി പഞ്ചായത്തു തലത്തിൽ സമിതി ഉണ്ടാക്കുകയും പ്രവർത്തനം വാർഡുതലത്തിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.

8. ജൈവ വളങ്ങളുടെ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക. എല്ലാ വീട്ടിലും കമ്പോസ്റ്റ് കുഴികൾ ഉണ്ടാക്കുന്നതിന് സാമ്പത്തിക സഹായം നൽകുക. പഞ്ചായത്തിലെ കൃഷി യോഗ്യമല്ലാത്ത ഭാഗങ്ങളിൽ ശീമക്കൊന്ന വെച്ചുപിടിപ്പിക്കുക. പുരയിട

അതിർത്തികളിൽ കമ്പിവേലി നിലനിർത്തിക്കൊണ്ടു തന്നെ വേലിപ്പത്തൽ വെച്ചു പിടിപ്പിക്കുക. ഇതും കമ്പോസ്റ്റ് നിർമ്മാണത്തിന് ഗുണകരമാക്കാം.

9 ശാസ്ത്രീയമായ മണ്ണു പരിശോധന വ്യാപകമാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗം നടത്താൻ കർഷകന് ബോധവൽക്കരിക്കാൻ വേണ്ട നടപടി സ്വീകരിക്കുക. രാസവളങ്ങൾക്കൊപ്പം ജൈവ വളങ്ങൾക്കും സബ്സിഡി നൽകി കൃഷിക്കാരനെ സഹായിക്കുക.

10 കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ യഥാർത്ഥ കർഷകന് കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുക. ഇത്തരം വായ്പകൾ കൃഷിയാവശ്യത്തിനുതന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുക.

11 പഞ്ചായത്തു കേന്ദ്രീകരിച്ച് ഒരു നഴ്സറി ആരംഭിക്കുക. കർഷകരുടെ ആവശ്യാനുസരണം മേൽത്തരം നടീൽവസ്തുക്കളുടെ സംഭരണവും വിതരണവും ഉറപ്പുവരുത്തുക.

12 നിലവിലുള്ള നെൽപ്പാടങ്ങളുടെയെങ്കിലും സംരക്ഷണം ഉറപ്പുവരുത്തുക. നെൽക്കൃഷിക്കാവശ്യമായ വിത്തും, വളവും, കീടനാശിനിയും സൗജന്യമായി വിതരണം ചെയ്യുക. ആവശ്യമായ സാങ്കേതിക ഉപദേശം യഥാസമയം നൽകുക. പാടങ്ങൾ നികത്തുന്നതിനെതിരായ നിയമം പാലിക്കപ്പെടുന്നുണ്ട് എന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പുവരുത്തുകയും നിയമലംഘനത്തിനെതിരേ കർശന നടപടി സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്യുക.

13 കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനും സംസ്ക്കരണത്തിനും വിപണനത്തിനുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക.

14 ശാസ്ത്രീയ രീതിയിലുള്ള വാഴക്കൃഷി പ്രോത്സാഹിപ്പിക്കുക.

15 പുഷ്പക്കൃഷി വ്യാപിപ്പിക്കുന്നതിന് ഫ്ളോറി കൾച്ചറൽ സൊസൈറ്റി സ്ഥാപിക്കുക.

16 യുവകർഷകർക്ക് കൂടുതൽ പരിഗണനയും സാമ്പത്തിക സഹായവും നൽകി കാർഷിക മേഖലകളിലേക്ക് ആകർഷിക്കാൻ പദ്ധതി ഉണ്ടാക്കുക.

17 റബ്ബർ തോട്ടങ്ങളിലും തെങ്ങിൻ തോപ്പുകളിലും ഇടവിളയായി കൈതച്ചക്ക കൃഷി പ്രോത്സാഹിപ്പിക്കുക.

18 റോഡു പുറമ്പോക്കിലും സ്കൂൾ വളപ്പുകളിലും വൃക്ഷ തൈകൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുക.

19 കാർഷികാവശ്യത്തിന് വൈദ്യുതി മുൻഗണനാക്രമത്തിൽ സൗജന്യമായി നൽകുക.

20 ഔഷധ സസ്യക്കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക.

21 തൊഴിലാളികളെ വിവിധ ജോലികൾക്ക് നിയോഗിക്കുന്നതിന് വാർഡുതലത്തിൽ സമിതികൾ (ലേബർ കോൺട്രാക്ട് സൊസൈറ്റികൾ) രൂപീകരിക്കുക.

22 വിളവു മത്സരം സംഘടിപ്പിച്ച് വിജയികളെ ആദരിക്കുകയും ആകർഷകമായ സമ്മാനം നൽകുകയും ചെയ്യുക.

23 ശാസ്ത്രീയമായ മരുന്നു തളിയിലും ജൈവ കീടനാശിനി പ്രയോത്തിലും പരശീലനവും ബോധവൽക്കരണവും നടത്തുക.

24 ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികൾ രൂപീകരിക്കുക.

25 നികത്തിയ പാടങ്ങൾ വീണ്ടെടുക്കുന്നതിന് കർഷകർക്ക് ആകർഷകമായ സാമ്പത്തിക സഹായം നൽകുക.

26 ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യ ഉപയോഗിച്ച് മെച്ചപ്പെട്ട ഇനം നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുക.

## ജലസേചനം

പരമ്പരാഗതമായി നമ്മുടെ പഞ്ചായത്തിൽ സ്വീകരിച്ചിരിക്കുന്ന ജലസേചന മാർഗ്ഗം ഏലാകൾ കേന്ദ്രീകരിച്ച് തലക്കുളങ്ങൾ, ചിറകൾ ഇവരുടെ സംരക്ഷണവും ആവശ്യാനുസരണം ചാലുകൾ കീറി വെള്ളം തിരിച്ചുവിടുകയും ഒരോ തുണ്ടുഭൂമിയും തൂമ്പുകൾ വഴി വെള്ളം എത്തിക്കുകയുമായിരുന്നു. എന്നാൽ ഭൂ വിനിയോഗത്തിൽ വന്ന മാറ്റവും ഏല നികത്തൽമൂലവും പ്രകൃതിദത്തമായ ഇത്തരം ചാനലുകൾ തടസ്സപ്പെട്ടു. അശ്രദ്ധയും അവഗണനയും മൂലം തലക്കുളങ്ങൾ നശിച്ചു. എന്നിരുന്നാലും പ്രകൃതിദത്തമായ ഇത്തരം ജലസേച സംവിധാനങ്ങളുടെ സാധ്യത ഉപയോഗിക്കാവുന്നതാണ്. എന്നാലിപ്പോൾ മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് നടന്നുവരുന്നത്. ഇടവപ്പാതിയും തുലാവർഷവും ആണ് പ്രധാനമായും നമുക്ക് കിട്ടുന്നത്. ചുരുക്കമായി ചിലപ്പോൾ ഇടമഴകളും ലഭിക്കാറുണ്ട്. നമ്മുടെ പഞ്ചായത്തിൽ നദികളോ ആറുകളോ ഒഴുകുന്നില്ല. ആകെയുള്ളത് ചെറിയ ചെറിയ തോടുകളും കുറച്ചു കുളങ്ങളുമാണ്. ചില കുളങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി മുൻകാലത്ത് നടത്തിയിരുന്നു. ഇന്ന് അവ ഉപയോഗശൂന്യമാണ്. താഴെപ്പറയുന്ന തോടു

കളാണ് നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്നത്.

കുറ്റിയാണി ക്ഷേത്രക്കുളത്തിൽ നിന്നും പുലകത്തു നിന്നും പന്തലക്കോട് ക്ഷേത്ര സമീപത്തുനിന്നും വരുന്ന ചെറുതോടുകൾ തട്ടാൻവിളാകത്ത് നടയിൽ വന്നുചേരുകയും കാളിക്കോണം മുച്ചന്നൂർ, ചേമ്പുംകുഴി, മൊട്ടമൂട് ഭാഗത്ത് ഒന്നായി ചേർന്ന് വേറ്റിനാട് പഞ്ചായത്താപ്പീസിനു സമീപം മേൽവിവരിച്ച തോടുമായി ഒന്നിച്ചുചേരുകയും വലിയകാവ്, കൈതറമൂഴി, പെരുങ്കൂർ എന്നിവ കരുക്കുറ്റി മൂലയിൽവെച്ച് വേറ്റിനാട് തോടുമായി ചേർന്ന് വലിയൊരു തോടായി കൊഞ്ചിറ, കീഴ്പ്പന്നുമൂല വഴി മാണിക്കൽ പഞ്ചായത്തിലേക്ക് ഒഴുകുന്നു.

പട്ടിക – 10

| 3.4 ജലസേചന സംവിധാനങ്ങൾ | | | | | |
|---|---|---|---|---|---|
| വാർഡ് നമ്പർ | പൊതു ജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയ ക്കെട്ട് (ഹെ.) |
| I | ഇല്ല | ഇല്ല | | ഇല്ല | |
| II | ഇല്ല | ഇല്ല | തെങ്ങുവിള | ഇല്ല | |
| II | ഇല്ല | ഇല്ല | കുതിരാലാഞ്ചൻ | ഇല്ല | |
| IV | ഇല്ല | ഇല്ല | | ഇല്ല | |
| V | ഇല്ല | ഇല്ല | മരുതംകോട് ഊരുക്കോണം | നാല് | |
| VI | ഇല്ല | ഇല്ല | നാരായണംകോണം | ഇല്ല | |
| VII | ഇല്ല | ഇല്ല | ക്ഷേത്രക്കുളം | ഇല്ല | |
| VIII | ഇല്ല | ഇല്ല | കടയ്ക്കാലിൽ | ഒന്ന് | |
| IX | ഇല്ല | ഇല്ല | പൊട്ടക്കുളം | ആറ് | |
| X | ഇല്ല | ഇല്ല | കൊടിപ്പറമ്പ് | ഇല്ല | |
| XI | ഇല്ല | ഇല്ല | | ഇല്ല | |
| XII | ഇല്ല | ഇല്ല | | ഇല്ല | |
| XIII | ഇല്ല | ഇല്ല | | | |

ആലാക്കോണം, ഇലവൻകുഴി, മുടുമ്പി നട, മുറമേൽ, കല്ലൂർക്കോണം പ്രദേശങ്ങളിൽ നിന്നും ഉദ്ഭവിക്കുന്ന ചെറുതോടുകൾ നന്നാട്ടുകാവിൽ സംഗമിക്കുകയും തിട്ടയത്തുകോണം വഴി മാണിക്കൽ പഞ്ചായത്തിലേക്ക് ഒഴുകുകയും ചെയ്യുന്നു.

കൊടിതൂക്കിയ കുന്നിന്റെ താഴ്വാരങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന നീരുറവകൾ വെട്ടുപാറ നെയ്തോട്, ഗോപുരത്തിൻകുഴി, കാരംകോട് വഴി മണ്ഡപത്തിൽവച്ച്, ഓവിൻ മുഖത്തുനിന്നും ശിവൻകുന്നിനു താഴെ നിന്നും ഉദ്ഭവിക്കുന്ന ചെറുതോടുകളുമായി ഒന്നിച്ചുചേർന്ന് വെമ്പായം തോടായി മാണിക്കൽ പഞ്ചായത്തിലേക്ക് ഒഴുകുന്നു.

കുറ്റിയാണി മണ്ണൂർകോണത്തുനിന്നും ഉൽഭവിക്കുന്ന ചെറുതോടും കുറക്കാട്ടു് കോണത്തുനിന്നും ഉദ്ഭവിക്കുന്ന തോടും മുട്ടുകോണത്ത് സന്ധിച്ച് തിനപ്പാറവഴി ശ്രീകാര്യ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ ആമയിഴഞ്ചൻ തോട്ടിൽ വന്നുചേരുന്നു.

| വാർഡ് | കുളത്തിന്റെ പേര് |
|---|---|
| ചീരാണിക്കര | പൊട്ടൻപാറ ചിറ |
| കാരംകോട് | ഈന്തിവിള കുതിരലാഞ്ചൻ കുളം |
| തേക്കട | ഓടലു വള്ളിക്കോണം കുളം |
| കന്യാകുളങ്ങര | കുത്തപ്പുര ചിറ |
| പെരുംകൂർ | മരുതംകോട്, ഊരുകോണം |
| കണക്കോട് | നാരായണക്കോണം ചിറ |
| കുറ്റിയാണി | ക്ഷേത്രക്കുളം, പട്ടാഴി (സ്വകാര്യകുളം) |
| വേറ്റിനാട് | മാതൃശേരി ചിറ, ഈഴക്കോട്ടുകോണം |
| കൊഞ്ചിറ | പൊട്ടൻകുളം, കൊടിപ്പറമ്പിൽ |
| വഴയ്ക്കാട് | കീഴ്വഴയ്ക്കാട്, തിട്ടയത്തുകോണം |
| നന്നാട്ടുകാവ് | മലയംകോണം |
| തീപ്പുകർ | കല്ലൂർക്കോണം (സ്വകാര്യം) കൊടുങ്ങണംകോട്ട് |

പാങ്കോട്ടുകോണത്തുനിന്നും കരിംപുലകത്തു നിന്നും ഉത്ഭവിക്കുന്ന ചെറുതോടുകൾ വടുകൈത ഭാഗത്തുകൂടി ശ്രീകാര്യം പഞ്ചായത്തതിർത്തിയിൽ ആമയിഴഞ്ചാൻ തോട്ടിലേക്ക് ഒഴുകുന്നു.

മണലി ഭാഗത്തുനിന്നും തുടങ്ങുന്നതോട് പന്നിയോട്, ഒഴുകുപാറ വഴി കരകുളം ഗ്രാമപഞ്ചായത്തിലേക്ക് ഒഴുകുന്നു.

കാലാകാലങ്ങളിൽ ജലസേചന**ത്തിന്റെ പേരിൽ** നടപ്പിലാക്കിയിട്ടുള്ള പദ്ധതികളൊ**ന്നും തന്നെ ഈ പഞ്ചാ**യത്തിന്റെ സാധ്യതകൾ **കണക്കിലെടുത്തിരുന്നില്ല. നടപ്പി**ലാക്കാനിരുന്ന വാമനപുരം **പദ്ധതിയുടെ നിർദ്ദിഷ്ട**

കനാൽ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നതായിട്ടാണ് സർവ്വെ ചെയ്തിരിക്കുന്നത്. പക്ഷേ ആ പദ്ധതിയും വെമ്പായം പഞ്ചായത്തിന് ഗുണകരമാകുമോ എന്ന് സംശയിക്കുന്നു.

### പ്രശ്നങ്ങൾ

1 കുളങ്ങൾ നികത്തപ്പെടുന്നു.
2 തോടുകൾ നികത്തപ്പെടുന്നു.
3. നിലങ്ങൾ നികത്തപ്പെടുന്നതു കാരണം ജലസ്രോതസ്സുകൾ നഷ്ടപ്പെടുന്നു.
4. വൻ മരങ്ങൾ വ്യാപകമായി മുറിച്ചുമാറ്റിയതും ജൈവ വൈവിധ്യത്തിൽ മാറ്റങ്ങൾ ഉണ്ടായതും വഴി പരമ്പരാഗത ഉറവകൾ നഷ്ടമായി.
5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നശിച്ചുപോയി.
6 ജലസേചനത്തിന് ഉപയോഗിക്കുന്ന പമ്പുസെറ്റുകൾ ദുർവിനിയോഗം ചെയ്യപ്പെടുന്നു.
7 ജലസേചന സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നില്ല.
8 പരമ്പരാഗത ജലസേചന സംവിധാനത്തിൻെറ തകർച്ച.

### നിർദ്ദേശങ്ങളും സാധ്യതകളും

1 തോടുകൾ തടയണകൾ കെട്ടി ജലസേചനത്തിന് ഉപയോഗിക്കാം. ഒപ്പം പരിസരങ്ങളിലെ കിണറുകളിലെ ജലവിതരണം ഉയർത്തുവാനും സാധിക്കും.
2 കുളങ്ങളുടെ പുനരുദ്ധാരണം വഴി തൊട്ടടുത്തുള്ള പ്രദേശങ്ങളിൽ ജലസേചനം നടത്താനും വെള്ളപ്പൊക്കം ഒരു പരിധിവരെ നിയന്ത്രിക്കാനും സാധിക്കുന്നു.
3 ലിഫ്റ്റ് ഇറിഗേഷന് സാധ്യതയുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുകയും കേടുപാടുകൾ സംഭവിച്ച പമ്പുസെറ്റുകൾ നന്നാക്കുകയും ചെയ്യുക.
4 ജലസേചനം, വൈദ്യുതി, കൃഷി തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
5 കൃഷിയിടങ്ങളിൽ മഴവെള്ളം കെട്ടിനിർത്താൻ ആവശ്യമായ കുഴികൾ ഉണ്ടാക്കാനും അതുവഴി ശുദ്ധജല നിരപ്പ് ഉയർത്താനും ആവശ്യമായ സാമ്പത്തിക സഹായം ഉൾപ്പെടെ കർഷകർക്ക് നൽകുകയും ബോധവൽക്കണ പ്രവർത്തനം നടപ്പിലാക്കുകയും ചെയ്യുക.
6 തോടുകൾ നികത്തി റോഡ് നന്നാക്കുന്ന പ്രവണത കർശനമായി തടയുക.
7 നികന്നുകൊണ്ടിരിക്കുന്നതും നിലവിലുള്ളതുമായ കുളങ്ങളും നീരുറവകളും സംരക്ഷിച്ച് ജലസ്രോതസ്സുകൾ നിലനിർത്തുക.
8 സാമൂഹ്യ ജലസേചന പദ്ധതി പ്രകാരം തേക്കട, കന്യാകുളങ്ങര, നന്നാട്ടുകാവ്, പൊട്ടൻപാറ, വേറ്റിനാട്, തീപ്പുകൽ, തിട്ടയത്തുകോണം, പെരുങ്കൂർ, ഇടത്തറ തുടങ്ങിയ സാധ്യതകൾ ഏറെയാണ്. ഇവ പ്രയോജനപ്പെടുത്താൻ പദ്ധതികൾ ആവിഷ്ക്കരിക്കുക.
9 ജലസേചനത്തിനുവേണ്ടിയുള്ള പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് വായ്പാ പധതികൾ ഉദാരമാക്കുകയും സൗജന്യമായി വൈദ്യുതി എത്തിക്കുകയും ചെയ്യുക. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ശരിയാംവണ്ണം ഇത് വിനിയോഗിക്കാത്തപക്ഷം പിഴസഹിതം ഈടാക്കാനുള്ള വ്യവസ്ഥ ഉണ്ടാക്കുക.

## മണ്ണുസംരക്ഷണം

പഠന പര്യടനത്തിൻെറയും വില്ലേജ് ആഫീസ് രേഖകളുടേയും അടിസ്ഥാനത്തിൽ മലനാടും ഇടനാടും ഇടകലർന്ന് നിരവധി കുന്നുകളും പാറക്കെട്ടുകളും ചരിവുകളും കുന്നുകൾക്കിടയിലെ ഏലാകളും നിറഞ്ഞതാണ് വെമ്പായം ഗ്രാമ പഞ്ചായത്തെന്ന് നമുക്ക് കാണാൻ കഴിയും. ഭൂരിഭാഗവും കുന്നിൻ ചരിവുകൾ ആയതുകൊണ്ടു തന്നെ. മണ്ണുസംരഷണ വളരെ പ്രധാനപ്പെട്ട ഒരു മേഖലയായി പരിഗണിക്കേണ്ട, പഞ്ചായത്താണ് നമ്മുടേത്. കുത്തിയൊലിച്ച് ഒഴുകുന്ന മഴവെള്ളത്തോടൊപ്പം മണ്ണും താഴ്ന്ന പ്രദേശത്ത് എത്തിച്ചേരുന്നു. കാർഷിക ഫലസിദ്ധിയെ ഇത് പ്രതികൂലമായി ബാധിക്കുന്നു.

വെമ്പായം പഞ്ചായത്തിനെ ഇവരെയും നീർമറി പ്രദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ പല പ്രദേശങ്ങളും മണ്ണ് സംരക്ഷണത്തെപ്പറ്റി അറിവ് പകർന്നുകൊടുക്കാനും ഇതുവരെ ഇതുവരെ ബന്ധപ്പെട്ട വകുപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. കർഷകർ പരമ്പരാഗതമായ രീതികൾ ഉപയോഗിച്ച് ഭൂമി തട്ട് തട്ടായി തിരിച്ചാണ് മണ്ണൊലിപ്പ് ഒഴുവാക്കുന്നത്. എന്നാൽ കുന്നിൻ ചരിവുകളിലെ ജൈവ വൈവിദ്ധ്യം നഷ്ടപ്പെട്ടതോടെ മണ്ണൊലിപ്പ് രൂക്ഷമായി.

മണ്ണ് സംരക്ഷണം പ്രത്യേകമായി നടത്തേണ്ട പദ്ധതിയല്ല. ജലസംരക്ഷണവും അതുപോലെ സസ്യാവരണ ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു മേഖലയാണ് ഇത്. പലപ്പോഴും മണ്ണുസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്യുന്ന പരിപാടികൾ ജലസേചന വകുപ്പുമായോ കൃഷിവകുപ്പുമായോ യാതൊരു ബന്ധവും ഇല്ലാത്തവയായിരിക്കും. മറിച്ച് ഈ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ആസൂത്രണവും പ്രാദേശിക നിർവഹണവുമാണ് ആവശ്യം. കഴിയുന്നത്ര നീർമാറി പ്രദേശത്തെ അടിസ്ഥാനമാക്കിയാകണം ഈ പ്രവർത്തനം.

പ്രശ്നങ്ങൾ

1. കുന്നിൻ ചരുവിലെ ഫലഭൂയിഷ്ടിയുള്ള മണ്ണ് നഷ്ടപ്പെടുന്നു.
2. വിവിധ വകുപ്പുകളുടെ പ്രത്യേകം പ്രത്യേകമായുള്ള ആസൂത്രണവും നിവ്വഹണവും.
3. ഭൂമി തരിശിടുന്നതുകൊണ്ട് കൂടുതൽ മണ്ണൊലിച്ച് പോകുന്നു.
4. പരമ്പരാഗത കൃഷി രീതികളുടെ വൈദഗ്ധ്യം നഷ്ടപ്പെട്ട കൃഷിക്കാർ.

**നിർദ്ദേശങ്ങളും സാധ്യതകളും**

1. വിവിധ വകുപ്പുകളുടെ പദ്ധതികൾ തമ്മിൽ സംയോജിപ്പിക്കുക. വൈദ്യുതി, ജലസേചനം, കൃഷി, മൃഗസംരക്ഷണം ഈ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകൾ വ: നിർവഹിക്കപ്പെടണം.
2. കുന്നിൻപ്രദേശങ്ങളിലെ തരിശ് ഭൂമിയിൽ കൈതച്ചക്ക കൃഷി വ്യാപിപ്പിക്കുക.
3. കോണ്ടൂബണ്ട് നിർമ്മാണത്തിൽ കർഷകർക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകുക.
4. പരമ്പരാഗത പ്രകൃതിദത്ത ചാനലുകൾ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
5. അത്തരം ചാനലുകൾ നികത്തുന്നതും ദുരുപയോഗം ചെയ്യുന്നതും കർശനമായി തടയുക.
6. വിള തെരഞ്ഞെടുക്കൽ, സംയോജിത കൃഷിരീതി, ഭൂവിനിയോഗം ഇവയിൽ കർഷക പാരമ്പര്യ അനുഭവ സമ്പത്ത് ഉപയോഗപ്പെടുത്തുക. ബഹുജന പങ്കാളിത്തത്തോടെ മണ്ണ് സംരക്ഷണ പ്രവർത്തനം നടപ്പിലാക്കുക.
7. അശാസ്ത്രീയമായ ഘടന പ്രവർത്തനങ്ങൾ മണ്ണെടുക്കൽ, പാറ പൊട്ടിക്കൽ ഇവ കർശനമായി നിയന്ത്രിക്കുക.

## ഔഷധ സസ്യങ്ങൾ

| | | | |
|---|---|---|---|
| കച്ചോലം | ഓരില | കരുംകുറിഞ്ഞി | ശതാവേലി |
| ഇഞ്ചി | മൂവില | അമൃത് | ചക്കരക്കൊല്ലി |
| കറ്റവാഴ | കസ്തൂരി മഞ്ഞൾ | കിരിയാത്ത് | തമിഴാമ |
| ആലോടം | അമുക്കുര | ചിറ്ററുത്ത | കരിമ്പ് |
| ഗരുഡക്കൊടി | കൊടുവേലി | ജാതി | |
| വേലിപ്പരുത്തി | ശംഖുപുഷ്പം | ഗ്രാമ്പു | |
| ചെറുചിന്നി | ചെമ്പരത്തി | ചതുരനള്ളി | |
| വഴുതിന | നീല അമരി | പാൽ മാതക്കൽ | |
| ചുണ്ട | തൈവള | ചതുരക്കള്ളി | |
| നൊച്ചി | കുപ്പമേനി | ചെങ്ങഴനീർ | |
| ഇശക് | പറണ്ട | | |





# മൃഗസംരക്ഷണം

മൃഗ സംരക്ഷണംകൃഷിയുടെ അവിഭാജ്യ ഘടക മാണ്. കാലിവളർത്തൽ മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ വെമ്പായം പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. ഉപതൊഴിലെന്ന നിലയിൽ കാർഷിക രംഗവുമായി ബന്ധപ്പെട്ട് മിക്ക കുടുംബങ്ങളിലും കാലികളെ വളർത്തുന്നുണ്ട്. മുൻകാലങ്ങളിൽ ഉഴവുമാടുകൾ ആയിരുന്നെങ്കിൽ ഇന്ന് കറവമാടുകളെയാണ് സംരക്ഷിക്കുന്നത്. നാട്ടിൻപുറങ്ങളിൽ പാലിന്റെ ഉപഭോഗം ഒരുപരിധി വരെ വർധിക്കാൻ ഇത് സഹായകമാണ്. എന്നാൽ കാലിവളർത്തൽ മുഖ്യതൊഴിലായി പരിവർത്തനം ചെയ്യുന്നതിന് പലരും തയ്യാറാകുന്നില്ല. അതിനു പ്രധാന കാരണം കാർഷിക മേഖലയിലെ പിന്നോട്ടു പോക്കാണ്. നെൽകൃഷി സമൃദ്ധിയായിരുന്ന ഘട്ടത്തിൽ വയ്ക്കോൽ ലഭ്യത ഭദ്രമായിരുന്നു. കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ കന്നുകാലി മേയ്ക്കുന്നതിനുള്ള സൗകര്യവും. പുല്ല് ശേഖരിക്കാൻ ബുദ്ധിമുട്ടുമില്ല. ഇന്നു സ്ഥിതി ആകെ മാറിയിരിക്കുന്നു. പച്ചപ്പുൽ ലഭ്യത കുറവ്, പുൽകൃഷി ചെയ്യുന്നതിനുള്ള സ്ഥലമില്ലായ്മ, സമീകൃത കാലിത്തീറ്റയുടെയും വയ്ക്കോലിന്റെയും വിലവർധന, സംരക്ഷണ ചെലവിന് അനുസൃതമായി പാൽവില ലഭിക്കാത്തത്, പാൽ വിപണനത്തിനുള്ള അസൗകര്യം ഇവയൊക്കെ കാലിവളർത്തലിനെ പ്രതികൂലമായി ബാധിച്ചു. ഈ സാഹചര്യത്തിൽ ആദായകരമായി കാലിവളർത്തുന്നതിന് കർഷകർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകേണ്ടിയിരിക്കുന്നു.

നാടൻ ഇനങ്ങൾ ഇന്ന് നമ്മുടെ പ്രദേശത്ത് തീരെ കുറവാണ്. 1960-കളിൽ കൃത്രിമ ബീജസങ്കലനം നാടൻ പശുക്കളുടെ വർഗഗുണമുള്ള തലമുറയെ സൃഷ്ടിക്കാൻ സഹായിച്ചു. വർധിച്ച ഉൽപാദനശേഷിയുള്ള പശുക്കൾ ധാരാളം ഉണ്ടെങ്കിലും അവയുടെ ഉൽപാദനക്ഷമത കുറയുന്നു. ഇതിനും പരിഹാരം കണ്ടെത്തേണ്ടതാണ്.

പാവപ്പെട്ടവന്റെ 'കാമധേനു'വായിട്ടാണ് ആടിനെ അറിയപ്പെട്ടിരുന്നത്. ഇന്ന് ആട്ടിൻപാൽ പശുവിൻപാലിനു വഴിമാറിക്കൊടുത്തു. മാംസാവശ്യത്തിനു വേണ്ടിയാണ് ഇപ്പോൾ ആടിനെ വളർത്തുന്നത്. മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞതും പച്ചില ലഭ്യമല്ലാത്തതും തീറ്റയുടെ വിലവർധനയും ആടു വളർത്തലിനെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ഇവിടെ ചില കുടുംബങ്ങളിൽ മാത്രമാണ് ആട് വളർത്തുന്നത്.

കോഴിവളർത്തൽ എല്ലാ കുടുംബത്തിലും ഉണ്ടെങ്കിലും നമുക്ക് ആവശ്യത്തിനുള്ള കോഴിമുട്ട ലഭ്യമല്ല. നാടൻ ഇനങ്ങളെ തുറന്നുവിട്ടു വളർത്തുന്ന രീതിയാണ് നിലവിലുള്ളത്. ശാസ്ത്രീയമായി കോഴിവളർത്തലിന് സഹായകമായ ശാസ്ത്രീയമായ പദ്ധതികളൊന്നും നമുക്ക് കിട്ടുന്നില്ല.

കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ താറാവിനെ തീറ്റാൻ താറാവ് കർഷകർ കൊണ്ടുവരുമ്പോൾ മുട്ട വാങ്ങാനും താറാവിനെ കാണാനും ഗ്രാമത്തിലെ കുട്ടികൾക്കും മുതിർന്നവർക്കും ഉത്സാഹമായിരുന്നു. നെൽകൃഷി നാശോന്മുഖമായതോടു കൂടി വർഷത്തിൽ രണ്ടുതവണയെങ്കിലും കാണാമായിരുന്ന താറാവിൻ കൂട്ടങ്ങൾ വിസ്മൃതിയിലായി. ജലാശയങ്ങളിലല്ലാതെ തന്നെ താറാവിനെ വളർത്താൻ കഴിയുമെന്നിരിക്കെ താറാവ് വളർത്തൽ നമ്മുടെ നാട്ടിൽ പ്രോൽസാഹനമർഹിക്കുന്നു.

പന്നിവളർത്തുന്നത് ശാസ്ത്രീയമാക്കിയാൽ ആദായകരമാണ്.

## മത്സ്യകൃഷി

വലിയ ജലാശയങ്ങൾ തീരെ ഇല്ലാത്ത വെമ്പായം പഞ്ചായത്തിൽ പഞ്ചായത്തുവക കുളങ്ങൾ സംരക്ഷിച്ചു മത്സ്യകൃഷി നടത്താൻ കഴിയും. നമ്മുടെ ചെറുതും വലുതുമായ തോടുകളിൽ മുൻകാലങ്ങളിൽ ധാരാളം നാടൻ മത്സ്യങ്ങൾ ലഭ്യമായിരുന്നു. വർഷംതോറുമുള്ള തോട് നന്നാക്കലും നിലം നികത്തും ഈ മത്സ്യങ്ങളുടെ വംശം തന്നെ നശിപ്പിച്ചു.

കൊഞ്ചിറ, വഴയ്ക്കാട്, വേറ്റിനാട് എന്നിവിടങ്ങളിൽ ഓരോ ക്ഷീരസംഭരണ വിതരണ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. കൃഷിക്കാർക്ക് ഒരുപരിധി വരെ സഹായകമാണ് ഈ സംഘങ്ങൾ. എന്നാൽ പാൽ ഉൽപാദനം വർധിപ്പിക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കിക്കൊടുക്കാൻ കൂടി ഈ സംഘങ്ങൾക്ക് കഴിയണം.

വെമ്പായം പഞ്ചായത്തിലെ മൃഗാശുപത്രി, കുറ്റിയാണി മൃഗാശുപത്രി എന്ന പേരിൽ പന്തലക്കോട്ടാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ പ്രവർത്തനം പഞ്ചായത്തിലാകെ ലഭ്യമാകുന്ന വിധം പുന:ക്രമീകരണം നടത്തണം. അതോടൊപ്പം വിപുലീകരിക്കുകയും ചെയ്യേണ്ടതാണ്. മൃഗാശുപത്രി കൂടാതെ വെമ്പായം (മണ്ഡപം) കൊഞ്ചിറ എന്നിവിടങ്ങളിൽ പശുക്കൾക്ക് കൃത്രിമ ബീജസങ്കലനം നടത്തുന്ന കേന്ദ്രങ്ങളും ഉണ്ട്. കൂടാതെ സ്വകാര്യമേഖല (മിത്രനികേതൻ) യിലുള്ള ഒരു കേന്ദ്രം കൊച്ചാലുംമൂട്ടിലും പ്രവർത്തിക്കുന്നു.

| വെമ്പായം പഞ്ചായത്തിലെ മൃഗസമ്പത്ത് | |
|---|---|
| പശു | 2916 |
| എരുമ | 135 |
| ആട് | 3100 |
| കാള | 212 |
| കോഴി | 22467 |
| പന്നി | 12 |
| പട്ടി | 2300 |
| വാർഡ് 13, വീട് 10772, (1996 സ്ഥിതി വിവരകണക്ക് പ്രസിദ്ധപ്പെടുത്താത്തത് | |

### പ്രശ്നങ്ങൾ

1. കൃഷിരീതിയിലുള്ള പരിവർത്തനം പച്ചപ്പുൽ ലഭ്യത കുറച്ചു.
2. നെൽകൃഷി പാടെ ഉപേക്ഷിച്ചതു കാരണം വയ്ക്കോൽ കിട്ടാതാവുകയും മറ്റു പ്രദേശങ്ങളിൽ നിന്നും വരുന്ന വയ്ക്കോലിനു അമിതമായ വിലയും.
3. സമീകൃത കാലിത്തീറ്റയുടെ ഗുണമേന്മയില്ലായ്മയും വിലവർധനയും.
4. കന്നുകുട്ടി പരിപാലനത്തിനുള്ള വീഴ്ച
5. സങ്കരയിനം പശുക്കളിലെ രോഗപ്രതിരോധശക്തി ഇല്ലായ്മ
6. വേണ്ടുന്നത്ര ചികിത്സാസൗകര്യം ലഭിക്കായ്ക. മരുന്നുകളുടെ അനിയന്ത്രിതമായ വില.
7. കറവമാടുകളെ വാങ്ങാനുള്ള വായ്പാസമ്പ്രദായത്തിലെ അപര്യാപ്തത.
8. പരിപാലനത്തിന് അനുസൃതമായി പാൽവില ലഭിക്കാത്തത്.
9. നല്ലയിനം എരുമകളെ ലഭിക്കായ്ക.
10. എരുമവളർത്തലിന് പ്രോത്സാഹനം ഉണ്ടാകാത്തത്.
11. ആടുവളർത്തലിലെ ബുദ്ധിമുട്ടുകൾ.
12. അശാസ്ത്രീയമായി ആടിനെ വളർത്തുന്നത്.
13. നല്ലയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യമില്ലായ്മ.
14. കോഴിത്തീറ്റ കൃത്യമായി കിട്ടുമെന്ന് ഉറപ്പുവരുത്താൻ കഴിയാത്തത്.
15. ശാസ്ത്രീയമായി കോഴിവളർത്തുന്നതിലുള്ള അറിവില്ലായ്മ.
16. വീട്ടുവളപ്പിൽ കോഴി, താറാവ് എന്നിവ വളർത്തുന്നതിലെ അശാസ്ത്രീയത.
17. ഇറച്ചിക്കോഴി വളർത്തുന്നതിന് ഇന്നു ലഭിക്കുന്ന സഹായത്തിലെ അപാകതകൾ.
18. കാളക്കുട്ടികളെ മാംസത്തിനു വേണ്ടി വളർത്തുന്നതിന് പ്രോത്സാഹനം ഇല്ലാത്തത്.
19. ഇൻഷുറൻസ് പദ്ധതി വ്യാപകമാക്കാത്തതും അതിന്റെ ഗുണങ്ങളെ കുറിച്ച് ബോധവൽക്കരണം നൽകാത്തതും.
20. പന്നിവളർത്തലിനെ കുറിച്ച് ബോധവൽക്കരണം ഇല്ലാത്തത്.
21. ആടുമാടുകളെ കശാപ്പ് നടത്തുന്ന ഇന്നത്തെ അശാസ്ത്രീയമായ രീതി അവലംബിക്കാതിരിക്കാനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
22. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് സമ്പ്രദായം ശക്തമാക്കാതിരിക്കുന്നത്.

### സാദ്ധ്യതകൾ

1. തീറ്റപ്പുൽകൃഷി ലഭ്യമായ എല്ലാ സ്ഥലങ്ങളിലും വ്യാപകമാക്കുകയും അയ്ക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
2. വയ്ക്കോൽ ഗുണമേന്മയുള്ളതാക്കി മാറ്റി കറവമാടുകൾക്ക് നൽകാൻ വ്യാപകമായ ബോധവൽക്കരണം നൽകുക.
3. കാലിത്തീറ്റ ഉൽപാദിപ്പിക്കാൻ തദ്ദേശമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിക്കുകയും പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുകയും വേണം.
4. കന്നുകുട്ടി പരിപാലനത്തിന് ഇന്ന് പരിമിതമായി നൽകുന്ന ആനുകൂല്യം വ്യാപകമാക്കുക.
5. കന്നുകാലികളിൽ വിശിഷ്യ കറവമാടുകളുടെ പ്രതിരോധശക്തി നിലനിർത്തുന്നതിനും വർധിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ

വ്യാപകവും ശക്തവുമാക്കുക.

6. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ചികിത്സാസൗകര്യം എത്തിക്കുന്നതിനുള്ള മൃഗാശുപത്രി സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കുകയും പ്രവർത്തനം ഊർജിതപ്പെടുത്തുകയും അതോടൊപ്പം ഒരു മൊബൈൽ യൂണിറ്റു കൂടി അനുവദിക്കുക. എല്ലാത്തരം മരുന്നുകളുടെയും ലഭ്യത ഉറപ്പുവരുത്തുക.

7. വാർഡുതോറും കൃത്രിമ ബീജസങ്കലന കേന്ദ്രം സ്ഥാപിക്കണം.

8. കറവമാടുകളെ വാങ്ങാനുള്ള വായ്പാസമ്പ്രദായം ഉദാരമാക്കേണ്ടതാണ്.

9. പരിപാലനത്തിന് അനുസൃതമായി പാൽവില നിർമ്മാണം.

10. വാർഡ് അടിസ്ഥാനത്തിൽ ക്ഷീരസംഭരണ വിതരണസംഘം രൂപീകരിക്കണം.

11. എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുകയും നല്ലയിനം എരുമകളെ ലഭ്യമാക്കുകയും ചെയ്യുക.

12. ആടുവളർത്തൽ വ്യാപകമാക്കുന്നതിന് കൂട്ടിൽ തന്നെ ആടിനെ വളർത്തുന്ന സമ്പ്രദായം പ്രോത്സാഹിപ്പിക്കണം.

13. നല്ലയിനം മുട്ട കോഴിക്കുഞ്ഞുങ്ങളുടെയും കോഴിത്തീറ്റയുടെയും ലഭ്യത ഉറപ്പുവരുത്തുക.

14. ശാസ്ത്രീയമായി മുട്ട കോഴികളെ വളർത്തുന്നതിന് ബോധവൽക്കരണവും സഹായവും എത്തിക്കുക.

15. വീട്ടുവളപ്പിൽ കോഴി-താറാവ് എന്നിവ വളർത്തുന്നതിന് വീട്ടമ്മമാരെ സഹായിക്കുക.

16. ഇറച്ചികോഴി വളർത്തുന്നതിന് ഇന്നു നൽകുന്ന നാമമാത്രമായ സഹായം വർധിപ്പിക്കുക.

17. മാംസത്തിനുവേണ്ടി കാളക്കുട്ടികളെ വളർത്തുന്നതിനു വേണ്ടി സാമ്പത്തിക- സാങ്കേതിക സഹായങ്ങൾ നൽകുക.

18. ഇൻഷുറൻസ് പദ്ധതി വ്യാപകമാക്കുകയും ഇന്നുള്ള പ്രീമിയം പകുതിയായി കുറയ്ക്കുകയും വേണം.

19. ഇൻഷുറൻസ് ആനുകൂല്യം കാലതാമസമില്ലാതെ ഗുണഭോക്താവിന് ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.

20. പന്നി വളർത്തുന്നതിന് സാമ്പത്തിക സഹായവും വിപണിയും ഉറപ്പുവരുത്തുക.

21. അനധികൃതമായ കശാപ്പ് സമ്പ്രദായം അവസാനിപ്പിക്കുകയും കേന്ദ്രീകൃതമായി കശാപ്പുശാലകൾ ശാസ്ത്രീയമായി നിർമ്മിക്കുകയും ചെയ്യുക.

22. ആടുമാടുകളെ കശാപ്പിനുമുമ്പും പിമ്പും രോഗവിമുക്തമാണെന്ന് ഉറപ്പു വരുത്താനുള്ള പരിശോധന കർശനമാക്കണം.

23. നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് സമ്പ്രദായം ശക്തമാക്കുക.

24. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകുക.

25. ഓരോ കുടുംബത്തിലും ഒരു കറവുമാടെങ്കിലും വളർത്താനുള്ള അവസരം സൃഷ്ടിക്കണം.

26. താറാവ് വളർത്തലിന് പ്രോത്സാഹനം നൽകുക.

27. മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് വ്യാപകവും പ്രയോജനകരവുമായ ബോധവൽക്കരണം നടത്തുക.

28. മത്സ്യം വളർത്തുന്നതിന് പഞ്ചായത്തിലെ കുളങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്. മത്സ്യക്കുഞ്ഞുങ്ങളും സാങ്കേതിക പരിജ്ഞാനവും ലഭ്യമാക്കണം.

29. ഇറച്ചിക്കോഴി സംഭരിച്ചു വിതരണം ചെയ്യുന്നതിനുള്ള ഒരു ഏജൻസി ഉണ്ടാവുക.

4.3 രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 798 | 411 | 49 | | | | |
| 2 | ശ്വാസകോശസംബന്ധം | 445 | 413 | 46 | | | | |
| 3 | ഉപാപചയ സംബന്ധം | 287 | 18 | - | | | | |
| 4 | ത്വക്‌രോഗങ്ങൾ | 423 | 72 | 19 | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 212 | 48 | - | | | | |
| 6 | പരാദ രോഗങ്ങൾ | 5671 | 85 | 72 | | | | |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 861 | - | - | | | | |
| 8 | വന്ധ്യത | 28 | | - | | | | |
| 9 | അകിടുവീക്കം | 684 | 243 | - | | | | |
| 10 | മുടന്തൻ പനി | 244 | 47 | - | | | | |
| 11 | പകർച്ചവ്യാധികൾ | 12 | - | - | | | | |

| 4.2 വളർത്തുപക്ഷി സംഖ്യ | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| I | 1061 | 1869 | 311 | 42 | 54 | |
| II | 782 | 1038 | 996 | 18 | 31 | |
| III | 838 | 1125 | 686 | - | - | |
| IV | 1961 | 845 | 412 | 23 | 36 | |
| V | 736 | 1012 | 411 | 9 | 28 | |
| VI | 1129 | 1540 | 289 | - | 4 | |
| VII | 549 | 1287 | 708 | 8 | 16 | |
| VIII | 748 | 658 | 516 | 19 | 45 | |
| IX | 621 | 372 | 184 | 27 | 64 | |
| X | 609 | 519 | 330 | - | 13 | |
| XI | 289 | 472 | 345 | 11 | 27 | |
| XII | 2597 | 3218 | 5580 | 21 | 42 | |
| XIII | 439 | 518 | 120 | - | 14 | |
| | 12359 | 14473 | 10948 | 178 | 374 | |





# വ്യവസായം

വ്യാവസായിക രംഗത്തെ കേരളത്തിൻെറ പിന്നോക്കാവസ്ഥ വെമ്പായം പഞ്ചായത്തിനെയും ബാധിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൻെറ ആവിർഭാവം മുതൽ ഇന്നുവരെയും വ്യവസായമേഖല ശൂന്യമാണ്.

കാർഷികോൽപന്നങ്ങളെ അധിഷ്ഠിതമാക്കിയുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ പരിഗണിക്കണം. അതല്ലാതെ പരമ്പരാഗത വ്യവസായങ്ങൾക്ക് സാദ്ധ്യത വിരളമാണ്. നമ്മുടെ സമ്പദ്ഘടന കാർഷികമേഖലയിൽ അധിഷ്ഠിതമാണ്. അതുപോലെതന്നെ സാംസ്കാരിക പൈതൃകവും. എന്നാൽ നമ്മുടെ പുരോഗതിക്ക് അനിവാര്യഘടകമായ വ്യവസായരംഗത്തെ അവഗണിച്ചുകൊണ്ട് ഇനി മുന്നോട്ടു പോകാനാവില്ല. വ്യവസായമേഖലയിലെ ചലനങ്ങൾ നാം ഉൾക്കൊള്ളണം. അതിന് ഒരു വ്യവസായ സംസ്കാരം കെട്ടിപ്പടുക്കേണ്ടതാണ്.

സ്വന്തമായൊരു വീട് ഉണ്ടാക്കണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. അതിനായി സമ്പത്തിൻെറ മഹാഭൂരിപക്ഷവും വിനിയോഗിക്കുന്ന ഇന്നത്തെ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. രമ്യഹർമ്യങ്ങൾ നിർമിച്ച് മോടി വരുത്താനും ആഡംബരങ്ങൾക്കുമായി ധൂർത്തടിക്കുന്ന പണം പ്രത്യുൽപാദന രംഗങ്ങളിലേക്ക് തിരിച്ചുവിടാനുള്ള ആർജ്ജവവും ഇച്ഛാശക്തിയും നാം പ്രകടിപ്പിക്കണം. സമ്പത്തിനേറ്റ 75% -ലധികം 10% ത്തിൽ താഴെ വരുന്ന സമ്പന്ന വിഭാഗത്തിൻെറ കൈകളിലാണ്. കൂടുതൽ ലാഭം കിട്ടുന്ന മേഖലകളിലേക്ക് അവർ ധനം മുടക്കുന്നു. ഓഹരി വിപണി, സാമ്പത്തിക സ്ഥാപനങ്ങൾ, ചില പ്രത്യേക വ്യവസായങ്ങൾ തുടങ്ങിയവ ഇവയുടെ നിയന്ത്രണത്തിലാണ്.

ഭക്ഷ്യാവശ്യത്തിനുള്ള സാധനങ്ങളും വ്യവസായികോൽപന്നങ്ങളും നമുക്ക് ലഭിക്കുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ്. ഉപഭോഗ വസ്തുക്കൾക്ക് എക്കാലവും പുറംനാടുകളെ ആശ്രയിക്കാൻ കഴിയുമെന്നു തോന്നുന്നുണ്ടോ?

യുവതലമുറയെ വ്യവസായ സംരംഭത്തിൻെറ ആദ്യപാഠങ്ങൾ അഭ്യസിപ്പിക്കാൻ നാം തയ്യാറകണം. അല്ലെങ്കിൽ വരുംതലമുറയോട് നീതിപുലർത്താൻ നമുക്ക് കഴിഞ്ഞെന്നു വരില്ല.

തദ്ദേശീയമായ ഉൽപന്നങ്ങളോട് നമുക്ക് അവജ്ഞയാണ്. ബഹുരാഷ്ട്ര കുത്തകകൾ തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ ഇലക്ട്രോണിക്സ് മാധ്യമങ്ങളിൽ വിചിത്രങ്ങളായ പരസ്യങ്ങൾ നൽകുന്നു. ഈ പരസ്യങ്ങളിൽ കുടുങ്ങി അവയ്ക്കു പിന്നാലെ നാം പരക്കം പായുകയാണ്. ഈ അവസ്ഥ ഒരു ദുരന്തമായി മാറാതിരിക്കാൻ നാം ഊർജ്ജസ്വലരാകണം. ജാഗരൂകരാകണം.

വെമ്പായം പഞ്ചായത്തിൽ തേക്കട പ്രദേശത്ത് മുൻകാലങ്ങളിൽ മൺപാത്ര നിർമ്മാണം ഒരു കുടിൽ വ്യവസായമായിരുന്നു. കാലക്രമേണ അവ ഉപേക്ഷിക്കപ്പെട്ടു. ഈറ, ചൂരൽ, മുള എന്നിവ കൊണ്ടുള്ള കൈത്തൊഴിൽ ഉൽപന്നങ്ങൾ ഇവിടെ ധാരാളം നിർമ്മിച്ചിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. കാർഷിക മേഖലയ്ക്ക് അവശ്യം വേണ്ടുന്ന ഉപകരണങ്ങളും വീട്ടാവശ്യത്തിനുള്ളവയും നിർമ്മിച്ചിരുന്നവരും ഇവിടങ്ങളിൽ നിലനിന്നു. ഗ്രാമീണ മേഖലയെ ഒരുകാലത്ത് സമ്പുഷ്ടമാക്കിയിരുന്ന ഈ കൈത്തൊഴിൽ രംഗം തകർന്നടിഞ്ഞു പോയിരിക്കുകയാണ്.

കൊപ്ര സംസ്കരിച്ച് എണ്ണ എടുക്കുന്ന രണ്ടു സ്ഥാപനങ്ങളും മൂന്നു തടിമില്ലുകളും പത്തോളം ഫ്ലവർമില്ലുകളും വെൽഡിംഗ് നടത്തുന്ന ചെറിയ സ്ഥാപനങ്ങളും കുറെ തയ്യൽകടകളും ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങൾ, 2 പ്രസ്, ചില മോട്ടോർ വർക്

ഷോപ്പുകൾ, ചില ട്രാവൽ ഏജൻസികൾ, ഒരു സർവീസ് സ്റ്റേഷൻ, ഒരു സിനിമ തിയേറ്റർ ഇവയൊക്കെയാണ് നമ്മുടെ പഞ്ചായത്തിലെ കാർഷികേതര സ്ഥാപനങ്ങൾ.

സ്വർണ്ണപ്പണയത്തിന്മേൽ അമിത പലിശയ്ക്ക് കടം നൽകുന്ന സ്വകാര്യ സ്ഥാപനങ്ങൾ തഴച്ചുവളരുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ ആഴത്തിൽ വേരോടിയിരിക്കുന്നു.

**പരിഹാരങ്ങൾ**

1. വ്യവസായത്തെ കുറിച്ചുള്ള അവബോധം ഉൾക്കൊള്ളുക.
2. ബോധവൽക്കരണം മന:സാന്നിദ്ധ്യത്തോടെ ഉൾക്കൊള്ളേണ്ടതാണ്.
3. കഠിനാദ്ധ്വാനവും ഉത്തരവാദിത്വവും ജീവിതത്തിന്റെ ഭാഗമാണെന്ന ധാരണ ഉണ്ടാക്കുക.
4. കാർഷിക മേഖല ശക്തിപ്പെടുന്നതോടൊപ്പം വ്യവസായ രംഗത്തെ അടിസ്ഥാനപ്രശ്നങ്ങൾക്ക് പരിഹാരം കാണുക.
5. വ്യവസായ സംസ്കാരം അന്യമല്ലെന്നു കരുതുക.
6. വ്യവസായ രംഗത്ത് കടന്നുവരാനുള്ള ഭൗതിക സാഹചര്യം സൃഷ്ടിക്കുക.
7. സാമ്പത്തിക-സാങ്കേതിക മേഖലകളിൽ അയവ് വരുത്തുക.
8. ഉൽപാദന-വിപണനരംഗം ഉറപ്പുള്ളതാക്കുക.
9. തദ്ദേശീയ ഉൽപ്പന്നങ്ങൾ തദ്ദേശീയമായി തന്നെ വിപണനത്തിനുള്ള ശൃംഖല കെട്ടിപ്പടുത്തു ശക്തമാക്കുക.
10. തദ്ദേശീയ ഉൽപന്നങ്ങളോട് മമത കാട്ടുക.
11. വ്യവസായ രംഗത്ത് മൂലധനം നിക്ഷേപിച്ചാൽ ന്യായമായ ലാഭം ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.
12. ഊർജപ്രതിസന്ധി പരിഹരിക്കുക.
13. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ വ്യവസായത്തിലേക്ക് ആകർഷിക്കുക.

**പ്രശ്നങ്ങൾ**

1. വ്യവസായത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള ബോധമില്ലായ്മ
2. കാർഷികരംഗത്തെ അഭിവൃദ്ധി വ്യവസായമേഖലയിലേക്ക് തിരിച്ചു വിടുന്നതിനുള്ള വൈമുഖ്യം.
3. ഉത്തരവാദിത്വം താരതമ്യേന കുറവുള്ള മേഖലയായി കാർഷിക രംഗത്തെ കാണുന്നത്.
4. കാർഷിക സംസ്കാരം വ്യവസായ സംസ്കാരത്തെ അവഗണിക്കാൻ പ്രേരിപ്പിക്കുന്നു.
5. പ്രത്യുൽപാദന മേഖലയിൽ സമ്പത്ത് വിനിയോഗിക്കാനുള്ള ധൈര്യമില്ലായ്മ.
6. കഠിനാദ്ധ്വാനത്തോടുള്ള വെറുപ്പ്.
7. ഉത്തരവാദിത്വത്തോട് ഒഴിഞ്ഞു മാറാനുള്ള പ്രവണത.
8. ബോധവൽക്കരണം ഉൾക്കൊള്ളാനുള്ള മന:സാന്നിദ്ധ്യമില്ലായ്മ
9. വ്യവസായരംഗത്ത് കടന്നുവരാനുള്ള ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തത.
10. ഈ രംഗത്ത് കടന്നുവന്നാൽ അവശ്യം വേണ്ടുന്ന സാമ്പത്തിക-സാങ്കേതിക ഉൽപാദന-വിപണനമേഖലകളിൽ സഹായം ലഭിക്കുമെന്ന് ഉറപ്പില്ലായ്മ.
11. തദ്ദേശീയ ഉൽപന്നങ്ങൾക്ക് തദ്ദേശീയമായ വിപണന സാദ്ധ്യതയില്ലായ്മ.
12. തദ്ദേശീയ ഉൽപന്നങ്ങളോടുള്ള അവഗണന.
13. സമ്പത്തിന്റെയും അദ്ധ്വാനത്തിന്റെയും പ്രതിഫലത്തെ കുറിച്ചുള്ള വ്യാമോഹം.
14. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തത്.
15. ഊർജത്തിന്റെ അപര്യാപ്തത.
16. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ഭദ്രതയില്ലായ്മ.
17. വ്യവസായ സംരംഭത്തിന് ആവശ്യമായ ഗൈഡൻസ് നൽകാനുള്ള കേന്ദ്രം കാര്യക്ഷമമാക്കണം.
18. വ്യവസായ സംരംഭകർ ഇന്ന് അഭിമുഖീകരിക്കുന്ന കാലതാമസം ഒഴിവാക്കാൻ നടപടിക്രമങ്ങളുടെ സങ്കീർണ്ണത ലഘൂകരിക്കുക.

**സാദ്ധ്യതകൾ**

1. നാളികേരത്തിൽ നിന്നും എണ്ണയും പിണ്ണാക്കും കൂടാതെ മറ്റു ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത ആരായുക.
2. റബർ അധിഷ്ഠിതമായ ചെറുകിട വ്യവസായസംരംഭം പ്രോത്സാഹിപ്പിക്കുക.
3. തദ്ദേശീയമായ അസംസ്കൃത പദാർത്ഥങ്ങൾക്ക് മുൻഗണന നൽകി ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.
4. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ കേന്ദ്രം സ്ഥാപിക്കുക. ബെനിയൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.
5. ബിസ്കറ്റ്-മിഠായി നിർമ്മാണ യൂണിറ്റിനുള്ള സാദ്ധ്യത ആരായുക.
6. അലക്കുസോപ്പ്, ഡിറ്റർജന്റ്, കുളിക്കാൻ ഉപയോഗിക്കുന്ന സോപ്പ് ഇവയുടെ നിർമ്മാണം.
7. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിക്കുക.
8. ബുക്ക് ബയൻറിംഗ്, പ്രിൻറിംഗ് മേഖലകളിലേക്ക് കടന്നുവരിക.
9. ബ്രോയിലർ കോഴി-ആട്, കാള, പന്നി ഇവയെ ശാസ്ത്രീയമായി വളർത്താനുള്ള പരിശ്രമം.
10. പാൽ ഉൽപാദനം വർധിപ്പിക്കുകയും പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നതിന് പര്യാപ്തമായ വിധം ഒരു ഡയറിഫാം സ്ഥാപിക്കുക.
11. കളിപ്പാട്ടം, കുട എന്നിവയ്ക്കും പ്ലാസ്റ്റിക് വ്യവസായത്തിനുമുള്ള സാദ്ധ്യത ആരായുക.
12. സുഗന്ധ മസാല നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.
13. പണിയായുധങ്ങൾ നിർമ്മിക്കുക.
14. മോട്ടോർ മെക്കാനിക്, സർവീസിംഗ് എന്നിവയ്ക്ക് ഒരു സ്ഥാപനം ശക്തിപ്പെടുത്തുക.
15. ഖാദി-ഗ്രാമ വ്യവസായങ്ങൾക്ക് ഊന്നൽ കൊടുക്കുക.
16. ഇതര കാർഷികോൽപന്നങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ വ്യവസായ സംരംഭം തുടങ്ങുക.
17. ISRO, കെൽട്രോൺ, ടെലികോം, പ്രതിരോധം തുടങ്ങിയ ആധുനിക ശാസ്ത്ര-സാങ്കേതിക വ്യവസായ കേന്ദ്രങ്ങളുടെ ഉപവ്യവസായങ്ങൾ തുടങ്ങാനുള്ള സാദ്ധ്യത ആരായുക.
18. ഗ്രാഫൈറ്റ് വ്യവസായം (ക്രഷർ യൂണിറ്റ്, പാറ ഷീറ്റാക്കി മേനിപ്പെടുത്തുക) സാദ്ധ്യത വിനിയോഗിക്കുക.
19. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ അസംബ്ളിംഗ് യൂണിറ്റ് സ്ഥാപിക്കുക.
20. ഈറ്റ-മുള കൃഷി വികസനസാദ്ധ്യത ആരായുക. (റോഡ്, തോട് പുറമ്പോക്കുകളിലെ മണ്ണൊലിപ്പ് തടയാൻ സഹായകമാണ്)
21. ആയുർവേദ മരുന്നുകൾ ഉൽപാദിപ്പിക്കുന്ന വ്യവസായം ആരംഭിക്കാനുള്ള നിർദേശം പരിഗണിക്കണം.
22. പുൽതൈലം ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ പുൽ വ്യാപകമായി പുരയിടങ്ങളുടെ അതിരുകളിൽ കൃഷി ചെയ്യുന്നതിന് പ്രചാരണം നൽകുക.
23. തേനീച്ച വളർത്തൽ വ്യാപകമാക്കുക.



# ഗതാഗതം
# ഊർജ്ജം
# മാർക്കറ്റ്

## ഗതാഗതം

പഞ്ചായത്തിലെ ഗതാഗത മാർഗ്ഗം റോഡുകളാണ്. വിപുലമായൊരു റോഡ് ശൃംഖലയുണ്ടെങ്കിലും മതിയായ യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടികളിലൂടെ മാത്രമേ ജനങ്ങൾക്ക് കൂടുതലായി നേട്ടം ഉണ്ടാക്കാൻ കഴിയൂ.

തലസ്ഥാന നഗരവുമായി ബന്ധപ്പെടുത്തുന്ന സ്റ്റേറ്റ് ഹൈവേ പഞ്ചായത്തിന്റെ മധ്യഭാഗത്തിലൂടെ 4.5 കി. മീ. നീളത്തിൽ തെക്കുവടക്കായി കടന്നുപോകുന്നു. താലൂക്ക് ആസ്ഥാനമായ നെടുമങ്ങാടുമായി ബന്ധപ്പെടുത്തുന്ന പോത്തൻകോടു നിന്നുള്ള റോഡ് കിഴക്കു പടിഞ്ഞാറായി 7 കി. മീ. നീളത്തിലും കടന്നുപോകുന്നു. സ്റ്റേറ്റ് ഹൈവേയുടെ വശങ്ങളിൽ ചിലയിടങ്ങളിൽ ആവശ്യമായ വീതിയില്ലാത്തതുകാരണം വർദ്ധിച്ച വാഹനത്തിരക്ക്, കാൽനടയാത്രക്കാർക്ക് ഭീഷണിയായി മാറുന്നുണ്ട്.

1950 കൾക്കുശേഷമാണ് നടപ്പാതകളും ഊടുവഴികളും റോഡുകളുടെ രൂപം കൊണ്ടത്. ചെറിയ റോഡുകളുടെ നിർമ്മാണത്തിൽ സംഘടിത പ്രവർത്തനങ്ങൾ കാണാമായിരുന്നു. എന്നാൽ ഇവ സംരക്ഷിക്കുകയും, വികസിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഔദ്യോഗിക സഹായത്തിനു വേണ്ടി കാത്തുനിൽക്കുന്ന സ്ഥിതി എല്ലായിടത്തും കാണാം. നിർമാണത്തിലെ കൂട്ടായ്മ വികസനത്തിലും അറ്റകുറ്റ പണികൾ തീർക്കുന്നതിലും തുടർന്നുണ്ടാകാറില്ല.

വിദ്യാഭ്യാസ, മാർക്കറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഈ റോഡ് ശൃംഖലകൾ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

സ്റ്റേറ്റ് ഹൈവേയുമായും പോത്തൻകോട് – നെടുമങ്ങാട് റോഡുമായും ബന്ധിപ്പിക്കുന്ന റോഡുകൾ എല്ലാ വാർഡിലുമുണ്ട്. വഴയ്ക്കാട് വാർഡിലെ തിട്ടയത്തുകോണം ഭാഗത്തുനിന്ന് പോത്തൻകോട് – നെടുമങ്ങാട് റോഡിലേക്ക് നേരിട്ട് ബന്ധപ്പെടുന്ന തരത്തിൽ ഗതാഗതസൗകര്യമുള്ള റോഡ് ഉണ്ടാകണം.

ഇടറോഡുകളെ ബന്ധപ്പെടുത്തുന്നതിന് കൂടുതൽ പാലങ്ങളും കലുങ്കുകളും ഉണ്ടാകേണ്ടതാണ്. നിലവിലുള്ള പല റോഡുകളുടെയും ശോചനീയാവസ്ഥ പരിഹരിക്കണം. പഞ്ചായത്തിന്റെ അതിരുകളിലൂടെ കടന്നുപോകുന്ന കൊപ്പം (തേക്കട)- ചിറമുക്ക് - പുങ്കുംമൂട് - വട്ടപ്പാറ റോഡ്, വട്ടപ്പാറ - കുറ്റിയാണി - അയിരൂപ്പാറ, പോത്തൻകോട് റോഡ്, കന്യാകുളങ്ങര – മുക്കംപാല മൂട് റോഡ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും വികസിപ്പിക്കുകയും വേണം. വേറ്റിനാട്ട് നിന്നും ചിറക്കോണം

വഴി കുറ്റിയാണിയിലേക്കുള്ള റോഡ് മതിയായ വീതിയിൽ നിർമ്മിച്ച് പൂർത്തിയാക്കിയാൽ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം വിമാനത്താവളം എന്നിവിടങ്ങളിലേക്കുള്ള ദൂരം സ്റ്റേറ്റ് ഹൈവ വഴിയുള്ളതിനേക്കാൾ ആറു കിലോമീറ്റർ കണ്ട് കുറയും. തേക്കട - പനവൂർ, വെള്ളാഞ്ചിറ വഴി കല്ലറയ്ക്കുള്ള റോഡ് വികസിപ്പിച്ചാൽ വെമ്പായത്തുനിന്നും കല്ലറയ്ക്കുള്ള ദൂരം മെയിൻറോഡിവഴിയുള്ളതിനേക്കാൾ 7 കി. മീ. കണ്ട് കുറയും.

യാത്രക്കുവേണ്ടിയുള്ള വാഹനങ്ങളുടെ അപര്യാപ്തതയുടെയും സേവന താൽപ്പര്യത്തിൻെറയും കാര്യത്തിൽ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്ന പ്രധാന പ്രശ്നമാണ്. കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ പഞ്ചായത്തിലൂടെ കടന്നുപോകുന്നുവെങ്കിലും യാത്രാപ്രശ്നം ഗുരുതരമായി അനുഭവപ്പെടുന്നു. മാണിക്കൽ പഞ്ചായത്തിലെ വെമ്പായം കേന്ദ്രമാക്കിയാണ് ഈ പഞ്ചായത്തിലൂടെ വാഹനങ്ങൾ കടന്നുപോകുന്നത്. ദേശീകരിക്കപ്പെട്ട റൂട്ടുകൾ എന്ന നിലയിൽ കെ. എസ്. ആർ. ടി. സിയുടെ കുത്തക മേഖലയാണ് യാത്രക്കുവേണ്ടിയുള്ള ഗതാഗതരംഗം. എന്നാൽ ശരിയായ ആസൂത്രണത്തിൻെറ അഭാവം കെ. എസ്. ആർ. ടി സിക്ക് വരുമാനക്കുറവും ജനങ്ങൾക്ക് ക്ലേശകരമായ യാത്രയും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ദൈനംദിന ജിവിതത്തിലെ വലിയൊരു ഭാഗം സമയം വാഹനങ്ങൾക്കുവേണ്ടിയുള്ള കാത്തുനിൽപ്പിനുവേണ്ടി ചെലവഴിക്കേണ്ടിവരുന്നു. ദൈനംദിനം യാത്ര ആവശ്യമായി വരുന്ന വിദ്യാർത്ഥികൾ, സർക്കാർ ജീവനക്കാർ, മറ്റു തൊഴിലാളികൾ എന്നിവരുടെ ക്രിയാശേഷിയെ ബസ് സ്റ്റോപ്പുകളിൽ തളച്ചിടുന്നത് വലിയൊരു ദേശീയ നഷ്ടമാണ്. ജീവൻ പണയപ്പെടുത്തി സമാന്തര സർവ്വീസുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് പ്രധാനറോഡുകളിലുള്ളത്.

**പ്രശ്നങ്ങൾ:**

1 വീതിയുള്ള പഞ്ചായത്തു റോഡുകളിൽ മെറ്റലിംഗം ടാറിംഗും നടത്തണം.
2 റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും വീതി വർദ്ധിപ്പിക്കുകയും വേണം
3 പുതിയ ഇടറോഡുകൾ ഉണ്ടാകണം.
4 വേറ്റിനാട് - കുറ്റിയാണി റോഡ് പൂർത്തിയാക്കി ടാറിംഗ് നടത്തണം.
5 പ്രധാന റോഡുകളിലെ ഗട്ടറുകൾ ബന്ധപ്പെട്ടവരുടെ അശ്രദ്ധകാരണം വലുതാകുകയും അപകടങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.
6 സ്റ്റേറ്റ് ഹൈവേയിലും, പോത്തൻകോട് - നെടുമങ്ങാട് റോഡിലും ചില ഭാഗങ്ങളിൽ കാൽനട യാത്രക്കാർക്ക് മതിയായ സ്ഥലമില്ല.
7 യാത്ര പ്രശ്നം ഗുരുതരം.
8 വെമ്പായം ജംഗ്ഷനിൽ സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് ഫെയർ സ്റ്റേജില്ല.
9 വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം തീരെ അപര്യാപ്തം.
10 സമാന്തര സർവ്വീസുകളുടെ മത്സരവും അവയിലെ തിരക്കും.
11 ഓർഡിനറി സിറ്റി സർവ്വീസ ബസുകളുടെ കുറവ്
12 പ്രധാന റോഡുകളിലേക്ക് വന്നു ചേരുന്ന ഇടറോഡുകളിൽ ബമ്പുകൾ ഇല്ലാത്തതു കാരണം അപകടങ്ങൾ ഉണ്ടാകുന്നു.
13 വെയിറ്റംഗ് ഷെഡ്ഡുകളുടെ അഭാവം

**സാധ്യതകൾ പരിഹാരങ്ങൾ**

1 പുതിയ ഇടറോഡുകളുടെ നിർമ്മാണത്തിന് ഗുണഭോക്താക്കളുടെ സന്നദ്ധ പ്രവർത്തനങ്ങളും മറ്റ് സഹായങ്ങളും വാഗ്ദാനങ്ങളായി ഗ്രാമസഭകളിൽ നിന്നു ലഭിച്ചു.
2 റോഡുകൾ സംരക്ഷിക്കുന്നതിന് ജനകീത സമിതികൾക്ക് രൂപം നൽകാവുന്നതാണ്.
3 പ്രധാന റോഡുകളിലെ ഗട്ടറുകൾ മൂടി റോഡു സംരക്ഷണത്തിന് സന്നദ്ധ സംഘടനകളെ ചുമതലപ്പെടുത്താവുന്നതാണ്.
4 യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ മോട്ടോർ തൊഴിലാളി സഹകരണ സംഘം ഉണ്ടാക്കി അവരുടെ ചുമതലയിൽ വാഹനങ്ങൾ ഓടിക്കാവുന്നതാണ്.
5 കെ. എസ. ആർ. ടി. സി. ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സ്ഥിരം യാത്രക്കാരുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട സമിതികൾ ഉണ്ടാവുകയും കാലാകാലങ്ങളിൽ യോഗം ചേർന്ന് യാത്രാസൗകര്യങ്ങൾ വിലയിരുത്തുകയും, കെ.എസ്. ആർ. ടി. സി. വാഹനങ്ങളുടെ സമയവിവരപ്പട്ടിക തയ്യാറാക്കി, ഷെഡ്യൂൾ കൃത്യമായി ഓപ്പറേറ്റു ചെയ്യുകയും വേണം.

**റീടാർ ചെയ്യേണ്ട റോഡുകൾ**

1 പൊട്ടൻപാറ - കള്ളിക്കാട് - മദപുരം റോഡ്
2. ഒഴകുപാറ - കുറ്റിയാണി - പന്തലക്കോട്

3. നെടുവേലി - നാലുമുക്ക് - കൊഞ്ചിറ

മെറ്റലിംഗും - ടാറിംഗും നടത്തി പൂർത്തിയാക്കേണ്ട റോഡുകൾ

ചീരാണിക്കര - കറ്റ - എൺപത്തിയെട്ട്
ഒറ്റക്കൊക്കൊമ്പ് - കൊടിതൂക്കി - മഞ്ഞപ്പാറ
കഞ്ചിക്കാട് - മണ്ണയം
വെട്ടുപാറ - കൂവല്ലാങ്ങര
ചീരാണിക്കര - മരക്കാട്
ഐക്കരവിളാകം - ഈന്തിവിള
മേച്ചേരിക്കുന്ന് - കാരംകോട് - മാറാംകുഴി
തേക്കട - രാമൻപറമ്പ് - കുട്ടുതട്ടി - ഐ. എച്ച്. ഡി. പി. കോളനി - ഗോപുരത്തുംവഴി - സൊസൈറ്റി റോഡ്
മഞ്ഞപ്പാറ - തൈക്കാവ്
പൊതുപാറ ഓവിൻമുഖം - തേക്കട
കുഴിവിള - തേക്കട
സിയോൺകുന്ന് - കുഞ്ഞൂർ മുക്കോല
തേക്കട - മൈലാടുംമുകൾ - കുളക്കോട്
തേക്കട ഞെക്കാവ് നട - ഡയറിഫാം
കന്യാകുളങ്ങര ബി. എച്ച്. എസ്. - ഇടത്തറ - കുണൂർ
കന്യാകുളങ്ങര - കൈതറക്കോണം
ഗാന്ധിസ്മാരകം - കൂത്തപ്പുര
മുക്കംപാലമൂട് - ഇടത്തറ - കുണൂർ
പെരുങ്കൂർ - കൈതറമൂഴി - മൊട്ടമൂട്
ഇടത്തറനട - നരിക്കല്ല്
താഴേക്കര - ഈയംവെട്ടി - ചിറമുക്ക്
അറവലക്കുന്ന് - മുച്ചന്നൂർ - പത്താംകല്ല്
കുറ്റിയാണി - ചിറക്കോണം
കുറ്റിയാണി - വട്ടക്കരിക്കകം
കുറ്റിയാണി - ലക്ഷംവീട്
കുറ്റിയാണി എൽ പി എസ് - പട്ടാഴി
വട്ടക്കരിക്കകം - മുട്ടുക്കോണം - പട്ടാഴി
കുറ്റിയാണി - കരിപ്പും മുകൾ - കണക്കോട്
ഒഴുകുപാറ - പന്നിയോട് - കുഞ്ചുവീട്
കുറ്റിയാണി എൽ പി എസ് - മൂഴി റോഡ്
തുണ്ടുവിളാകം - മണലി
കുളക്കോട്ടുകോണം - മുച്ചന്നൂർ
കല്ലിടാഞ്ചി - കാളികോണം - അറവലക്കുന്ന്
കണ്ണന്നൂർ - ഉള്ളൂർക്കോണം - മൊട്ടമൂട്
പത്താംകല്ല് - കുളക്കോട്ടുകോണം - കല്ലുവാക്കുഴി - കാളികോണം
കാളികോണം - പ്രശാന്ത് നഗർ
കണക്കോട് - ചേലൂർ - പന്നിയോട്
മൊട്ടമൂട് - പുങ്കുംമൂട്
വേറ്റിനാട് - ചിറക്കോണം
കണക്കോട് - മുളങ്കാട് - പഴേമഠത്ത് നട - വേറ്റിനാട്
കണ്ണന്നൂർ എം. എസ്. - പൊറ്റ - മുളങ്കാട്
വേറ്റിനാട് മണ്ഡപം - തെക്കേക്കോണം റോഡ്
മൊട്ടമൂട് ജംഗ്ഷൻ - മൊട്ടമൂട് ഹരിജൻ കോളനി
വേറ്റിനാട് ചേമ്പുപണ - മൊട്ടമൂട് ഹരിജൻ കോളനി
മൊട്ടമൂട് ജംഗ്ഷൻ - പനയംകുഴി - കൈതറമൂഴി
മേൽപ്പുലകം ഭജനമഠം - ചിറക്കോണം ഗിരിജൻ കോളനി
പന്തലക്കോട് - പേഴുംവിള. ഈഴക്കോട്ടുകോണം - ചിറക്കോണം ഹരിജൻ കോളനി
കാട്ടുവാഴ വിളാകം - ചെന്നഞ്ചേരിക്കോണം
പന്തലക്കോട് ക്ഷേത്രനട
ദേവിനഗർ - ആലുവിള - വേറ്റിനാട്
ഇടതല - മാങ്കോട്ടുകോണം - വാഴവിളക്കോണം
മാങ്കോട്ടുകോണം - വാഴവിളക്കോണം.
പഞ്ചായത്താപ്പീസ് - പെരുംതൂർ
കടുവാക്കുഴി - പുത്തൻവിള - പ്ലാമൂട്ടം
ഇടുക്കുംതല - ചെവിടിക്കുഴി
കൊഞ്ചിറപ്ലാങ്കാല - ഖബറടി
കൊച്ചാലുംമൂട് - പൂഴിക്കുന്ന്
കൊടിപ്പറമ്പ് - വെങ്കട്ടയിൽ
കൈതയിൽ - കുഴിവാരം
കൊഞ്ചിറ - ശിവൻകോണം എസ്. ടി. കോളനി
ചാത്തൻപാട് - മണ്ണാത്തിപ്പൊയ്ക
തിട്ടയത്തുകോണം - മോളിവിള
മീനാറ സി. എസ്. ഐ ചർച്ച് - മണ്ഡപക്കുന്ന് എസ് സി കോളനി
ആമാറുകുഴി - വഴയ്ക്കാട്
പന്തലക്കോട് - ആലറക്കോണം - കൊടിക്കുന്ന്
ഞാറയ്ക്കാക്കുഴി - വീട്ടുകോണം - കൊടിക്കുന്ന്
പന്തലക്കോട് - നെല്ലിക്കുന്നു
കടുവാക്കുഴി - അയ്യൻവിള - വഴയ്ക്കാട്
വഴയ്ക്കാട് - നെട്ടയം - പുളിമാത്തൂർ
തുലയിൽ കുന്നത്ത് - തെക്കുംകര
കുന്നത്ത് - പോഡീക്കോണം

നാറാക്കോണം - തോട്ടുംപുറം വളവൂക്കോണം
മുറമേൽ - വീട്ടുകോണം
മാതാവീട് ഹരിജൻ കോളനി - നന്നാട്ടുകാവ്
കട്ടുവാക്കുഴി - മുക്കോലയ്ക്കൽ - പാറപ്പൊറ്റ
തീപ്പുകൽ - സി. എസ് ഐ പള്ളിനട റോഡ്
പള്ളിനടസെൻറ്തോമസ്സ്കൂൾനട-കാരുക്കോണം

## റ്റകുറ്റപ്പണികൾ ചെയ്തു വികസിപ്പിക്കേണ്ടവ

ചീരാണിക്കര - കൂപ്പിൽ
കറ്റ -വെട്ടുപാറ
വെട്ടുപാറ - കുട്ടതട്ടി
ചീരാണിക്കര - മഞ്ഞപ്പാറ
ചീരാണിക്കര - ഒറ്റക്കൊമ്പ്
കൈതക്കാട് - പോതുപാറ
തൈക്കാവ് നട - കുഞ്ചിക്കാട്
കുഴിവിള മടന്തക്കാട് - വേടരുകോണം
തേക്കട തൈയ്ക്കാവ് നട - പോതുപാറ
ഓടലുവള്ളിക്കോണം - മൂഴിനട
തേക്കട - പഞ്ചിനടകുണൂർ ട്രാക്ടർറോഡ്
ചിറമുക്ക് - കൊപ്പത്തിൽമൂല
കൈതറക്കോണം - വലിയവിള ഹരിജൻ കോളനി
കന്യാകുളങ്ങര - തെങ്ങുവിള
മണ്ഡപം - പടിഞ്ഞാറ്റിനട
കാഞ്ഞിരംവിളാകം - മരുതംകോട് മുക്കോല
വിലിയപറമ്പ് - ഉടയമ്പാറക്കോണം
ഇടത്തറനട - നരിക്കല്ല്
കൈതറമൂഴി - അരിയോട്ടുകുഴി
പെരുങ്കൂർ - ഊരുക്കോണം
സിയോൺകുന്ന് - ലക്ഷംവീട് - നെടുംതോട്
സിയോൺകുന്ന് - നാലുസെൻറ് കോളനി
ഇടയിലവീട് - കൂന്തോട്ടുകോണം
കുറ്റിയാണി എൽ പി എസ്. - കുറക്കോട്ടുകോണം
കുറ്റിയാണി എൽ പി എസ് - വട്ടക്കൈത
കുറ്റിയാണി - കുണ്ടറക്കോട്
ക്ഷേത്രക്കുളം റോഡ്
കുറ്റിയാണി - കൊട്ടിയമ്പലം
ഉദിമൂട് - കല്ലുവാക്കുഴി - ചേമ്പുംകുഴി
പുങ്കുംമൂട് - കല്ലുവരമ്പ്
കണക്കോട് - മുരിങ്ങൂർ
തണ്ണിപ്പാറ - മുച്ചന്നൂർ
കാളികോണം - പ്രശാന്ത് നഗർ

പാലറത്തല - കല്ലുവാക്കുഴി
കണക്കോട് കുന്നിൽ - പന്നിയോട്
മുച്ചന്നൂർ - മൊട്ടമൂട്
മുച്ചന്നൂർ - ചേമ്പുംകുഴി
പ്രശാന്ത് നഗർ - വട്ടപ്പാറ
കല്ലുവാക്കുഴി - കറഞ്ചിക്കോണം
കണക്കോട് - മണലി - കരിപ്പുമുകൾ - കുറ്റ്യാണി
മണ്ഡപം - മൊട്ടമൂട്
മണ്ഡപം - ആലുവിളാകം - ചായക്കാർക്കോണം - പൊറ്റ
മണ്ഡപം മുടുമ്പിൽ - രാമലം - ചേമ്പുപണ
പതിനാറാം കല്ല് - ചെമ്പേറ്റുകോണം
മണ്ഡപം - തെക്കേക്കോണം - മാംകുന്ന്
മഞ്ചപ്പാറ - ഇടത്തറപ്പൊയ്ക
പന്തലക്കോട് - ചിറക്കോണം
മണ്ഡപം - തെക്കേക്കോണം
പാളയംകെട്ടി - പണയിൽഭാഗം
ദേവിനഗർ - ചെന്നഞ്ചേരിക്കോണം
പ്ലാമുട്ടം - മാങ്കോട്ടുകോണം
കല്ലറച്ചിറ - പിരിയത്തുമൂല
നെടുവേലി - താന്നിവിള
വേറ്റിനാട് - ഇടുക്കുംതല - കുണ്ടയത്തുനട - ട്രാക്ടർ റോഡ്
നെട്ടയത്തു കുഴി - ഇടുക്കുംതല
കൊഞ്ചിറ - കീഴ്പന്നുമൂല - ചാത്തൻപാട്
നെടുവേലി - പ്ലാമൂട്ടിൽനട
കിഴക്കേക്കര - മുടിപ്പുര
അമാറുകുഴി - മിൽമാസംഘം
ഉതിരപ്പെട്ടി - ഹരിജൻ കോളനി വഴി നെടുവേലി
വഴയ്ക്കാട് പാലം ജംഗ്ഷൻ - ഇലവിൻകുഴി പുറ്റുംപുറം
ഉതിരപ്പെട്ടി - നാലുമുക്ക്(ഓട)
ചാത്തൻപാട് - കോട്ടറനട
പുറ്റുപുറം - വഴയ്ക്കാട്
വാരിയോണം - വെട്ടുവിളക്കുന്ന്
ആഴാകോണം - തുമ്പുകോണം
നന്നാട്ടുകാവ് - പ്രളശ്ശേരി
മുറമേൽ കല്ലൂക്കോണം - ചെറുകോണം
വേരമൂട്ടിനട പുത്തൻ വീട്ടുനട -അയിരൂപ്പാറ എച്ച്. എസ്.
കൊടിക്കുന്ന് കൊടുങ്ങണംകോട്ട് - കുണ്ടയത്തുമുകൾ
പന്തലക്കോട് - കൊടിക്കുന്ന്
കൊടിക്കുന്ന് - ഇട്ടമൂഴി

തണ്ണീർശാല - ഇലങ്കത്തറ
മേരീമാത - കാരുക്കോണം സെൻറ് തോമസ്
കാരുക്കോണം - ഊരൂട്ടിൽനട
മൈലാടുംമുകൾ - പോഡീക്കോണം
ഭജനമഠം - തണ്ണീർശാല - മൈലാടുംമുകൾ ചെറുകോണം റോഡ്
കല്ലൂർക്കോണം - ഊരൂട്ടിൽ നട
കല്ലൂർക്കോണം - താഴവിള വീട്
മൈലാടുംമുകൾ - കല്ലൂക്കോണം
സി. എസ്. ഐ പള്ളിനട - കണിയാൻ വിളാകം
കല്ലൂക്കോണം - മൂഴിക്കോട് - താഴവിളവീട്

### പുതിയ റോഡുകൾ

കൂപ്പിൽ - മദപുരം
ഈന്തിവിള - അമ്പഴമുകൾ -മാറാൻകുഴി കരിക്കുനടപ്പാത (സൊസൈറ്റി നട)
തെങ്ങുവിള - കൈതറക്കോണം
തേരിവിള - കുണൂർ
കുണൂർ - സിയോൺകുന്ന്
കുണ്ടയത്തുനട - കുക്കോട്ടുകോണം
കമുകറക്കോണം - കന്യാകുളങ്ങര (ഇടറോഡ്)
കൊഞ്ചിറ - കീഴ്പന്നുമൂല
സൊസൈറ്റിനട - കുണൂർ തേക്കട
പെരുമ്പിലാംകോട് - സിയോൺകുന്ന്
കുളക്കോട് - സിയോൺകുന്ന്

# വൈദ്യുതി

സംസ്ഥാനം നേരിടുന്ന ഊർജ്ജ പ്രതിസന്ധി അതിൻെറ എല്ലാ രൂക്ഷതയോടും വെമ്പായം പഞ്ചായത്തിലും അനുഭവപ്പെടുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ചൂഷണം ചെയ്തുപയോഗിക്കുന്നതിന് പ്രത്യേകം പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. വീട്ടാവശ്യത്തിനുവേണ്ടിയാണ് വൈദ്യോർജ്ജം കൂടുതലായി ഉപയോഗിക്കുന്നത്. കാർഷിക രംഗത്തും വ്യവസായിക രംഗത്തും നാമമാത്രമായി ഉപയോഗിക്കുന്നു.

സൗരോർജ്ജത്തിൻെ സാധ്യതകളെ ചൂഷണം ചെയ്യുന്നതിനുള്ള ശ്രമം ഉണ്ടായിട്ടില്ല. പഞ്ചായത്താപ്പീസിനു മുന്നിൽ സ്ഥാപിച്ചിട്ടുള്ള ഏക സൗരോർജ്ജ വിളക്കാണ് പഞ്ചായത്തിലുള്ളത്. വീട്ടാവശ്യങ്ങൾക്ക് സൗരോർജ്ജം ഉപയോഗിക്കുവാൻ കഴിയണം. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

പഞ്ചായത്തിലെ എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ട്രാൻസ്ഫോർമറുകൾ പുതിയത് സ്ഥാപിക്കുന്നതിനാകട്ടെ അതിൻെറ ഗുണഭോക്താക്കളിൽ നിന്ന് തന്നെ എതിർപ്പുകൾ ഉണ്ടായ സ്ഥിതിയുമുണ്ട്.

### വൈദ്യുതി ഉപഭോക്താക്കൾ

| | |
|---|---|
| ഗാർഹികം | 79.36% |
| വ്യാപാരം | 16.85 |
| വ്യവസായം | 1.19% |
| കാർഷികം | 2.61% |

| ട്രാൻസ്ഫോർമറുകൾ | കെ.വി.എ. |
|---|---|
| കന്യാകുളങ്ങര | 250 |
| കൊഞ്ചിറ | 63 |
| ചാത്തൻപാട് | 100 |
| നന്നാട്ടുകാവ് | 100 |
| പോത്തൻകോട് പാലസ് | 250 |
| അയിരൂപ്പാറ | 100 |
| പെരുംകൂർ | 100 |
| വേറ്റിനാട് പഞ്ചായത്ത് ആപ്പീസ് | 100 |
| " മണ്ഡപം | 100 |
| നരിക്കല്ല് | 100 |
| തേക്കട | 160 |
| ചീരാണിക്കര | 100 |
| വെട്ടുപാറ | 100 |
| കൈതറമൂഴി | 63 |

വോൾട്ടേജ് മതിയായ രീതിയതിൽ ലഭിക്കുന്നില്ലായെന്ന പരാതി സാർവത്രികമാണ്. ഒരു വിഭാഗം ആളുകൾ സ്റ്റെപ്പ് അപ്പ് ഉയോഗിക്കുന്നതുകൊണ്ട് മറ്റുള്ളവർക്ക് കുറേക്കൂടി വോൾട്ടേജ് ക്ഷാമവും അനുഭവപ്പെടുന്നു. കുറഞ്ഞ വോൾട്ടേജിൽ കൂടുതൽ പ്രകാശം തരുന്ന ഉപകരണങ്ങളുടെ വ്യാപകമായ പ്രചാരണവും ഉപയോഗവും

ജനങ്ങളെ മനസ്സിലാക്കാനും എത്തിക്കാനുമുള്ള സംവിധാനമുണ്ടാകണം. അതുപോലെ പാരമ്പര്യേതര ഊർജ്ജ സംവിധാനങ്ങളും.

വേറ്റിനാട് - പന്തലക്കാട് ചിറമുക്ക് - നരിക്കൽ കൊച്ചാലുംമൂട് സിയോൺകുന്ന് ഉതിരപ്പെട്ടി ചീരാണിക്കര തുടങ്ങിയ പ്രദേശങ്ങളിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

അറുപത് ശതമാനത്തോളം വീടുകൾ വൈദ്യുതീകരിക്കാത്തവയാണ്. ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളുണ്ട്. നിലവിൽ 400ൽപ്പരം പേർ അപേക്ഷ നൽകി വൈദ്യുതിക്കുവേണ്ടി കാത്തുനിൽക്കുന്നു. വെളിച്ചത്തിനായി ഭൂരിപക്ഷം വീടുകളും ആശ്രയിക്കേണ്ടിവരുന്ന മണ്ണെണ്ണ വേണ്ടത്ര അളവിൽ കിട്ടുന്നില്ല.

579 തെരുവുവിളക്കുകളാണ് പഞ്ചായത്തിലുള്ളത്. ഇതിനായി 95 - 96ൽ ചെലവായത്. 92,772/- രൂപയാണ്. തെരുവിളക്കുകൾ പലഭാഗങ്ങളിലും കത്താത്ത സ്ഥിതിയെക്കുറിച്ച് ഗ്രാമസഭകളിൽ പരാതി ഉയർന്നുവന്നു. തെരുവു വിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് നിരവധി ആവശ്യങ്ങൾ ഉണ്ടായിട്ടുണ്ട്.

ഇടവഴികളും റോഡുകളും വരുന്നതിനുമുമ്പ് പുരയിടങ്ങളിലൂടെ വീടുകളിലേക്ക് വൈദ്യുത കണക്ഷൻ നൽകിരുന്നവ മാറ്റിയിട്ടാൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് അധിക ചെല്ലവില്ലാതെ കഴിയും. മരങ്ങളിൽ തട്ടിയുള്ള പ്രസരണ നഷ്ടം ഒഴിവാക്കാനും ഇതുകൊണ്ട് സാധിക്കും.

പാചകത്തിനുവേണ്ടിയുള്ള പ്രധാനഊർജ്ജ സ്രോതസ്സ് വിറകാണ് വൈദ്യുതി, പാചകവാതകം മണ്ണെണ്ണ എന്നിവയും ഇക്കാര്യത്തിൽ ഉപയോഗിക്കുന്നവർ വളരെ കുറവാണ്. ഉപയോഗിക്കുന്ന വിറകിൽ നിന്നും പരമാവധി ഊർജ്ജം ഉപയോഗപ്പെടുത്തുന്ന അടുപ്പുകളെക്കുറിച്ച് പഞ്ചായത്തിലെ വീട്ടമ്മമാരിൽ ഭൂരിപക്ഷവും ഇന്നും അജ്ഞരാണ്. ആഹാരം തയ്യാറാക്കുന്നതിനു വേണ്ടിവരുന്ന ചെലവിൽ പകുതിയോളം ഇന്ധത്തിനുവേണ്ടി വരുന്ന സ്ഥിതിയാണ് പാവപ്പെട്ട ആളുകൾക്കുള്ളത്. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുകയും കുറെ വീടുകളിൽ അത് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അനർട്ടും ഈ രംഗത്തും ചെറിയൊരളവിൽ സേവനം നടത്തിയിട്ടുണ്ട്.

വെളിച്ചത്തിനു വേണ്ടിയും ഇന്ധനമായും ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിൽ സാധ്യമായ വീടുകളിലെല്ലാം ബയോഗ്യാസ് പ്ലാൻറുകൾ, ആസിഡ് പ്ലാൻറുകൾ, സൗരോർജ്ജ സംവിധാനങ്ങൾ എന്നിവ നിർമ്മിച്ച് ഉപയോഗപ്പെടുത്തണം. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാനുള്ള പദ്ധതി രൂപപ്പെടുത്തണം.

## പ്രശ്നങ്ങൾ

1 വൈദ്യുത കണക്ഷൻ ലഭിക്കാൻ പ്രയാസം നേരിടുന്നു.
2 വോൾട്ടേജ് ക്ഷാമം
3 വൈദ്യുത ജീവനക്കാരുടെ സേവന തല്പരതക്കുറവ്
4 തെരുവു വിളക്കുകൾ ഇല്ലായ്മ
5 തെരുവു വിളക്കുകൾ പലയിടങ്ങളിലും കത്തുന്നില്ല.
6 സ്റ്റെപ് അപ്പ് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുന്നത്, അതില്ലാത്തവർക്ക് കൂടുതൽ പ്രയാസങ്ങൾ നേരിടുന്നു.
7 മീറ്റർ റീഡിംഗ് കൃത്യമായി നടത്തുന്നില്ല. മീറ്ററുകൾ പലതും കൃത്യമായ കണക്ക് കാണിക്കാറില്ല.
8 മണ്ണെണ്ണ മതിയായ അളവിൽ ലഭിക്കുന്നില്ല.
9 മണ്ണെണ്ണ പെർമിറ്റുകൾക്ക് കാലതാമസം
10 വൈദ്യുത കണക്ഷൻ ലഭിക്കുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നു.
11 ആഡംബരങ്ങൾക്ക് വൈദ്യുതി ദുർവിനിയോഗം ചെയ്യുന്നു.
12 പെട്രോൾ ബങ്കില്ല.

### സാധ്യതകൾ; പരിഹാരങ്ങൾ

1. വൈദ്യുതിയുടെ വർദ്ധിച്ചുവരുന്ന ഉപഭോഗവുമായി ഉൽപ്പാദനം താരതമ്യപ്പെടുത്തുമ്പോഴുള്ള വിടവ് കൂടി വരുന്നതിനാൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വിപുലമായി ഉപയോഗപ്പെടുത്തണം. ഊർജ്ജലാഭമുണ്ടാക്കുന്ന വൈദ്യുത വിളക്കുകൾ ഉപയോഗിക്കുക.
2 ജനകീയ കമ്മിറ്റികൾ ഓരോ വിദ്യുച്ഛക്തി ആപ്പീസിനോട് അനുബന്ധിച്ചുണ്ടാകണം.
3 അനെർട്ടിന്റെ പഞ്ചായത്തുതല യൂണിറ്റുകൾ ഉണ്ടാകണം.
4 തെരുവു വിളക്കുകളുടെ സംരക്ഷണ ചുമതല ജനകീയ കമ്മിറ്റികളെ ഏൽപ്പിക്കുക.

5 പുരയിടങ്ങളിലൂടെ കടന്നുപോകുന്ന ലൈനുകൾ സമീപത്തുള്ള വഴികളിലൂടെ മാറ്റിയിടണം. അവയിൽ സ്ട്രീറ്റു ലൈറ്റുകൾ സ്ഥാപിക്കുക.

6 ആഡംബരങ്ങൾക്കും അലങ്കാരങ്ങൾക്കുള്ള വൈദ്യുത ഉപയോഗത്തിന് അധികചാർജ് ഈടാക്കുക.

7 വൈദ്യുത ബോർഡുമായി ബന്ധപ്പെട്ട പരാതികൾ അവരുടെ സാന്നിദ്ധ്യത്തിൽ ജനകീയ കമ്മിറ്റികൾ ചർച്ച ചെയ്യുക.

8 കണക്ഷൻ നൽകുമ്പോഴുള്ളതിനേക്കാൾ അധികമായി പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾക്ക് അനുമതി വാങ്ങണമെന്നുള്ള നിയമം കർശനമായി നടപ്പിലാക്കുക.

9 വൈദ്യുത മോഷണം കണ്ടെത്താൻ ഫലപ്രദവും വ്യാപകവും ശക്തവുമായ നടപടികൾ ഏർപ്പെടുത്തുക.

11 വിറകിന്റെ ക്ഷാമം പരിഹരിക്കുവാൻ സാമൂഹ്യ വനവൽക്കരണം വ്യാപകമായി നടപ്പിലാക്കുക.

12 പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണവും ഉപയോഗവും വ്യാപകമാക്കുക.

13 പൊതുമേഖലയിൽ വെമ്പായം പഞ്ചായത്തിൽ ഒരു പെട്രോൾ/ഡീസൽ ബങ്ക് സ്ഥാപിക്കുക.

### വൈദ്യുതി എത്തിയിട്ടില്ലാത്ത സ്ഥലങ്ങൾ

വാർഡ്:

1. മഞ്ഞപ്പാറ, മണ്ണയം, കൊടിതൂക്കി.
2. ഗോപുരത്തുംകുഴി, കുഴിവിള – തേക്കട ചന്തമുക്ക്
3. കുളക്കോട്ടുകോണം – പെരമ്പിലാംകോട്, ഓടൽവള്ളിക്കോണം
4. കൂണൂർ പനച്ചിവിളാകം, മേലേതിൽ കൈതറക്കോണ കിഴക്ക്, തെങ്ങുവിള
5. കൂന്തോട്ടുകോണം, ഉടയൻപാറകോണം, വല്ലകത്തുംമൂട്, സിയോൺഹിൽ ലക്ഷംവീട്, നാലുസെൻറ്കോളനി
6. കാളിക്കോണം – അറവലക്കുന്ന്, പുങ്കുംമൂട് കല്ലുവരച്ച് തണ്ണിപ്പാറ – മുച്ചന്നൂർ, കണക്കോട്, കുന്നിൽ – പന്നിയോട് മുച്ചന്നൂർ.
7. കരിപ്പുമുകൾ, ഒഴുകുപാറ, പട്ടാഴി, പാങ്കോട്ടുകോണം കോളനി, കരിമ്പുലോകം
8. മുളങ്കാട്, മാങ്കുന്ന്, അടിച്ചിട്ടവിള, തട്ടാൻവിളാകം, ഗണപതികോവിൽ പ്രദേശം, പൊറ്റയിൽപ്രദേശം.
9. ദേവിനഗർ, ആലുവിള, വേറ്റിനാട്, നെട്ടയത്തു കുഴി, കല്ലാച്ചിറ, പുത്തൻവിള, ഇടുക്കുംതല കോളനി, പെരുംകൂർ ലക്ഷംവീട്, നാലുസെൻറ് കോളനി.
10. തിട്ടയത്തുകോണം, വെട്ടുമ്പിളക്കുന്ന് എസ്. സി. കോളനി, പണ്ടാരംകോണം മണ്ണാത്തിപ്പൊയ്ക, ഇലവിൻകുഴി.
11. കാട്ടുകുളം, കടുവാക്കുഴി – വളവൂർക്കോണം, കടുവാക്കുഴി – മാതറവീട്.
12. വേംമൂട് – പുത്തൻവീട്ടുനട, നന്നാട്ടുകാവ് – കല്ലൂർക്കോണം, തയ്ക്കോട്ടുകോണം ഏല.
13. പന്തലക്കോട് – കൊടിക്കുന്ന്, തുലയിൽ കുന്നത്തെക്കുംകര, വട്ടവിള, തോട്ടുംപുറം

## മാർക്കറ്റ്

റബ്ബർ, നാളികേരം, പച്ചക്കറികൾ, വാഴക്കുല, കുരുമുളക്, വെറ്റില, അടയ്ക്ക, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയാണ് പ്രധാന കാർഷികോൽപ്പന്നങ്ങൾ. പച്ചക്കറികൾ, വാഴക്കുല, വെറ്റില തുടങ്ങിയവ വിറ്റഴിക്കുന്നതിന് പഞ്ചായത്തിലുള്ള പബ്ലിക്ക് മാർക്കറ്റുകൾ കണക്കോട്, അയിരൂപാറ എന്നിവയാണ്. എന്നാൽ ഇവയുടെ വിൽപ്പനക്ക് പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത പോത്തൻകോട്, കന്യാകുളങ്ങര (മാണിക്കൽ), നെടുമങ്ങാട്, വട്ടപ്പാറ (കരകുളം) മാർക്കറ്റുകളാണ്. പച്ചക്കറി പഞ്ചായത്തിൽ കൂടുതലായി ഉൽപ്പാദിപ്പിച്ച് വിദൂരങ്ങളിലെ മാർക്കറ്റുകളിലാണ് വിൽപ്പന നടത്തുന്നത്. വിരോധാഭാസമെന്നു പറയട്ടെ, മറ്റ് സ്ഥലങ്ങളിൽപ്പോയി കച്ചവടക്കാർ വാങ്ങിക്കൊണ്ടുവന്ന പച്ചക്കറി സാധനങ്ങളാണ് പഞ്ചായത്തിലെ ജനങ്ങൾ വാങ്ങി ഉപയോഗിക്കുന്നത്. ഈ സ്ഥിതി ഉൽപ്പാദകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ നഷ്ടമുണ്ടാക്കുന്നു. പച്ചക്കറി കർഷകർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ സംയുക്തമായികൊണ്ടുപോയി വിൽപ്പന നടത്താൻ സംവിധാനമുണ്ടാകേണ്ടതാണ്.

റബർ കുരുമുളക്, കശുവണ്ടി തുടങ്ങിയ വ്യാവസായികാവശ്യത്തിനുള്ള കാർഷികോൽപ്പന്നങ്ങൾക്ക് കർഷകർക്ക് മതിയായവില കിട്ടുന്നതിന് മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ഉണ്ടാകേണ്ടതാണ്. ഇവയിൽ നിന്നുതന്നെ വ്യാവസായികോൽപ്പന്നങ്ങൾ കഴിയുന്നത്ര തദ്ദേശീയമായി ഉണ്ടാക്കാൻ വേണ്ട, സംവിധാനങ്ങൾ ഉണ്ടാകണം.

ചന്തപ്പിരിവ്, കയറ്റിറക്ക് എന്നിവയുടെ കാര്യത്തിൽ നിയമരപമായി നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ നിരക്കിൽ ബന്ധപ്പെട്ടവർ തുക ഈടാക്കുന്നതായി പരാതികളുണ്ട്.

ആധുനിക മാർക്കറ്റിംഗ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കാത്തതുമൂലം സ്വയം തൊഴിൽ സംരംഭങ്ങൾ പലതും ആരംഭിച്ചത് പരാജയപ്പെടാനിടയായിട്ടുണ്ട്. പുതിയ തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുമ്പോൾ ഉൽപ്പന്നങ്ങളുടെ വിപണത്തിന് മുന്തിയ പ്രാധാന്യം നൽകണം. കുത്തകകളുടെ ഉൽപ്പന്നങ്ങളുമായി മത്സരിക്കുമ്പോൾ ഗുണനിവാരവും ആകർഷകത്വവും ഉണ്ടാകണം. തദ്ദേശീയ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനാവശ്യമായ ബോധവൽക്കരണം ജനങ്ങളിലുണ്ടാവണം.

പൊതുമാർക്കറ്റുകളുള്ള സ്ഥലങ്ങളിലാണ് പ്രധാന വ്യാപാരകേന്ദ്രങ്ങൾ. കന്യാകുളങ്ങര, നന്നാട്ടുകാവ്, തേക്കട, പോത്തൻകോട്, മേലെമുക്ക്, വേറ്റിനാട്, ചീരണിക്കര എന്നിവയാണ് പ്രധാന വ്യാപാരകേന്ദ്രങ്ങൾ. അംഗീകാരമില്ലാത്ത മാർക്കറ്റുകൾ മിക്കവാറും വാർഡുകളിലുണ്ട്. മത്സ്യം, പച്ചക്കറി ഇവയുടെ വിൽപ്പന കേന്ദ്രങ്ങൾ മാത്രമാണിവ.

## പ്രശ്നങ്ങൾ

1. ഉൽപ്പാദകർ ഇടത്തട്ടുകാരുടെ ചൂഷണത്തിനിരയാവുന്നു.
2. മത്സ്യം, മാംസ്യം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനമില്ല.
3. ചന്തപ്പിരിവ്, കയറ്റിറക്ക് കൂലി എന്നിവ അധികമായി ഈടാക്കുന്നു.
4. മാർക്കറ്റിംഗ് സൗകര്യങ്ങൾ പല വാർഡുകളിലുമില്ല.

## സാധ്യതകൾ

1. മാക്കറ്റിംഗ് സഹകരണ സംഘങ്ങൾ ഉണ്ടാകണം.
2. കൺസ്യൂമർ സൊസൈറ്റി പുനരുജ്ജീവിപ്പിക്കണം.
3. ചന്തപ്പിരിവും കയറ്റിക്ക്കൂലിയും നിശ്ചയിച്ചിട്ടുള്ള നിരക്കിൽമാത്രം ഈടാക്കുക.
4. 2 വാർഡുകൾക്ക് ഒന്ന് എന്ന കണക്കിൽ മാർക്കറ്റുകളുണ്ടാവുക.
5. പഞ്ചായത്തിൽ തേക്കടയിൽ ഒരു പ്രധാന മാർക്കറ്റുണ്ടാക്കുക.
6. അയിരൂപ്പാറയിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയുക.



# പൊതുജനാരോഗ്യം

ശാരീരികവും മാനസികവും സാമൂഹികവുമായ ആരോഗ്യ സാഹചര്യങ്ങളുടെ നിലനിൽപാണ് ആരോഗ്യമെന്നുള്ളതു കൊണ്ട് ഉദ്ദേശിക്കുന്നത്. ആരോഗ്യപൂർണമായ ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സിന് സ്ഥാനമുള്ളു. അതുകൊണ്ടുതന്നെ ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾ പരസ്പര പൂരകങ്ങളാണ്. ആരോഗ്യ സംരക്ഷണത്തിൽ പ്രതിരോധമേഖലയ്ക്കാണ് കൂടുതൽ ഊന്നൽ നൽകേണ്ടത്. രോഗ ചികിൽസയേക്കാൾ വളരെയേറെ അഭികാമ്യമാണല്ലോ രോഗം വരാതെ സൂക്ഷിക്കൽ.

അമ്പതു വർഷങ്ങൾക്കുമുമ്പ് ഗ്രാമത്തിലെ രോഗചികിത്സ മുഴുവനും പാരമ്പര്യ വൈദ്യൻമാരെ ആശ്രയിച്ചാണ് നടന്നിരുന്നത്. പഞ്ചായത്തിലെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും പാരമ്പര്യ നാട്ടുചികിത്സകരും വിഷ ചികിത്സകരും മൃഗചികിത്സ നടത്തിയിരുന്നവരും ഉണ്ടായിരുന്നു. ആയുർവേദ ചികിത്സക്ക്, ഇന്നത്തെ അലോപ്പതി ചികിത്സയേക്കാൾ പ്രാധാന്യം കൽപിച്ചിരുന്ന കാലമായിരുന്നു. ഇന്നുള്ള 13 വാർഡ് പ്രദേശങ്ങളിലും പാരമ്പര്യ ആയുർവേദ ചികിത്സകരുണ്ട് എന്നുള്ളത് എടുത്തു പറയേണ്ടതാണ്. ആയുർവേദ വിധി വിഷചികിത്സക്ക് പേരുകേട്ട പ്രദേശമായിരുന്നു ഇത്.

പാരമ്പര്യ വൈദ്യ ചികിത്സയ്ക്കൊപ്പം ഓരോ മതവിശ്വാസങ്ങളിലൂന്നിയ മന്ത്രവാദ സമ്പ്രദായങ്ങളും നിലനിന്നിരുന്നു. സമ്പൂർണ സാക്ഷരത നേടിക്കഴിഞ്ഞു എങ്കിലും ഭൂരിഭാഗം ജനങ്ങളും രോഗത്തിൻെറ പ്രാരംഭഘട്ടത്തിൽ ചികിത്സക്ക് എത്തുന്നില്ല. പരിമിത സാക്ഷരതയെ ചൂഷണം ചെയ്തുകൊണ്ടുള്ള അത്യന്തം അപകടകരമായ ഔഷധ പരസ്യരീതികൾ, സ്വയം ചികിത്സാ സമ്പ്രദായങ്ങൾ, രോഗ പ്രതിരോധ മാർഗങ്ങളെ കുറിച്ചുള്ള പരിമിതജ്ഞാനം, പാരമ്പര്യ ഭക്ഷണരീതികളെ ഉപേക്ഷിച്ചുകൊണ്ട് ഉപഭോഗ സംസ്കാരത്തിൻെറ ഭാഗമായിട്ടുള്ള ഭക്ഷണ സമ്പ്രദായങ്ങൾ സൃഷ്ടിക്കുന്ന പുത്തൻ ആമാശയ രോഗങ്ങൾ വളരെ ചെറിയ കടകളിൽ പോലും കിട്ടുന്ന - വർണങ്ങളിൽ പൊതിഞ്ഞ ലഹരി വസ്തുക്കൾ, ചാരായ നിരോധനത്തിൻെറ ഭാഗമായി വരുന്ന വ്യാജമദ്യത്തിൻെറ ഉപയോഗം ഇവ ആരോഗ്യകരമായ ജീവിതത്തിന് വെല്ലുവിളി ഉയർത്തിക്കൊണ്ടിരിക്കുകയാണ്. പൊതുജനാരോഗ്യ രംഗത്ത് മരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിലും കേരളം മുൻപന്തിയിലാണെങ്കിലും രോഗാതുരത കൂടുതലാണ് എന്നത് ഒട്ടും ആശങ്കക്ക് വക നൽകുന്ന ഒരു കാര്യമല്ല.

നീതിപൂർണമായ സമ്പത്തിൻെറ വിതരണം മെച്ചപ്പെട്ട സ്ത്രീ സാക്ഷരത, കാർഷിക പരിഷ്കരണങ്ങൾ, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ ഇവയിലൂടെയൊക്കെ ആരോഗ്യരംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും.

### ആരോഗ്യ വിദ്യാഭ്യാസം

ആസൂത്രിതമില്ലാതെയുള്ള ആരോഗ്യ ബോധവൽക്കരണ പ്രവർത്തനമാണ് നടന്നുവരുന്നത്. വ്യക്തിപരമായും തൊഴിൽപരമായും അനുവർത്തിക്കേണ്ട ജീവിത ക്രമങ്ങളെ കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായിട്ടുള്ള ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ജനങ്ങളുടെ

ആരോഗ്യബോധം മെച്ചപ്പെടുന്നതിലൂടെ മാത്രമേ പൊതുജനാരോഗ്യം മെച്ചപ്പെടുകയുള്ളു.

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ**

പാരമ്പര്യ വൈദ്യൻമാരെ കൂടാതെ വെമ്പായം പഞ്ചായത്തിലെ ജനങ്ങൾ ആധുനിക അലോപ്പതി ഔഷധ ചികിത്സയെ രോഗ ചികിൽസക്കായി മുഖ്യമായി ആശ്രയിച്ചു തുടങ്ങുന്നത് 1952 മുതലാണ്. മാണിക്കൽ പഞ്ചായത്തിലെ കന്യാകുളങ്ങരയിൽ അതുവരെ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസായി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ് പ്രഥമികാരോഗ്യ കേന്ദ്രത്തിന്റെ ഉത്ഘാടനം ബഹു. ആരോഗ്യ മന്ത്രി. എ.ജെ. ജോൺ നിർവഹിച്ചത്. വെമ്പായം മാണിക്കൽ പഞ്ചായത്തുകളിലെ ജനങ്ങൾ രോഗചികിത്സക്കും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ആശ്രയിച്ചിരുന്നത് ഈ കേന്ദ്രത്തെയാണ്.

വെമ്പായം പഞ്ചായത്തിൽ ഒരു ആരോഗ്യകേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നത് 1994 മേയ് 15 നാണ്. വേറ്റിനാട് ഗ്രാമപഞ്ചായത്ത് ഓഫീസിനോടു ചേർന്നുള്ള പഴയ കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. വെമ്പായം പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലുമുള്ള ജനങ്ങൾക്ക് രോഗചികിത്സയ്ക്കും രോഗ പ്രതിരോധത്തിനും ഈ ആശുപത്രിയുടെ സേവനം ലഭിക്കുന്നില്ല. പരാധീനതകൾ മാത്രമാണ് നമ്മുടെ ആശുപത്രിക്കുള്ളത്. രണ്ടു മുറികൾ മാത്രമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർക്ക് സ്വതന്ത്രമായി രോഗിയെ പരിശോധിക്കാനുള്ള സൗകര്യമില്ല. മരുന്ന് സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യമില്ല. ഡ്രസ്സിംഗ് റൂമില്ല. സൗകര്യപ്രദമായി കുത്തിവയ്പ്പ് നൽകാനുള്ള മുറിയില്ല. ആശുപത്രി ജീവനക്കാർക്ക് ഇരിക്കാനുള്ള ഫർണീച്ചറില്ല. പഞ്ചായത്തിലെ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർക്കും ലേഡി ഹെൽത്ത് ഇൻസ്പെക്ടർക്കും അവരുടെ റെക്കോർഡുകൾ സൂക്ഷിക്കുന്നതിനോ കോൺഫറൻസുകൾ ചേരുന്നതിനോ പോലും വേണ്ടത്ര സൗകര്യമില്ല. രോഗചികിത്സയ്ക്കായി ചിരാണിക്കര, തേക്കട, കന്യാകുളങ്ങര, കാരംകോട്, കൊഞ്ചിറ വാർഡുകളിലെ ജനങ്ങൾ കന്യാകുളങ്ങര ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. കണക്കോട്, കുറ്റിയാണി വാർഡുകളിലെ ജനങ്ങൾ വട്ടപ്പാറയിലുള്ള കരകുളം പിഎച്ച്സിയെയാണ് ആശ്രയിക്കുന്നത്. കന്യാകുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രം കഴിഞ്ഞാൽ പടിഞ്ഞാറോട്ട് പിന്നെ അണ്ടൂർക്കോണം പ്രാഥമികാരോഗ്യ കേന്ദ്രമാണുള്ളത്.

സർക്കാർ പൊതു ജനാരോഗ്യ കേന്ദ്രങ്ങളുടെ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. സർക്കാർ ആരോഗ്യ കേന്ദ്രത്തിലെ സൗജന്യ ചികിത്സ കിട്ടണമെങ്കിൽ വളരെയേറെ പണം രോഗ നിർണയത്തിന് അനുബന്ധമായ പരിശോധനകൾക്കും ചികിത്സാ ഉപകരണങ്ങൾക്കും

പഞ്ചായത്തിലെ പൊതുവായ -ആരോഗ്യ-സ്ഥിതിവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 42240 |
| പുരുഷൻമാർ | 19035 |
| സ്ത്രീകൾ | 19836 |
| കുട്ടികൾ | 3369 |
| ആകെ വീടുകൾ | 10072 |
| കക്കൂസുള്ള വീടുകൾ | |
| കുടിവെള്ളം ലഭിക്കുന്ന വീടുകൾ | |
| കുടുംബാസൂത്രണമാർഗം സ്വീകരിച്ചവർ | 4129 |

ചെലവാക്കേണ്ടുന്ന ദു:സ്ഥിതിയാണുള്ളത്. നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഓരോ വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതായുണ്ട്. രോഗചികിത്സയിൽ സാധാരണക്കാരന് ദുർവഹമായി തീർന്നിട്ടുള്ള ഒന്ന് മരുന്നുകളുടെ ക്രമാതീതമായ വിലയാണ്. അമിത ലാഭം കൊയ്യുന്ന സ്വകാര്യ മരുന്നു കടകളെ നിയന്ത്രിക്കുന്നതിന് ഗ്രാമത്തിലൊരു ന്യായവില ഔഷധ വിപണന കേന്ദ്രം സഹകരണ മേഖലയിൽ തുടങ്ങേണ്ടതായിട്ടുണ്ട്.

സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ വിവരവും സ്റ്റോക്ക് വിവരവും വിശദമാക്കുന്ന ബോർഡുകൾ പ്രദർശിപ്പിക്കണം.

## ആയുർവേദ ഡിസ്പെൻസറി

1982 മുതലാണ് നമ്മുടെ പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി പ്രവർത്തനമാരംഭിക്കുന്നത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത ഡിസ്പെൻസറി 1993 മുതൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. അലോപ്പതി ആശുപത്രിയെപ്പോലെ തന്നെ പരാധീനതകൾ മാത്രമേ ഈ സ്ഥാപനത്തിനും പറയാനുള്ളു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നു പറയാമെന്നല്ലാതെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ഇനിയും തീർക്കാനുണ്ട്. വൈദ്യുത കണക്ഷൻ കിട്ടിയിട്ടില്ല, കോമ്പൗണ്ട് വാൾ കെട്ടുവാനുണ്ട്. വിറക്, ചാരം, കഷായക്കൊത്ത് ഇവ സൂക്ഷിക്കാൻ ഷെഡില്ല. രോഗികളായി എത്തുന്നവർക്ക് ഇരിക്കാനുള്ള സൗകര്യങ്ങളില്ല. ഇങ്ങനെ നിരവധി പ്രശ്നങ്ങളുമായാണ് ആയുർവേദ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നത്. ഡിസ്പെൻസറിക്ക് ചുറ്റും തരിശായി കിടക്കുന്ന സ്ഥലത്ത് ഒരു ഔഷധതോട്ടം വച്ചു പിടിപ്പിക്കേണ്ടതുണ്ട്. വാതരോഗങ്ങൾക്കും ത്വക് രോഗങ്ങൾക്കും ആയിട്ടാണ് രോഗികൾ അധികവുമിവിടെ ചികിത്സക്കെത്തുന്നത്. ഈ ആയുർവേദ ഡിസ്പെൻസറിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഈ ഡിസ്പെൻസറിയുടെ സേവനം കൂടുതലാളുകൾക്ക് കിട്ടത്തക്ക വിധവും ചിട്ടപ്പെടുത്തേണ്ടതായുണ്ട്. 9-ാം പദ്ധതി കാലയളവിൽ കിടക്കകളോടു കൂടിയ ഒരു ആയുർവേദ ആശുപത്രിയായിട്ട് അപ്ഗ്രേഡ് ചെയ്യാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്.

## ഹോമിയോ ഡിസ്പെൻസറി

പഴയ ലൈബ്രറി കെട്ടിടത്തിൽ, പെരുംകൂറിലാണ് ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നത്. 1972–ൽ സ്ഥാപിക്കപ്പെട്ട ഹോമിയോ ഡിസ്പെൻസറിയെ രോഗചികിത്സക്കായി ജനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. പകർച്ചവ്യാധികൾക്കും ശിശുരോഗ ചികിത്സക്കുമായിട്ടാണ് ഈ ഡിസ്പെൻസറിയിൽ രോഗികൾ അധികവും എത്തുന്നത്. പൊതു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഒട്ടും മെച്ചപ്പെട്ട പ്രവർത്തനമല്ല ഈ സർക്കാർ ഡിസ്പെൻസറിയിൽ ഉള്ളത്.

ആയുർവേദ-ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനങ്ങൾ നാമമാത്രമായി മാത്രമേ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നുള്ളൂ. ഇവയുടെ പ്രവർത്തനങ്ങളിൽ ജനങ്ങളെ കൂടുതൽ പങ്കെടുപ്പിക്കണം. ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന വാർഡ് വികസനസമിതികൾ ഈ രംഗത്ത് സജീവമായി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. വേറ്റിനാട് മണ്ഡപത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറിയിലും വേറ്റിനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും പെരുംകൂറിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയിലുമായി 16 ജീവനക്കാരാണുള്ളത്. (ഒരു വർഷം എല്ലാ ആശുപത്രികളിലുമായി അയ്യായിരത്തിലധികം രോഗികൾ ചികിത്സക്കെത്തുന്നുണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.) ഈ ഡിസ്പെൻസറികളെയും പ്രാഥമികാരോഗ്യ കേന്ദ്രത്തെയും ജനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടെങ്കിലും ഇവയുടെ സൗകര്യങ്ങളും പ്രവർത്തനങ്ങളും വളരെയേറെ മെച്ചപ്പെടുവാനുണ്ട്.

| പേര് | വാർഡ് | സ്ഥാപിച്ച വർഷം | നിലവിലുള്ള ഉദ്യോഗസ്ഥർ | വേണ്ടത് |
|---|---|---|---|---|
| പ്രാഥമികാരോഗ്യ കേന്ദ്രം | നെടുവേലി | 1994 | 6 | 8 |
| ഹോമിയോ ഡിസ്പെൻസറി | നെടുവേലി | 1972 | 3 | 4 |
| ആയുർവേദ ഡിസ്പെൻസറി | വേറ്റിനാട് | 1982 | 4 | 4 |

IRDP സർവ്വേ അനുസരിച്ച് വെമ്പായം പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ 3323 ആണ്. ദാരിദ്ര്യ ജന്യമായ രോഗങ്ങളുമായാണ് രോഗികളധികവും ആശുപത്രികളിലെത്തുന്നത്. ദാരിദ്ര്യജന്യമായ രോഗങ്ങളും രോഗാതുരതയും കൂടുവാനുള്ള കാരണം ആവശ്യത്തിന് ആഹാരം കിട്ടുന്നില്ല എന്നതാണ്. കേരളീയർ വിശേഷിച്ച് ഗ്രാമീണർ ഏറ്റവും കുറച്ച് കലോറി ഉപയോഗിക്കുന്നവരാണ്. നമ്മുടെ ഗ്രാമത്തിൽ നെല്ലുൽപാദനവും ഇതര ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവും നാമമാത്രമായി കൊണ്ടിരിക്കുന്നു. മാംസ്യം അടങ്ങിയ ഭക്ഷണത്തിന്റെ ഉപയോഗം കൂട്ടിക്കൊണ്ടും നെല്ലുൽപാദനം വർധിപ്പിച്ചു കൊണ്ടും ഇതര ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം ക്രമീകരിക്കുന്നതു കൊണ്ടും ദാരിദ്ര്യജന്യമായ രോഗങ്ങളെയും രോഗാതുരതയെയും കുറച്ചുകൊണ്ടു വരാം.

| ഗവൺമെന്റ് ആരോഗ്യകേന്ദ്രത്തിൽ ചികിത്സക്കെത്തുന്നവർ | | | | | | |
|---|---|---|---|---|---|---|
| | ഒ.പിയിൽ എത്തുന്നവർ | ത്വക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ |
| പ്രാഥമികാരോഗ്യ കേന്ദ്രം, വേറ്റിനാട് | 18090 | 253 | – | 144 | | 17693 |
| ഗവ. ഹോമിയോ ഡിസ്പെൻസറി പെരുംകൂർ | 21802 | 2840 | 1756 | 14529 | 760 | 1977 |
| ഗവ.ആയുർവേദ ഡിസ്പെൻസറി വേറ്റിനാട് | 27053 | 4300 | 16231 | 2720 | 1402 | 2400 |

* കണക്കുകൾ ഒരുവർഷത്തെ ശരാശരി, ദ്വിതീയ വിവരശേഖരണം.

നമ്മുടെ പഞ്ചായത്തിൽ പോഷണക്കുറവ് മൂലമുള്ള രോഗങ്ങൾ

| ജനന-മരണ-നിരക്ക് | | | ഓരോ വർഷവും മരിച്ചവർ | |
|---|---|---|---|---|
| വർഷം | ജനനം | മരണം | സ്ത്രീ | പുരു |
| 1992 | 50 | 87 | 21 | 66 |
| 1993 | 33 | 115 | 44 | 71 |
| 1994 | 36 | 130 | 58 | 72 |
| 1995 | 11 | 94 | 47 | 47 |
| 1996 | 13 | 82 | 38 | 44 |

ധാരാളമായി കണ്ടുവരുന്നുണ്ട്. ഗ്രാമത്തിൽ ധാരാളം ആളുകൾ ദാരിദ്ര്യത്തിൽ കഴിയുന്നുണ്ട്. ആഹാരവും വസ്ത്രവും പാർപ്പിടവും ശരിയായ രീതിയിൽ ഇല്ലാത്ത താഴ്ന്ന വരുമാനക്കാരാണിവർ. ദാരിദ്ര്യത്തോടൊപ്പം അജ്ഞതയും അന്ധവിശ്വാസവും ഇവരുടെ ആരോഗ്യ ഹാനിക്ക് കാരണമാകുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസം മെച്ചപ്പെടുത്തി തെറ്റായ ഭക്ഷണ പാചകശീലങ്ങളും രീതികളും ഒഴിവാക്കി എളുപ്പത്തിൽ കിട്ടുന്നതും പോഷകാംശം കൂടുതൽ അടങ്ങിയിട്ടുള്ളതുമായ ഭക്ഷ്യവസ്തുക്കൾ കൂടുതൽ പ്രചരിപ്പിക്കേണ്ടതായുണ്ട്. ഒരു സമീകൃതാഹാരമെന്ന നിലയിൽ പാലിന്റെയും മുട്ടയുടെയും ഉപഭോഗം വർധിപ്പിച്ച് പോഷണ പ്രശ്നത്തോടൊപ്പം തന്നെ ഗ്രാമത്തിന്റെ തൊഴിലില്ലായ്മക്കും

ദാരിദ്ര്യത്തിനും ഒരളവിൽ പരിഹാരം കണ്ടെത്താൻ കഴിയും.

## ശുദ്ധജലത്തിന്റെ ഉപയോഗം

"വെള്ളം ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമാണ്. അതിനാൽ എല്ലാവരും വെള്ളം ഉപയോഗിച്ചേ പറ്റൂ"

ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണി പ്രധാനമായും ജലജന്യരോഗങ്ങളാണ്. കോളറ, ടൈഫോയിഡ്, അതിസാരം, വിരരോഗങ്ങൾ, വയറിളക്കം, മഞ്ഞപ്പിത്തം ഇവ ജലത്തിലൂടെ പകരുന്നതിനാൽ ഈ രോഗങ്ങളെ ചെറുക്കാൻ ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ കഴിയണം. നമ്മുടെ ഗ്രാമത്തിൽ ജലജന്യമായ രോഗങ്ങൾ ധാരാളം കണ്ടുവരുന്ന ചില പ്രദേശങ്ങളാണ് കുട്ടതട്ടി, കാരംകോട്, നെടുവേലി, കടുവാക്കുഴി, മൊട്ടമൂട്, കണക്കോട്, മാതാവീട് എന്നീ പ്രദേശങ്ങൾ. വർഷകാലങ്ങളിലും വേനൽക്കാലങ്ങളിലും കണ്ടുവരുന്ന പകർച്ചവ്യാധികളും ഗ്രാമത്തിലെ ഭീഷണിയാണ്. ചരിവു പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ ശുദ്ധ ജലോപയോഗത്തിന്റെ പ്രാധാന്യവും ജലശുദ്ധീകരണ രീതിയെക്കുറിച്ചുമുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ ശക്തമാക്കാനായി ശ്രദ്ധിക്കേണ്ടതാണ്.

## പരിസരശുചിത്വം, പോഷകാഹാരം

ഗ്രാമസഭകളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലും പ്രഥമ വിവരശേഖരണത്തിൽ നിന്നും നമ്മുടെ ഗ്രാമത്തിലെ 55 ശതമാനത്തിലധികം വരുന്ന - വീടുകളിലും കക്കൂസുകൾ ഇല്ല എന്നതാണ് അവസ്ഥ. പിന്നോക്ക ദുർബല ജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന പ്രദേശമായതിനാൽ സാമ്പത്തിക പരാധീനതകൾ കാരണവും മലമൂത്ര വിസർജ്ജനം കക്കൂസിൽ നടത്തുന്നതിനെ കുറിച്ച് വേണ്ടത്ര ബോധമില്ലായ്മയും ഇതിന് കാരണമായിട്ടുണ്ട്.

ആശുപത്രികളെക്കൂടാതെ നമ്മുടെ പഞ്ചായത്തിൽ മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്ന കേന്ദ്രങ്ങളാണ് ഫീഡിംഗ് സെന്ററുകൾ. ഓരോ വാർഡിലെയും ഫീഡിംഗ് സെന്റർ പ്രവർത്തിക്കുന്ന പ്രദേശത്തെ ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും കുട്ടികളും ഉൾപ്പെടുന്നവർക്കാണ് പോഷഹാകാരം നൽകുന്നത്. കൃത്യമായ പ്രവർത്തനവും പരിമിതമായ ലക്ഷ്യവും മാത്രമേ ഈ സ്ഥാപനത്തിന് നേടുവാൻ കഴിയുന്നുള്ളൂ. ഫീഡിംഗ് സെന്ററുകളുടെയും, സബ് സെന്ററുകളുടെയും ആരോഗ്യ കേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് ഒരു വാർഡ് പ്രദേശത്തെ ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും.

അരനൂറ്റാണ്ട് പഴക്കമുള്ള കന്യാകുളങ്ങര സർക്കാർ ആശുപത്രിയുടെ അവസ്ഥ വളരെ ശോചനീയമാണ്. ഒ.പി സമയം

ആരോഗ്യമേഖലയിലുള്ള-സ്വകാര്യസ്ഥാപനങ്ങൾ

| | അലോപ്പതി | ആയുർവേദം | ഹോമിയോപ്പതി |
|---|---|---|---|
| ആശുപത്രികൾ | 3 | 0 | 0 |
| ക്ലിനിക്കുകൾ | 2 | 3 | 1 |
| ലബോറട്ടറികൾ | 1 | 0 | 0 |
| മരുന്നുകടകൾ | 1 | 2 | 0 |

കഴിഞ്ഞ് ആശുപത്രിയിലെത്തുന്നവരെ ശുശ്രൂഷിക്കുന്നതിന് മുഴുവൻ സമയ ചുമതലയുള്ള ഒരു ഡോക്ടറില്ല. രോഗികളെ കിടത്തി ചികിത്സിക്കുന്ന വാർഡു പരിസരം മുഴുവൻ മലിനമാണ്. പൊട്ടിപ്പൊളിഞ്ഞ കട്ടിലുകളും ജലമില്ലാത്ത പൊട്ടിയ ടാപ്പും പ്രാഥമിക സൗകര്യങ്ങൾക്കുള്ള സൗകര്യമില്ലായ്മയും ആശുപത്രിയുടെ പരാധീനതകളായി നിലനിൽക്കുന്നു. ബ്ലോക്ക് പിഎച്ച്സി ആയ ഈ ആശുപത്രിയെ ഒരു സിഎച്ച്സിയായി ഉയർത്തുവാൻ കഴിയണം. അര നൂറ്റാണ്ട് പഴക്കം അവകാശപ്പെടുന്ന ഈ ആശുപത്രിയിൽ കുടുംബാസൂത്രണ ശസ്ത്രക്രിയ ഒഴികെ ശസ്ത്രക്രിയാ സൗകര്യങ്ങളില്ല. കൂടുതൽ രോഗകളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമില്ലാത്ത IP വിഭാഗം പുന:സംഘടിപ്പിക്കേണ്ടതുണ്ട്.

കന്യാകുളങ്ങര ജംഗ്ഷൻ ദുർഗന്ധത്തിന്റെ പിടിയിലാണ്. അലഞ്ഞുതിരിയുന്ന നായ്ക്കൾ സ്കൂൾ കുട്ടികൾക്ക് ഭീഷണി പരത്തുന്നു. മാണിക്കൽ പഞ്ചായത്തിന്റെ വകയായി കന്യാകുളങ്ങര മാർക്കറ്റിൽ പ്രവർത്തിക്കുന്ന കശാപ്പുശാലയും വലിച്ചെറിയുന്ന മാംസ്യാവശിഷ്ടങ്ങളും മത്സ്യ മാർക്കറ്റിലെ അവശിഷ്ടങ്ങൾ, മറവു ചെയ്യാത്തതു മൂലം പരിസര മലിനീകരണം, ദുർഗന്ധം, അലഞ്ഞുതിരിയുന്ന നായ്ക്കളുടെ ശല്യം ഇവ കൂടി വരുകയാണ്. ഇവ മൂലം കന്യാകുളങ്ങര ജംഗ്ഷനിലൂടെയുള്ള യാത്രയും ജീവിതവും ദുസ്സഹമാണ്.

ആരോഗ്യ രംഗത്ത് കേരളം ഉയർന്ന നേട്ടങ്ങൾ കൈവരിച്ചു എന്ന് അവകാശപ്പെടുമ്പോൾ തന്നെ, നമ്മുടെ ഗ്രാമത്തിലെ വയറിളക്ക രോഗങ്ങളും വിര രോഗങ്ങളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നാമിനിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സംസ്ഥാന വരുമാനത്തിന്റെ നല്ലൊരു വിഹിതം (ഏകദേശം 17%) ആരോഗ്യമേഖലയ്ക്കാണ് ചെലവിടുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂന്നിയ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കുമാണ് ചെലവാക്കേണ്ടത്. വലിയ ആശുപത്രികൾക്കു വേണ്ടി ബജറ്റിന്റെ സിംഹഭാഗവും വിനിയോഗിക്കുന്നത് ഒഴിവാക്കണം. ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി - രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടപ്പോൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാസൂത്രണ പരിപാടികൾ മാത്രം നടത്തുന്ന സ്ഥാപനങ്ങളായി പോകരുത്.

## ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

ചീരാണിക്കരവാർഡിൽ 1984 മുതൽ പ്രവർത്തിച്ചു വരുന്നതും സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഹെൽത്ത് സബ്സെൻററിനെ റൂറൽ ഡിസ്പെൻസറിയായി ഉയർത്തുക.

കൈതക്കാട്ടിൽ സൗജന്യമായി ലഭിച്ചിട്ടുള്ള സ്ഥലത്ത് ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുക.

മാതൃശിശു സംരക്ഷണത്തിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുമായി തേക്കട വാർഡ് കേന്ദ്രത്തിൽ ഒരു സബ്സെൻറർ സ്ഥാപിക്കുക.

കന്യാകുളങ്ങര വാർഡിൽ വെമ്പായം മണ്ഡപത്തിനു സമീപം നിലവിലുള്ള വഴിയോര വിശ്രമകേന്ദ്രവും പൊതുക്കിണറും സംരക്ഷിക്കുക.

കന്യാകുളങ്ങര വാർഡിനുള്ളിലെ മുക്കോലയിലുള്ള പൊതുക്കിണറിന് സമീപമുള്ള കക്കൂസ് കുഴി മാറ്റിസ്ഥാപിച്ച് പൊതുക്കിണർ ഉപയോഗയോഗ്യമാക്കുക.

കാരംകോട് കുട്ടതട്ടി ഹരിജൻ കോളനിയിലെ ശവസംസ്കാരം ധാരാളം വീടുകൾ അടുത്തടുത്ത് നിലവിലുള്ള കോളനി നിവാസികളുടെ ആരോഗ്യ പ്രശ്നമാണ്, അതിന്, സത്വര പരിഹാരം കാണേണ്ടതായിട്ടുണ്ട്.

പോഷഹാകാരക്കുറവ് വളരെയധികം കണ്ടുവരുന്ന ഈ വാർഡിൽ ഫീഡിംഗ് സെൻറർ സ്ഥാപിക്കുക, ബ്ലോക്കു വഴി രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യ വിദ്യാഭ്യാസത്തിനുമായി ഒരു സബ്സെൻറർ സ്ഥാപിക്കുക.

കുറ്റിയാണി വാർഡിലുള്ള കുടുംബക്ഷേമ കേന്ദ്രത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുകയും സർക്കാർ കെട്ടിടം പണിയുകയും ചെയ്യുക

സാനിട്ടേഷൻ പ്രവർത്തനങ്ങൾക്ക് സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുക.

വേറ്റിനാട് വാർഡിനുള്ളിൽ പ്രവർത്തിച്ചുവരുന്ന കുടുംബക്ഷേമ കേന്ദ്രത്തിന് സ്വന്തമായിട്ട് ഒരു കെട്ടിടമില്ല.

പോഷഹാകാര കുറവ് വാർഡിൻെറ വിവിധ ഭാഗങ്ങളിൽ ധാരാളമായി കണ്ടുവരുന്നത് പരിഹരിക്കാൻ സത്വര ശ്രദ്ധയുണ്ടാകണം.

പെരുംകൂർ ലക്ഷംവീടിനോടു ചേർന്നുള്ള ശ്മശാനം മതിൽകെട്ടി സംരക്ഷിക്കുക.

നന്നാട്ടുകാവ് വാർഡിൽ വഴയ്ക്കാട് ഒന്നര ഏക്കർ സ്ഥലവും ഒരു കെട്ടിടവും (ഖാദി ബോർഡിൻെറ വക) പ്രവർത്തനമില്ലാതെ കിടപ്പാണ്. കിടക്കകളോടു കൂടിയ ഒരു ആശുപത്രി സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കുക.

രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യ ബോധവൽക്കരണത്തിനും കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കായി മൈലാടുംമുകളിലുള്ള സബ്സെൻററിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുക.

പരിസര മലിനീകരണം മൂലം ശുദ്ധജലലഭ്യതയ്ക്ക് ഭീഷണിയുണ്ടാകുന്നു. കൊഞ്ചിറ വാർഡ് പ്രദേശത്തെ കിണറുകൾ ക്ലോറിനേറ്റ് ചെയ്യുന്നതിന് ആരോഗ്യ പ്രവർത്തകർ സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തണം.

രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി സബ്സെൻറർ കൊഞ്ചിറ വാർഡിൽ സ്ഥാപിക്കുക.

അലഞ്ഞുതിരിയുന്ന നായ്ക്കൾ സൃഷ്ടിക്കുന്ന പേ വിഷബാധ ഭീഷണി ഒഴിവാക്കുന്നതിനായി ഉടമസ്ഥരുള്ള നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും അലഞ്ഞു തിരിയുന്നവയെ കൊന്നൊടുക്കാനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളിൽ ഒന്നായ മലമൂത്ര വിസർജ്ജനത്തിന് ആവശ്യമായ സൗകര്യമില്ലായ്മ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളായ പരിസര മലിനീകരണവും മലിനീകരണവും പരിഹരിക്കുന്നതിനായ് മിക്കവാറും എല്ലാ വാർഡുകളിൽ നിന്നും നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

തേക്കട വാർഡിലെ 360 വീടുകളിൽ 200 എണ്ണത്തിലും കാരംകോട് വാർഡിലെ പകുതിയോളം വീടുകളിലും പെരുംകൂർ വാർഡിലെ രണ്ടിലധികം കോളനികളിലായി ഇരുനൂറിലധികം കുടുംബങ്ങൾക്കും കുറ്റിയാണി വാർഡിലെ 200ഓളം കുടുംബങ്ങളിലും കണക്കോട് വാർഡിലെ പകുതിയിലേറെ വീടുകൾക്കും വേറ്റിനാട് വാർഡിൽ 45% വീടുകൾക്കും നെടുവേലി വാർഡിൽ കക്കൂസില്ലാത്ത ദുർബലവിഭാഗങ്ങൾക്കും നന്നാട്ടുകാവ് വാർഡിലെ (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കൂടുതലും അധിവസിക്കുന്ന) താഴന്ന വരുമാനക്കാരായ ആളുകൾക്കും വാർഡിലെ കക്കൂസില്ലാത്ത ദുർബല ജനവിഭാഗങ്ങൾക്കും കൊഞ്ചിറ വാർഡിലെ 100 കുടുംബങ്ങളിൽ പെടുന്ന പിന്നോക്ക വിഭാഗത്തിൽ പെട്ടവർക്കും റൂറൽ സാനിട്ടേഷൻ പദ്ധതി അനുസരിച്ച് കക്കൂസുകൾ നിർമിക്കാനാവശ്യമായ സാമ്പത്തിക സഹായം ചെയ്യുകയും വാർഡ് സമിതികളുടെയും സന്നദ്ധ സംഘടനകളുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.

## ഗ്രാമത്തിലെ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ

1. 1994 മുതൽ വെമ്പായം ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായി ഇനിയും ഒരു കെട്ടിടമില്ല.

2. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആവശ്യത്തിന് ഫർണീച്ചറില്ല.

3. രണ്ടു മുറികൾ മാത്രമുള്ള കെട്ടിടത്തിൽ പ്രവർത്തന സൗകര്യമില്ലായ്മ ഏറെയുണ്ട്. ഡോക്ടറുടെ രോഗനിർണയ പരിശോധനയും ഔഷധ വിതരണവും കുത്തിവയ്പ്പും ഒരു മുറിയിൽ നടത്തുന്നത്, നിലവിലുള്ള ചികിൽസാസൗകര്യങ്ങൾപോലും രോഗികൾക്ക് വേണ്ടവണ്ണം കിട്ടുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.

4. ഒരു സബ് സെൻററിൻെറ പ്രവർത്തനം നിശ്ചലമാക്കിയിട്ടാണ് ഒ.പിയിൽ എത്തുന്ന രോഗികൾക്ക് കുത്തിവയ്പ്പ് നടത്തുന്നതിന് ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിൻെറ സേവനം - പ്രയോജനപ്പെടുത്തുന്നത്.

5. ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെയും ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടറുടെയും മൂന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ആറ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും സേവനം പ്രാഥമികാരോഗ്യ കേന്ദ്രത്തിലുണ്ടെങ്കിലും കന്യാകുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഇവരുടെ ഭരണപരമായ ചുമതലകൾ കൂടി വിട്ടുകിട്ടാത്തതു കാരണം അവരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

6. നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ ഇനിയും നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

7. ആരോഗ്യ കേന്ദ്രത്തിന് വേണ്ട ലബോറട്ടറി സൗകര്യമില്ല.

8. ആവശ്യത്തിന് ജീവനക്കാരോ വാഹനമോ ഇല്ല.

9. വാക്സിൻ സൂക്ഷിക്കാനുള്ള ശീതീകരിണിയും കൊണ്ടുപോകുവാനുള്ള വാക്സിൻ കാരയറുകളും ഇല്ല.

10. ജലശുദ്ധീകരണത്തിനുള്ള ബ്ലീച്ചിങ്ങ് പൗഡറിനുള്ള ദൗർലഭ്യം അനുഭവപ്പെടുന്നു.

11. ആശുപത്രിയിലെത്തുന്ന രോഗികൾക്കും ജീവനക്കാർക്കും പ്രാവിൻെറ വിസർജ്ജ്യവസ്തുക്കൾ അസുഖങ്ങൾ ഉണ്ടാക്കുന്നു.

12. വെമ്പായം പഞ്ചായത്തില അലോപ്പതി-ആയുർവേദ - ഹോമിയോ ചികിത്സാകേന്ദ്രങ്ങൾ ഒരു പ്രദേശത്ത് കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ എല്ലാ വാർഡുകളിലെയും ജനങ്ങൾക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ സേവനം ലഭിക്കുന്നില്ല.

13. ഗ്രാമ പഞ്ചായത്തിലെ നാല് വാർഡുകൾ ഒഴികെ - ഒൻപത് (ചീരാണിക്കര, വേറ്റിനാട്, തീപ്പുകൽ, കുറ്റിയാണി) വാർഡുകളിലും സബ് സെൻററുകൾ ഇല്ല. തീപ്പുകൽ വാർഡിൽ മൈലാടും മുകളിൽ പ്രവർത്തിക്കുന്ന സബ് സെൻററിനൊഴികെ മറ്റൊന്നിനും സ്വന്തമായിട്ട് കെട്ടിടമില്ല.

14. അലഞ്ഞു തിരിയുന്ന നായ്ക്കൾ പെരുകുന്നതുമൂലം പേ വിഷബാധ പെരുകുന്നു.

15. പെരുംകൂർ ലക്ഷംവീടിനോട് ചേർന്നുള്ള ശ്മശാനവും കാരംകോട് വാർഡിൽ കുട്ടതട്ടി ഹരിജൻ കോളനിയിലെ ശ്മശാനവും സമീപവാസികൾക്ക് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

16. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും പിന്നോക്ക വിഭാഗത്തിൽ പെട്ടവർക്കും ദുർബല ജനവിഭാഗങ്ങൾക്കും വേണ്ടത്ര അടിസ്ഥാന സൗകര്യമില്ലാത്തതു കാരണം പരിസര മലിനീകരണവും ജലമലിനീകരണവും വർധിച്ചുവരുന്നു.

17. എല്ലാ വാർഡുകളിലും പോഷഹാകാര കുറവ് മൂലമുള്ള രോഗങ്ങൾ കണ്ടുവരുന്നു. കാരംകോട് വാർഡിൽ ഒരു പോഷഹാകാര കേന്ദ്രമില്ല.

18. ഫലപ്രദമായ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

19. പരിസര മലിനീകരണവും ജലമലിനീകരണവും മൂലം വേനൽക്കാലത്തും കടുത്ത മഴക്കാലത്തിന് ശേഷവും ജലജന്യമായ പകർച്ചവ്യാധികൾ പെരുകുന്നു.

20. ആയുർവേദ-ഹോമിയോ ഡിസ്പെൻസറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

21. വെമ്പായം പഞ്ചായത്തിൽ ജന അധിവാസം കൂടിയതു കാരണം മൃതശരീരം മറവു ചെയ്യുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

## ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ

- നമ്മുടെ പഞ്ചായത്തിലെ പ്രാഥമിക ചികിത്സാ കേന്ദ്രങ്ങൾ മുഴുവൻ ഒരു പ്രദേശത്ത് കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും ജനങ്ങൾക്കും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകത്ത രീതിയിൽ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിച്ചു കൊണ്ട് ആരോഗ്യ കേന്ദ്രങ്ങളുടെ സേനവം പഞ്ചായത്തിലെ എല്ലാവർക്കും പ്രയോജനപ്പെടുത്തണം.

- ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനത്തിന് നിർദ്ദേശിച്ചിട്ടുള്ള ഭൂമി അക്വയർ ചെയ്ത് ആശുപത്രി കെട്ടിടം എത്രയും വേഗം പണി പൂർത്തിയാക്കുക. കിടക്കകളോടു കൂടിയ ഒരാശുപത്രിയായി ഉയർത്തി രോഗപ്രതിരോ പ്രവർത്തനത്തിനും രോഗ ചികിത്സക്കും വേണ്ട പ്രവർത്തനങ്ങൾ ചെയ്യുക.

- പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ശുദ്ധജലം കിട്ടുന്നതിനായി പൊതു ടാപ്പുകൾ സ്ഥാപിക്കുക.

- ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരാശുപത്രി വികസന സമിതി പഞ്ചായത്തു പ്രസിഡൻറിൻെറ അധ്യക്ഷതയിൽ വിളിച്ചു ചേർത്ത് ആശുപത്രി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

- പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫർണീച്ചർ അനുവദിക്കുക.

- പിഎച്ച്സിയിൽ എത്തുന്ന രോഗികൾക്കായി ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുക.

-ഹെൽത്ത് ഇൻസ്പെക്ടറുടെയും ലേഡി ഹെൽത്ത് ഇൻസ്പെക്ടറുടെയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ജൂനിയർ പബ്ലിക് ബാൽ നഴ്സുമാരുടെയും ഭരണപരാമയ ചുമതല വെമ്പായം പിഎച്ച്സിയിലെ മെഡിക്കൽ ഓഫീസർക്ക് നൽകുക.

- ആരോഗ്യ കേന്ദ്രത്തിന് ലബോറട്ടറി സൗകര്യം ഉറപ്പുവരുത്തുക..

- വിസ്തൃതമായ പഞ്ചായത്തു പ്രദേശത്ത് ആരോഗ്യ

പ്രവർത്തനങ്ങൾക്കായി വാഹനസൗകര്യം ഏർപ്പെടുത്തുക.

- വാക്സിൻ സൂക്ഷിക്കുന്നതിനുള്ള ശീതീകരിണിയും വാക്സിൻ കാരിയറും ലഭ്യമാക്കുക.

- ഏകദേശം 15 സെൻറ് പുരയിടത്തിൽ പഞ്ചായത്ത് നിർമ്മിച്ച് നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വേറ്റിനാട് ആയുർവേദ ഡിസ്പെൻസറിയെ കിടക്കളോടു കൂടിയ മർമ്മ ചികിത്സാ കേന്ദ്രമായി ഉയർത്തുക.

- വൈദ്യുതിയും ഫർണീച്ചറും ആയുർവേദ ഡിസ്പെൻസറിക്ക് ലഭ്യമാക്കുക.

- പെരുംകൂറിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയുടെ സമീപത്തുള്ള കിണറ് വൃത്തിയാക്കി ശുദ്ധ ജലം ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക.

- ചൂടാക്കി തണുപ്പിച്ച ജലം ഉപയോഗിച്ച് മരുന്നുണ്ടാക്കുന്നതിനായി വാട്ടർ ഹീറ്റർ സ്ഥാപിക്കുക.

- ഹോമിയോ ഡിസ്പെൻസറിക്ക് ലാട്രിൻ സൗകര്യമുണ്ടാക്കുക.

- ഹോമിയോ ഡിസ്പെൻസറിയുടെ റെക്കാർഡുകൾ സൂക്ഷിക്കുന്നതിന് ഒരു അലമാര ലഭ്യമാക്കുക.

- നമ്മുടെ പഞ്ചായത്തിനുള്ളിലെ വിവിധ തരത്തിലുള്ള രോഗബാധിതരെ രോഗാരംഭത്തിൽ തന്നെ കണ്ടെത്തുന്നതിനും അവരെ ചികിത്സയിൽ കൊണ്ടുവരുന്നതിനുമായിട്ട് രോഗ നിർണ്ണയ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുക. സന്നദ്ധ സാംസ്കാരിക സംഘടനകളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകർക്കും ആരോഗ്യ പ്രവർത്തകർക്കും പ്രത്യേക പരിശീലനം നൽകി ഗൃഹസന്ദർശനത്തിലൂടെ രോഗ ലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തി, രോഗനിർണ്ണയ പരിശോധനാ ക്യാമ്പുകളിൽ എത്തിച്ച്, ചികിത്സയിൽ കൊണ്ടുവരാനും മാരകമായ രോഗങ്ങളിൽ നിന്ന് പ്രാരംഭ ചികിത്സ കൊണ്ടുതന്നെ മോചിപ്പിക്കാനും രോഗാതുരരുടെ അളവ് കുറയ്ക്കാനും കഴിയും.

- 13 വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ 4 ആരോഗ്യ ഉപകേന്ദ്രങ്ങളാണുള്ളത്. രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന നിലയിലെങ്കിലും ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കണം.

- വെമ്പായം പഞ്ചായത്തിൽ മൂന്ന് ഉപകേന്ദ്രങ്ങൾ പ്രവർത്തനം തുടങ്ങുക.

- ആരോഗ്യ ഉപകേന്ദ്രങ്ങളുടെയും ഫീഡിംഗ് സെൻററുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

- ഫീഡിംഗ് സെൻററുകളുടെയും ആരോഗ്യ ഉപകേന്ദ്രങ്ങളുടെയും സഹായത്തോടെ ഓരോ വാർഡിലും എല്ലാ മാസവും രോഗ പ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകളും സംഘടിപ്പിക്കുക.

- പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ നേതൃത്വത്തിലുള്ള ഒരു ടീം നേതൃത്വം നൽകുക.

- ആസൂത്രിതമായ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സന്നദ്ധ സാംസ്കാരിക സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുക.

- ഓരോ വാർഡിലും വാർഡ് മെമ്പറുടെ നേതൃത്വത്തിൽ വാർഡ് ആരോഗ്യ പ്രവർത്തന അവലോകന സമിതി രൂപീകരിച്ച് ആരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും അവലോകനം ചെയ്യുകയും ചെയ്യുക.

- വിദ്യാലയ ആരോഗ്യ പരിപാടി കാര്യക്ഷമമാക്കുക.

- ആവശ്യമായ വിദ്യാർഥികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുക.

- പഞ്ചായത്ത് പ്രദേശത്ത് ജനാധിവാസം കൂടിയതു കാരണം ശവശരീരം മറവു ചെയ്യാൻ ഒരു പൊതുജനാരോഗ്യ പ്രശ്നമായി മാറിയിട്ടുണ്ട് . പഞ്ചായത്ത് പൊതു ശ്മശാനം സ്ഥാപിക്കുക.

- പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ ഒരു ആംബുലൻസ് സർവീസ് ഏർപ്പെടുത്തുക.

- പഞ്ചായത്തിനുള്ളിലെ ഉടമസ്ഥരുള്ള മുഴുവൻ നായ്ക്കൾക്കും ലൈസൻസ് ഏർപ്പെടുത്തുക.

-താഴ്ന്ന വരുമാനക്കാർ ആയവരിൽ പോഷഹാകരാക്കുറവ് മൂലമുള്ള രോഗങ്ങൾ കണ്ടുവരുന്നുണ്ട്. പോഷഹാകാരക്കുറവ് പരിഹരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

- വേനൽക്കാലത്തും വർഷക്കാലത്തും ജലത്തിലൂടെയുള്ള പകർച്ചാവ്യാധികൾ തടയുന്നതിനായി ശുദ്ധജലം ഉപയോഗിക്കുന്ന മുഴുവൻ കിണറുകളിലും പ്രാദേശിക സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ക്ലോറിനേഷൻ നടത്തുക.

- വിസർജ്യങ്ങളിലൂടെ പുറത്തുവരുന്ന രോഗാണുക്കളാണ് ഭക്ഷണങ്ങളിലൂടെയും പാനീയങ്ങളിലൂടെയും മനുഷ്യനിലെത്തി രോഗങ്ങൾ ഉണ്ടാക്കുന്നത്. വിസർജ്യങ്ങൾ മറവ് ചെയ്യുന്നതിലൂടെയും കക്കൂസിൽ മലമൂത്ര വിസർജനം നടത്തുന്നതിലൂടെയും രോഗബാധ ഒഴിവാക്കാൻ കഴിയും.

-'ഒരു വീടിന് ഒരു കക്കൂസ്' എന്ന നയം കർശനമാക്കി കക്കൂസ് നിർമ്മാണത്തിന് വായ്പ ആവശ്യമുള്ള മുഴുവൻ പേർക്കും കക്കൂസിനുള്ള വായ്പ നൽകുക.

-'കമ്മ്യൂണിറ്റി ലാട്രിൻ' കോളനികളിൽ നിർബന്ധമാക്കുക.

- കക്കൂസുകൾ സ്ഥാപിക്കുന്നതിന് സന്നദ്ധ സംഘടനകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും സഹായം തേടുക.

- എല്ലാ വാർഡുകളിലും ജനകീയാരോഗ്യ സമിതികൾ സ്ഥാപിക്കുക.

- സഹകരണ മേഖലയിലോ/ ആശുപത്രി വികസന സമിതിയുടെ നേതൃത്വത്തിലോ ഒരു ന്യായവില മെഡിക്കൽ ഷോപ്പ് പഞ്ചായത്തിൽ ആരംഭിക്കുക.

- വെമ്പായം മണ്ഡപത്തിനു സമീപമുള്ള വഴിയോര വിശ്രമകേന്ദ്രവും പൊതുകിണറും സംരക്ഷിക്കുക.



# കുടിവെള്ളം

ശുദ്ധവായു പോലെ ശുദ്ധജലവും മനുഷ്യജീവിതത്തിൻെറ ആരോഗ്യകരമായ നിലനിൽപിന് അത്യാവശ്യമാണ്. ആരോഗ്യ വിദ്യാഭ്യാസം, ശുദ്ധജലത്തിൻെറ ഉപയുക്തതയെ പറ്റി പൊതുജനങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാക്കിയിട്ടുണ്ട്.

വെമ്പായം പഞ്ചായത്തിൽ പൊതുജനങ്ങൾ കുടിനീരിനായി മുഖ്യമായി ആശ്രയിക്കുന്നത് സ്വകാര്യ കിണറുകളെയാണ്. എന്നാൽ 42,240 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 9,778 വീടുകൾക്കേ കിണറുകളുള്ളു. ബഹുഭൂരിപക്ഷം കിണറുകളും ശരിയായ ചുറ്റുമതിൽ ഇല്ലാത്തവയോ മണ്ണു കൊണ്ട് നിർമ്മിച്ച് ഇടിപൊളിഞ്ഞ ചുറ്റുമതിലോടു കൂടിയവയോ ആണ്. പരിസര ശുചിത്വം പാലിക്കാത്തതിനാലും കിണറുകൾ തുറസായതിനാലും വൃക്ഷങ്ങളുടെ ഇലകളും മറ്റു മാലിന്യങ്ങളും കുടിവെള്ളത്തിൽ കലരാനുള്ള സാധ്യത വളരെ കൂടുതലാണ്. സാധാരണയായി പാകം ചെയ്യാൻ ഉപയോഗിക്കുന്ന ജലത്തിൽ കലർന്നിരിക്കാൻ സാധ്യതയുള്ള മാലിന്യങ്ങളും, രോഗാണുക്കളും നശിക്കുകയോ നിർവീര്യമാക്കുകയോ ചെയ്യും. എന്നാൽ കുടിക്കാന ഉപയോഗിക്കുന്ന വെള്ളം അണുമാലിന്യ വിമുക്തമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ജലജന്യ രോഗങ്ങൾക്ക് പ്രധാന ഹേതു കുടിവെള്ളത്തിൽ കലർന്നിരിക്കാനിടയുള്ള മാലിന്യങ്ങളും രോഗാണുക്കളുമാണ്.

ഒരു വീടിന് ഒരു കിണർ എന്ന നിലയിൽ കിണറില്ലാത്ത വീടുകൾക്ക് കിണർ നിർമ്മിക്കേണ്ടതാണ്. പൊതു കിണറുകളോ കുളങ്ങളോ ഉള്ള പ്രദേശങ്ങളിൽ ഒന്നിലധികം വീടുകൾക്ക് പ്രസ്തുത ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

ഈ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ എണ്ണം 12 ആണ്. കൂടാതെ 23 കുഴൽക്കിണറുകളും 32 പൊതു കിണറുകളും ഉണ്ട്. കുഴൽക്കിണറുകൾ മിക്കവയും ഉപയോഗശൂന്യമായി കിടക്കുകയാണ്. കുഴൽകിണറുകളിൽ ഇരുമ്പ് പൈപ്പ് ഉപയോഗിക്കുന്നതിനാൽ ഇരുമ്പിൻെറയും തുരുമ്പിൻെറയും അംശങ്ങൾ അധികമായി ജലത്തിൽ കലരുന്നതിനാൽ കുഴൽകിണറുകളിലെ ജലം ഉപയോഗിക്കാൻ കഴിയുന്നില്ല. കുഴൽകിണറുകളിൽ നിന്നും ലഭിക്കുന്ന ജലത്തിൽ ക്രമാതീതമായ തോതിൽ രാസവസ്തുക്കളുടെയും അമ്ല അംശത്തിൻെയും സാന്നിധ്യം കാരണം ഉപയോഗയോഗ്യമല്ല. കൈപ്പമ്പുകൾ പ്രവർത്തിക്കാത്തതിനാലും ചില കുഴൽക്കിണറുകൾ ഉപയോഗിക്കാൻ കഴിയാത്തതായിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഉള്ളതിനാൽ പുതുതായി കുഴൽക്കിണറുകൾ നിർമ്മിക്കുന്നത് യുക്തിസഹമല്ല. ഇരുമ്പു പൈപ്പുകൾക്കു പകരം പിവിസി പൈപ്പുകൾ മാറ്റിസ്ഥാപിച്ചും കുഴൽക്കിണറുകളിലെ ജലം ശാസ്ത്രീയ പരിശോധനയ്ക്കു വിധേയമാക്കി ഉപയുക്തത ബോധ്യപ്പെട്ടും നിലവിലുള്ള കുഴൽക്കിണറുകളെ ഉപയോഗപ്രദമാക്കേണ്ടതാണ്.

കിണറുകൾക്ക് ശരിയായ ചുറ്റുമതിലുകൾ കെട്ടിയും കിണറുകളുൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിച്ചും ശുദ്ധമായ കുടിനീരിൻെറ ലഭ്യത കാര്യക്ഷമമാക്കാൻ കഴിയും. ജനുവരി മാസം മുതൽ തന്നെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കറുകളിൽ ജലം എത്തിക്കേണ്ട സ്ഥിതിയാണ്. നെൽപ്പാടങ്ങൾ മൂടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതും മറ്റു കൃഷികൾക്ക് ഉപയോഗിക്കുന്നതും ജലസ്രോതസുകളുടെ സന്തുലനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

വീടുകളോടനുബന്ധിച്ചുള്ള സ്വകാര്യ കിണറുകളും അതുപോലെ പൊതുകിണറുകളും പരിശോധിക്കുന്നതിനും കിണർജലം, ലോകാരോഗ്യ സംഘടന നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന ഗുണമേന്മയുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ പഞ്ചായത്തുകമ്മിറ്റിയുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരെ കൊണ്ട് ചെയ്യാവുന്നതാണ്. അതുപോലെ കിണറുകളും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനാവശ്യമായ ആരോഗ്യ വിദ്യാഭ്യാസവും ബോധവൽക്കരണവും നടത്തേണ്ടതാണ്. കിണർജലം ശുദ്ധീകരിക്കുന്നതിന് ആവശ്യമായ ബ്ലീച്ചിങ്ങ് പൗഡർ പോലെയുള്ള രാസവസ്തുക്കൾ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിതരണം നടത്തണം.

വാട്ടർ അതോറിറ്റിയുടെ കീഴിൽ ഈ പഞ്ചായത്ത് അതിർത്തിക്കകത്ത് സ്ഥാപിച്ചിരിക്കുന്ന 12 പൊതുടാപ്പുകളിൽ മിക്കവയും ഉപയോഗശൂന്യമായി കിടക്കുകയാണ്. മൂന്ന് ടാപ്പുകളിൽ നിന്നു മാത്രമാണ് വല്ലപ്പോഴും വെള്ളം ലഭിക്കുന്നത്. സ്ഥിരമായി പമ്പിംഗ് നടത്താറില്ല. ടാപ്പുകൾ കേടായതും പൈപ്പുകൾ പൊട്ടിയൊലിക്കുന്നതും ആയതിനാൽ പമ്പു ചെയ്ത് സംഭരണിയിൽ എത്തിക്കുന്ന ജലം പോലും പാഴായിപ്പോകുന്നു. കന്യാകുളങ്ങരയിൽ സ്ഥാപിച്ചിട്ടുള്ള പൊതുജല വിതരണ സമ്പ്രദായം കാര്യക്ഷമവും സേവനക്ഷമവും ആക്കേണ്ടതാണ്. കേടുവന്ന ടാപ്പുകളും പൈപ്പുകളും അറ്റകുറ്റപ്പണികൾ നടത്തിയും മാറ്റി സ്ഥാപിച്ചും കൃത്യമായി പമ്പിംഗ് നടത്തിയും കാര്യക്ഷമത വർധിപ്പിക്കാം. വെള്ളം ശുദ്ധീകരിക്കുന്നതിന് ഉപയോഗിക്കുന്ന ബ്ലീച്ചിങ്ങ് പൗഡർ, ആലം തുടങ്ങിയ രാസവസ്തുക്കളുടെ അമിതവും അലസവുമായ ഉപയോഗം – കുടിവെള്ളത്തെ കൂടുതൽ മാരകമാക്കുന്നു. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

ലോകബാങ്കിൻെറ സഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല വിതരണപദ്ധതി അടിയന്തരമായി പഞ്ചായത്തു പ്രദേശത്തെ മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കിയാൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം ഒരുപരിധി വരെ പരിഹരിക്കാൻ കഴിയുന്നതാണ്.

ഓരോ പ്രദേശത്തെയും കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

| വാർഡിൻെറ പേര് | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| 1. ചീരാണിക്കര | കൊടിതൂക്കിക്കുന്ന് | കൊടിതൂക്കി കുന്നിൻെറ താഴ്‌വാരത്തുള്ള ജലസ്രോതസ് വികസിപ്പിച്ച് കൊടിതൂക്കിക്കുന്നിൽ ജലസംഭരണി സ്ഥാപിച്ച് വിതരണം നടത്താവുന്നതാണ്. |
| 2. തേക്കട | തേക്കട മൈലാടുംമുകൾ പ്രദേശം | തേക്കട കുതിരാലഞ്ചാം കുളത്തിലെ ജലം ശുദ്ധീകരിച്ച് മൈലാടുംമുകളിൽ ടാങ്ക് സ്ഥാപിച്ച് വിതരണം നടത്താവുന്നതാണ്. |
| 3. കാരംകോട് | കുഴിവിള പ്രദേശം | മടന്തക്കാട് ജലസ്രോതസ് വികസിപ്പിച്ച് കുഴിവിളയിൽ ജലസംഭരണി സ്ഥാപിച്ച് വിതരണം നടത്താവുന്നതാണ്. |
| 4. കന്യാകുളങ്ങര | കന്യാകുളങ്ങര | പൊതുടാപ്പുകളുടെ കേടുപാടുകൾ തീർത്തു കാര്യക്ഷമത വർധിപ്പിക്കേണ്ടതാണ്. |
| കന്യാകുളങ്ങര | മണ്ഡപം പ്രദേശം | മണ്ഡപത്തിൽ വഴിയമ്പലത്തിനോടു ചേർന്നുള്ള പൊതുകിണർ ആഴം വർധിപ്പിച്ച് വൃത്തിയാക്കേണ്ടതാണ്. |
| 6. കാരംകോട് | ഊത്തപ്പുര | ഊത്തപ്പുര ചിറയിലെ ജലം ശുദ്ധീകരിച്ച് ഗാന്ധി സ്മാരക നിധിയുടെ സമീപത്ത് ജലസംഭരണി സ്ഥാപിച്ച് വിതരണം ചെയ്യാം. |
| 7. കന്യാകുളങ്ങര | മുക്കോലയ്ക്കൽ വലിയവിള | വലിയവിളയിലുള്ള പൊതുകിണറിനു സമീപമുള്ള കക്കൂസ് മാറ്റി സ്ഥാപിച്ച് കിണർ ഉപയോഗയോഗ്യമാക്കേണ്ടതാണ്. മൈലോട്ടുകോണത്തുള്ള ജലസ്രോതസ് ഉപയോഗപ്പെടുത്താവുന്നതാണ്. |
| പെരുകൂർ | സിയോൺകുന്ന് കോളനി നരിക്കല്ല് പുങ്കുമ്മൂട് ചിറമുക്ക് | ഈ പ്രദേശങ്ങളിലുള്ള പൊതുകിണറുകളുടെ ആഴം വർധിപ്പിച്ച് ശുദ്ധജല ദൗർലഭ്യം പരിഹരിക്കാം. നെടുംതോട്ട് എന്ന സ്ഥലത്തുള്ള നീരുറവ വികസിപ്പിച്ച് നരിക്കല്ലിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് വിതരണം നടത്താവുന്നതാണ്. |
| വേറ്റിനാട് | മുളങ്കാട് | ലൂർദ്ദ് മൗണ്ട് സ്കൂളിനു വടക്കുവശത്തുള്ള നീരുറവ വികസിപ്പിച്ച് മുളങ്കാട്ടിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്താവുന്നതാണ്. |
| കണക്കോട്, വേറ്റിനാട് | അറവലക്കുന്ന് മൊട്ടമൂട് ഹരിജൻ കോളനി തണ്ണിപ്പാറ | നെടുമങ്ങാട് മുനിസിപ്പൽ അതിർത്തിയിൽ അറവലക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്കിൽ നിന്നും പൈപ്പ്ലൈൻ സ്ഥാപിച്ച് ജലവിതരണം നടത്താവുന്നതാണ്. |
| വഴയ്ക്കാട് | നെടുവേലി ഹരിജൻ കോളനി, ശിവൻകോണം, വെട്ടവിളക്കുന്ന് | ഈ പ്രദേശങ്ങളിൽ നിലവിലുള്ള പൊതുകിണർ ആഴം വർധിപ്പിച്ച് ജലക്ഷാമം പരിഹരിക്കാവുന്നതാണ്. ശിവൻകോണം ജലസ്രോതസ് വികസിപ്പിച്ച് കാപ്പിത്തോട്ടത്ത് ടാങ്ക് സ്ഥാപിച്ച് വിതരണം നടത്താവുന്നതാണ്. |
| കൊഞ്ചിറ | വിവിധ പ്രദേശങ്ങൾ | 'ദശലക്ഷം കിണർ' പദ്ധതിപ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കിണർ കുഴിക്കാൻ സാമ്പത്തിക സഹായം നൽകുക. വാർഡിൻെറ മധ്യഭാഗത്തു കൂടി കടന്നുപോകുന്ന തോടിൻെറ വിവിധ ഭാഗങ്ങളിൽ തടയണകൾ നിർമ്മിച്ച് കിണറുകളിലെ ജലലഭ്യത വർധിപ്പിക്കാവുന്നതാണ്. |
| നെടുവേലി: നന്നാട്ടുകാവ് | മാതാവീട് കോളനി കടുവാക്കുഴി നെല്ലിക്കുന്ന്, പുത്തൻവിള, ആലുവിള | നീരുറവയുള്ള ചിറമൂല മലയക്കോണം പോടിക്കോണം എന്നീ സ്ഥലങ്ങളിൽ കുളങ്ങൾ കുഴിച്ച് ശുദ്ധജലം പമ്പുചെയ്ത് വിതരണം നടത്താവുന്നതാണ്. |
| | കാരംകോട്, വെട്ടുപാറ, മഞ്ഞപ്പാറ കടുക്കത്തേരി കുട്ടതട്ടി | പ്രസ്തുത സ്ഥലങ്ങളിൽ പൊതുകിണർ കുഴിക്കുക. നിലവിലുള്ള പൊതുകിണർ ആഴം വർധിപ്പിക്കുക. പഞ്ചായത്തിന് സറണ്ടർ ചെയ്ത സ്ഥലത്തുള്ള കുളം വികസിപ്പിച്ച് ശുദ്ധജലം ഉപയോഗിക്കാവുന്നതാണ്. വറ്റാത്ത ജലസ്രോതസ്സുകളായ നെയ്തോട് ചപ്പാത്തിക്കുഴി എന്നിവിടങ്ങളിൽ ബണ്ട് നിർമ്മിച്ച് ജലവിതരണം നടത്താവുന്നതാണ്. |
| തീപ്പുകൽ | മൈലാടുംമുകൾ | കല്ലൂർകൊണത്ത് കുളം കുഴിച്ച് മൈലാടും മുകളിൽ ഓവർഹെഡ് സ്ഥാപിച്ച് ജലവിതരണം നടത്താവുന്നതാണ്. |
| | കൊടിക്കുന്ന് പന്തലക്കോട് തെന്നൂർക്കോണം | കൊടിക്കുന്നിൽ ഓവർഹെഡ് ടാങ്ക് സ്ഥാപിക്കുക. ഭൂഗർഭ ജലവകുപ്പ് കണ്ടെത്തിയ ജലസ്രോതസുകളെ ഉപയോഗയോഗ്യമാക്കുക. വട്ടപ്പാറ ഒഴുകുപാറ വരെയുള്ള പൈപ്പ് ലൈൻ പന്തലക്കോട് വട്ടക്കരിക്കകം പ്രദേശങ്ങളിലേക്ക് നീട്ടുക. |

# വിദ്യാഭ്യാസം



"വിദ്യാഭ്യാസം ഇന്നുള്ളതുപോലെ ഒരു സ്വകാര്യ പ്രക്രിയ അല്ല. ഓരോരുത്തരും സ്വന്തം കുഞ്ഞിനെ പ്രത്യേകമായി വളർത്തുകയും അവരെന്തു പഠിക്കണമെന്നും തങ്ങൾ തീരുമാനിക്കുന്നുവോ, അത്രമാത്രം പഠിപ്പിക്കുകയും ചെയ്യുന്ന രീതിയാണിന്ന്. എല്ലാവർക്കും ഒരേതരം വിദ്യാഭ്യാസം നൽകണം. മുഴുവൻ സമുദായത്തിൻേറതായ എല്ലാ കാര്യങ്ങളിലും വ്യക്തിയെ, അവ നിർവ്വഹിക്കുവാൻ പഠിപ്പിക്കേണ്ടതും സമൂഹത്തിൻെറ മൊത്തം താൽപ്പര്യത്തിനനുസൃതമായാണ്."

– അരിസ്റ്റോട്ടിൽ – 'പൊളിറ്റിക്സിൽ' നിന്ന്

സമൂഹത്തിൽ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന, പ്രതിബദ്ധതയുള്ള ഒരു തലമുറയെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. സാർവ്വത്രിക വിദ്യാഭ്യാസ വിഷയത്തിൽ മുൻപന്തിയിലാണ് കേരളം. ദേശീയ തലത്തിലുള്ള നമ്മുടെ വിദ്യാഭ്യാസ പുരോഗതി വെമ്പായം പഞ്ചായത്തിലും ശക്തമായി പ്രതിഫലിക്കുന്നുണ്ട്. നന്നാട്ടുകാവ് ചാത്തമ്പാട് പ്രദേശത്ത് ശ്രീ. ശിവശങ്കരപ്പിള്ള സാർ തുടങ്ങിയ കുടിപ്പള്ളിക്കൂടമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. തുടർന്ന് വേറ്റിനാട്ട് ഒരു കുടപ്പള്ളിക്കൂടം തുടങ്ങി. കന്യാകുളങ്ങര പടിപ്പുരവിളാകത്ത് സ്ഥാപിച്ചതാണ് ഈ പ്രദേശത്തെ പ്രഥമ പൊതു ദ്യാഭ്യാസ സ്ഥാപനം. നിലത്തെഴുത്തിൽ തുടങ്ങിയ ഔദ്യോഗിക പൊതുവിദ്യാഭ്യാസം പഞ്ചായത്തിൽ ഇന്ന് അനേകം എൽ. പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻററികളിലായി വ്യാപിച്ചു കിടക്കുന്നു.

പഞ്ചായത്തിലെ സ്കൂളുകൾ

| | | |
|---|---|---|
| 1 | എൽ. പി. എസ്, ചീരാണിക്കര | സർക്കാർ |
| 2. | എൽ. പി. എസ്, തേക്കട | സർക്കാർ |
| 3. | എൽ. പി. എസ്. കന്യാകുളങ്ങര | സർക്കാർ |
| 4. | എൽ. പി. എസ്. പുങ്കുമ്മൂട് | സർക്കാർ |
| 5 | എൽ. പി. എസ്. നന്നാട്ടുകാവ് | സർക്കാർ |
| 6 | എൽ. പി. എസ്., കുറ്റ്യാണി | സർക്കാർ |
| 7 | ന്യൂ എൽ പി എസ്, ചീരാണിക്കര | എയിഡഡ് |
| 8 | യു പി എസ്സ് കൊഞ്ചിറ | സർക്കാർ |
| 9 | സെൻറ് തോമസ്സ് യു. പി. എസ്. പോത്തൻകോട് | എയിഡഡ് |
| 10 | ബോയ്സ് ഹൈസ്കൂൾ, കന്യാകുളങ്ങര | സക്കാർ |
| 11 | ലൂർദ് മൗണ്ട് ഹൈസ്കൂൾ, വട്ടപ്പാറ | അൺഎയിഡഡ് |
| 12 | ഹയർ സെക്കൻററി സ്കൂൾ, നെടുവേലി | സർക്കാർ |

ചീരാണിക്കര എൽ. പി. എസ്., കുറ്റ്യാണി എൽ. പി.

എസ്. കന്യാകുളങ്ങര ബോയ്സ് ഹൈസ്കൂൾ, നെടുവേലി ഹയർ സെക്കൻററി സ്കൂൾ എന്നിവിടങ്ങളിൽ പ്രീപ്രൈമറികൾ പ്രവർത്തിക്കുന്നു. അംഗീകാരമില്ലാത്ത വേറേ രണ്ടു സ്കൂളുകളും 7 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു ഐ. ടി. സി.യും അനേകം ബാലവാടികളും സ്വകാര്യ നഴ്സറികളും ട്യൂഷൻ സെൻററുകളും വെമ്പായം പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ വിഷയത്തിൽ പഞ്ചായത്ത് എന്നും ജാഗരൂകമാണ്. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള സഹായം നൽകുക, പ്രശസ്ത നിലയിൽ പരീക്ഷ പാസ്സാകുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകുക തുടങ്ങിയ കാര്യങ്ങളിൽ ഈ സംഗതി വ്യക്തമായിക്കാണാം. D.P.E.P. , വിദ്യാജ്യോതി പ്രവർത്തനങ്ങൾ നന്നായി സംഘടിപ്പിച്ചു. എന്നാൽ തുടർ പ്രവർത്തനങ്ങളിൽ വീഴ്ച വന്നിട്ടുണ്ട്.

പഞ്ചായത്തിലെ 12 സ്കൂളുകളിലായി 3942 ആൺകുട്ടികളും 2334 പെൺകുട്ടികളും ഉൾപ്പെടെ 5976 കുട്ടികൾ പഠി

| അദ്ധ്യാപകരെയും വിദ്യാർഥികളെയും സംബന്ധിച്ച വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| | അദ്ധ്യാപകർ | | | കുട്ടികൾ | | |
| സ്കൂളിൻെറ പേര് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| H.S.S. നെടുവേലി | 4 | 12 | 16 | 189 | 154 | 143 |
| B.H.S. കന്യാകുളങ്ങര | 14 | 22 | 36 | 964 | - | 964 |
| LMEHS വട്ടപ്പാറ | 1 | 42 | 43 | 1095 | 819 | 1914 |
| ന്യൂ UPS ചീരാണിക്കര | - | 5 | 5 | 53 | 55 | 108 |
| UPS കൊഞ്ചിറ | 4 | 15 | 19 | 297 | 315 | 612 |
| സെൻറ് തോമസ് UPS പോത്തൻകോട് | 3 | 9 | 12 | 200 | 181 | 381 |
| LPS. ചീരാണിക്കര | 2 | 6 | 8 | 103 | 110 | 213 |
| LPS കന്യാകുളങ്ങര | 3 | 15 | 18 | 327 | 274 | 601 |
| LPS പൂങ്കുംമൂട് | 1 | 3 | 4 | 50 | 37 | 87 |
| LPS തേക്കട | 2 | 7 | 9 | 120 | 146 | 266 |
| LPS നന്നാട്ടുകാവ് | 3 | 6 | 9 | 111 | 115 | 226 |
| LPS കുറ്റിയാനി | 1 | 7 | 8 | 133 | 128 | 261 |
| ആകെ | 38 | 149 | 187 | 3942 | 2334 | 5976 |

ക്കുന്നുണ്ട്. ഇവരിൽ 424 കുട്ടികൾ പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്. മൊത്തം കുട്ടികളുടെ 7% മാത്രമാണിത്. കൂടാതെ നമ്മുടെ പഞ്ചായത്തിലെ ധാരാളം കുട്ടികൾ തൊട്ടടുത്തുള്ള കന്യാകുളങ്ങര ജി. എച്ച്. എസ്., വട്ടപ്പാറ എൽ എം എസ്. പോത്തൻകോട് എൽ. വി. എച്ച്. എസ്., അയിരൂപ്പാറ എച്ച് എസ് എന്നിവിടങ്ങളിലും പോയി പഠിക്കുന്നുണ്ട്. ആകെ 187 അദ്ധ്യാപരുള്ളതിൽ 38 പേർ പുരുഷന്മാരും 149 പേർ സ്ത്രീകളുമാണ്. പട്ടിക - 1 കാണുക.

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളും ഏക എച്ച് എസ്സ് എസ്സും എസ്. എസ്. എൽ. സി. വിജയത്തിൽ ഉന്നതനിലവാരം പുലർത്തുന്നു. ലൂർദ് മൗണ്ട് എച്ച് എസ്സ് വർഷങ്ങളായി 100% ഉം നെടുവേലി ഹയർ സെക്കൻററി സ്കൂൾ 60 - 74) ഉം നേടുന്നു. താരതമ്യേന മോശമായിരുന്ന ബി. എച്ച്. എസ്സ് 1996 മാർച്ച് എസ്. എസ്. എൽ. സി. പരീക്ഷയിൽ 50% ത്തിനു മുകളിൽ എത്തിയിട്ടുണ്ട്. (പട്ടിക 2)

| കഴിഞ്ഞ അഞ്ചു വർഷത്തെ S.S.L.C നിലവാരം (ശതമാനത്തിൽ) | | | |
|---|---|---|---|
| | B.H.S. കന്യാകുളങ്ങര | H.S.S. നെടുവേലി | ലൂർദ് മൗണ്ട് H.S. വട്ടപ്പാറ |
| 1991-92 | 34 | 73 | 100 |
| 1992-93 | 25 | 74 | 100 |
| 1993-94 | 42 | 65 | 100 |
| 1994-95 | 38 | 65 | 100 |
| 1995-96 | 50 | 60 | 100 |

കൊഴിഞ്ഞു പോക്ക് താരതമ്യേന കുറവാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളിലാണധികവും ഈ പ്രവണത കാണുന്നത്. വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളിലൊന്നാണിത്. അവർക്കായി എന്തെങ്കിലും സഹായ പദ്ധതികൾ ആവിഷ്ക്കരിച്ചാൽ അവരെ വിദ്യാലയങ്ങളിൽ തുടർന്നു പിടിച്ച് നിർത്താനാവും.

എന്നാൽ പഞ്ചായത്തിലെ സ്കൂളുകളിലെ അക്കാദമിക്ക് നിലവാരം അത്ര മെച്ചമല്ല എന്നു കണക്കുകൾ കാണിക്കുന്നു. 30%ത്തിനു താഴെ മാർക്കു നേടിയവർ 44 കുട്ടികളുണ്ട്. 60%ത്തിനുമേൽ മാർക്കു നേടിയവർ 21%മേ ഉള്ളു. ഇതിനിടയ്ക്കുള്ളത് 35%വും. ഇതൊരു പ്രശ്നമാണ്. പി. ടി. എ., മാതൃസംഗം എന്നിവ കുറേക്കൂടി ശക്തമാക്കുകയും ഡി. പി. ഇ. പി. വിദ്യാജോതി എന്നിവ കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതിൻെറ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. പട്ടിക3 കാണുക.

പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും ശക്തമായ പി. ടി. എ ഉണ്ട്. പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക,

പട്ടിക - 3

| അക്കാദമിക് നിലവാരം | | | | | | |
|---|---|---|---|---|---|---|
| | | കുട്ടികളുടെ പൊതുനിലവാരം | | | | |
| ക്ലാസ് | ആകെ കുട്ടികൾ | 30%ൽ താഴെ | 31-40% | 41-50% | 51-60% | 60%നു മുകളിൽ |
| III | 653 | 266 | 118 | 43 | 85 | 141 |
| IV | 727 | 316 | 92 | 124 | 67 | 121 |
| V | 645 | 212 | 93 | 93 | 96 | 151 |
| VI | 616 | 223 | 71 | 93 | 84 | 145 |
| VII | 608 | 245 | 74 | 78 | 81 | 130 |
| VIII | 696 | 277 | 43 | 30 | 87 | 89 |
| IX | 454 | 241 | 44 | 28 | 43 | 98 |
| X | 392 | 208 | 38 | 33 | 36 | 77 |
| ആകെ | 4591 | 1958 | 580 | 322 | 549 | 952 |
| ശതമാന | 100 | 44 | 12 | 11 | 12 | 21 |

കുടിവെള്ള പ്രശ്നം പരിഹരിക്കുക, പുതിയ കെട്ടിടങ്ങളും ക്ലാസ്സ് മുറികളും ഉണ്ടാക്കിക്കൊണ്ട് സ്ഥലപരിമിതി പരിഹരിക്കുക തുടങ്ങി നിരവധി കാര്യങ്ങളിൽ പി. ടി. എ.കൾ ഇടപെടുന്നു. പലയിടത്തുമുള്ള ക്ലാസ്സ്റൂം പി. ടി. എകളും മാതൃസംഗങ്ങളും പി. ടി. എകളുടെ സാന്നിദ്ധ്യം വിളിച്ചറിയിക്കുന്നു. പ്രീ - പ്രൈമറി നടത്തുന്നതിലും ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നതിലും പി. ടി. എക്കാർ ശ്രദ്ധിക്കുന്നു. എന്നാൽ അക്കാദമിക്ക് നിലവാരം മെച്ചമാക്കാൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

ലാബറട്ടറികൾക്കും ലൈബ്രറികൾക്കും വിദ്യാഭ്യാസ നിലവാരമുയർത്തുന്ന കാര്യത്തിലുള്ള പങ്ക് വളരെ വലുതാണ്. പക്ഷേ എന്തുകൊണ്ടോ ഇവയെ ഗൗരവമായി കാണുന്നില്ല. ഏതാനും ചില സ്കൂളുകളിൽ മാത്രമേ ലാബും ലൈബ്രറികളും ഉള്ളു. ഉള്ള സ്ഥലങ്ങളിൽ ഇവ ഫലപ്രദമായി പ്രവർക്കുന്നില്ലെന്നതാണ് അനുഭവം. ഇവ ഉപയോഗപ്പെടുത്താൻ സത്വര നടപടി ഉണ്ടാകണം.

കലാകായിക രംഗങ്ങളിൽ പഞ്ചായത്തിൻെറ സ്കൂളുകൾ മോശമാണ്. ജില്ലാ തലത്തിൽ 259 കുട്ടികളും സംസ്ഥാന തലത്തിൽ 99 കുട്ടികളും ദേശീയ തലത്തിൽ 37 കുട്ടികളും കഴിഞ്ഞ വർഷം പുരസ്ക്കാരങ്ങൾ നേടി. 35 കുട്ടികൾക്ക് മെരിറ്റ് സ്കോളർഷിപ്പും 643 കുട്ടികൾക്ക് ലംസംഗ്രാൻറും 56 കുട്ടികൾക്ക് മുസ്ലീം ഗേൾസ് സ്കോളർഷിപ്പും 17 കുട്ടികൾക്ക് വികലാംഗ സ്കോളർഷിപ്പും, ആറു കുട്ടികൾക്ക് ജവന്മാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പും ഒരു കുട്ടിക്ക് ബീഡിത്തൊഴിലാളി സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്.

| അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ | | | |
|---|---|---|---|
| സ്കൂൾ | അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം |
| H.S.S. നെടുവേലി | 16 | 16 | - |
| B.H.S. കന്യാകുളങ്ങര | 36 | 36 | - |
| ലൂർദ് മൗണ്ട് H.S. വട്ടപ്പാറ | 43 | 43 | - |
| ന്യൂ UPS ചീരാണിക്കര | 5 | 5 | - |
| U.P.S. കൊഞ്ചിറ | 19 | 19 | - |
| സെൻറ് തോമസ് UPS പോത്തൻകോട് | 12 | 12 | - |
| LPS ചീരാണിക്കര | 8 | 8 | - |
| LPS തേക്കട | 9 | 9 | - |
| LPS കന്യാകുളങ്ങര | 18 | 18 | - |
| LPS പുങ്കുംമൂട് | 4 | 4 | - |
| LPS നന്നാട്ടുകാവ് | 9 | 9 | - |
| LPS കുറ്റിയാനി | 8 | 8 | - |
| ആകെ | 187 | 187 | - |

ഔപചാരിക വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാര്യമായ പങ്ക് വഹിക്കുന്നുണ്ട്. ഒട്ടേറെ പാരലൽ കോളേജുകളും ട്യൂഷൻ ഹോമുകളും ഈ പഞ്ചായത്തിലുണ്ട്. ഔപചാരിക വിദ്യാഭ്യാസ രംഗത്തും ഒനൗപചാരിക വിദ്യാഭ്യാസ രംഗത്തും ഇടപെടുന്ന അനൗദ്യോഗിക ഏജൻസികളുടെ കൂട്ടത്തിൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ പ്രവർത്തനം ശ്രദ്ധേയമാണ്. പരിഷത്ത് സംഘടിപ്പിക്കുന്ന വിജ്ഞാനോത്സവം കുട്ടികളുടെ വിജ്ഞാന നിലവാരം ഉയർത്തുന്നതിൽ ചെയ്യുന്ന സേവനം നിസ്തുലമാണ്. അനൗപചാരിക വിദ്യാഭ്യസ രംഗത്തെ മറ്റൊരു ശ്രദ്ധേയമായ പ്രവർത്തനമാണ് സാക്ഷരതാ പരിപാടി. ഒന്നാംഘട്ട പ്രവർത്തനത്തിൽ 94% സാക്ഷരത നേടാൻ നമുക്കായി. എന്നാൽ തുടർ സാക്ഷരതാ പരിപാടിയിൽ നാം പരാജയപ്പെട്ടു.

വിദ്യാഭ്യാസരംഗം രൂക്ഷമായ പ്രതിസന്ധിയിലാണിന്ന്. സ്വകാര്യവത്ക്കരണവും വരേണ്യവൽക്കരണവും ഒരു ഫാഷനായി മാറിയിരിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നമ്മുടെ കുട്ടികളെ റാഞ്ചിയെടുക്കുന്നു. ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർപോലും ഇക്കാര്യത്തിൽ പിന്നോക്കമല്ല. തന്മൂലം തകർക്കപ്പെടുന്നത് പൊതുവിദ്യാഭ്യാസ രംഗമാണ്. ഇതിനെ

തിരേ ശക്തമായ നിലപാടുകളും ബദലുകളും ഉണ്ടാക്കിയില്ലെങ്കിൽ നമുക്ക് നഷ്ടമാകുന്നത് ഒരു ദേശീയ പാരമ്പര്യമായിരിക്കും.

**പ്രശ്നങ്ങൾ, പരിമിതികൾ**

1 പഞ്ചായത്തിലെ പല സ്കൂളുകളിലും ചുറ്റുമതിൽ ഇല്ല.
2 ആവശ്യത്തിന് കെട്ടിടങ്ങൾ പല സ്കൂളുകളിലും ഇല്ല. തേക്കട എൽ പി എസ്സിലെ കെട്ടിടം തീരെ പഴയതാണ്.
3 മൂത്രപ്പുരകളുടെ അപര്യാപ്തത മിക്കസ്കൂളിലും ഉണ്ട്.
4 കുടിവെള്ളക്ഷാമം എല്ലായിടത്തും പ്രശ്നമാണ്.
5 പാചകപ്പുര ഇല്ലാത്ത സ്കൂളുകളുണ്ട്. ചിലേടത്ത് ഭാഗികമായേ ഉള്ളു.
6 ക്ലാസ്സ് മുറികൾ കുറവുണ്ട്. പഠനോപകരണങ്ങൾ കുറവുണ്ട്.
7 പല സ്കൂളുകളിലും വൈദ്യുതി ലഭിച്ചിട്ടില്ല.
8 സാമൂഹ്യവിരുദ്ധശല്യം പല സ്കൂളുകളിലും ഉണ്ട്.
9 സാമ്പത്തിക പരാധീനതമൂലം പല കുട്ടികളും പഠിത്തം നിർത്തുന്നു.
10 ചീരാണിക്കരയിൽ 7 കി. മീ. ചുറ്റളവിൽ ഹൈസ്കൂൾ ഇല്ല.
11 പല വാർഡുകളിലും പ്രീ - പ്രൈമറി ഇല്ല.
12 എല്ലാ പ്രീ - പ്രൈമറികളിലും കളിക്കോപ്പുകളും മറ്റ് പഠനോപകരണങ്ങളും ഇല്ല.
13 കളിസ്ഥലമില്ലാത്ത സ്കൂളുകൾ ധാരാളമുണ്ട്.
14 കുട്ടികളുടെ ഇംഗ്ലീഷ് നിലവാരം കറുഞ്ഞുവരുന്നു.
15 അദ്ധ്യാപകർ കൂടെക്കൂടെ സ്ഥലം മാറ്റപ്പെടുന്നു.
16 സ്കൂൾ തുറക്കുമ്പോൾ പലപ്പോഴും ആവശ്യത്തിന് അദ്ധ്യാപകരുണ്ടാവില്ല.
17 അദ്ധ്യാപകരിൽ ആത്മാർത്ഥത കുറഞ്ഞുവരുന്നു.
18 കലാ - കായിക പരിശീലനം മിക്ക സ്കൂളുകളിലും കാര്യമായി നടക്കുന്നില്ല.
19 നല്ലൊരു ശതമാനം കുട്ടികൾ അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കാൻ പോകുന്നു.
20 വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം പൊതുവെ കുറയുന്നു.
21 അദ്ധ്യാപക - വിദ്യാർത്ഥി അനുപാതത്തിൽ അപാകതയുണ്ട്.
22 തൊഴിലധിഷ്ഠിതമല്ല ഇന്ന് വിദ്യാഭ്യാസം.
23 പാഠപുസ്തകങ്ങൾ യഥാകാലം ലഭിക്കുന്നില്ല.

**പരിഹാര നിർദ്ദേശങ്ങൾ, സാധ്യതകൾ**

1. ചുറ്റുമതിൽ ഇല്ലാത്ത എല്ലാ സ്കൂളിലും ചുറ്റുമതിൽ നിർമ്മിക്കണം. കന്യാകുളങ്ങര എൽ. പി. എസ്സിലും ബി. എച്ച് എസ്സിലും മതിലിനു മീതെ കമ്പിവേലി കെട്ടണം.
2 മൂത്രപ്പുരകളില്ലാത്ത എല്ലാ സ്കൂളുകളിലും മൂത്രപ്പുര നിർമ്മിക്കണം.
3 കക്കൂസ് ഇല്ലാത്ത സ്കൂളുകളിൽ കക്കൂസ് നിർമ്മിക്കണം.
4 തേക്കട, കുറ്റ്യാണി എൽ പി എസ്സുകളിൽ കളിസ്ഥലം നിർമ്മിക്കണം.
5 പഠനോപകരണങ്ങൾ, ആഫീസുപകരണങ്ങൾ എന്നിവ നെടുവേലി എച്ച് എസ് എസ്, കൊഞ്ചിറ യു പി എസ്, സെൻറ് തോമസ് യു പി എസ്, കന്യാകുളങ്ങര, തേക്കട, കുറ്റ്യാണി എൽ പി എസ്സുകൾ എന്നിവയ്ക്കു നൽകണം.
6 കന്യാകുളങ്ങര പുങ്കുംമൂട് എൽ പി എസ്സിലെ കുടിനീർക്ഷാമം പരിഹരിക്കണം. തേക്കട, പുങ്കമൂട് എൽ പി എസ്സുകളിൽ കിണർ നിർമ്മിക്കണം. തേക്കട എൽ പി എസ്സിൽ കിണർ റോഡിനു മറുവശമുണ്ട്. അതിൽ പമ്പുസെറ്റ് സ്ഥാപിക്കണം.
7 പാചകപ്പുരകളില്ലാത്ത സ്കൂളുകളിൽ അവ നിർമ്മിക്കണം.
8 കുറ്റ്യാണി എൽ പി എസ്സിൽ കമ്മ്യൂണിറ്റി അടുപ്പ് സ്ഥാപിക്കണം.
9 കന്യാകുളങ്ങര, കുറ്റ്യാണി, പുങ്കുംമൂട്, നന്നാട്ടുകാവ് എൽ പി എസ്സുകളും ചീരാണിക്കര ന്യൂ യു. പി. എസ്സും കൊഞ്ചിറ യു പി എസ്സും വൈദ്യുതികരിക്കണം.
10 കന്യാകുളങ്ങര ബി. എച്ച്. എസ്. , കൊഞ്ചിറ യു പി എസ്സും തേക്കട, കുറ്റ്യാണി എൽ പി എസ്സുകൾ എന്നിവിടങ്ങളിൽ പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കണം. കന്യാകുളങ്ങര എൽ. പി. എസ്സിലെ ആസ്ബസ്റ്റോസ് കെട്ടിടം മാറ്റി പുതിയ കെട്ടിടം നിർമ്മിക്കണം.
11 തേക്കട എൽ പി എസ്, നന്നാട്ടുകാവ് എൽ പി എസ് എന്നിവിടങ്ങളിലും പ്രീ - പ്രൈമറിയില്ലാത്ത എല്ലാ വാർഡുകളിലും അത് സ്ഥാപിക്കണം.
12 എല്ലാ പ്രീ-പ്രൈമറികൾക്കും കളിക്കോപ്പുകളും

പഠനോപകരണങ്ങളും നൽകണം.

13 പെരുങ്കൂർ വാർഡിൽ നരിക്കല്ലിലുള്ള പുറമ്പോക്കു സ്ഥലം ഏറ്റെടുത്ത് പ്രീപ്രൈമറി സ്ഥാപിക്കണം.

14 പഠിത്തം നിർത്തിപ്പോകുന്ന കുട്ടികൾക്ക് പഠനോപകരണങ്ങളും മറ്റും നൽകി കൊണ്ടുവരണം.

15 സ്റ്റാഫ് റൂമുകൾ ഇല്ലാത്തിടത്ത് നിർമ്മിക്കണം.

16 കന്യാകുളങ്ങര ബി. എച്ച്. എസ്., വി. എച്ച് എസ് എസ്. ആക്കണം. ചീരാണിക്കര ന്യൂ യു. പി. എസ്. എച്ച് എസ്സ് ആക്കി ഉയർത്തണം. കുറ്റ്യാണി എൽ പി എസ്സ് അപ്ഗ്രേഡ് ചെയ്യണം. പൂങ്കുമൂട് എൽ. പി. എസ് യൂ. പി. എസ്സാക്കണം.

17 കന്യാകുളങ്ങര ബി. എച്ച് എസ്സിലും നെടുവേലി എച്ച് എസ്. എസ്സിലും കമ്പ്യൂട്ടർ കോഴ്സ് തുടങ്ങണം.

18 കന്യാകുളങ്ങര ബി. എച്ച് എസ്സിൽ ഓപ്പൺ എയർ ആഡിറ്റോറിയം നിർമ്മിക്കണം.

19 സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കണം.

20 കലാ - കായിക അദ്ധ്യാപകരെ എല്ലാ സ്കൂളിലും നിയമിക്കണം.

21 നെടുവേലി എച്ച്. എസ്സ്. എസ്സിൽ എൽ. പി. വിഭാഗം തുടങ്ങണം.

22 വേറ്റിനാട്ട് ഒരു ഹിന്ദി പഠനകേന്ദ്രം തുടങ്ങണം.

23 അയൽപ്പക്ക സ്കൂൾ സമ്പ്രദായം നടപ്പാക്കണം.

24 വേറ്റിനാട്, തീപ്പുകൽ, മൈലാടുംമുകൾ എന്നിവിടങ്ങളിൽ എൽ. പി. എസ്സ്. തുടങ്ങണം

25 സ്കൂൾ തുറക്കുമ്പോൾ തന്നെ അദ്ധ്യാപകരുടെ ഒഴുവുകൾ നികത്തണം.

26 അദ്ധ്യാപകരെ കൂടെക്കൂടെ സ്ഥലം മാറ്റുന്നത് ഒഴിവാക്കണം.

27 അദ്ധ്യാപകർ കൂറെക്കൂടി ആത്മാർത്ഥതയും കൃത്യനിഷ്ഠതയും ഉള്ളവരാണകണം.

28 പ്രൈമറി ഹെഡ്മാസ്റ്റർമാരെ ക്ലാസ്സ് ചാർജ്ജിൽനിന്നും ഒഴിവാക്കണം.

29 അദ്ധ്യാപകരെ ആപ്പീസ് ജോലികളിൽനിന്നും ഒഴിവാക്കണം.

30 പാഠപുസ്തകങ്ങൾ യഥാകാലം ലഭ്യമാക്കണം.

31 അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം 1:30 ആക്കണം.

32 പി. ടി. എ. കളുടെ ഒരു പഞ്ചായത്ത് കോ-ഓർഡിനേഷൻ രൂപീകരിക്കണം.

33 നെടുവേലി എച്ച് എസ് എസ്സിൽ ഒരു ഓപ്പൺ ഏയർ ആഡിറ്റോറിയം നിർമ്മിക്കണം. നിലവിലുള്ള സ്റ്റേഡിയം വിപുലീകരിക്കണം.

| വിദ്യാലയ സൗകര്യങ്ങൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സ്കൂളിന്റെ പേര് | സ്ഥല വിസ്തീർണം നിലവിലുള്ളത് | സ്റ്റാഫ് റൂം | ചുറ്റുമതിൽ | മൂത്രപ്പുര | കക്കൂസ് | പാചകപ്പുര | വൈദ്യുതി | ലാബ് | ലൈബ്രറി | കിണർ | കളിസ്ഥലം | ഉപയോഗിക്കാനാവാത്ത സ്ഥലം |
| H.S.S. നെടുവേലി | 3.35 ഏക്കർ | ✓ | ✗ | 3 | 1 | ✓ | ✓ | ✓ | ✓ | ✓ | ✓ | ✗ |
| B.H.S കന്യാകുളങ്ങര | 2.6 ഏ | ✓ | ✓ | 3 | 3 | ✗ | ✓ | ✓ | ✓ | ✓ | ✓ | ✗ |
| L.M.E.H.S. വട്ടപ്പാറ | 2.5 ഏ. | ✓ | ✓ | 20 | 15 | ✓ | ✓ | ✓ | ✓ | ✓ | ✓ | ✗ |
| ന്യൂ UPS ചീരാണിക്കര | 3 | ✗ | ✗ | 2 | 1 | ✓ | ✗ | ✗ | ✓ | ✓ | ✓ | 2 ഏ |
| UPS കൊഞ്ചിറ | 1.02 | ✓ | ✗ | 1 | 1 | ✗ | ✗ | ✗ | ✗ | ✓ | ✓ | ✗ |
| സെന്റ് തോമസ് UPS പോത്തൻകോട് | 1.5 | ✗ | ✓ | 1 | ✗ | ✗ | ✓ | ✓ | ✓ | ✓ | ✓ | ✗ |
| LPS ചീരാണിക്കര | 50 സെന്റ് | ✗ | ✗ | 2 | 1 | ✗ | ✗ | ✗ | ✗ | ✓ | ✗ | ✗ |
| LPS തേക്കട | 50 സെന്റ് | ✗ | ✗ | 1 | 1 | ✗ | ✓ | ✗ | ✗ | ✓ | ✗ | ✗ |
| LPS കന്യാകുളങ്ങര | 50 സെന്റ് | ✗ | ✓ | 1 | 1 | ✓ | ✗ | ✗ | ✗ | ✓ | ✗ | ✗ |
| LPS പുങ്കുംമൂട് | 50 സെന്റ് | ✗ | ✗ | 1 | 1 | ✓ | ✗ | ✗ | ✓ | ✓ | ✓ | 20 സെന്റ് |
| LPS നന്നാട്ടുകാവ് | 21 സെന്റ് | ✗ | ✗ | 2 | 1 | ✗ | ✗ | ✗ | ✗ | ✓ | ✗ | ✗ |
| LPS കുറ്റ്യാനി | ഒരേക്കർ | ✓ | ✗ | ✗ | 1 | ✗ | ✗ | ✗ | ✗ | ✓ | ✗ | 50 സെ. |

ഉണ്ട് ✓
ഇല്ല ✗

| സ്കൂളിൽ പുതിയതായി നടത്തേണ്ട പ്രവർത്തനങ്ങളുടെ പട്ടിക | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്കൂളിൻെറ പേര് | അറ്റകുറ്റ പ്പണികൾ | പുതിയ കെട്ടിടം | ചുറ്റു മതിൽ | മൂത്ര പ്പുര | കക്കൂസ് | പാചക പ്പുര | സ്റ്റാഫ് മുറി | ഫർണീച്ചർ | ലാബ് | ലൈബ്രറി | കിണർ | മോട്ടോർ പൈപ്പ് ലൈൻ | വൈദ്യുതി | പഠനോപക കരണങ്ങൾ | ദൃശ്യശ്രാവ്യ മാധ്യമങ്ങൾ |
| H.S.S. നെടുവേലി | ✓ | ✓ | ✓ | ✓ | ✓ | ✓ | ✗ | ✓ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ |
| B.H.S കന്യാകുളങ്ങര | ✓ | ✓ | ✗ | ✓ | ✗ | ✓ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ |
| L.M.E.H.S. വട്ടപ്പാറ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ |
| ന്യൂ UPS ചീരാണിക്കര | ✓ | ✗ | ✓ | ✓ | ✓ | ✗ | ✓ | ✗ | ✓ | ✗ | ✗ | ✓ | ✓ | ✗ | ✓ |
| UPS കൊഞ്ചിറ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✗ | ✓ | ✓ | ✗ | ✗ | ✗ | ✓ | ✓ | ✓ |
| സെൻറ് തോമസ് UPS പോത്തൻകോട് | ✗ | ✗ | ✗ | ✓ | ✓ | ✓ | ✓ | ✓ | ✗ | ✗ | ✗ | ✓ | ✗ | ✓ | ✓ |
| LPS ചീരാണിക്കര | ✓ | ✗ | ✓ | ✗ | ✗ | ✓ | ✓ | ✓ | ✓ | ✓ | ✗ | ✓ | ✗ | ✓ | ✓ |
| LPS തേക്കട | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✗ | ✓ | ✓ |
| LPS കന്യാകുളങ്ങര | ✓ | ✓ | ✗ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✗ | ✓ | ✓ | ✓ | ✓ |
| LPS പുങ്കുംമൂട് | ✗ | ✗ | ✓ | ✓ | ✗ | ✗ | ✓ | ✗ | ✓ | ✓ | ✓ | ✓ | ✓ | ✗ | ✓ |
| LPS നന്നാട്ടുകാവ് | ✓ | ✗ | ✗ | ✗ | ✗ | ✓ | ✓ | ✗ | ✓ | ✓ | ✗ | ✓ | ✓ | ✗ | ✓ |
| LPS കുറ്റ്യാനി | ✓ | ✗ | ✓ | ✓ | ✓ | ✓ | ✗ | ✓ | ✓ | ✗ | ✗ | ✓ | ✓ | ✓ | ✓ |

ആവശ്യമുള്ളത് ✓
ആവശ്യമില്ലാത്തത് ✗

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | | SC/ST കുട്ടികളുടെ എണ്ണം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്കൂളിൻെറ പേര് | ആകെ കുട്ടികൾ | I | II | III | IV | V | VI | VII | VIII | IX | X | ആകെ- | SC/ST കുട്ടികളുടെ ശതമാനം |
| H.S.S നെടുവേലി | 343 | - | - | - | - | - | - | - | 10 | 7 | 12 | 29 | 8 |
| B.H.S കന്യാകുളങ്ങര | 964 | - | - | - | - | 11 | 10 | 16 | 24 | 23 | 5 | 89 | 9 |
| L.M.E.H.S. വട്ടപ്പാറ | 1914 | 6 | 4 | 1 | 6 | 2 | 7 | 5 | 5 | 2 | 3 | 41 | 2 |
| ന്യൂ യു.പി.എസ് ചീരാണിക്കര | 108 | - | - | - | - | 7 | 3 | 7 | - | - | - | 17 | 15 |
| യു.പി.എസ് കൊഞ്ചിറ | 612 | 10 | 13 | 14 | 4 | 16 | 11 | 16 | - | - | - | 84 | 11 |
| സെൻറ് തോമസ് UPS പോത്തൻകോട് | 381 | - | - | - | - | 4 | 8 | 9 | - | - | - | 21 | 5 |
| LPS ചീരാണിക്കര | 213 | 7 | 7 | 5 | 10 | - | - | - | - | - | - | 29 | 14 |
| LPS തേക്കട | 266 | 7 | 5 | 7 | 5 | - | - | - | - | - | - | 24 | 9 |
| LPS കന്യാകുളങ്ങര | 601 | 2 | 2 | 9 | 11 | - | - | - | - | - | - | 24 | 7 |
| LPS പൂങ്കുംമൂട് | 87 | 2 | 2 | 1 | 8 | - | - | - | - | - | - | 13 | 15 |
| LPS നന്നാട്ടുകാവ് | 226 | 3 | 4 | 4 | 5 | - | - | - | - | - | - | 16 | 7 |
| LPS കുറ്റിയാണി | 261 | 9 | 10 | 6 | 12 | - | - | - | - | - | - | 37 | 14 |
| ആകെ | 5976 | 46 | 47 | 47 | 61 | 40 | 39 | 53 | 39 | 39 | 20 | 424 | 7 |



# സംസ്കാരം, കായികം

പുതിയൊരു വികസന സംസ്കാരത്തിൻെറ തിരയടിയിലാണിന്ന് കേരളം. ഈ പുതിയ വികസന സംസ്കാരത്തിൻെറ വിജയത്തിന് കലകൾക്കും സംസ്കാരത്തിനും ചെയ്യാൻ കഴിയുന്ന സംഭാവനകൾ ചെറുതല്ല. എന്നാൽ കലയും സാഹിത്യവും മാത്രമാണ് സംസ്കാരമെന്നൊരു തെറ്റിദ്ധാരണ എങ്ങനെയോ വന്നുപോയി. പ്രസിദ്ധ ഇംഗ്ലീഷ് ചിന്തകനായ ഇ.ബി ടെയ്ലറുടെ അഭിപ്രായത്തിൽ - "മനുഷ്യരാശി നാളിതുവരെ നേടിയിട്ടുള്ള വിജ്ഞാനത്തിൻെറയും കലയുടെയും ശാസ്ത്രത്തിൻെറയും നിയമ സംഹിതകളുടെയും സദാചാര മൂല്യങ്ങളുടെയും ആചാര മര്യാദകളുടെയും ആകെത്തുകയാണ് സംസ്കാരം." ജന്തുസഹജമായ സാമാന്യവാസനകളുള്ള മനുഷ്യനെ ഒരുയർന്ന തലത്തിലേക്ക് ഉയർത്തി നിർത്തുന്നത് സംസ്കാരമാണ്.

മികച്ച ഒരു കാർഷിക സംസ്കാരത്തിൻെറ നേരവകാശികളാണ് നമ്മൾ. മലയോര മേഖലയായിരുന്ന വെമ്പായം പഞ്ചായത്തിൻെറ സാംസ്കാരിക പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്ന കാര്യത്തിൽ ഈ കാർഷിക സംസ്കാരത്തിൻെറ സ്വാധീനം പ്രകടമാണ്. 4 ദശാബ്ദത്തിലധികം കാലമായി ഇവിടെ രൂപപ്പെട്ടു വന്നിട്ടുള്ള നമ്മുടെ സംസ്കാരത്തിൽ കാർഷികമേഖലയുടെ ശക്തമായ സ്വാധീനമുണ്ട്. അവരുടെ മരമടി മഹോത്സവവും ഞാറ്റുപാട്ടും കൊയ്ത്തുപാട്ടും തെയ്യവും തിരുവാതിരയും കാക്കാരിശ്ശി നാടകവും കമ്പടവുകളിയും ഒക്കെ അന്യം നിന്നുപോയിരിക്കുന്നു എന്നത് ഏറെ ദു:ഖകരമാണ്. നാടുവാഴിത്തം അരങ്ങു തകർത്തിരുന്ന കാലത്തുപോലും ആടിത്തിമർത്തിരുന്ന നമ്മുടെ നാടൻ കലകളുടെ ഇന്നത്തെ ശോച്യാവസ്ഥയോട് വെറുമൊരു അനുശോചനം കൊണ്ട് തണുപ്പൻ മട്ടിൽ പ്രതികരിച്ചാൽ മതിയോ?

ചരിത്ര സ്മരണകളുറങ്ങുന്ന സ്മാരകങ്ങളുടെ ഒട്ടനവധി കഥകൾ പറയാനുണ്ട് വെമ്പായം പഞ്ചായത്തിന്. 1934 ജനുവരി 20-ാം തീയതി മഹാത്മാഗാന്ധി വൈക്കം ക്ഷേത്രത്തിലേക്ക് പോകുംവഴി വേറ്റിനാട് ഊരൂട്ടു മണ്ഡപത്തിൽ വിശ്രമിക്കുകയും ക്ഷേത്രം വിവിധ ജാതിക്കാർക്കായി തുറന്നു കൊടുക്കുകയും ചെയ്തു. ശ്രീനാരായണ ഗുരു പലപ്പോഴും കുറ്റിയാണിക്കു സമീപമുള്ള ശാന്തിക്കുന്ന് എന്ന സ്ഥലത്ത് വന്നിരുന്നുവെന്നും അതുകൊണ്ടാണ് ആ സ്ഥലത്തിന് ശാന്തിക്കുന്ന് എന്ന പേരു വന്നതെന്നും പറയപ്പെടുന്നു. കുന്നിൻെറ തെക്കു ഭാഗത്തുള്ള നീരുറവയിൽ നിന്നാണ് അദ്ദേഹം കുളിയും ജപവും നടത്തിയിരുന്നത്. ആ സ്ഥലത്ത് ഒരു കല്ലു വച്ച് പൂജിച്ചിരുന്നു. ഗണപതിപ്പാറയെന്ന് ഇന്ന് ആ സ്ഥലം അറിയപ്പെടുന്നു. ആ ഗണപതി വിഗ്രഹത്തിൽ ഇപ്പോഴും പൂജ നടക്കുന്നു.

ഭൂദാനപ്രസ്ഥാനത്തിൻെറ ഭാഗമായി ആചാര്യ വിനോബാ ഭാവെ 1955ൽ കന്യാകുളങ്ങര വരികയും ഇന്നത്തെ ബോയ്സ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തു നടന്ന പൊതുയോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. ചട്ടമ്പിസ്വാമികൾ തേക്കട ഓവിൻമുഖത്ത് ഭജനം ഇരുന്നിരുന്നതായും പറയപ്പെടുന്നു. വെമ്പായം പഞ്ചായത്തിൽ ഏറ്റവും ഉയരമുള്ള സ്ഥലമാണ് ചീരാണിക്കരയിലെ കൊടിതൂക്കി. ഏകദേശം ഒരു നൂറ്റാണ്ടിനുമുമ്പ് ബ്രിട്ടീഷുകാർ വന്ന് കൊടിതൂക്കിയ സ്ഥലമാണ് ഇന്ന് 'കൊടിതൂക്കി' എന്നറിയപ്പെടുന്നത്. ബ്രിട്ടീഷുകാരുടെ കാലത്ത് പെരുംകൂർ വാർഡിൽ ഈയം ഖനനം ചെയ്തിരുന്ന ഒരു ഗുഹയുണ്ടായിരുന്നു.

ഗുഹാമുഖത്തു നിന്നും നൂറടിയോളം ഉള്ളിലേക്ക് ചെന്നാൽ താമസസൗകര്യമുള്ള മുറികളും കിണറും ഉൾപ്പെടെയുള്ള ആ സ്ഥലമാണ് ഈയംവെട്ടി. അതുപോലെ വഴയ്ക്കാട് വാർഡിൽ പഴയ മാതൃകയിലുള്ള ഒരു രാജകൊട്ടാരവും – (മണിമലക്കുന്ന് കൊട്ടാരം) – സ്ഥിതി ചെയ്യുന്നു.

ഒരുകാലത്ത് ദേവാലയങ്ങൾ ജനജീവിതത്തിൻെറ പ്രതീകങ്ങളായിരുന്നു. എന്നാൽ ആചാരാനുഷ്ഠാനങ്ങളും ആരാധനാ സമ്പ്രദായങ്ങളും ഇന്നെത്രയോ മാറിപ്പോയി. പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങളായ സിയോൺകുന്ന് പള്ളിയും കന്യാകുളങ്ങര ജമാ അത്ത് പള്ളിയും നന്നാട്ടുകാവ് ജമാ അത്ത് പള്ളിയും കൊഞ്ചിറ മുടിപ്പുര ക്ഷേത്രവും എല്ലാം കെട്ടിലും മട്ടിലും വളരെ മാറിയിട്ടുണ്ട്. ഈന്തിവിള ക്ഷേത്രത്തിലെ വില്ലിൻതൂക്കം അതിൻേറതായ തനിമയോടെ ഇന്നും നിലനിൽക്കുന്നു. പഴയ കൽക്കുളം രാജാവായ ഉണ്ണിക്കേരള വർമ്മ സ്ഥാപിച്ചതാണത്രെ കുറ്റിയാണി ശാസ്താ ക്ഷേത്രം. ആ ക്ഷേത്രം ഇന്ന് ജീർണാവസ്ഥയിലാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി ഒട്ടനവധി ആരാധനാലയങ്ങളുണ്ട്. നാടിൻെറ തനതു സംസ്കാരം രൂപപ്പെടുത്തുന്നതിൽ ഈ ആരാധനാലയങ്ങളുടെ പങ്ക് ചെറുതല്ല.

ജാതിമത ചിന്തകൾക്കതീതമായി സൗഹൃദത്തിൻെറ നൂലിഴ പാകിയ ശക്തമായ നാടാണിത്. ഏറെക്കുറെ മതമുക്തമായ ഒരു മേഖലയാണ് കുറ്റിയാണി. വിഭിന്ന മതക്കാർ തമ്മിൽ, ബന്ധുക്കൾ പരസ്പരം ആലോചിച്ചുറപ്പിക്കുന്ന വിവാഹങ്ങൾ പോലും അവിടെ നടക്കുന്നു. ജില്ലയിൽ ഏറ്റവും കൂടുതൽ മിശ്രവിവാഹങ്ങൾ നടന്നിട്ടുള്ള മേഖലയും കുറ്റിയാണിയാണ്.

മാധ്യമങ്ങളും മറ്റാധുനിക പ്രവണതകളും ഉഴുതുമറിച്ച മണ്ണിലാണ് നാമിന്നു പുതിയ സംസ്കാരിക മൂല്യങ്ങൾ നട്ടുവളർത്താൻ ശ്രമിക്കുന്നത്. ഇലക്ട്രോണിക്സ് മാധ്യമ വിസ്ഫോടനത്തിൽ തരിച്ചു നിൽക്കുന്ന നമുക്കു ചുറ്റുമുള്ള സാംസ്കാരിക പ്രശ്നങ്ങൾ ഏറെ സങ്കീർണമാണ്. അവയെ നേരിടാൻ വളരെ ബോധപൂർവമായ ഒരു ജനകീയ പ്രസ്ഥാനം പടുത്തുയർത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൻെറ ആധുനിക സാംസ്കാരിക ചരിത്രം ആരംഭിക്കുന്നത് 20–ാം നൂറ്റാണ്ടിൻെറ ആദ്യപാദത്തിലാണ്. ഐക്യകേരള പിറവിക്കുമുമ്പ് തിരുവിതാംകൂറിൽ നൂറിൽ താഴെ ഗ്രന്ഥശാലകൾ ഉണ്ടായിരുന്ന കാലത്ത് 1930–ൽ കുറ്റിയാണിയിൽ ഹൃദയ നന്ദിനി ഗ്രന്ഥശാല എന്ന പേരിൽ ആരംഭിച്ച ഗ്രന്ഥശാല ഇന്ന് ദേശസേവിനി ഗ്രന്ഥശാലയായി നിലനിൽക്കുന്നു. തുടർന്ന് 1950ൽ കണക്കോട് യുവജന സമാജം ഗ്രന്ഥശാലയും 1951ൽ കൊഞ്ചിറ ഗ്രാമോദ്ധാരണ ഗ്രന്ഥശാലയും 1952ൽ വെമ്പായം മണ്ഡപം മഹാത്മജി ഗ്രന്ഥശാലയും പ്രവർത്തനം ആരംഭിച്ചതോടെ പഞ്ചായത്തിൽ സാംസ്കാരിക രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെയുണ്ടായി. കൂട്ടത്തിൽ കൊഞ്ചിറ കെ.ബിഎ.സി, ടാഗോർ ആർട്സ് ക്ലബ്, തേക്കട നവോദയ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ കൂടിയായപ്പോൾ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ ഒട്ടേറെ പ്രതിഭാശാലികളെ സൃഷ്ടിക്കാൻ കഴിഞ്ഞു.

വിവിധ കാരണങ്ങളാൽ അക്ഷരവെട്ടം നിഷേധിക്കപ്പെട്ട ആയിരങ്ങൾക്ക് അതു പകർന്നു നൽകാൻ കേരള സർവകലാശാലയുടെ കീഴിലുള്ള അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളും കാൻഫെഡും ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിൻെറ ഒരു പ്രത്യേക ദശാസന്ധിയിലാണ് സാക്ഷരതാ പരിപാടിയുടെ പിറവി. ഒന്നാംഘട്ട സാക്ഷരതയിൽ വെമ്പായം പഞ്ചായത്ത് 94% സാക്ഷരത നേടി.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് മനുഷ്യപുരോഗതിക്ക് പലപ്പോഴും വിലങ്ങുതടിയായി നിൽക്കുന്നത്. ജനങ്ങളെ അതിൽ നിന്നകറ്റി ശാസ്ത്ര ബോധമുള്ളവരാക്കി മാറ്റാൻ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ വെമ്പായം ഘടകം മികച്ച സേവനം കാഴ്ച വെച്ചിട്ടുണ്ട്. ശാസ്ത്ര കലാജാഥകളും പാവ നാടകങ്ങളും വിജ്ഞാനോത്സവങ്ങളും അവരുടെ മികച്ച സംഭാവനകളാണ്.

മികച്ച ഒരു കായിക സംസ്കാരമുണ്ട് വെമ്പായം പഞ്ചായത്തിന്. സ്പോർട്സ് ക്ലബുകൾ വാർഷികാഘോഷങ്ങളോട് അനുബന്ധിച്ചു നടത്തുന്ന കായിക മൽസരങ്ങൾ നമ്മുടെ കായിക സംസ്കാരത്തെ സമ്പന്നമാക്കിയിട്ടുണ്ട്. അഖിലേന്ത്യാ നിലവാരത്തിൽ തന്നെ പുരസ്കാരങ്ങൾ നേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കബഡിയിൽ നെടുവേലി എച്ച്എസ്എസ് സ്റ്റേഡിയത്തിൽ പരിശീലനം നേടിയ കുട്ടികൾ നമ്മുടെ അഭിമാന ഭാജനങ്ങളാണ്. ക്രിക്കറ്റ് ജ്വരം ബാധിച്ച നമ്മുടെ ആധുനിക തലമുറ നാടൻകളികളെ അപ്പാടെ മറന്നിരിക്കുന്നു. അങ്ങനെ അവ ഭൂതകാലത്തിൻെറ ഭാഗമായി മാറിയിരിക്കുന്നു.

### ഗ്രന്ഥശാലകൾ, വായനശാലകൾ

1. ദേശസേവിനി ഗ്രന്ഥശാല, കുറ്റിയാണി.
2. യുവജനസമാജം ഗ്രന്ഥശാല, കണക്കോട്
3. ഗ്രാമോദ്ധാരണ ഗ്രന്ഥശാല, കൊഞ്ചിറ
4. മഹാത്മജി ഗ്രന്ഥശാല, മണ്ഡപം, വെമ്പായം.
5. വിശ്വസംസ്കൃതി ഗ്രന്ഥശാല, മഞ്ഞപ്പാറ.
6. മഹാത്മജി ഗ്രന്ഥശാല, അയിരൂപ്പാറ.
7. നാഷണൽ ലൈബ്രറി & റീഡിംഗ് റൂം, നന്നാട്ടുകാവ്.
8. ഗ്രാമോദ്ധാരണ വായനശാല, ചീരാണിക്കര.
9. നവോദയ സ്പോർട്സ് & ആർട്സ് ക്ലബ്, കൈതക്കാട്

### കലാസാംസ്കാരിക സംഘടനകൾ

1. നവോദയ സ്പോർട്സ് ക്ലബ്, തേക്കട.
2. സിയോൺ മ്യൂസിക് ആർട്സ് ക്ലബ്, സിയോൺകുന്ന്.
3. ടാഗോർ സ്മാരക യൂത്ത് ക്ലബ്, സിയോൺകുന്ന്
4. ലിയോ സ്പോർട്സ് ക്ലബ്, കന്യാകുളങ്ങര.

5. ലയൺസ്, കന്യാകുളങ്ങര.
6. സംസ്കാര, കന്യാകുളങ്ങര.
7. അനുഗ്രഹ ആർട്സ് & സ്പോർട്സ് ക്ലബ്, കന്യാകുളങ്ങര
8. സൂര്യ ആർട്സ് & സ്പോർട്സ് ക്ലബ്, ചാത്തൻപാട്
9. പ്രിയദർശിനി മെമ്മോറിയൽ ആർട്സ് ക്ലബ്, വഴയ്ക്കാട്.
10. ലെനിൻ മെമ്മോറിയൽ ആർട്സ് ക്ലബ്, വഴയ്ക്കാട്
11. ഹരിശ്രീ. ആർട്സ് ക്ലബ്, വഴയ്ക്കാട്.
12. കൊഞ്ചിറ ടാഗോൾ ആർട്സ് ക്ലബ്, കൊഞ്ചിറ
13. കൈരളി ബാലകലാസമിതി, കൊഞ്ചിറ
14. സംഘം സാംസ്കാരിക വേദി, നാലുമുക്ക്,
15. വയലാർ ആർട്സ് ക്ലബ്, നെടുവേലി.
16. യുവധാര, നെടുവേലി.
17. സുഗതൻ മെമ്മോറിയൽ ആർട്സ് ക്ലബ്, പെരുംകൂർ.
18. പ്രിയദർശിനി ആർട്സ് ക്ലബ്, പെരുംകൂർ
19. രചന ആർട്സ് ക്ലബ്, പെരുംകൂർ.
20. പുലരി ആർട്സ് ക്ലബ്, നന്നാട്ടുകാവ്.
21. വൈഎംഎ. പാലമൂട്
22. മഹാത്മജി ആർട്സ് ക്ലബ്, മൊട്ടമൂട്.
23. കലാവേദി, മരുതുംമൂട്.
24. മൈത്രി, കുറ്റിയാണി.
25. കേരളാ സ്പോർട്സ് ക്ലബ്, കുറ്റിയാണി.
26. നവധാര, കുറ്റിയാണി.
27. സംസ്കാര, വേറ്റിനാട്.
28. സ്വരാജ് ഗ്രാമവേദി, നന്നാട്ടുകാവ്.
29. കാളിദാസ കലാകേന്ദ്രം, നന്നാട്ടുകാവ്.
30. സൺസ്റ്റാർ, വേറ്റിനാട്.
31. എ.കെ.ജി മെമ്മോറിയൽ ആർട്സ് ക്ലബ്, പന്തലക്കോട്.
32. ഗ്രാമദീപ്തി വികസനകേന്ദ്രം, തേക്കട.
33. നാഷണൽ തിയേറ്റേഴ്സ്, വെമ്പായം.
34. അക്ഷയ ആർട്സ് & സ്പോർട്സ് ക്ലബ്, പാലമൂട്
35. പൗരസമിതി, കടുവാക്കുഴി.
36. പുരോഗമന കലാസാഹിത്യ സംഘം, വെമ്പായം.
37. യുവകലാസാഹിതി, കന്യാകുളങ്ങര.
38. കാളിദാസ കലാകേന്ദ്രം, കണക്കോട്.

**സാമൂഹിക സന്നദ്ധ സംഘടനകൾ**

1. എൻഎസ്എസ് കരയോഗങ്ങൾ
2. എസ്എൻഡിപി ശാഖകൾ
3. യോഗീശ്വര സംഘം, ചീരാണിക്കര.
4. കേരളാ വേളാർ സർവീസ് സൊസൈറ്റി, തേക്കട.
5. സാധു സംരക്ഷണ സാംസ്കാരിക സമിതി, കന്യാകുളങ്ങര
6. ഉപഭോക്തൃ ഏകോപന സമിതി, വെമ്പായം
7. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, വെമ്പായം.



# പാർപ്പിടം സാമൂഹ്യക്ഷേമം

കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്ന് കുടുംബങ്ങളിലേക്കുള്ള മാറ്റത്തോടെ പാർപ്പിടങ്ങളുടെ എണ്ണവും പെരുകി. ശത്രുക്കളിൽ നിന്നും പ്രതികൂല ചുറ്റുപാടുകളിൽ നിന്നും രക്ഷനേടുന്നതിനായി മനുഷ്യൻ വീടുകളുടെ ഉപയോഗം കണ്ടെത്തി. അടിമയുടമ വ്യവസ്ഥിതിയുടെ ആവിർഭാവത്തോടെ തന്നെ ഉപരി വർഗ്ഗത്തിൻെറ പ്രൗഢിയും ഗാംഭീര്യവും പ്രകടമാക്കാൻ പാർപ്പിട നിർമ്മാണത്തെ മനുഷ്യൻ ഉപയോഗപ്പെടുത്തി. മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയുടെ ഓരോ ഘട്ടത്തിലും ഇത് കൂടുതൽ കൂടതൽ പ്രകടമായി.

ഓലമേഞ്ഞ വീടുകളയായിരുന്നു നൂറ്റാണ്ടിൻെറ തുടക്കത്തിൽ 1940കളായപ്പോഴേക്കും സമ്പന്നരുടെ വീടുകളിൽ ഓടുമേഞ്ഞു തുടങ്ങി. 1950കളുടെ മദ്ധ്യത്തോടെയാണ് കോൺക്രീറ്റ് കെട്ടിടങ്ങളുടെ തുടക്കം. ആദ്യകാലങ്ങളിൽ സാമ്പത്തികമായി മെച്ചപ്പെട്ടവർ തടിയുരുപ്പടികൾ കൊണ്ട് നിർമ്മിച്ച ഉടമ്പറയും നിരയും ചേർന്ന ഭിത്തികളോടു കുടിയ വീടുകളിലാണ് താമസിച്ചിരുന്നത്. വെട്ടുകല്ല്, ഇഷ്ടിക, സിമൻറ് ബ്ലോക്ക് തുടങ്ങിയവ ചുമർനിർമ്മാണത്തിന് ക്രമേണ ഉപയോഗിച്ചു.

സാമ്പികമായി പിന്നോക്കം നില്ക്കുന്നവർ മണ്ണ് കുഴച്ചുവച്ചാണ് ചുമരുകൾ ഉണ്ടാക്കിയിരുന്നത്. പകുതിയോളം മൺചുമരും തുടന്നു ഓലകൊണ്ടോ തടികൊണ്ടോ മറച്ചവയും. സ്വന്തമായി ഭുമിയില്ലാത്തവർ ജൻമിമാരുടെ അടിമയായി കഴിഞ്ഞിരുന്നു. കാറ്റും മഴയും ഇല്ലാത്തപ്പോൾ കയറി കിടക്കാനെരിടം എന്ന നിലയ്ക്ക് ഓല കൊണ്ട് കുത്തിമറച്ച പുരകളിൽ ജീവിക്കുന്ന നിരവധി കുടുംബങ്ങൾ ഇപ്പോഴും നമ്മുടെ പഞ്ചായത്തിലുണ്ട്. ജന്മിത്വ മവസാനിച്ചതിലുടെയും, മിച്ചഭുമിവിതരണത്തിലുടെയും സമൂഹത്തിലെ അധഃസ്ഥിതിക്കാരും പീഡിതരുമായ നിരവധി പേർ മണ്ണിൻെറ ഉടമകളായി മാറിയെങ്കിലും ആകാശം മേൽക്കൂരയാക്കി ജീവിക്കുന്നവർ ഇന്നും അവരിൽ നല്ലൊരു സംഖ്യയുണ്ട്. ലക്ഷം വീടു പദ്ധതിതിയിലുടെയും മറ്റ് ഭവന നിർമ്മാണ സഹായ പദ്ധതികുളിലുടെയും നിരവധി പേർക്ക് പാർപ്പിടങ്ങളുണ്ടായി എങ്കിലും അവയിൽ പലതും അവരുടെ ജീവനു ഭീഷണിയായി നില്ക്കുന്നു.

സ്വന്തമായി ഒരു പിടി മണ്ണും കിടന്നുറങ്ങാൻ ഒരു കൊച്ചുവീടും സ്വപ്നം കാണുന്നവർക്ക് അതിൻെറ സാക്ഷാത്ക്കാരത്തിനായി ജനകീയാസൂത്രണത്തിലുടെ മുഖ്യ പരിഗണന നലേകണ്ടതുണ്ട്.

സമ്പാദ്യത്തിൻെറ മുഖ്യപങ്കും പാർപ്പിട നിർമ്മാണത്തിലേക്ക് മാറ്റിവെയ്ക്കുന്ന രീതിയാണ് കേരളീയരിലാകെ കാണുന്നത്. ഭാവിയെക്കുറിച്ച് അനിശ്ചിതത്വം

ഉണ്ടായിരുന്നാൽപ്പോലും ആവശ്യത്തിൽ കവിഞ്ഞ സൗകര്യ ങ്ങളോടുകൂടിയ വീടുകൾ പണിയുന്നതിലാണ് ഏറെപ്പേർ ക്കും താൽപ്പര്യം. ഇതിനൊരപവാദമായി ഒരു ന്യൂനപക്ഷം മാത്രമേയുള്ളു. ഒരാളുടെ വീടിനെ മാനദണ്ഡമാക്കി അയാളുടെ ജീവിത നിലവാരത്തിൻെറയും സാമ്പത്തിക സൗകര്യങ്ങളുടേയും ഒരേകദേശരൂപം ലഭിക്കും.

പഞ്ചായത്തിലെ 10772 കെട്ടിടങ്ങളിൽ 4850 എണ്ണം ഓല കൊണ്ട് മേഞ്ഞവയാണ്. ഇവയിൽ 50%ത്തോളം വെറും കുടി ലുകൾ മാത്രമാണ്. 3000ലധികം വീടുകൾ. ഒറ്റമുറിയോടുകൂ ടിയതോ കുടിലുകളോ ആണ്. സ്വന്തമായി വസ്തുവോ, വീടോ ഇല്ലാത്തവർ 200ൽപ്പരം പേർവരും. ഭൂമിയുടെ വില കുതിച്ചു കയറുന്നുതുമൂലം ഇത്തരക്കാർക്ക് പാർപ്പിടം ഒരു മരീചികയായി മാറുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളു ടെ വിലവർദ്ധനവും തൊഴിലാളികളുടെ വേതന വർദ്ധന വും പാർപ്പിട നിർമ്മാണ രംഗത്തെ വെല്ലുവിളികളാണ്.

പഞ്ചായത്തിൽ ആകെ 13 പട്ടികജാതി കോളനികളും 2 പട്ടികവർഗ്ഗ കോളനികളുമുണ്ട്. ആർ. എൽ. ജി.ഇ. പി., എൻ. ആർ. ഇ. പി പദ്ധതികളുടെ കീഴിൽ 68 വീടുകൾ നൽകി യിട്ടുണ്ട്. നിർമ്മാണത്തിലെ പാകപ്പിഴകൾ കൊണ്ടും ഗുണ മേന്മേയില്ലാത്ത സാധനങ്ങൾ ഉപയോഗിച്ചതുകൊണ്ടും ഈ വീടുകൾ താമസയോഗ്യമല്ല. ഈ കുടുംബങ്ങൾക്ക് ഒരി ക്കൽ ഈ ആനുകൂല്യം ലഭിച്ചതുകൊണ്ട് ഇനി സഹായം ലഭിക്കാനും ബുദ്ധിമുട്ടുണ്ട്. താഴ്ന്ന വരുമാനക്കാർക്കുവേ ണ്ടി പരിസ്ഥിതി ക്കിണങ്ങുന്നതും ചെലവു കുറഞ്ഞതു മായ ചെറിയ വീടുകളുടെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ ഭവന നിർമ്മാണ വായ്പയും സഹായ വും ചെയ്യുന്നതിനുള്ള ഏജൻസികളൊന്നുമില്ല. ഇതിനു പരിഹാരം കാണേണ്ടതുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രി കൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള ഒരു കേ ന്ദ്രം തുറക്കേണ്ടതുണ്ട്. പരമാവധി സൗകര്യത്തിൽ കുറഞ്ഞ ചെലവോടുകൂടിയ വീടുകൾ നിർമ്മിക്കുന്നതിന് ഈ രംഗ ത്ത് പ്രവർത്തിക്കുന്നവർക്ക് വേണ്ടത്ര പരിശീലനം നൽകേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1 സ്വന്തമായി വീടുകളില്ലാത്ത കുടുംബങ്ങൾ 200ലധി കം വരും.

2 താമസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന വർ 3000ത്തോളം വരും പട്ടിക - ജാതിക്കാരും ദളിത് ക്രൈസ്തവരും ഭൂരിപക്ഷം ഇത്തരം വീടുകളിലാണ് താമസിക്കുന്നത്.

3 ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ലിസ്റ്റ് പൂർ ണ്ണമായും ശരിയല്ല. അർഹതയുള്ളവർ ലിസ്റ്റിന് പുറത്താണ്.

4 ഭവന നിർമ്മാണത്തിന് ലഭിക്കുന്ന സഹായം പരിമിതമാണ്.

5 ലക്ഷംവീടുകൾ, സർക്കാർ സഹായത്തോടെ നിർ മ്മിച്ച വീടുകൾ എന്നിവ ഭൂരിപക്ഷവും സുരക്ഷിതമല്ല.

6 പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുവാൻ കോള നികളിൽ സംവിധാനം കുറവ്.

7 കോളനികളിൽ കിണറുകളും കക്കൂസും അടുത്തടു ത്തായി വരുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

8 പുറമ്പോക്കിൽ താമസിക്കുന്നവർക്ക് വീടു വെയ് ക്കാൻ സഹായം ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു.

9 വീടു നിർമ്മിക്കാന കുറഞ്ഞ പലിശക്ക് വായ്പ ലഭ്യ മാക്കാൻ പഞ്ചയത്തുതലത്തിൽ ഏജൻസിയില്ല.

10 ഭവന നിർമ്മാണത്തിന് ഇപ്പോൾ ലഭ്യമാകുന്ന വായ് പയിന്മേൽ നിയമക്കുരുക്കുകൾ കാരണം അർഹത പ്പെട്ടവർക്ക് ലഭ്യമാകുന്നില്ല.

11 കുറഞ്ഞ ചെലവിൽ വീടു നിർമ്മിക്കുന്നതിന് സാങ്കേ തിക ജ്ഞാനമുള്ള തൊഴിലാളികളുടെ അഭാവം.

12 വയൽ നികത്തി വീടുവെയ്ക്കുന്നത് വ്യാപകമാവുന്നു.

13 ഓലമേയുന്ന വീടുകൾക്ക് ഓല ലഭ്യമാകാൻ പ്രയാ സം നേരിടുന്നു. ചെലവ് കൂടുന്നു.

## സാധ്യതകൾ, നിർദ്ദേശങ്ങൾ

1 ഭവന നിർമ്മാണത്തിന് വിവിധ വകുപ്പുകളിൽ നിന്ന് സഹായം ലഭിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കാൻ പുതിയ സർവ്വെ നടത്തണം.

2 പട്ടികജാതിക്കാർക്ക് ലഭിക്കുന്നതുപോലെ ദളിത് ക്രൈസ്തവർക്കും ഭവന നിർമ്മാണത്തിന് ഉദാര മായ സഹായം ഉണ്ടാകണം.

3 ഭവന നിർമ്മാണ വായ്പ നൽകുന്നതിന് പഞ്ചായ ത്തതിർത്തിയിലുള്ള ബാങ്കുൾക്കും സഹകരണ സ്ഥാപനങ്ങൾക്കും ടാർജറ്റ് നിശ്ചയിക്കണം.

| | | | മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 761 | 2 | 59 | 198 | 494 | 8 |
| II | 1264 | 6 | 212 | 311 | 459 | 276 |
| III | 772 | 10 | 107 | 218 | 372 | 65 |
| IV | 669 | 6 | 60 | 192 | 397 | 14 |
| V | 776 | 2 | 120 | 235 | 373 | 42 |
| VI | 784 | 6 | 132 | 260 | 380 | 6 |
| VII | 875 | 2 | 131 | 257 | 253 | 232 |
| VIII | 798 | - | 103 | 274 | 397 | 24 |
| IX | 653 | 10 | 165 | 219 | 245 | 14 |
| X | 841 | 7 | 92 | 211 | 439 | 92 |
| XI | 818 | - | 105 | 204 | 506 | 3 |
| XII | 1061 | 3 | 229 | 266 | 552 | 11 |
| ആകെ | 10072 | 54 | 1515 | 2845 | 4837 | 787 |
| പുതിയ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചിട്ടില്ല. | | | | | | |

4 ഭൂ രഹിതരായവർക്ക് ഭൂമിയും വീടുവെയ്ക്കാൻ സഹായവും നൽകണം. ഇവ കൈമാറ്റം ചെയ്യില്ലെന്ന് ഉറപ്പാക്കുന്ന നിയമം നടപ്പിലാക്കണം.

5 സർക്കാർ ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകളുടെ വാർഷിക അറ്റകുറ്റ പണികൾക്ക് പ്രത്യേക സംവിധാനം ഉണ്ടാക്കണം.

6 പുറമ്പോക്കിൽ കഴിയുന്നവരെ അവിടെനിന്നും മാറ്റി പുനരധിവസിപ്പിക്കണം.

7 വീട് നിർമ്മാണത്തിന് സന്നദ്ധ സംഘടനകൾക്ക് പങ്കാളിത്തമുണ്ടാകത്തക്ക വിധത്തിൽ പദ്ധതികൾ തയ്യാറാക്കണം.

8 കോളനികളിൽ, കക്കൂസുകളിൽ നിന്ന് അകലത്തിൽ കിണർ നിർമ്മിച്ച് ടാപ്പുകൾ വഴി വെള്ളം വിതരണം ചെയ്യണം.

9 നിർമ്മാണത്തൊഴിലാളി സംഘം രൂപീകരിക്കണം. കെട്ടിട നിർമ്മാണത്തിന്റെ വിവിധ സാങ്കേതിക വശങ്ങളെക്കുറിച്ച് അവർക്കാവശ്യമായ പരിശീലനം നൽകണം.

10 പഞ്ചായത്തിലെ എല്ലാവീടുകുളിലും കക്കൂസ് നിർമ്മിക്കാൻ സംവിധാനം ഉണ്ടാക്കണം.+

11 ഓലമേയുന്നതിനായി പാവപ്പെട്ടവർക്കുള്ള സഹായം വർദ്ധിപ്പിക്കുക.

12 ഓലമേയുന്നതിന് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുക.

13 കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കാവുന്ന സംഘത്തിന്റെ ചുമതലയിൽ വാങ്ങി വിതരണം ചെയ്യുക. കെട്ടിക സാധന സാമഗ്രികൾ നിർമ്മിക്കുക.

# സാമൂഹ്യക്ഷേമം

ജവിത ഗുണമേന്മയുള്ള വർദ്ധനവിനു സഹായിക്കുന്ന ഒരു ഘടകമാണ് സാമൂഹ്യക്ഷേമ പദ്ധതികൾ. സാമൂഹ്യജീവിതത്തിന്റെ മുന്നേറ്റത്തിന് ഈ പദ്ധതികൾ സഹായകമാവുന്നു. പ്രധാനമായും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തിന് ആശ്വാസം പകരുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രതിവർഷം 11,000 രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. ദാരിദ്ര്യനിർമാർജ്ജന പദ്ധതികളും സാമൂഹ്യക്ഷേമ പരിപാടികളും നിലവിലുണ്ടെങ്കിലും അവ മതിയായ അളവിൽ പ്രയോജനപ്പെടുത്തുന്നില്ല. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം പഞ്ചായത്തിൽ 3323 കുടുംബങ്ങളാണ് ദരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. സാമൂഹ്യ ക്ഷേമ പരിപാടികളുടെ ഗുണം ലഭിക്കുന്നതിനുവേണ്ടി ഗ്രാമസഭകളിൽ നിരവധി ആവശ്യങ്ങൾ ഉയർന്നുവന്നു. വിവിധ തരത്തിലുള്ള പെൻഷനുകൾക്കും ധനസഹായങ്ങൾക്കും അർഹതയുള്ളവർ ഇനിയും പഞ്ചായത്തിലുണ്ട്.

തേക്കട, വെമ്പായം വില്ലേജുകളിൽ വിധവാ പെൻഷൻ 87 പേർക്കും വികലാംഗ പെൻഷൻ 38 പേർക്കും വർദ്ധ്യക്യകാല പെൻഷൻ 135 പേർക്കും കുഷ്ഠരോഗികൾക്കുള്ള പെൻഷൻ 8 പേർക്കും ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ 24 പേർക്കും ലഭിക്കുന്നു. പഞ്ചായത്തിൽ 13 മഹിളാ സമാജങ്ങളും 13 ഫീഡിംഗ് സെൻററുകളും, മൂന്ന് ബാലവാടികളുമുണ്ട്.

ഗ്രാമീണ വനിതകൾക്ക് സ്വാശ്രയത്വം നേടയെടുക്കുന്നതിനുള്ള D.W.C.R.A.പരിപാടിയിൽ പഞ്ചായത്തിൽ ആറ് യൂണിറ്റുകൾ ആരംഭിച്ചെങ്കിലും രണ്ടെണ്ണം മാത്രമേ

പ്രവർത്തന ക്ഷമമായിള്ളു,. ഒരെണ്ണം പ്രവർത്തന രഹിതമായി, രണ്ടെണ്ണം ഭാഗികമായി പ്രവർത്തിക്കുന്നു. ദുർബ്ബല വിഭാഗങ്ങിൽ 2462 വീടുകളിലാണ് കകൂസ് നിർമിക്കേണ്ടതായി കണ്ടെത്തിയിരുന്നത്. ഇവരിൽ പട്ടികജാതിക്കാരായ 36 പേർ ഉൾപ്പെടെ 84 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ച് നൽകി.

ട്രൈസം പദ്ധതിപ്രകാരം തൊഴിൽ പരിശീലനം നേടിയവർ 40 പേരാണ് 26 പേർ ഇതിൽ സ്വയം തൊഴിൽ നേടി. 12 പേർ ഇതരതൊഴിലുകൾ നേടി. രണ്ടുപേർ അവശേഷിക്കുന്നു.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടിയിൽ ആർ. ഏ. പി. 548 പേരെ കണ്ടെത്തി 30 പേർക്ക് ഉപകണണങ്ങൾ വിതരം ചെയ്തു.

ദാരിദ്ര്യരേഖക്ക് താഴെയുള്ള 3323 പേരിൽ 251 കുടുംബങ്ങൾ എസ്. സി. / എസ്. ടി. വിഭാഗത്തിലാണ്. 550 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്തിട്ടുണ്ട്. ഇതിൽ എസ്. സി. / എസ്. ടി. കുടുംബങ്ങൾ 129 ആണ്. 186 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് മുകളിലെത്തിയതായി കാണുന്നു.

സാധാരണക്കാരയ ആളുകൾക്ക് സർക്കാർ സ്ഥാപനങ്ങളുടെ സേവനത്തെ സംബന്ധിച്ച് വ്യാപകമായ പരാധികളുണ്ട്. കൃത്യനിഷ്ഠ ഇല്ലായ്മ, അഴിമതി, കൈക്കൂലി, കാര്യക്ഷമത രാഹിത്യം എന്നിങ്ങനെ നീണ്ടുപോകുന്നു പരാതികൾ ഗ്രാമസഭകളിലുണ്ടായി. അർഹതപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിനുപോലും ഒരു നൂനപക്ഷ ഉദ്യോഗസ്ഥന്മാർ കൈക്കൂലി ചോദിച്ചുവാങ്ങുന്നു എന്ന പരാതിയുണ്ട്. ഇതുമൂലം സേവനതൽപ്പരരായ ജീവനക്കാർപോലും പലപ്പോഴും ജനങ്ങളുടെ വിദ്വേഷത്തിന് പാത്രമാകുന്നു.

## പ്രശ്നങ്ങൾ

1. ക്ഷേമപദ്ധതികൾ അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല.
2 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും തെരഞ്ഞെടുത്തവർക്ക് സഹായം ലഭ്യമാക്കുന്നതിലും കാലതാമസം നേരിടുന്നു.
3 തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ പരിശീലനത്തിൻെറയും ആസൂത്രണത്തിൻെറയും അഭാവം.
4 ദരിദ്ര ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ആരോഗ്യ പ്രശ്നങ്ങൾ
5 ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ ശവസംസ്കാരംമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ
6 ലഭിക്കുന്ന ക്ഷേമപദ്ധതിയുടെ സഹായങ്ങൾ വിനിയോക്കാത്തവർ
7 മദ്യാപന വിപത്ത്.
8 പാവപ്പെട്ട വീടുകളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം തുടരാനുള്ള ബുദ്ധിമുട്ട്.
9 വൃദ്ധജനങ്ങൾക്ക് സംരക്ഷണബോധമില്ലായ്മ.
10 ചില മഹിളാ സമാജങ്ങൾക്കും വിസിറ്റിംഗ് സെൻററുകൾക്കും സ്വന്തമായി കെട്ടിട സൗകര്യങ്ങളില്ല. ഉള്ളവയുടെ അറ്റകുറ്റപ്പണികൾ നടക്കാറില്ല.
11 കമ്യൂണിറ്റി ഹാളിൻെറ അഭാവം.
12 സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ ഒരുവിഭാഗത്തിൻെറ കാര്യക്ഷമതാക്കുറവ്, അഴിമതി തുടങ്ങിയവ.
13 വിവിധ വകുപ്പുകളിൽ നിന്നു ലഭിക്കുന്ന സഹായങ്ങളെ സംബന്ധിച്ചും നടപടിക്രമങ്ങളെ കുറിച്ചും സാധാരണക്കാർക്കുള്ള അറിവില്ലായ്മ.

## നിർദ്ദേശങ്ങൾ പരിഹാരങ്ങൾ

1 ദാരിദ്ര്യരേഖയ്ക്കു വേണ്ടി നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി ഉയർത്തണം. IRDP വർഷംതോറും പുതുക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.
2 ക്ഷേമ പദ്ധതികളെയും വിവിധ പരിപാടികളെയും കുറിച്ചും ഓരോ സ്ഥാപനത്തിൽ നിന്നും സഹായങ്ങളെ കുറിച്ചും അവ ലഭിക്കുന്നതിനുള്ള മാനദണ്ഡത്തെക്കുറിച്ചും ബന്ധപ്പെട്ട ആപ്പീസുകൾക്കു മുമ്പിൽ സ്ഥിരമായി ബോർഡുകൾ എഴുതി പ്രദർശിപ്പിക്കണം.
3 ഓരോ വാർഡിനും ഏറ്റവും കുറഞ്ഞത് രണ്ട് ഫീഡിംഗ് സെൻററുകളും രണ്ട് മഹിളാ സമാജങ്ങളും ഉണ്ടാക്കണം. അവയുടെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കണം. കെട്ടിടമില്ലാത്തവർക്ക് കെട്ടിടം ഉണ്ടാക്കണം. അറ്റകുറ്റപ്പണികൾ നടത്തണം.
4 വനിതകളുടെ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ വ്യാപകമായി ഉണ്ടാകണം.
5 ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ സാനിട്ടേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. അവക്കുള്ള ഗ്രാൻറും വർദ്ധിപ്പിക്കണം.
6 ക്ഷേമപദ്ധതികളിൽ ഗുണം ലഭിക്കാനുള്ളവരെ ജനകീയ സമിതികൾ തെരഞ്ഞെടുക്കണം. മുൻകൂട്ടി അതിന് മാനദണ്ഡം നിശ്ചയിക്കണം.

7 പൊതശ്മാശാനം ആരംഭിക്കണം. ആംബുലൻസ് സൗകര്യം ഉണ്ടാക്കണം.

8 മദ്യപാന വിപത്ത്, ക്ഷേമപദ്ധതി സഹായങ്ങൾ കൃത്യമായി വിനിയോഗിക്കാതിരിക്കൽ എന്നിവയ്ക്കെതിരേ ബോധവൽക്കരണം നടത്തണം

9 കമ്മ്യൂണിറ്റ് ഹാൾ നിർമ്മിക്കണം

10 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം വർദ്ധിപ്പിക്കുക.

11 ഉപഭോക്തൃസംഘടനകളെ ശക്തിപ്പെടുത്തു. നീതി മേളകൾ സംഘടിപ്പിക്കുക.

12 എല്ലാ സ്ഥാപനങ്ങളിലും ജനകീയ സമിതികൾ ഉണ്ടാക്കുക, ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുക, അഴിമതിയും കാര്യക്ഷമതയില്ലായ്മയും കാണിക്കുന്നവരെ മാതൃകപരമായി ശിക്ഷിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുക.

13 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വായം തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുകയും വിപണനത്തിന് സഹായം നൽകുകയും ചെയ്യുക.



# വനിതാക്ഷേമം

നമ്മുടെ പഞ്ചായത്തിലെ 32657 വരുന്ന ആകെ ജനസംഖ്യയിൽ (1991 കനേഷുമാരി) 16570 വനിതകളാണ്. ഇതിൽ 14,600 ഓളം വരുന്ന ത്രീകൾ തൊഴിൽ രഹിതരാണ്. ഇതിൽ ഭൂരിപക്ഷവും വീട്ട മ്മമാരാണ്. യഥാർത്ഥത്തിൽ ഏറ്റവും കുടുതൽ പണിയെ ടുക്കുന്നവർ. സംഘടിതവും അസംഘടിതവും ആയ മേഖ ലയിൽ പണിയെടുക്കുന്നവർ മുതൽ നാമമാത്ര തൊഴിലി ലേർപ്പെട്ടിരിക്കുന്നവർ വരെയുള്ള സ്ത്രീകളുടെ എണ്ണം വളരെ തുച്ഛമാണ്.

ജനസംഖ്യാനുപാതത്തിൽ മുൻ പന്തിയിൽ നിൽ ക്കുന്ന സ്ത്രികൾ സാമുഹ്യവും സംസ്ക്കാരിക വിദ്യഭ്യാസ കാർഷിക രംഗങ്ങളിൽ ഇനിയും ബഹുദുരം മുന്നോട്ടു പോ കേണ്ടതുണ്ട്. അന്ധവിശ്വാസങ്ങളും അനാചരങ്ങളും നമ്മുടെ സമൂഹത്തിൽ കുറഞ്ഞിട്ടുണ്ടെങ്കിലും ഇതുമുലമു ണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ ഇന്നും അനുഭവിക്കുന്നുത് സ്ത്രികളാണ്. സ്വയം സൃഷ്ടിചെടുത്ത ഒരു ചട്ടക്കുടിൽ നിന്നും പൊതുരംഗത്തേയ്ക്ക് വരാൻ സ്ത്രികൾ ഇന്നും വൈമനസ്യം പ്രകടിപ്പിക്കുന്നുണ്ട്. ഇതിനൊരു മാറ്റം വരു ത്താൻ സാമുഹ്യ ബോധവല്ക്കരണം അത്യാവശ്യമാണ്. വനിതാ ക്ഷേമം ലക്ഷ്യമാക്കുമ്പോൾ സാമ്പത്തിക സ്വാശ്രയ ത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയാണ് വേണ്ടത്. ഇന്ന് സ്ത്രികൾക്കുള്ള സാമുഹ്യപദവിയേയും മറ്റ് പ്രദേശങ്ങളെയും കുറിച്ച് പ്രതിപാദിച്ചാൽ മാത്രമേ വനിതാക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്താൻ നമുക്ക് കഴിയു.

നമ്മുടെ പഞ്ചായത്തിൽ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരിൽ ഒരു ചെറിയ വിഭാഗം അന്യവീടുക ളിൽ വീട്ടുജോലിയ്ക്ക് പോകുന്നവരാണ്. കുടാതെ നിർ മ്മാണ മേഖലയിൽ പണിയെടുക്കുന്നതിനായി നഗര പ്രദേശങ്ങളിൽ പോകുന്ന കുറച്ച് സ്ത്രികളേയും കാണാം. കൂലി നിരക്ക് പുരുഷ തൊഴിലാളികളേക്കാൾ കുറവാണ് സ്ത്രീതൊഴിലാളികൾക്ക്. വേതനത്തിലുള്ള ഈ വിവേച നം അവസാനിപ്പിക്കണം അതു പോലെ തന്നെ കൂറ്റൻ പാറ കൾ കരാറുവ്യവസഥയിൽ പിടിച്ച് ചല്ലിയാക്കി വിൽക്കുന്ന സ്ത്രിതൊളിലാളികളും വെമ്പായം പഞ്ചായത്തിലുണ്ട്. കാർഷിക മേഖയിലെ മുരടിച്ച് സ്ത്രി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു വൻ പ്രഹരം തന്നെയായിരുന്നു

കച്ചവടത്തിലേർപ്പെട്ട് കുടുംബം പുലർത്തുന്ന സ്ത്രി കളും പഞ്ചായത്തിലുണ്ട്. ചാല, പാളയം എന്നീ മാർക്കറ്റുക ളിൽ നിന്നും പച്ചക്കറികളും മറ്റ് സാധനങ്ങളും വാങ്ങി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലും കന്യാകുളങ്ങ ര, വട്ടപ്പാറ, പോത്തൻകോട്, എന്നി ചന്തകളിലും വിറ്റഴിച്ച്

അതിലൂടെ വരുമാനം കണ്ടെത്തുകയാണ് ഇവർ ചെയ്യുന്നത്.

സ്വകാര്യ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകളിൽ ഒരു വിഭാഗം അവിവാഹിതരായ പെൺകുട്ടികളാണ്. ഉദാഹരണമായി തയ്യൽ, പ്രിൻെറിംഗ് ലാബോറട്ടറി, കച്ചവടം, എന്നീ രംഗങ്ങളിൽ പെൺകുട്ടികൾ പഞ്ചായത്തിനു പുറത്തു പോയി പണിയെടുക്കുന്നുണ്ട്. ഇവർക്കൊക്കെ വളരെ കുറഞ്ഞ വേതനമാണുള്ളത്. കുറഞ്ഞ വേതനം നൽകിയാൽ അഭ്യസ്തവിദ്യരായ മുഴുവൻ സമയം ജോലിചെയ്യുന്ന സ്ത്രീകളെ ലഭിയ്ക്കും എന്നുള്ളതാണ് ഇതിൻെറ മേന്മ സർക്കാർ അർദ്ധസർക്കാർ, സ്വകാര്യസ്ഥാപനങ്ങൾ, ആദ്ധ്യാപികമാർ, ആതുരസേവന രംഗത്തുള്ളവർ തുടങ്ങി സ്ത്രീകൾ കടന്നു ചെല്ലാത്ത മേഖലകൾ കുറവാണെങ്കിലും പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണവുമായി തട്ടിച്ചു നോക്കുമ്പോൾ തൊഴിൽ രംഗങ്ങളുമായി ബന്ധപ്പെടുന്നവരുടെ എണ്ണം തുലോം തുച്ഛമാണ്.

വിദ്യാഭ്യാസ രംഗത്ത് ഇന്ന് സ്ത്രീകൾ കുറേശയൊക്കെ മുന്നേറിയിട്ടുണ്ട്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഇന്ന് രക്ഷകർത്താക്കൾ ശ്രദ്ധചെലുത്തുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ നിന്ന് കൊഴിഞ്ഞു പോകുന്നവരിൽ പെൺകുട്ടികളുടെ എണ്ണം വളരെ കുറവാണ്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ് നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളിൽ അധികംപേരും. ഉന്നത പഠനത്തിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണവും വർദ്ധിച്ചുവരുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണം കൂടുതലാണെങ്കിലും അവരെ വേണ്ട വണ്ണം ഉപയോഗപ്പെടുത്തുവാൻ നമുക്ക് കഴിയുന്നില്ല. തൽഫലമായി ഒരു ഘട്ടം കഴിഞ്ഞാൽ ഈ രംഗത്തുനിന്ന് അവരിലൂടെ നമുക്ക് ലഭ്യമാകുമായിരുന്ന മാനവ വിഭവശേഷി നഷ്ടമാവുകയും ചെയ്യുന്നു.ഈ പഞ്ചായത്തിലെ സ്ത്രീകൾ സാക്ഷരതാ പ്രസ്ഥാനത്തിന് ശ്ലാഘനീയമായ സംഭാവനകൾ നൽകിയവരാണ്.

മേൽപ്പറഞ്ഞ തൊഴിൽ സാധ്യതകൾ നമ്മുടെ പഞ്ചായത്തിലെ ന്യൂനപക്ഷം വരുന്ന സ്ത്രീകളുടേതാണ്. ഭൂരിപക്ഷം വരുന്ന വനിതകൾ തൊഴിൽ രഹിതരാണ്. ഇവരെ ബോധവതികളാക്കി പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് നമ്മുടെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. ഇതിനായി പുത്തൻ വ്യവസായ സംരംഭങ്ങളും കാർഷിക പദ്ധതികളും സർക്കാർ സഹായത്തോടെ കൊണ്ടുവരണം. നമുക്ക് അത്യാവശ്യമായ പച്ചക്കറികളെങ്കിലും കൃഷിചെയ്യാൻ ഓരോ വീട്ടമ്മയും തയ്യാറാകുകയും അവരെ അതിന് സഹായിക്കുകയും ചെയ്താൽ സമൂഹത്തിന് ആരോഗ്യവും അതിലുപരി വരുമാനവും നേടാം.

ആരോഗ്യ രംഗത്ത് സ്വീകരിക്കേണ്ട പ്രാഥമിക അറിവുകൾ നേടുന്നതിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ മുമ്പന്തിയിലാണ്. പ്രത്യേകിച്ചു കുഞ്ഞുങ്ങളുടെ ആരോഗ്യ കാര്യത്തിൽ. എന്നാൽ ഇടതടവില്ലാതെയുള്ള വീട്ടുജോലികളും പുറംജോലികളും പണിയെടുക്കുന്ന സ്ത്രീകളെ പല ശാരീരിക രോഗങ്ങളിലും കൊണ്ടെത്തിക്കുന്നുണ്ട്. വീട്ടുജോലികളിൽ പുരുഷന്മാർ ഒരു കൈ സഹായിക്കുന്നത് അഭിമാനക്ഷതമായി കണക്കാക്കേണ്ടതില്ല. പരസ്പര സഹായവും സഹകരണവും വിശ്വാസവുമാണ് ഓരോ കുടുംബത്തിൻെറയും കെട്ടുറുപ്പിനാധാരം.

ആയുസ്സിൻെറ കാര്യത്തിൽ പുരുഷന്മാരേക്കാൾ മുന്നിൽ നിൽക്കുന്ന സ്ത്രീകൾ അതിൻെറ വലിപ്പവും വിലയും മനസ്സിലാക്കുന്നില്ല. സ്ത്രീകൾക്ക് ഇനിയും ഒട്ടേറെ രംഗങ്ങളിൽ ചെന്നെത്തി മാറ്റത്തിൻെറ വിത്ത് വിതക്കേണ്ടതുണ്ട് . വിമുഖത മാറ്റിവെച്ച് സാമൂഹിക പ്രവർത്തനങ്ങളിലും രാഷ്ട്രീയ പ്രവർത്തനങ്ങളിലും സ്ത്രീകൾ പങ്കാളികളാവണം. എങ്കിലും ഒരു മദ്യവിമുക്ത സമൂഹം സൃഷ്ടിക്കാനുള്ള തയ്യാറെടുപ്പിൽ നമ്മുടെ സ്ത്രീകളും പങ്കാളികളാവുന്നത് അഭിമാനാർഹമാണ്.

രാഷ്ട്രീയ രംഗത്തേക്ക് ഇനിയും സ്ത്രീകൾ വേണ്ടത്ര മുന്നോട്ട് വന്നിട്ടില്ല. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ നമ്മുടെ പഞ്ചായത്തിൽ അഞ്ചുപേർ പഞ്ചായത്തു തലത്തിലും ഒരാൾ ബ്ലോക്കു തലത്തിലും ഒരാൾ ജില്ലാ തലത്തിലും ജനപ്രതിനിധികളായി വന്നിട്ടുണ്ട്. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ മുന്നോട്ടു വാരൻ അറച്ചു നിൽക്കുന്നതു തന്നെയാണ് ് അവരുടെ ഉയർച്ചക്ക് വിഘാതമായി നിലകൊള്ളുന്നത്.

ശാസ്ത്രീയമായും യുക്തിസഹമായും വസ്തുതകൾ വിലയിരുത്താൻ വനിതകളെ കുടുതൽ പ്രാപ്തരാക്കുകയും അതുവഴി സാമൂഹിക പുനരുദ്ധാരണത്തിന് മാർഗ്ഗം. തെളിക്കുകയും വേണം. ഓരോ സ്ത്രീയുടേയും മുന്നേറ്റവും പുരോഗതിയും ഒരു സമൂഹത്തിൻെറ തന്നെ പുരോഗതിയാണ്. ഇങ്ങനെ ഒരു പുലരിക്കായി നമുക്ക് ഒത്തൊരു മയോടെ നീങ്ങാം.

**പ്രശ്നങ്ങൾ**

1. വനിതകൾക്ക് തൊഴിൽ പരിശീലനത്തിനായുള്ള ട്രെ

യിനിംഗ് സെൻററുകൾ ഇല്ല.

2 വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്ന സ്കീമുകളെക്കുറിച്ചുള്ള അജ്ഞത.

3 കാർഷിക മേഖലയിലെ മുരടിപ്പ്.

4 സാധനങ്ങളുൽപ്പാദിപ്പിച്ചാൽ അത് വിറ്റഴിക്കാനുള്ള വിപണി കണ്ടെത്താൻ കഴിയാതിരിക്കുക.

5 സാമൂഹ്യബോധവൽക്കരണം നൽകുക.

**നിർദ്ദേശങ്ങൾ**

1 പഞ്ചായത്തു തലത്തിൽ പരിശീലന ഗ്രൂപ്പുകളുണ്ടായാൽ ഗ്രാമതലത്തിൽ ചെറിയ സംഘങ്ങളുണ്ടാക്കി തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ടാക്കാവുന്നതാണ്.

2 വനിതകൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കോഫി ഹൗസുകൾ, ഹോൾട്ടി കൾച്ചർ, കൂൺ കൃഷി, അച്ചാർ, കറി പൗഡർ, മെഴുകുതിരി, കോഴിവളർത്തൽ, ആടുവളർത്തൽ, പച്ചക്കറിത്തോട്ടം, പാൽസംസ്ക്കരണ കേന്ദ്രം, പർപ്പട നിർമ്മാണം തുടങ്ങിയ മേഖലയിൽ ഈ സംഘങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയും. ഈ ഉദ്യമങ്ങളിൽ പഞ്ചായത്തിന്റെ പൂർണ്ണ സഹകരണം ഉണ്ടാകണം.

3 പഞ്ചായത്തിലുള്ള D.W.C.R.A യൂണിറ്റുകൾ നില നിർത്തുകയും ഇല്ലാത്ത വാർഡുകളിൽ രൂപീകരിക്കുകയും ചെയ്യുക.

4 വിവിധ സ്കീമുകളെക്കുറിച്ചുള്ള അവബോധം നൽകാൻ കഴിയുന്ന ഒരു ഗ്രൂപ്പ് പഞ്ചായത്തു തലത്തിൽ ഉണ്ടാകുന്നത് നല്ലതാണ്.

5 തുല്യ ജോലിക്ക് തുല്യ വേതനം എന്ന രീതി നടപ്പിലാക്കണം

6 സ്ത്രീകളിൽ വയനാശീലം ഉണ്ടാകണം. ഇതിനായി മൊബൈൽ ലൈബ്രറികളും പ്രയോജനപ്പെടുത്തണം.

7 വാർഡ് അടിസ്ഥാനത്തിൽ സ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ട് ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെ എടുത്ത് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

8 വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനങ്ങൾ തടയാൻ പഞ്ചായത്തു തലത്തിൽ കൗൺസിലിംഗ് സെൻറർ തുടങ്ങണം.

9 ബാലവാടി പ്രവർത്തകർക്ക് അർഹമായ വേതനം നൽകുക.

10 നിയമംമൂലം നിരോധിച്ചിട്ടുള്ള സ്ത്രീധനം ഇന്നും തുടരുന്നുണ്ട്. ഈ സ്ത്രീധന നിരോധന നിയമം കർശനമാക്കുക.

11 സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

12 വിധവാ പെൻഷനും കർഷക തൊഴിലാളി പെൻഷനും യഥാസമയം നൽകുക.+ൾ

13 ലോണുകൾ ലഭിക്കുന്നതിനുള്ള നിയമങ്ങൾ ലഘൂകരിക്കുക.

14 നിർദ്ധന കുടുംബങ്ങളിലെ കുട്ടികളെ വിവാഹം ചെയ്തു കൊടുക്കുന്നതിന് സർക്കാർ ധനസഹായം നൽകണം.

15 നിലവിലുള്ള മിഡ് വൈഫ് സെൻററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

16 ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

17 മഹിളാ സംഘടനാകൾ ശക്തിപ്പെടുത്തുക. ഈ സംഘടനകളിൽക്കൂടി കായിക പരിശീലനം നൽകുക.



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നമ്മുടെ സംസ്ക്കാരത്തിൻെറ ആരംഭവും അടിസ്ഥാനവും കാർഷിക മേഖലയിലാണെങ്കിൽ അത് പടുത്തുയർത്താൻ വിയർപ്പൊഴുക്കിയവർ നമ്മുടെ പട്ടികജാതി - പട്ടിക വർഗ്ഗ സഹോദരങ്ങളാണെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. എന്നാൽ രാജ്യഭരണ വൃത്തങ്ങളിൽ വമ്പിച്ച സ്വാധീനം ചെലുത്താൻതക്കവണ്ണം ഉയർന്ന മേധാശക്തി പുലർത്തിയിരുന്ന വരേണ്യവർഗ്ഗങ്ങൾ മെയ്യനങ്ങാതെ സുഖ ജീവിതം നയിക്കാനും സ്വന്തം ജീവിത സൗകര്യങ്ങൾക്ക് കോട്ടം തട്ടാതെ കാക്കാനും വേണ്ടി പലവിധ ഉപായങ്ങളും സ്വീകരിച്ചു പോന്നിട്ടുള്ളതായി ലഭ്യമായ ചരിത്രത്തിൻെറ വരികൾക്കിടയിലൂടെ വായിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആയിരത്താണ്ടുകൾക്ക് മുമ്പുതന്നെ ജീവിത സന്ധാരണാർത്ഥം ഏർപ്പെട്ടുപോന്നിരുന്ന തൊഴിലിൻെറ അടിസ്ഥാനത്തിൽ മനുഷ്യരെ അവർ വേർതിരിച്ചു. സാമൂഹിക സാഹചര്യങ്ങളല്ല മുൻജന്മ പാപ പുണ്യ കർമ്മ ഫലങ്ങളാണ് ഈ ജന്മത്തിലെ ഉച്ച നീചത്വങ്ങൾക്ക് അടിസ്ഥാനമെന്ന് പ്രചരിപ്പിച്ചും ദൈവീക പരിവേഷമുള്ള കൽപ്പിത കഥകളുടെ മറവിൽ അവർ.

നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും സമൂഹത്തെ ഇന്നും ആ ചാതുർവർണ്ണ്യ വ്യവസ്ഥയുടെ കാണാക്കരങ്ങൾ പിന്നോട്ടു വലിക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ആ ദുരാചാര വ്യവസ്യുടെ തിക്തഫലങ്ങൾ എന്നും ഏറെ അനുഭവിച്ചു പോന്നിട്ടുള്ളവരാണ് ഈ അധസ്ഥിത വർഗ്ഗങ്ങൾ. എന്തിന്, പരിഷ്കൃത സമൂഹത്തിൻെറപോലും നീതി നിഷേധിക്കപ്പെട്ട് സാമൂഹ്യമായും സാമ്പത്തികമായും സാംസ്ക്കാരികമായും ചവുട്ടിത്താഴ്ത്തപ്പെട്ടവർ നവോത്ഥാന പ്രസ്ഥാനത്തിൻെറയും ദേശീയ പ്രസ്ഥാനത്തിൻെറയും മറ്റനേകം സാമൂഹ്യപരിഷ്ക്കരണ പുരോഗമന പ്രസ്ഥാനങ്ങളുടേയുമൊക്കെ അക്ഷീണ പ്രയത്നത്തിൻെറ ഭാഗമായി ഒരു പരിധിവരെയെങ്കിലും അധസ്ഥിതരെ സമൂഹത്തിൻെറ മേൽത്തട്ടിലേക്ക് കൈപിടിച്ചുയർത്താൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹിക സാമുദായിക സമത്വത്തിനു വേണ്ടിയുള്ള കർമ്മ പദ്ധതികൾ ലക്ഷ്യം നേടിയും നേടാതെയും തുടർന്നുകൊണ്ടിരിക്കെത്തന്നെ, ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൻെറ ജീവിത സാഹചര്യങ്ങളിലേക്ക് ഒന്നെത്തിനോക്കുകയാണ് ഇവിടെ ചെയ്യുന്നത്.

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റി ഒന്നിലെ കനേഷുമാരി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 2746 പേരാണ് ഈ പഞ്ചായത്തിലുള്ളത്. അതിൽ 1333 പുരുഷന്മാരും 1413 സ്ത്രീകളുമാണുള്ളത്. 13 അംഗീകൃത പട്ടികജാതി സങ്കേതങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പത്തോ, അതിലധികമോ കുടുംബങ്ങളായി താമസിക്കുന്ന മേഖലയാണ് അംഗീകൃത കോളനികളായി കണക്കാക്കുന്നത്.

| ക്രമ നം. | വാർഡ് | കോളനിയായി പ്രഖ്യാപിച്ചത് |
|---|---|---|
| 1 | ചീരാണിക്കര | കറ്റയിൽ |
| 2 | കാരംകോട് | കടുക്കാഞ്ചേരി, കുട്ടതട്ടി |
| 3 | കന്യാകുളങ്ങര | വലിയവിള വടക്കേവിള, |
| 4 | പെരുംകൂർ | വല്ലകത്തുംമൂട്,യൻപാറക്കോണം |
| 5 | കുറ്റ്യാണി | പങ്കോട്ടുകോണം, ലക്ഷംവീട് |
| 6 | വേറ്റിനാട് | മൊട്ടമുട് |
| 7 | നെടുവേലി | ഇടുക്കുംതല |
| 8 | നന്നാട്ടുകാവ് | മാതാവീട്, ലക്ഷംവീട് |
| 9 | വാഴയ്ക്കാട് | മണ്ഡപക്കുന്ന് |
| 10 | തീപ്പുകൾ | കുണ്ടയത്തുമുകൾ |

1991-ലെ കനേഷുമാരി പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെടുന്ന 142 പേരാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിൽ 72 പുരുഷന്മാരും 70 സ്ത്രീകളുമാണുള്ളത്. രണ്ടംഗീകൃത സെറ്റിൽമെൻറുകളാണ് നമ്മുടെ ഇനിയും പഞ്ചായത്തിലുള്ളത് പല പ്രദേശങ്ങളും സെറ്റിൽമെൻറുകളായി പ്രഖ്യാപിക്കേണ്ടതുണ്ട്.

| ക്രമ. | വാർഡ് | സെറ്റിൽമെൻറുകളായി പ്രഖ്യാപിച്ചത് |
|---|---|---|
| 1 | വേറ്റിനാട് | പന്തലക്കോട് |
| 2 | കൊഞ്ചിറ | ശിവൻകോണം |

ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 1.16 % മാത്രമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാരായിട്ടുള്ളത്. ഇവരിൽ ഭൂരിപക്ഷം പേരും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. പ്രത്യക്ഷത്തിൽ ജാതിപരമായ ഉച്ച നീചത്വങ്ങൾക്കൊന്നും ഇവർ പാത്രമാകുന്നില്ലെങ്കിലും സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക തലങ്ങളിൽ മറ്റ് ജനതയോടൊപ്പം എത്താൻ ഇവരിൽ ഭൂരിപക്ഷത്തിന് ഇനിയും കഴിഞ്ഞിട്ടില്ല എന്നാത് യാഥാർത്ഥ്യമാണ്. എന്നാൽ ഇവരിൽ പട്ടികവർഗ്ഗത്തിൽ പെട്ടവർ സാമൂഹ്യമായും സാമ്പത്തികമായും സാംസ്ക്കാരികമായും മറ്റ് സമുദായങ്ങൾക്കൊപ്പം എത്തിയിട്ടുണ്ടെന്ന് പറഞ്ഞാൽ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് തെറ്റുണ്ടാകുമെന്ന് തോന്നുന്നില്ല. സർക്കാരും മറ്റ് ഏജൻസികളും കാലാകാലങ്ങളിൽ നൽകുന്ന സഹായങ്ങളും പ്രോത്സാഹനങ്ങളും ഒന്നും തന്നെ തീർത്തും അർഹതപ്പെട്ടവർക്ക് കിട്ടാതെ പോകുന്നുവെന്ന് മുൻകാല രേഖകൾ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ മേൽപ്പറഞ്ഞ സഹായങ്ങൾ കിട്ടിയവരിൽ പലരും അത് ദുർവിനിയോഗം ചെയ്ത അനുഭവങ്ങളാണുള്ളത്.

1992- ലെ ഐ. ആർ. ഡി. പി കുടുംബസർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന 251 പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ഇതിൽ 129 കുടുംബങ്ങൾക്ക് ഐ. ആർ.ഡി.പി സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ട്രൈസം, തൊഴിൽ പരിശീലനം ലഭിച്ച അഞ്ചുപേർ രണ്ട് യൂണിറ്റുകൾ സ്ഥാപിച്ച് സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ഐ. ആർ. ഡി. പി.യുടെ വിവിധ പദ്ധതികളിലായി 45 വീടുകൾ അനുവദിച്ചിട്ടുള്ളതിൽ 40 വീടുകൾ പൂർത്തിയായിട്ടുണ്ട്. സർവ്വേ പ്രകാരം കക്കൂസുകളില്ലാത്ത 250 പട്ടികജാതി പട്ടികവർഗ്ഗ വീടുകളും വിവിധ പദ്ധതികളിലൂടെ 39 കക്കൂസുകളും അനവദിച്ചിട്ടുണ്ട്.

ഐ ആർ ഡി പി പ്രകാരം ദാരദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന സഹായം പ്രധാനപ്പെട്ട ഒരു പദ്ധതിയാണെങ്കിലും വായ്പയും സബ്സിഡിയും ഉപയോഗപ്പെടുത്തി സ്വരൂപിക്കുന്ന ആസ്ഥികൾ കൃത്യമായും ഗുണഭോക്തക്കൾ പ്രയോജനപ്പെടുത്തുന്നില്ല. എന്നതിനാൽ ഈ പദ്ധതിയുടെ പ്രയോജനം ലക്ഷ്യം കാണുന്നില്ല.

ഐ. ആർ. ഡി. പിയുടെ ഒരു അനുബന്ധ പരിപാടിയാണ് D.W.C.R.A. IRDP പദ്ധതിപോലെ വ്യക്തിഗത പരിപാടി അല്ലാത്തതിനാൽ നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട്. വായ്പാ സബ്സിഡി ഗുണഭോക്താക്കൾക്ക് പൊതുതാൽപ്പര്യത്തെ മുൻനിർത്തി മാത്രമേ ചെലവഴിക്കാൻ സാധിക്കു. ഇത് ഗുണതോക്താക്കൾ അംഗീകരിക്കാൻ തയ്യാറാവുന്നില്ല. ശരിയായ ബോധവൽക്കരണത്തിലൂടെ മാത്രമേ ഈ സ്കീമുകളുടെ പ്രയോജനം ഉണ്ടാകു. എ. എൻ പി പദ്ധതിക്ക് കീഴിലുള്ള ബാലവാടികളുടെ സൗകര്യക്കുറവും അനാകർഷകത്വവും കാരണം നാമമാത്രമായിട്ടുള്ള കുട്ടികളേ മൊത്തം സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കാണുന്നുള്ള. ബാലവാടികളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട്. അതുപോലെ ദുർബ്ബല വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനായി നൽകുന്ന സാമ്പത്തിക സഹാ

യവും വളരെ അപര്യാപ്തമത്രെ. മറ്റൊരു പ്രധാനകാര്യം ഈ ജനവിഭാഗത്തിന്റെ ഉന്നമനത്തെ ലാക്കാക്കി കോടിക്കണക്കിന് രൂപയുടെ ധാരാളം പദ്ധതികൾ ഉണ്ടെങ്കിലും ഇവയൊന്നും അർഹതപ്പെട്ടവരുടെ കൈകളിൽ എത്തിച്ചേരുകയോ പദ്ധതി ലക്ഷ്യം കാണുകയോ ചെയ്യുന്നില്ലാ എന്നതാണ് വാസ്തവം. വല്ലപ്പോഴും ലോൺ തരപ്പെടുത്തി കൊടുക്കാമെന്ന മട്ടിൽ മുൻകൈയെടുത്ത് കാര്യങ്ങൾ നീക്കുന്ന ഉന്നതങ്ങളിലെ ഇടനിലക്കാരയായ ചിലരുടെ കൈകളിലേയ്ക്കാണ് വായ്പയുടെ അല്ലെങ്കിൽ സഹായധനത്തിന്റെ സിംഗഭാഗവും ചെന്നെത്തുന്നത്. പൊതുവെ ഇത്തരം പദ്ധതികളെക്കുറിച്ചുള്ള അവരുടെ അജ്ഞത തന്നെയാണ് ഇതിനു കാരണം. വർഷങ്ങളോളമായി ഈ മേഖലയിൽ കോടിക്കണക്കിനു രൂപ ചെലവാക്കുകയോ ചെലവാക്കാൻ അക്കമിട്ട് നിരത്തിയ സ്കീമുകൾ പ്രഖ്യാപിക്കുകയോ ഒക്കെ ചെയ്തിട്ടുണ്ടെങ്കിലും അവ അർഹതപ്പെട്ട കരങ്ങളിലെത്തിക്കാൻ അല്ലെങ്കിൽ എത്തിച്ചു എന്ന് ഉറപ്പുവരുത്തി ലക്ഷ്യംനേടാൻ അധികൃതർക്കു കഴിഞ്ഞിട്ടില്ല. ഈ യാഥാർത്ഥ്യങ്ങൾ വിമർശനപരമായി ഉൾക്കൊണ്ടുകൊണ്ടുവേണം നാം പുതിയ സ്കീമുകളൾക്ക് രൂപം കൊടുക്കാൻ.

നമ്മുടെ പഞ്ചായത്തിൽ പട്ടിജാതി പട്ടികവർഗ്ഗ വിഭാഗക്കാരിൽ ഓരോ സഹകരണസംഘം നിലവിലുണ്ട്. എന്നാൽ ഈ വിഭാഗത്തിൽപ്പെട്ടവർക് അതിനെക്കുറിച്ച് അറിയില്ലായെന് പറയേണ്ടിവരുന്നത് ഖേദകരമാണ്. ഈ സംഘങ്ങളുടെ പ്രവർത്തനം വളരെ പരിമിതവും ശോചനീയവുമാണ്. മുഴുവൻ പട്ടികജാതി പട്ടിക വർഗ്ഗക്കാരെയും ഇതിൽ അംഗങ്ങളാക്കേണ്ടത് അനിവാര്യമാണ്. പട്ടികജാതി സഹകരണസംഘത്തിൽ 50 വനിതകൾക്ക് പരിശീലനവും തൊഴിലും നൽകുന്നതിനാവശ്യമായ യന്ത്രോപകരണങ്ങളുണ്ടെങ്കിലും അവ പ്രയോജനപ്പെടുത്തുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട നല്ലൊരു വിഭാഗം ദളിത് ക്രൈസ്തവർ ഉണ്ട്. അവർക്ക് അർഹമായ ആനുകൂല്യങ്ങൾ നിഷേധിച്ചുവരുന്നു. ഈ അവസ്ഥക്ക് മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. ഈ വിഭാഗത്തിനുകൂടി അനുകൂല്യങ്ങൾ കിട്ടത്തക്കവിധത്തിൽ നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. അതോടൊപ്പം യഥാർത്ഥ പട്ടികജാതിക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു വേണ്ട ജാതി സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതിന് വൈഷമ്യവും കാലതാമസവും ഉണ്ടാക്കുന്ന നിയമപരമായ തടസ്സങ്ങൾ മാറ്റുവാൻ ജനകീയ സമിതികളെ ചുമതലപ്പെടുത്തുവാൻ വേണ്ട നിയമനിർമ്മാണം നടത്തേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1. പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പല പ്രദേശങ്ങളും സെറ്റിൽമെൻറുകളായി പ്രഖ്യാപിച്ചിട്ടില്ല.
2. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന അനവധി പ്രദേശങ്ങൾ കോളനികളായി പ്രഖ്യാപിക്കേണ്ടതുണ്ട്.
3. നിലവിലുള്ള ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോധമില്ലായ്മ
4. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളുടെ അഭാവം.
5. നിരക്ഷരത ഇപ്പോഴും തുടരുന്നു.
6. ജീവിതനിലവാരം താഴ്ന്നതാണ്.
7. കുടിവെള്ളത്തിന്റെ ദൗർലഭ്യത
8. ഉന്നതവിദ്യാഭ്യാസം കിട്ടുന്നവരുടെ എണ്ണം വളരെക്കുറവാണ്.
9. സഹകരണ സംഘങ്ങളുടെ പ്രവർത്തനം വളരെ ശോചനീയമാണ്.
10. വൈദ്യുതി കടന്നു ചെല്ലാത്ത പ്രദേശങ്ങൾ നിരവധിയാണ്.
11. വായ്പാ വിതരണത്തിന്റെ അപാതകൾ
12. ലക്ഷംവീടുകളുടെ അവസ്ഥ ശോചനീയമാണ്.
13. ഒന്നിലധികം കുടുംബങ്ങൾ ഒരേവീട്ടിൽ താമസിക്കുന്നു.
14. ഒരുമേഖലയിൽ ഈ വിഭാഗങ്ങൾ മാത്രം കേന്ദ്രീകരിക്കപ്പെടുന്നു.
15. കോളനി റോഡുകളുടെ അവസ്ഥ ശോചനീയമാണ്.
16. സഹായം യഥാർത്ഥത്തിൽ അർഹിക്കുന്നവർക്ക് കിട്ടുന്നില്ല.
17. സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുന്നോക്കം നിൽക്കുന്നവരാണ് സഹായം വീണ്ടും നേടിയെടുക്കുന്നത്.
18. ക്ഷേമ പദ്ധിതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്ന് സർക്കാർ വകുപ്പുകളുടെ ഏകോപനമില്ലായ്മ
19. പാവപ്പെട്ട മെറ്റൽ നിർമ്മാണ തൊഴിലാളികൾ ഇടമില്ലാത്തതുകൊണ്ട് പൊതുനിരത്തുകളിൽ പാറ ഇറക്കുന്നതുമൂലം ഗതാഗത തടസ്സം ഉണ്ടാകുന്നു.
20. ശവദാഹത്തിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ.

21 സ്വന്തമായി വീടില്ലാത്ത ധാരാളം പട്ടികജാതി പട്ടിക വർഗ്ഗക്കാർ നമ്മുടെ പഞ്ചായത്തിൻെറ മിക്കവാറും എല്ലാ പ്രദേശത്തും ഉണ്ട്.

**നിർദ്ദേശങ്ങൾ**

1. പട്ടികവർഗ്ഗക്കാർ അധികം താമസിക്കുന്ന മുട്ടുക്കോണം പുലകം, പന്തലക്കോട് പ്രദേശങ്ങൾ സെറ്റിൽ മെൻറുകളായി പ്രഖ്യാപിക്കുക.
2 പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളായ മഞ്ഞപ്പാറ, പോതുംപാറ, ഈന്തിവിള, കാളിക്കോണം, കുന്നുംപുറത്ത് (തേക്കട), കള്ളിക്കാട്, കുളക്കോട്ടുകോണം, അറവലക്കുന്ന്, കല്ലുവാക്കുഴി, പെരുംകൂർ ലക്ഷംവീട്, മുളംങ്കാട്, നെടുവേലി, വെട്ടുവിളക്കുന്ന്, കരിംപുലകം, കുളത്തിൻകര എന്നിവ അടിയന്തരമായി അംഗീകൃത കോളനികളായി പ്രഖ്യാപിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.
3 സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുകയും നിലവിലുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുക.
4 കുടിവെള്ളത്തിന് ദൗർലഭ്യത അനുഭവപ്പെടുന്ന പ്രദേശങ്ങളായ കരിംപുലകം , കള്ളിക്കാട്, കുളക്കോട്ടുകോണം, മൊട്ടമൂട്, മുളങ്കാട് വെട്ടുവിളക്കുന്ന്, ഇടുക്കുംതല കോളനി, പെരുങ്കൂർ ലക്ഷംവീട് , മാതാവീട്, കുണ്ടയത്തുമുകൾ എന്നിവിടങ്ങളിൽ അതിനുള്ള സൗകര്യങ്ങൾ അടിയന്തമായി ഏർപ്പെടുത്തുക.
5 കക്കൂസില്ലാത്ത കുടുംബങ്ങളെ കണ്ടെത്തി അവ അടിയന്തിരമായി നിർമ്മിച്ചു നൽകുക.
6 നിലവിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പട്ടികജാതി പട്ടികവർഗ്ഗ വനിതാ സഹകരണ സംഘം സ്ഥാപിക്കുകയും ഈ വിഭാഗത്തിൽപ്പെട്ട എല്ലാവരേയും സംഘങ്ങളിൽ മെമ്പറന്മാരായി ചേർക്കുകയും ചെയ്യുക.
7 ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാ വിതരണം കൂടുതൽ ഉദാരമാക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.
8 വൈദ്യുതി കടന്നു ചെല്ലാത്ത പട്ടിജാതി പട്ടിവർഗ്ഗ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കുക. വൈദ്യുതി എത്തിയ പ്രദേശങ്ങളിൽ കണക്ഷൻ കൊടുക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴുവാക്കി അത് നൽകുക.
9 ലക്ഷംവീടുകൾ അവയുടെ ഗുണഭോക്താക്കൾ തന്നെ കേടുപാടുകൾ തീർക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക.
10 സമൂഹത്തിൻെറ മുഖ്യധാരയിൽനിന്ന് ഒറ്റപ്പെട്ടുപോകാതിരിക്കാൻ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കോളനികൾ ശാസ്ത്രീയമായ പുനഃസംഘടിപ്പിക്കുക, കേന്ദ്രീകരണം ഒഴിവാക്കുക.
11 കോളനി റോഡുകളുടെ അവസ്ഥ മെച്ചപ്പെടുത്തി ടാറിട്ട് സംരക്ഷിക്കുക.
12 ക്ഷേമ പ്രവർത്തനങ്ങളിലൂടെ അനുവദിക്കുന്ന സഹായങ്ങൾ അത് അർഹിക്കുന്നവർക്ക് കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
13 ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. സന്നദ്ധ സംഘടനകളുടെ സഹായങ്ങളും പ്രയോജനപ്പെടുത്തുക.
14 റോഡ് സൈഡുകളിൽ മെറ്റൽ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന അതാതു പ്രദേശങ്ങളിൽ സ്ഥലസൗകര്യം പഞ്ചായത്ത് ഏർപ്പെടുത്തിക്കൊടുക്കുകയും അതിലൂടെ ഗതാഗത തടസ്സം ഒഴിവാക്കുകയും ചെയ്യുക.
15 ഈ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ചെറുകിട കുടിൽ വ്യവസായങ്ങൾ സ്ഥാപിക്കുക.



# സഹകരണ മേഖല

സ്വാശ്രയാടിസ്ഥാനത്തിൽ സാമൂഹ്യമായി തുല്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി ആരംഭിച്ച സഹകരണ പ്രസ്ഥാനം വെമ്പായം ഗ്രാമപഞ്ചായത്തിലെ ജനതയും ആവേശപൂർവ്വം ഏറ്റുവാങ്ങുകയായിരുന്നു. സഹകരണ മേഖലയിൽ ആഭിമുഖ്യം കാണിക്കുന്നവരാണ് ചെറു ഗ്രാമങ്ങളിലായി അധിവസിക്കുന്ന വെമ്പായം പഞ്ചായത്തിലെ ജനത.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 1950-ൽ 114 സഹകാരികളെ ഉൾപ്പെടുത്തി കൊഞ്ചിറ ആസ്ഥാനമാക്കി കാർഷിക വിഭവ സംഭരണ വിതരണ സഹകരണസംഘം എന്ന പേരിൽ ഒരു സഹകരണ് സ്ഥാപനം രൂപീകരിക്കപ്പെട്ടു. വൻകിട ജന്മിമാരുടെയും പലിശക്കാരുടെയും ചൂഷണങ്ങളിൽപെട്ട് നട്ടം തിരിയുകയായിരുന്ന വെമ്പായം ഗ്രാമപഞ്ചായത്തിലെ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും വിത്തും വളവും കാർഷിക ഉപകരണങ്ങളും വാങ്ങാൻ നിവർത്തിയില്ലാത്ത സാഹചര്യത്തിലാണ് ഇത്തൊരമൊരു സംഘം രൂപീകരിച്ചത്.

കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായവില ലഭ്യമാക്കുന്നതിനും മിതമായ പലിശക്ക് കാർഷിക - കാർഷികേതര പ്രവർത്തനങ്ങൾക്ക് ആശ്വാസധനം ലഭിക്കുന്നതിനും കർഷക - കർഷകത്തൊഴിലാളികളിലെ കൂട്ടായ്മ ഉറപ്പുവരുത്താനും വേണ്ടി ശ്രീ.്എം പരമേശ്വരൻപിള്ള പ്രസിഡന്റായും ശ്രീ. കെ. പി. കേശവൻനായർ സെക്രട്ടറിയായും കാർഷിക വിഭവ സംഭരണ വിതരണ സഹകരണസംഘം പ്രവർത്തനമാരംഭിച്ചു.

ഈ പഞ്ചായത്തിൽ മേൽപ്പറഞ്ഞസംഘം കൂടാതെ വനിതാ സഹകരണസംഘം കന്യാകുളങ്ങര, കൊഞ്ചിറ പട്ടികജാതി സഹകരണ സംഘം, പന്തലക്കോട് പട്ടികവർഗ്ഗ സഹകരണസംഘം, കൊഞ്ചിറ, വഴയ്ക്കാട്, വേറ്റിനാട് എന്നിവിടങ്ങളിലായി മൂന്ന് ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ ഉൾപ്പെടെ ഏഴ് സഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

തേക്കട സൊസൈറ്റിനട കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന തേക്കട കളിമാനൂർ പത്രവ്യവസായ സഹകരണസംഘം മുൻകാലങ്ങളിൽ ആവേശപൂർവ്വം പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തന രഹിതമാണ്. കൂടാതെ വളരെ ആവേശപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരുന്നതും പല കാരണങ്ങളാൽ പ്രവർത്തന രഹിതമായി കിടക്കുന്നതുമായ മറ്റ് സംഘങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. വെമ്പായം കൈത്തറി നെയ്ത്ത് സഹകരണസംഘം മുക്കംപാലമൂട് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ബീഡി തൊഴിലാളി സഹകരണസംഘം, കൊഞ്ചിറ ആസ്ഥാനമായി

പ്രവർത്തനമാരംഭിച്ച കൺസ്യൂമർ സഹകരണസംഘം എന്നീ സംഘങ്ങൾ പ്രവർത്തന രഹിതമാണെങ്കിലും പുനഃരുദ്ധരിക്കപ്പെടേണ്ടവയാണ്. കൂടാതെ വെമ്പായം മാണിക്കൽ പഞ്ചായത്തുകൾ പ്രവർത്തനമേഖലയായി പ്രവർത്തിച്ചിരുന്ന കോഴിവളർത്തൽ സഹകരണസംഘം ഇന്ന് പ്രവർത്തനരഹിതമാണ്.

**സംഘങ്ങളും പ്രവർത്തനങ്ങളും**
**1. വെമ്പായം സർവ്വീസ് സഹകരണബാങ്ക്:**

1961ൽ കാർഷിക വിഭവ സംഭരണ വിതരണ സഹകരണസംഘത്തിൻെറ പ്രവർത്തനമേഖല വിപുലപ്പെടുത്തുന്നതിൻെറ ഭാഗമായി സംഘത്തിനെ വിവിധോദ്ദേശ സഹകരണസംഘം എന്ന പേരിൽ മാറ്റംവരുത്തി. വീണ്ടും. പടിപടിയായുള്ള പുരോഗമന പ്രവർത്തനങ്ങളുടെ നീണ്ട കാലയളവിനിടയിൽ 1965ൽ വെമ്പായം സർവ്വീസ് സഹകരണ ബാങ്കായി വളരുകയും ചെയ്തു. 1985ൽ ബാങ്കിന് കൊഞ്ചിറ ആസ്ഥാനമായി ഒരു ഇരുനിലകെട്ടിടം നിർമ്മിക്കപ്പെട്ടു.

ആദ്യകാലത്ത് പരസ്പര ജാമ്യത്തിൽ 80 രൂപയും വസ്തു ജാമ്യത്തിൽ 2000 രൂപയും വായ്പ നൽകിയിരുന്നു. എന്നാൽ ഇപ്പോൾ പരസ്പര ജാമ്യത്തിൽ 2000രൂപയും ഉദ്യോഗസ്ഥജ്യാമത്തിൽ 10000 രൂപയും വസ്തു ജാമ്യത്തിൽ 25000 രൂപയും നൽകിവരുന്നു. കൂടാതെ സ്വർണ്ണപ്പണയ വായ്പ 25000 രൂപയും ഹയർ പർച്ചേസ് വായ്പയിനത്തിൽ 25000 രൂപയും നൽകുന്നുണ്ട്. മാത്രമല്ല വീട് ഓല മാറ്റി ഓട് മേയുന്നതിന് 5400 രൂപയും നൽകുന്നുണ്ട്. ഇവക്കെല്ലാം പുറമേ കാലകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന സ്കീം വായ്പകളും വിതരണം ചെയ്യുന്നു.

വായ്പാ വിതരണം ഒറ്റനോട്ടത്തിൽ

| ക്രമ നം. | വായ്പയുടെ സ്വഭാവം | വായ്പകൊടുക്കുന്ന തുക(രൂപ) |
|---|---|---|
| 1 | പരസ്പര ജാമ്യം | 2000 |
| 2 | ഉദ്യോഗജാമ്യം | 10,000 |
| 3 | വസ്തുജാമ്യം | 25000 |
| 4 | ഹയർ പർച്ചേഴ്സ് | 25000 |
| 5 | വീട് ഓട് മേയുന്നതിന് | 5400 |

കൂടാതെ 10,000 രൂപ മുതൽ 25000 രൂപവരെ സലയുള്ള ചിട്ടികൾ നടത്തിവരുന്നു.

മൈനർ സേവിംഗ്സ്, റിക്കറിംഗ് ഡെപ്പോസിറ്റ് എന്നീ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സാധാരണക്കാരന് വളരെയേറെ ആശ്വാസം പകരുന്ന പദ്ധതികളാണിത്. എന്നാൽ ഈ നിക്ഷേപപദ്ധതികൾ കാര്യക്ഷമമായി നടക്കുന്നില്ല. ഇപ്പോൾ 6926 അംഗങ്ങളാണ് വെമ്പായം സർവ്വീസ് സഹകരണ ബാങ്കിൽ നിലവിലുള്ളത്. 8,18,848 രൂപ അംഗങ്ങളിൽ നിന്നുള്ള ഓഹരി മൂലധനമായി ബാങ്കിൽ ആസ്തിയുണ്ട്. കൂടാതെ നിക്ഷേപമായി 36,34,286.80 രൂപയും നിലവിലുണ്ട്. നടപ്പുവർഷത്തിൽ 76,21,190 രൂപ അംഗങ്ങൾക്ക് വായ്പ വിതരണം നടത്താൻ കഴിഞ്ഞു.

നടപ്പുവർഷത്തെ ബാങ്കിൻെറ സ്ഥിതി

| ക്രമ നം. | ഇനവിവരം | തുക/എണ്ണം |
|---|---|---|
| 1 | അംഗങ്ങൾ | 6,925 |
| 2 | ഓഹരിമൂലധനം | 8,18,848 രൂപ |
| 3 | ബാങ്കിൻെറ നിക്ഷേപം | 36,34,286.80 രൂപ |
| 4 | വിതരണം ചെയ്തത് | 76,21,190 രൂപ |

ബാങ്കിൻെറ കീഴിൽ മുക്കംപാലമൂട്, കൊഞ്ചിറ എന്നീ സ്ഥലങ്ങളിൽ രണ്ട് വളം ഡിപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കേര കർഷകരെയും കശുമാവ് കർഷകരെയും സഹായിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുംവേണ്ടി കൊപ്ര, കശുവണ്ടി എന്നിവ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്തിരുന്നു.

ഓണക്കാലത്ത് പൊതുജനങ്ങളെ വിലക്കയറ്റത്തിൽ നിന്നും സംരക്ഷക്കുന്നതിനും അവർക്ക് ന്യായമായ വിലക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്ന വിധത്തിൽ പച്ചക്കറി, പലവ്യജ്ഞനം എന്നിവയ്ക്കായി ഓണച്ചന്തകൾ നടത്തിവരുന്നു.

**വനിതാ സഹകരണ സംഘം**

നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ ക്ഷേമം

ലക്ഷ്യമാക്കി കന്യാകുളങ്ങര ആസ്ഥാനമായി ഒരു വനിതാ സഹകരണസംഘം പ്രവർത്തിക്കുന്നു. 135 അംഗങ്ങളാണ് സംഘത്തിൽ നിലവിലുള്ളത്. തയ്യൽ, ടൈപ്പ് റൈറ്റിംഗ് എന്നിവയിൽ പെൺകുട്ടികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്.

## പട്ടികജാതി സർവ്വീസ് സഹകരണസംഘം:

ഈ സംഘത്തില 388 അംഗങ്ങളാണുള്ളത്. പ്രധാനമായും വായ്പാ വിതരണത്തിലാണ് സംഘത്തിന്റെ പ്രവർത്തനം കേന്ദ്രീകരിച്ചിട്ടുള്ളത്. നൂറോളം പേർക്ക് ഇതുവരുയായി വായ്പകൊടുത്തിട്ടുണ്ട്. കൃത്യസമയത്ത് തിരിച്ചടപ്പിക്കുന്നതിലും പലിശസബ്സിഡി ഉറപ്പുവരുത്തുന്നതിലും സംഘം വിജയിച്ചിരിക്കുന്നു എന്നത് എടുത്തുപറയേണ്ട സംഗതിയാണ്.

ഡയറി വകുപ്പ് മുഖേന നാമമാത്രമായി കാലിത്തൊഴുത്ത്, പുൽക്കൃഷി വികസനം എന്നിവയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്. കൂടാതെ സംഘം മുഖേന അംഗങ്ങൾക്ക് ബോണസ് ലാഭവിഹിതമായി വിതരണം ചെയ്യുന്നു.

സംഘത്തിന്റെ സാമ്പത്തിക അവലോകനം

| ക്രമ നം | ഇനം | തുക രൂപ |
|---|---|---|
| 1 | പിരിഞ്ഞുകിട്ടിയ ഓഹരി | 10,470.00 |
| 2 | ഓഹരിഗ്രാൻറ് | 3,465.00 |
| 3 | ഓഹരിമൂലധനം | 82,000.00 |
| | ആകെ ഓഹരി | 95,935.00 |

## പന്തലക്കോട് പട്ടികവർഗ്ഗ സഹകരണസംഘം:

1956 നവംബർ 15-ാം തീയതി പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 406 അംഗങ്ങളാണ് ഇപ്പോഴുള്ളത്. നെടുമങ്ങാട് താലൂക്കിൽ വെമ്പായം പഞ്ചായത്തിലെ പന്തലക്കോട്, കൊഞ്ചിറ, മേൽപുലകം എന്നീ സ്ഥലങ്ങളും മാണിക്കൽ പഞ്ചായത്തിലെ വെള്ളാണിക്കൽ എന്ന സ്ഥലവും നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ ഇരിഞ്ചയവും പുല്ലമ്പാറ പഞ്ചായത്തിലെ വേങ്കമലയും പനവൂർ പഞ്ചായത്തിലെ ആറ്റിൻപുറവും ഇതിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്നു. ഈ സ്ഥലങ്ങൾ കൂടാതെ കഴക്കൂട്ടം പഞ്ചായത്തിലെ പെരുഞ്ചിറക്കോണം, ശ്രീകാര്യം പഞ്ചായത്തിലെ കാരത്തിക്കോണം എന്നീ സ്ഥലങ്ങളും ഈ സംഘത്തിന്റെ പരിധിയിൽപ്പെടുന്നു.

പത്ത് രൂപ മാത്രം ഓഹരിവിലയുള്ള സംഘത്തിൽ രണ്ട് ലക്ഷം രൂപയാണ് അംഗീകൃത ഓഹരി മൂലധനമെങ്കിലും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 15,470 രൂപ മാത്രമാണ്. കൂടാതെ ഒരുലക്ഷം രൂപ സർക്കാർ ഓഹരിയുമുണ്ട്.

നൽകിയിട്ടുള്ള വായ്പകൾ

| ക്രമ. | വായ്പ ഇനം | തുക(രൂപ) |
|---|---|---|
| 1 | ഹ്രസ്വകാല വായ്പ | 1,00,500.00 |
| 2 | കെട്ട്തെങ്ങ് വായ്പ | 59,000.00 |
| | ആകെ | 1,60,000.00 |

കാലാവധി കഴിഞ്ഞു കിട്ടാനുള്ള വായ്പ

| ക്രമ. | വായ്പസ്വഭാവം | തുക |
|---|---|---|
| 1 | ഹ്രസ്വകാല കാർഷിക വായ്പ | 49,778.00 |
| 2 | കെട്ട് തെങ്ങ് വായ്പ(ഹ്രസ്വകാലം) | 34,849.10 |
| | ആകെ | 84,627.100 |

ഫാക്ടിന്റെ ഒരു റീട്ടെയിൽ വളം ഡിപ്പോയും ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും തയ്യൽ പരിശീലന കേന്ദ്രവും നടത്തുന്നുണ്ട്. മാത്രമല്ല വിവാഹാവശ്യങ്ങൾക്കും മറ്റുമുള്ള മേശ, കസേര, പാത്രങ്ങൾ മുതലായവ ന്യായവും മിതവുമായ റേറ്റിൽ വാടകക്ക് കൊടുക്കുകയും ചെയ്യുന്നുണ്ട്.

## ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ

താരതമ്യേന മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന മൂന്ന് ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളുണ്ട്. കൊഞ്ചിറ, വഴയ്ക്കാട്, വേറ്റിനാട് എന്നീ സ്ഥലങ്ങളിലാണ് ഇവ.

ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതും മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്നതും എന്നാൽ പ്രവർത്തന രഹിതമായി കിടക്കുന്നതുമായ സഹകരണ സംഘങ്ങളെ

ക്കുറിച്ച് വെമ്പായം ഗ്രാമപഞ്ചായത്തിലെ ഒന്നുമുതൽ പതിമൂന്നുവരെയുള്ള വാർഡു ഗ്രാമസഭകളിൽ വളരെ വിശദമായി ചർച്ച നടന്നു. വിശദവും സമഗ്രവുമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ വളരെയേറെ തൊഴിൽ സാധ്യതകൾ ഉണ്ടെന്നും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹാരം കാണാൻ സഹകരണ മേഖലക്ക് കഴിയുമെന്നും ചർച്ചകളുടെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പ്രശ്നങ്ങളും അവക്കുള്ള സമഗ്രവും സംക്ഷിപ്തവുമായ നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

## പുനരുദ്ധരിക്കേണ്ട സംഘങ്ങളും പ്രശ്നങ്ങളും

പ്രവർത്തനം ഭാഗികമായോ പൂർണ്ണമായോ നിലച്ചതും എന്നാൽ പുനരുദ്ധരിക്കാൻ സാദ്ധ്യതകൾ ഏറെയുള്ളതുമായ സംഘങ്ങൾ താഴെപ്പറയുന്നവയാണ്.

### 1. തേക്കട കളിമൺപാത്ര വ്യവസായ സഹകരണ സംഘം

തേക്കട ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന ഈ സംഘത്തിൽ എഴുന്നൂറിലധികം അംഗങ്ങളാണുള്ളത്. സംഘത്തിന് സ്വന്തമായി 55 സെൻറ് സ്ഥലവും കെട്ടിടവും നിലവിുണ്ട്. ആകെ 30 ലക്ഷം രൂപയുടെ ആസ്തിയുള്ള ഈ സംഘത്തിന് 68000 രൂപയുടെ കട ബാദ്ധ്യതയാണുള്ളത്. അമ്പതിലധികം തൊഴിലാളികൾ ജോലി ചെയ്തിരുന്ന സംഘമാണിത്.

കളിമൺപാത്ര വ്യവസായ സഹകരണ സംഘത്തിന്റെ ആസ്തി - ബാദ്ധ്യത

| ക്രമ | ഇനം | ആസ്തി | കടബാദ്ധ്യത |
|---|---|---|---|
| 1 | പുരയിടം 55സെൻറ് | | |
| 2 | കെട്ടിടം | 30 ലക്ഷം രൂപ | |
| | ലോൺ ബാദ്ധ്യത | | 68,000 രൂപ |
| | ആകെ | 3,00,000രൂപ | 68,000രൂപ |

### പ്രശ്നങ്ങൾ

1 ഉൽപ്പാദന രംഗത്തുണ്ടായ ചെലവിലെ വർദ്ധനവ്
2 അലൂമിനിയം, സ്റ്റീൽ പാത്രങ്ങളുമായി മത്സരിച്ച് മൺപാത്രങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയാത്തതാണ്.
3 വിപണി കണ്ടെത്താനാവാത്തതുമൂലവും വിലയിടിവ് മൂലവും സംഘത്തിനുണ്ടായ കടബാധ്യത.

കൂടാതെ കന്യാകുളങ്ങര കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കൈത്തറി ഉൽപ്പാദക - വിപണന സഹകരണ സംഘം കൊഞ്ചിറ കൺസ്യൂമർ സഹകരണ സംഘം, മുക്കംപാലമൂട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന ബീഡിത്തൊഴിലാളി സഹകരണസംഘം എന്നിവായണ് പുനഃരുദ്ധരിക്കപ്പെടേണ്ട മറ്റ് സംഘങ്ങൾ.

### പ്രശ്നങ്ങൾ

1 അതത് മേഖലയുമായി ബന്ധപ്പെട്ടവർക്ക് അംഗത്വമില്ലായ്മ
2 അത്തരം ആളുകളെ ബന്ധപ്പെട്ട സംഘങ്ങളുമായി സഹകരിപ്പിക്കുന്നതിലുള്ള വിമുഖത.
3 സ്കീമുകളുടെ ദുർബ്ബലത.
4 രാഷ്ട്രീയ അതിപ്രസരം
5 വേണ്ടപ്പെട്ട അധികൃതരുടെ ശ്രദ്ധക്കുറവ്
6 കാലത്തിനനുസരിച്ച് മാറാത്ത നയസമീപനങ്ങളിലെ അപാകത എന്നിവയാണ്.

മാണിക്കൽ, വെമ്പായം പഞ്ചായത്തുകളിലായി പ്രവർത്തന പരിധിയുള്ള കോഴിവളർത്തൽ സഹകരണ സംഘവും പുനരുദ്ധരിക്കേണ്ട സംഘങ്ങളുടെ പട്ടികയിൽപ്പെട്ടതാണ്.

## പുതുതായി വേണ്ട സഹകരണസംഘങ്ങൾ

ലേബർ കോൺട്രാക്റ്റേഴ്സ് സൊസൈറ്റി, ക്ഷീരോൽപ്പാദസ സഹകരണ സംഘങ്ങൾ, കോഴിവളർത്തൽ കേന്ദ്രങ്ങൾ, ചെങ്കൽ - കരിങ്കൽ തൊഴിലാളി സഹകരണസംഘം, ആർട്ടിസാൻസ് സഹകരണ സംഘം, മോട്ടോർ തൊഴിലാളി സഹകരണസംഘം എന്നിവയാണ് പുതുതായി രൂപീകരിക്കേണ്ട സഹകരണസംഘങ്ങൾ.

### നിർദ്ദേശങ്ങൾ

1 തേക്കട കളിമൺ പാത്ര വ്യവസായ സഹകരണസംഘം നൂറുപേർക്ക് തൊഴിൽ കൊടുക്കത്തക്ക വിധത്തിൽ പുനരുദ്ധരിക്കേണ്ടതാണ്.
2 അതിനായി നിലവിലുള്ള കടബാദ്ധ്യത എഴുതിത്തള്ളുകയോ ലോൺപുതുക്കിക്കൊടുക്കുകയോ ചെയ്യേണ്ടതാണ്.
3 കൈത്തറി മേഖലയിൽ വളരെ തൊഴിൽ സാധ്യതയുള്ള കൈത്തറി - വിപണന സഹകരണ സംഘം കൈത്തറി വകുപ്പുമായി ബന്ധപ്പെട്ട് കിട്ടാവുന്ന സഹായങ്ങൾ ലഭ്യമാക്കണം.

4 മുക്കംപാലമൂട് ബീഡിത്തൊഴിലാളി സഹകരണ സംഘം പുനരുദ്ധരിക്കുകയും കായികാദ്ധ്വാനരംഗത്ത് അധികം പ്രവർത്തിക്കാത്തവർക്കും അർദ്ധവികലാംഗർക്കും സ്ത്രീകൾക്കും മറ്റ് താൽപ്പര്യമുള്ളവർക്കും പരിശീലനം നൽകുക.

5 വീടുവീടാന്തരം കേന്ദ്രീകരിച്ചു. ബീഡി നിർമ്മാണം നടത്തുക.

6 ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ ബീഡികളും സംഘം സമാഹരിക്കുകയും വിവിധ ഭാഗങ്ങളിൽ വിപണനം നടത്തുകയും ചെയ്യുക.

7 അത്യാവശ്യ - നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന തടയുന്നതിന് ഉപകരിക്കാവുന്ന കൊഞ്ചിറ കൺസ്യൂമർ സഹകരണ സംഘം സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് പുനരുദ്ധരിക്കേണ്ടതാണ്.

8 പഞ്ചായത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് സഹായമാകത്തക്ക നിലയിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക.

9 പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉണ്ടാകുന്ന തൊഴിൽ സാദ്ധ്യതകൾ ഏറ്റെടുത്ത് ചെയ്യുന്നതിനുവേണ്ടി മേൽപ്പറഞ്ഞ സംഘത്തെ ഉപയോഗിക്കുക.

10 നിലവിലുള്ള (കൊഞ്ചിറ, വഴയ്ക്കാട്, വേറ്റിനാട്) മൂന്ന് ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾക്കു പുറമേ ഓരോ വാർഡിലും ഓരോസംഘം സ്ഥാപിക്കുക.

11 നമ്മുടെ പഞ്ചായത്ത് കേന്ദ്രമാക്കി, കോഴിവളർത്തൽ കർഷക സഹകരണ സംഘം സ്ഥാപിക്കുക.

12 സംഘം കോഴിവളർത്തൽ, മുട്ടസംഭരണം, ഇറച്ചിക്കോഴിക്കുഞ്ഞു വിതരണം എന്നിവ ഏറ്റെടുത്തു നടത്തുകയും വിവിധ ഭാഗങ്ങളിൽ വിപണനം നടത്തുകയും ചെയ്യുക.

13 നിലവിലുള്ള കോഴിവളർത്തൽ സഹകരണ സംഘത്തിൽ കോഴിവളർത്തൽ മേഖലയുമായി ബന്ധപ്പെട്ടവർക്ക് അംഗത്വം നൽകുക.

14 അത്തരം ആളുകളുടെ പ്രായോഗിക പരിചയവും പരിശീലനവും സംഘത്തിൻെറ പുരോഗതിക്ക് വേണ്ടി പ്രയോജനപ്പെടുത്തുക.

15 പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി ഇഷ്ടിക, കരിങ്കല്ല് എന്നീ മേഖലകളിൽ പണിയെടുക്കുന്നവരെ സംഘടിപ്പിച്ച് ചെങ്കൽ - കരിങ്കൽ തൊഴിലാളി സഹകരണസംഘം രൂപീകരിക്കുക.

16 സഹകരണാടിസ്ഥാനത്തിൽ പുതിയ തൊഴിലവസരങ്ങൾ സ്ഷ്ടിക്കുക.

17 നിർമ്മാണ തൊഴിലാളികളെ ഉൾപ്പെടുത്തി ആർട്ടിസാൻസ് സഹകരണ സംഘം രൂപീകരിക്കുക.

18 ഏറെ റബ്ബർ കർഷകരുള്ള നമ്മുടെ പഞ്ചായത്തിൽ റബ്ബർ കർഷകരുടെ മേഖലയിൽ ഒരു റബ്ബർ ഉൽപ്പാദക സഹകരണസംഘം രൂപീകരിക്കുക.

19 വെമ്പായം സർവ്വീസ് സഹകരണ ബാങ്കിൻെറ ബ്രാഞ്ചുകൾ പഞ്ചായത്തിൻെറ കുറ്റ്യാണി, തേക്കട എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ബാങ്കിൻെറ പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്യുക.

20 ബാങ്കിൻെറ ആഭിമുഖ്യത്തിൽ മണ്ണയം, കണക്കോട്, നന്നാട്ടുകാവ് എന്നീ സ്ഥലങ്ങളിൽ വളം .ഡിപ്പോകൾ ആരംഭിക്കുക.

21 നിലവിലുള്ള വനിതാസഹകരണ സംഘത്തിൻെറ ആഭിമുഖ്യത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ടുബുക്കു നിർമ്മാണം എന്നിവയും കറി പൗഡർ, അച്ചാർ, സൂപ്പർവൈറ്റ്, മെഴുകുതിരി, കുട, കോസ്മെറ്റിക് വസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിനുള്ള പരിശീലനവും നൽകുക.

22 മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾ സമാഹരിക്കുകയും, വിപണനം നടത്തുകയും ചെയ്തുകൊണ്ട് വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

23 എല്ലാ സഹകരണ സംഘങ്ങളിലും അർഹരായ എല്ലാവർക്കും അംഗത്വം കൊടുക്കണം.



# വിഭവ സമാഹരണം

ഭരണ സംവിധാനം ഏർപ്പെടുത്തുന്ന നികുതിയിൽ നിന്നും ഭരണപരമായ ചെലവുകൾ കഴിയുമ്പോൾ വികസന പ്രവർത്തനങ്ങൾക്ക് നീക്കിവെക്കാൻ വേണ്ടി വരുന്ന തുക തുച്ഛമായി മാറുന്നു. ഈ തുച്ഛമായ തുകയും വിവിധയിനം ഗ്രാൻറുകളുമാണ് വികസന പ്രവർത്തനങ്ങൾക്ക് കിട്ടുന്നത്. പ്രശ്നങ്ങൾ കണ്ടെറിഞ്ഞ് അതിനനുസരണമായി വികസന പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതിനു പകരം അടിച്ചേൽപ്പിക്കപ്പെടുന്ന പദ്ധതികളും മൊത്തം വരുന്ന തുകയെ വാർഡടിസ്ഥാനത്തിൽ വിഭജിച്ച് നടത്തുന്ന പ്രവർത്തനങ്ങളും സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് വിശകലനം നടത്തേണ്ടതാണ്.

കൂടുതൽ തുക ഉൽപ്പാദനക്ഷമമായ മേഖലകളിലേക്ക് വിനിയോഗിക്കപ്പെടണം. പ്രാദേശികായി വേണ്ടിവരുന്ന മരാമത്ത് പണികൾക്ക് തദ്ദേശവാസികളിൽനിന്ന് വിഭവം സ്വരൂപിക്കാൻതക്ക ബോധവൽക്കരണം അവരിലുണ്ടാക്കണം. അതിനെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന വിധത്തിൽ മാത്രം അത്തരം പണികൾക്ക് തുകനീക്കി വയ്ക്കണം. പ്രത്യുൽപ്പാദന മേഖലകളിലും സേവനത്തുറകളിലും കൂടുതൽ തുക നീക്കി വയ്ക്കണമെന്നർത്ഥം.

വിവിധയിനം ഗ്രാൻറുകൾ ഒഴവാക്കിയാൽ കെട്ടിടനികുതി (28.41%), തൊഴിൽ നികുതി (15.61%), വസ്തുകൈമാറ്റ നികുതി (36.44%) എന്നിവയാണ് മുഖ്യവരുമാന മാർഗ്ഗം. 95 –96 വർഷത്തിൽപിരിച്ചെടുത്തത് 597323.50 രൂപയാണ്. ഉദ്ദേശിച്ച തുകയുടെ 89%മാണ് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത്.

നികുതി നിർണ്ണയത്തിൽ മാറ്റം വരുത്തുകയും നിശ്ചയിച്ചിട്ടുള്ള മേഖലകളിൽ നിന്ന് പിരിവ് പൂർണ്ണമാക്കുകയും ചെയ്യേണ്ടതുണ്ട്. നിലവിൽ നിശ്ചയിച്ചിട്ടുള്ള മേഖലകളിൽ കെട്ടിട നികുതി 21.32%വും തൊഴിൽ നികുതി 19.98%വും 95 - 96ൽ പിരിച്ചെടുക്കേണ്ടതുണ്ട്. തൊഴിൽ നികുതി പിരിക്കാനായി പല മേഖലകളും ഇനിയും ഉള്ളതായി കാണാം. കേവലം 198 സ്ഥാപനങ്ങളാണ് ആകെ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വികസന പ്രവർത്തനങ്ങൾ എന്നാൽ പഞ്ചായത്ത് ഭരണ സമിതിയിലൂടെ മാത്രം നടത്തേണ്ടവയല്ല. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ഇതിൽ പങ്കാളിത്തമുണ്ട്. നിരവധി നിരത്തുകളും റോഡുകളും മനുഷ്യവിഭവശേഷി സംഭാവനയായി സ്വീകരിച്ചുകൊണ്ട് രൂപം കൊണ്ടിട്ടുണ്ട്. ജനകീയാസൂത്രണത്തിനുവേണ്ടി ചേർന്ന സ്പെഷ്യൽ ഗ്രാമസഭകളിൽ മനുഷ്യാധ്വാനവും സാമ്പത്തിക സഹായവും നൽകുന്നതിന് ജനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനും വിപുലപ്പെടുത്തുവാനും കാർ

| | സ്ഥാപനങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|
| വാർഡ് | വ്യവസായം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
| I | - | - | 2 | - | 2 | 12.00 |
| II | 16 | 7 | 12 | 10 | 45 | 300.00 |
| III | 4 | 2 | 4 | 8 | 18 | 79.00 |
| IV | 4 | - | 1 | 1 | 6 | 38.00 |
| V | 8 | 3 | 10 | 8 | 29 | 196.00 |
| VI | 7 | 3 | 8 | 4 | 22 | 136.00 |
| VII | - | - | 2 | 3 | 5 | 50.00 |
| VIII | 2 | 1 | 7 | 14 | 24 | 96.00 |
| IX | 10 | - | 2 | 6 | 18 | 102.00 |
| X | 4 | - | 5 | 2 | 11 | 108.00 |
| XI | 1 | 1 | 2 | 3 | 7 | 12.00 |
| XII | 2 | - | 7 | 2 | 11 | 88.00 |
| ആകെ | 58 | 17 | 62 | 61 | 198 | 1217.00 |
| പുതിയ പഞ്ചായത്ത് നിലവിൽ വന്നതിനു ശേഷം വാർഡ് തിരിച്ച് കണക്കെടുത്തിട്ടില്ല. | | | | | | |

ഷിക രംഗത്ത് ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാനും, സർക്കാർ സഹായം കൂടാതെ തന്നെ നിരവധിയാളുകൾ

| ഗ്രാൻറ് വിവരങ്ങൾ | |
|---|---|
| VRM | 204727 |
| MI | 22515 |
| VTC | 777758 |
| അടിസ്ഥാന നികുതി 25% | 175000 |
| അടിസ്ഥാന നികുതി 50% | 256384 |
| സ്പെഷ്യൽ ഗ്രാൻറ് | 26000 |
| ജെ.ആർ.വൈ | 195500 |
| അൺടൈഡ് ഫണ്ട് | 416790<br>228222<br>118975 |
| ആകെ | 3185858 |

താൽപ്പര്യം കാണിച്ചു വരാറുണ്ടെങ്കിലും അവരെ സഹായിക്കാൻ പ്രദേശത്തെ ബാങ്കുകൾ തയ്യാറാകുന്നില്ല. സഹക

| പഞ്ചായത്തിരാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരണം | | | |
|---|---|---|---|
| വകുപ്പ് | തുക | | |
| | പദ്ധതിവിഹിതം രൂപ | പദ്ധതിയേതര വിഹിതം (രൂപ) | ആകെ രൂപ. |
| മൃഗസംരക്ഷണം | | 1200 | 1200 |
| ആരോഗ്യം | ഹോമിയോ 650<br>അലോപ്പതി 66019<br>6981 | - | 73650 |
| പി.ഡബ്ല്യുഡി | 5442<br>5442<br>3645<br>20312<br>6250<br>12500 | | 53591 |
| കൃഷി | 168610 | 1120 | 169730 |
| ഹരിജനക്ഷേമം | - | - | - |
| മറ്റുള്ളവ | 400/- | | 400 |
| ആകെ | 296251 | 2320 | 298571 |

രണ സ്ഥാപനങ്ങളിൽ മതിയായ നിക്ഷേപം ലഭിക്കാത്തതു കൊണ്ട് അവർക്കും കാര്യമായ സഹായം ചെയ്യാൻ കഴി

| ചെലവു സംബന്ധിച്ച വിവരങ്ങൾ (1995-96) | |
|---|---|
| ഇനം | തുക |
| ഭരണം | 498540 |
| പൊതുമരാമത്ത് | 610135 |
| വിദ്യാഭ്യാസം | 26382 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | - |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 92772 |
| മറ്റുള്ളവ | 18058 |
| ആകെ | 1245887 |

യാത്ത സ്ഥിതിയുണ്ട്. വിദേശ മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കാൻ പ്രദേശത്തെ ബാങ്കുകൾ മത്സര്യപൂർവ്വം രംഗത്തു വരുമെങ്കിലും വായ്പാ വിതരണത്തിൽ തികഞ്ഞ അലംഭാവമാണ് കാട്ടാറുള്ളത്.

നിരവധി സ്കീമുകളിലൂടെ സർക്കാർ ഏജൻസികൾ സാമ്പത്തിക സഹായം ലഭിക്കേണ്ടവരെ കണ്ടെത്തിയാലും

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറപേര് | | വെമ്പായം ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്) |
| വിസ്തീർണ്ണം | | 30.58 ചതുരശ്ര കി. മീറ്റർ |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | തേക്കട വില്ലേജ്<br>വെമ്പായം വില്ലേജ്,<br>വട്ടപ്പാറ വില്ലേജിൻെറ കുറെ ഭാഗങ്ങൾ |
| ബ്ലോക്കു പഞ്ചായത്തു മണ്ഡലങ്ങൾ | | കന്യാകുളങ്ങര, വേറ്റിനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | നെടുമങ്ങാട് |
| താലൂക്ക് | | നെടുമങ്ങാട് |
| ജില്ലാ പഞ്ചായത്ത് മണ്ഡലം | : | മാണിക്കൽ |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| അസംബ്ലിമണ്ഡലം | : | നെടുമങ്ങാട് |
| പാർലമെൻറ് മണ്ഡലം | | ചിറയിൻകീഴ് |
| വാർഡുകൾ | : | പതിമൂന്ന് |
| ജനസംഖ്യ | | 32,637 |
| പുരുഷന്മാർ | | 16,067 |
| സ്ത്രീകൾ | | 16,570 |
| പട്ടികജാതി | | 2746 |
| പുരുഷന്മാർ | | 1333 |
| സ്ത്രീകൾ | | 1413 |
| പട്ടികവർഗ്ഗം | | 142 |
| പുരുഷന്മാർ | | 72 |
| സ്ത്രീകൾ | | 70 |
| | | (അവലംബം: സെൻസസ് - 1991) |
| ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് | | പി. ശ്രീധരൻപിള്ള |
| വൈസ് പ്രസിഡൻറ് | | എസ്. രാജേന്ദ്രൻ |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | : | എൻ. എ. സലാം |

# ചരിത്രം

1957ൽ കേരളത്തിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന ഇ. എം. എസ്. മന്ത്രിസഭയെ വിമോചന സമരത്തിന്റെ പേരിൽ കേന്ദ്ര സർക്കാർ പിരിച്ചുവിട്ടത് 1959ലായിരുന്നു. ഇത് കേരളത്തിലാകമാനം വമ്പിച്ച പ്രതിഷേധം അലതല്ലി. അതിന്റെ ഭാഗമായി വെമ്പായം പഞ്ചായത്തിൽ നടന്ന പ്രതിഷേധ സമ്മേളനം ഇന്നാട്ടിലെ സ്ത്രീകൾ രാഷ്ട്രീയത്തിൽ കടന്നുവന്ന ആദ്യസംഭവമാണ്. വേറ്റിനാട് (കൊല്ലാവരമ്പ്) വച്ചു നടന്ന വമ്പിച്ച സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചത് ശ്രീമതി കുഞ്ഞിയമ്മ (കമുകറക്കോണം)യായിരുന്നു. ഉൽഘാടകൻ: അനന്തൻ നമ്പ്യാരും.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള പഞ്ചായത്ത് പ്രസിഡന്റും എം. എൽ. എയുമായിരുന്ന ഘട്ടത്തിലാണ് കൊഞ്ചിറ ഏലാവികസന ആഫീസ് (പിന്നീട് അത് മാറ്റിക്കൊണ്ടുപോയി) കന്യാകുളങ്ങര സബ്‌രജിസ്ട്രാർ ആഫീസ്, ഇലക്ട്രിസിറ്റി സെക്ഷനാഫീസ്, നെടുവേലി ഗവൺമെന്റ് ഹൈസ്കൂൾ, വെമ്പായം പഞ്ചായത്താഫീസ്, പെരുംകൂർ ഹോമിയോ ആശുപത്രി, കന്യാകുളങ്ങര ബി. എച്ച്. എസിന്റെ ഇരുനില കെട്ടിടം എന്നിവ സ്ഥാപിതമായത്. കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്കൂളുകൾക്ക് സ്ഥിരം കെട്ടിടങ്ങളും നിരവധി റോഡുകളും ഇലക്ട്രിക്ക് ലൈനുകളും അക്കാലത്തുണ്ടായി. അക്കാലത്തു വികസന രംഗത്ത് വെമ്പായം പഞ്ചായത്ത് കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഏറ്റവും നല്ല പഞ്ചായത്തും പഞ്ചായത്ത് പ്രസിഡന്റും ആയി വെമ്പായത്തിനെയും കെ. ജി. കുഞ്ഞുകൃഷ്ണപിള്ളയെയും യഥാക്രമം തെരഞ്ഞെടുത്തു.

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ ശ്രീമതി. ടി. കാന്തിമതി, വി. ബി. ജയകുമാർ ഈ പഞ്ചായത്തിലെ മണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്നു. ശ്രീ. കെ. സോമൻ പഞ്ചായത്ത് പ്രതിനിധിയും.

അടൂർ ലോക്സഭാ മണ്ഡലത്തെ തുടർച്ചയായി മൂന്നാം തവണയും പ്രതിനിധീകരിക്കുന്നു ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം. പി. വെമ്പായം പഞ്ചായത്തിലെ കൊടിക്കുന്ന് നിവാസിയാണ്. ജില്ലാ പഞ്ചായത്ത് മെമ്പർമാരായി മറ്റ് മണ്ഡലങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി. ജെ. അരുന്ധതി അഡ്വ. കെ. മോഹൻകുമാർ എന്നിവർ വെമ്പായം പഞ്ചായത്ത് നിവാസികളാണ്.

# കൃഷി

## ജലസേചനം

## മണ്ണുസംരക്ഷണം

1 കാർഷികമേഖലക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസരീതി ഹൈസ്കൂൾ തലത്തിൽ നടപ്പിലാക്കുക.

2 ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന്, കൃഷിക്കാർക്കു കൊടുക്കുന്ന എല്ലാ സഹായങ്ങളും പാട്ടകൃഷിക്കാർക്കും നൽകുക.

3 പാഡിബോർഡ് സ്ഥാപിക്കുക, ജനകീയതലം ശക്തമാക്കുക.

4 കോക്കനട്ട് ബെൽറ്റ് സ്പ്രേയിംഗ് സ്കീം നടപ്പിലാക്കുക.

5 കീടബാധ നിയന്ത്രണത്തിന് സർക്കാർ തലത്തിൽ നടപടിയെടുക്കുക.

6 എല്ലാത്തരം കീഷിനാശത്തിനും (ഭാഗികം ആയാലും ) ഇൻഷുറൻസ് സംരക്ഷണം ഉറപ്പുവരുത്തുക.

7 സമഗ്ര എലി നശീകരണ പരിപാടി നടപ്പിലാക്കുക.

8 മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിന് ധനസഹായവും ബോധവൽക്കരണവും നടത്തുക.

9 കൃഷിഭവനിൽ സ്ഥിരം ക്ലാർക്കിനെ നിയമിക്കുക.

**പദ്ധതി മുൻഗണനാ ക്രമത്തിൽ**

1 നെൽകൃഷി വികസന പദ്ധതി

2 സമഗ്ര നാളീകേര വികസന പദ്ധതി

3 പച്ചക്കറികൃഷി വികസന പദ്ധതി

4 തെങ്ങുകൾക്കിടയിലെ ഇടവിളകൃഷി

5 വെറ്റിലക്കൊടി കൃഷി

6 സമഗ്ര പുരയിട കൃഷി

7 സമഗ്ര സുഗന്ധവിള കൃഷി

# മൃഗസംരക്ഷണം

പഞ്ചായത്തിൻെറ നാലു കേന്ദ്രങ്ങളിൽ 4 കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളുണ്ട്. ഈ കേന്ദ്രങ്ങളിലൂടെ ബീജസങ്കലന സൗകര്യം കൃഷിക്കാർ പ്രയോജനപ്പെടുത്തുന്നു. തന്മൂലം വർഗ്ഗശുദ്ധിയുള്ള പശുക്കളെ സൃഷ്ടിക്കാനും, പാലുൽപ്പാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. മൃഗാശുപത്രിയുടെ സേവനവും പാൽസംഘങ്ങളുടെ സേവനവും നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്.

**പ്രശ്നങ്ങൾ**

തീപ്പുകൽ, കുറ്റിയാണി, കണക്കോട്, കന്യാകുളങ്ങര, തേക്കട, കാരംകോട്, ചീരാണിക്കര വാർഡുകളിൽ പാൽവിപണന സൗകര്യമില്ല.

**പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ**

1. പുൽകൃഷിവികസനം. 2. ഗുണമേന്മയുള്ള കാലിത്തീറ്റയുടെ വില വർദ്ധന നിയന്ത്രിക്കുകയും ലഭ്യത ഉറപ്പുവരുത്തുകയും വേണം. (3) പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും സേവനം ലഭ്യമാകുന്ന സൗകര്യപ്രദമായ സ്ഥലത്ത് മൃഗാശുപത്രി സ്ഥാപിക്കുക. (4) വളർത്തു മൃഗങ്ങളുടെ പ്രതിരോധ കുത്തിവെയ്പുകൾ വ്യാപകമാക്കുക. (5) കറവമാടുകളെ വാങ്ങുന്നതിനുള്ള വായ്പാ സൗകര്യം വിപുലീകരിക്കുകയും, നടപടിക്രമങ്ങൾ വിപുലീകരിക്കുകയും ചെയ്യുക. (6) കോഴി വളർത്തൽ (മുട്ട, ഇറച്ചി) സൗകര്യം വ്യാപകമാക്കുന്നതിൻെറ ഭാഗമായി കോഴിക്കുഞ്ഞുങ്ങളുടേയും കോഴീത്തീറ്റയുടെയും ലഭ്യത ഉറപ്പുവരുത്തുക. (7) ശാസ്ത്രീയമായ ആടുവളർത്തലിന് ബോധവല്ക്കരണം നൽകുക. (8) എരുമ വളർത്തലിന് പ്രോത്സാഹനം നൽകുക. (9) കന്നുകുട്ടി പരിപാലന പരിപാടി വിപുലീകരിക്കുക. (10) ഇൻഷ്വറൻസ് പദ്ധതി വ്യപാകമാക്കുക. (11) ശാസ്ത്രീയ അറവുശാല സ്ഥാപിക്കുക.

**പ്രശ്നപരിഹാരങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ**

1 ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പുൽക്കൃഷി ശാസ്ത്രീയമായി നടത്തുക. സർക്കാർ ഇതിനു ധനസഹായം നൽകുക.

2 തദ്ദേശീയമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് പഞ്ചായത്ത് തലത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

3 ഐ. സി. ഡി. പി. സെൻററുകൾ, പാൽസംഘങ്ങൾ എന്നിവയിൽ സമയബന്ധിതമായി മൃഗഡോക്ടറുടെ സേവനം ലഭ്യമാക്കുക.

4 വാർഡ് അടിസ്ഥാനത്തിൽ ഗോരക്ഷാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രതിരോധ കുത്തിവെയ്പ്പ് വ്യാപകമാക്കുക.

5 വെമ്പായം പഞ്ചായത്ത് പ്രദേശമാകെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സേവന പരിയിൽപ്പെടുത്തി ലഘുവായ നടപടിക്രമത്തിലൂടെ ഡയറി

യൂണിറ്റുകൾ സ്ഥാപിക്കാനും മറ്റുമുള്ള വായ്പ കൃഷിക്കാരനു നൽകുക.

6 മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവയ്ക്കുള്ള കോഴിക്കുഞ്ഞുങ്ങളെ സർക്കാർ ഫാമുകളിൽ നിന്നും ലഭ്യമാക്കുന്നതോടൊപ്പം കോഴിത്തീറ്റയും ലഭിക്കുമെന്ന് ഉറപ്പ് വരുത്തുക.

7 തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ ശാസ്ത്രീയമായ രീതിയിൽ ആടുവളർത്തലിനുള്ള പരിശീലനവും സൗകര്യവും ലഭ്യമാക്കുക.

8 നല്ലയിനം എരുമകളെ ലഭ്യമാക്കി കർഷകരെ എരുമ വളർത്തലിന് പ്രോത്സാഹനം നൽകുക.

9 കന്നുകുട്ടി പരിപാലന പദ്ധതിയിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് കൂടുതൽ കന്നുകുട്ടികളെ ഈ പരിധിയിൽ കൊണ്ടുവരിക.

10 എല്ലാ വളർത്തുമൃഗങ്ങൾക്കും, വളർത്തു പക്ഷികൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

11 ശുദ്ധമായ മാംസത്തിന്റെ സംസ്ക്കരണത്തിനായി ശാസ്ത്രീയമായി നിർമ്മിച്ച അറവുശാലകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

12 പന്നി വളർത്തൽ ശാസ്ത്രീയമായി നടത്തുന്നതിനുള്ള ബോധവൽക്കരണം നൽകുകയും പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും വായ്പാസൗകര്യം ഉറപ്പുവരുത്തുകയും വേണം.

13 സഹകരണാടിസ്ഥാനത്തിൽ ഒരു ഡയറി ഫാം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുക.

## വ്യവസായം

### സാധ്യതകൾ

1 ചീരാണിക്കരയിൽ Latex Dipped Goods വ്യവസായം ആരംഭിക്കാൻ കഴിയും.

2 DWCRA Scheme അനുസരിച്ച് ബനിയൻ തുണി ഉൽപ്പാദനവും അതിനെ അടിസ്ഥാനമാക്കിയുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും നൂലിൽനിന്നും ബനിയൻ തുണി നിർമ്മാണവും.

3 DWCRA നന്നാട്ടുകാവ് (ഗ്രാമദീപം) യൂണിറ്റ് കയർ ഉൽപ്പന്നങ്ങൾകൂടി ചേർത്ത് വിപുലീകരിക്കാവുന്നതാണ്.

4 യന്ത്രവല്കൃത മെറ്റൽ ക്രഷിംഗ് യൂണിറ്റും അനുബന്ധ വ്യവസായങ്ങളും

5 തേക്കട കളിമൺ പാത്രവ്യവസായ സഹകരണസംഘം പുനരുദ്ധരിച്ച് നവീനചൂളയും, പോട്ടേഴ് വീലും ഉൾക്കൊള്ളിച്ച് അലങ്കാര വസ്തുക്കൾ ഉൾപ്പെടെയുള്ള പുതിയ തരം ഉൽപ്പന്നങ്ങൾ നിർമ്മിക്കാവുന്ന യൂണിറ്റ് ആരംഭിക്കണം.

6 കൊപ്രാവ്യവസായം; നാളികേര സംസ്ക്കരണ യൂണിറ്റ്, വേസ്റ്റ് റിക്കവറി സിസ്റ്റം ഉപയോഗിച്ചുള്ള കൊപ്രാ ഉണക്കൽ ആരംഭിക്കാവുന്നതാണ്.

7 റീട്രേഡ് റബ്ബർ ഉൽപ്പാദിപ്പിക്കുവുന്നതാണ്.

8 DWCRA പദ്ധതിയിൽ യന്ത്രത്തറി ആരംഭിക്കാവുന്നതാണ്.

9 പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള ചെറുപാത്രങ്ങൾ, സ്പൂൺ, കുപ്പികൾ തുടങ്ങിയവയുടെ നിർമ്മാണം.

10 ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം.

11 വർഷംതോറും 100 പേർക്ക് തൊഴിൽ നൽകുന്നതിന് വില്ലേജ് വർക്കുഷോപ്പ് (കമ്യൂണിറ്റി പോളിടെക്നിക് സ്കീം)

12 ഗോൾഡ് കവറിംഗ് യൂണിറ്റ്

13 ബോർമ – ബേക്കറി ഐറ്റം (റിസ്സക്സ് തുടങ്ങിയവ)

14 ഡിറ്റർജൻറ് പൗഡർ നിർമ്മാണം

15 ഹവായ് ചപ്പൽ അസംബ്ലിംഗ് യൂണിറ്റ്

16 കോൾഡ് സ്റ്റോറേജ്, ബേക്കറി

17 തേക്കട, വട്ടപ്പാറ എന്നിവിടങ്ങളിൽ എസ്. ടി. ഡി. ബൂത്ത്

18 ഈറ്റ, പനമ്പ് വ്യവസായം.

## ഗതാഗതം

### നിർദ്ദേശങ്ങൾ

1 പി. ഡബ്ല്യൂ.ഡി. അറ്റുകുറ്റപ്പണി നടത്താൻ പഞ്ചായത്ത് കമ്മിറ്റി കാലാകാലങ്ങളിൽ PWD ക്കുമേൽ സമ്മർദ്ദം ചെലുത്തണം. റോഡ്പുറമ്പോക്കുകൾ ഏറ്റെടുത്ത് റോഡിന്റെ വീതി കൂട്ടണം. അതനുസരിച്ച് ടാറിംഗിന്റെ വീതിയും കൂട്ടണം.

2 ഓർഡിനറി ബസ് സർവ്വീസ് എണ്ണം കൂട്ടാൻവേണ്ട നടപടി സ്വീകരിക്കണം. സ്കൂൾ – കോളേജ് സമയങ്ങളിൽ ഓർഡിനറി ബസ് സർവ്വീസ് എണ്ണം വർദ്ധിപ്പിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി, പി. ടി. എ.

കമ്മിറ്റി എന്നിവ ചേർന്ന് കെ. എസ്. ആർ. ടി. സിയിൽ ശ്രമം നടത്തണം.

3 കന്യാകുളങ്ങര ജംഗ്ഷനിൽ ട്രാഫിക് ഐലൻറ് സ്ഥാപിക്കണം.

4 പുതിയ ഓടകൾ നിർമ്മിക്കുകയും പഴയവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും വേണം

5 റോഡ്, തടം എന്നിവയ്ക്കരികിൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ നിയമം കർശനമായി പാലിക്കപ്പെടാൻ ശ്രദ്ധിക്കണം.

6 പഞ്ചായത്തിൻെറ വകയിൽപ്പെട്ട പുറമ്പോക്ക് ഭൂമി റോഡ്, തടം, എന്നിവയ്ക്ക് സമീപമുള്ളവ കർശനമായി വീണ്ടെടുത്ത് റോഡിൻെറ വീതി കൂട്ടാൻ ഉപയോഗപ്പെടുത്തണം.

7 വഴിയോരക്കച്ചവടം ഒഴിവാക്കി റോഡ് കാൽനടയാത്രക്കാർക്ക് ഉപയോഗിക്കത്തക്കവിധം ഗതാഗത യോഗ്യമാക്കണം.

8 പഞ്ചായത്തു വഴികൾ പൊതുജനങ്ങൾ കൈവശം വച്ചിരിക്കുന്നത് കർശനമായും വിട്ടുകിട്ടാൻ വേണ്ട നടപടിയുണ്ടാവണം. ശ്രമദാനമായി ഉണ്ടാക്കുന്ന റോഡുകൾക്ക് സറണ്ടർഫോറം കർശനമാക്കരുത്.

## റീ-ടാറിംഗ്

1 അരശുംമൂട് - ഒറ്റക്കൊമ്പ്
2 കൊച്ചാലുംമൂട് - ചിറമുക്ക്
3 ചിറമുക്ക് - നരികല്ല്
4 കണക്കോട് - മുളങ്കാട്
5 മരുതുംമൂട് - നന്നാട്ടുകാവ്
6 പന്തലക്കോട് - കൊഞ്ചിറ
7 നന്നാട്ടുകാവ് - വഴയ്ക്കാട്

## മെറ്റലിംഗും ടാറിംഗും

1. ചീരാണിക്കര - ആയിരവല്ലി ക്ഷേത്രം
2 കൂവപ്പാങ്ങര - കറ്റ
3 വെട്ടുപാറ - മഞ്ഞപ്പാറ - കൈതക്കാട്
4 സൊസൈറ്റിനട - കാരംകോട്
5 മാറാംകുഴി - വെട്ടുപാറ
6 താഴേക്കര - കൈതംകുഴി
7 ചാത്തൻപാട് - മണ്ണാത്തിപ്പൊയ്ക മോളിവിള

## അറ്റകുറ്റപ്പണികൾ

1 മഞ്ഞപ്പാറ - പോതുപാറ
2 കണിയാംപാറ - മുട്ടുകോണം
3 ആലുവിള - വേറ്റിനാട്
4 കൊഞ്ചിറ - കുണ്ടയത്ത് നട (ജലധാരറോഡ്)
5 മരുതുംമൂട് - കുണ്ടയത്തു മുകൾ
6 പന്തലക്കോട് - കൊടിക്കുന്ന് (ഹരിജൻ കോളനി)
7 ദേവീ നഗർ - നെല്ലിക്കുന്ന്
8 ഞാറയ്ക്കാക്കുഴി - വീട്ടുകോണം
9 കടുവാക്കുഴി - വളവൂക്കോണം
10 മാതാവീട് - നന്നാട്ടുകാവ്
11 വഴയ്ക്കാട് - നെട്ടയം - പുളിമാത്തുർ
12 തുലയിൽ - ചെറുകാല
13 തുലയിൽ - ചെറുകാല
14 കുന്നത്ത് - പോഡീക്കോണം
15 വട്ടവിള - പെറ്റേറ്റ്
16 നാറാകോണം - തോട്ടംപുറം - വളവൂക്കോണം
17 മുറമേൽ - വീട്ടുകോണം
18 കൊടിക്കുന്ന് - വീട്ടുകോണം

## പുതിയ റോഡുകൾ

1 കറ്റ - കറ്റ ഹരിജൻ കോളനി
2 വെട്ടുപാറ - മഞ്ഞപ്പാറ റോഡിൽനിന്നും മഞ്ഞപ്പാറ പടിഞ്ഞാറേ ചരിവിലേക്ക്
3 കരിക്കകം - സൊസൈറ്റി നട
4 നെല്ലിമൂട് - കുട്ടതട്ടിക്കുന്ന്
5 ഇടയിലവീട് - വല്ലകത്തുംമൂട്
6 പേഴുംവിള - ഈഴകോട്ടുകോണം - വടക്കേവിള ക്ഷേത്രം റോഡ്
7 ചിറക്കോണം കലാസമിതി - മൂഴിയിൽ വിളഭാഗറോഡ്
8 ഇടക്കുംതല - നെട്ടയത്തുകുഴി - നെട്ടയത്തുകോണം
9 ഇതിരപ്പെട്ടി - തകിടിയിൽ
10 പുളിമാത്തൂർ - കടുവാക്കുഴി

# വൈദ്യുതി

## വൈദ്യുതി എത്താത്ത സ്ഥലങ്ങൾ

കറ്റ - മദപുര, മഞ്ഞപ്പാറ പടിഞ്ഞാറേ ചരിവ്, അമ്പഴമുകൾ, ഇടത്തറ - നരിക്കൽ റോഡ്, വലിയകാവ് - ചപ്പാത്ത് - കുട്ടതട്ടിക്കുന്ന്, കൊഞ്ചിറ മുടിപ്പുര - ജലധാരാ റോഡ്, ഇടക്കുംതല നെട്ടയത്തുകോണം, ഇലവുംകുഴി - വഴ

യ്ക്കാട് കാവിൻപുറം.

## മാർക്കറ്റ്

1 സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കണം

## പൊതുജനാരോഗ്യം

1 ചീരാണിക്കര വാർഡിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സബ് സെൻറർ സർക്കാർ കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത്.

2 കൈതക്കാട്ട് സൗജന്യമായി ലഭിച്ചിട്ടുള്ള സ്ഥലത്ത് അലോപ്പതി ചികിത്സക്കാവശ്യമായ സെൻറർ ആരംഭിക്കുക.

3 വെമ്പായം പി. എച്ച്. സിയിൽ (വേറ്റിനാട്) ഒരു മെഡിക്കൽ ആപ്പീസറെ കൂടി നിയമിക്കുക.

## കുടിവെള്ളം

1 ലോകബാങ്കിൻെറ സഹായത്തോടുകൂടി നടത്തുന്ന ശുദ്ധജല വിതരണ പദ്ധതി പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുക.

2 കുതിരലാഞ്ചാൻ കുളത്തിൽനിന്നും തേക്കട പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ പദ്ധതിയുണ്ടാക്കാവുന്നതാണ്.

3 ലൂർദ് മൗണ്ട് സ്കൂളിന് വടക്കുവശത്തുള്ള നീരുറവ വികസിപ്പിച്ച് മുളങ്കാട്ടിൽ ജലവിതരണം നടത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

4 മാതാവീട് ഹരിജൻ കോളനി, നെടുവേലി ഹരിജൻ കോളനി, മൊട്ടമൂട് ഹരിജൻ കോളനി എന്നിവിടങ്ങളിൽ ശുദ്ധജല പദ്ധതികൾ നടപ്പിലാക്കണം.

5 തീപ്പുകൽ, മൈലാടുംമുകൾ, കൊടിക്കുന്ന് എന്നിവിടങ്ങളിൽ ജലക്ഷാമം പരിഹരിക്കണം.

## സംസ്ക്കാരം

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ധാരാളം കലാ-സാംസ്കാരിക സംഘങ്ങളുണ്ടെങ്കിലും അവയെ ഏകോപിപ്പിക്കാൻ പഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രീകൃത സംഘടനയില്ല.

2. ദീർഘകാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിരവധി കലാസമിതികൾക്കും ഗ്രന്ഥശാലകൾക്കും സ്വന്തമായി കെട്ടിടമില്ല.

3. സാംസ്കാരിക സംഘങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും നൽകുന്ന ഗ്രാൻറ് തീരെ കുറവാണ്. പലതിനും ഗ്രാൻറ് കിട്ടുന്നില്ല.

4. കായിക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം ലഭ്യമായിട്ടില്ല. ഒരു കായിക പരിശീലന കേന്ദ്രമോ, പൊതു കളിസ്ഥലമോ ഇല്ല.

5. ഒരു നീന്തൽക്കുളമില്ല.

6. പന്തലക്കോട്ടുള്ള പഞ്ചായത്തു സ്റ്റേഡിയം ശോച്യാവസ്ഥയിലാണ്.

7. നെടുവേലി H.S.S.-ലെ മിനി സ്റ്റേഡിയത്തിൻെറ പണി പൂർത്തിയാക്കിയിട്ടില്ല. അത് പൊതു ഉപയോഗത്തിന് ലഭ്യവുമല്ല

8. പഞ്ചായത്തിൽ ഒരിടത്തും പൊതുജനങ്ങൾക്ക് വിവരം നൽകുന്ന തരത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ ഇല്ല.

9. വികസനപ്രവർത്തനങ്ങളിൽ സാംസ്കാരിക സംഘടനകൾക്ക് പങ്കാളിത്തമില്ല.

10. റേഡിയോ, ടി.വി കിയോസ്കുകൾ പഞ്ചായത്തിലെ ഒരു വാർഡിലുമില്ല.

11. ഫിലിം സൊസൈറ്റികളൊന്നും പ്രവർത്തിക്കുന്നില്ല.

12. സ്ത്രീകളുടെയും യുവജനങ്ങളുടെയും വായനാശീലം തീരെ കുറഞ്ഞുപോയിട്ടുണ്ട്.

13. തരംതാണ പത്രമാസികകളും സിനിമകളും സാംസ്കാരിക ജീർണത സൃഷ്ടിക്കുന്നു.

14. മദ്യം, മയക്കുമരുന്ന് എന്നിവ വൻതോതിൽ സാംസ്കാരിക ജീർണത സൃഷ്ടിക്കുന്നു.

15. സ്ത്രീപീഡനം ക്രമാതീതമായി വർധിച്ചുവരുന്നു.

16. പെരുംകൂറിൽ സ്ഥാപിച്ചിരുന്ന പഞ്ചായത്ത് ലൈബ്രറി പ്രവർത്തനരഹിതമാണ്.

17. മണ്ഡപം മഹാത്മജി ഗ്രന്ഥശാലയിലെ പകുതിയിലധികം പുസ്തകങ്ങളും നശിക്കുകയോ മറ്റുള്ളവർ കൈവശപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്.

18. നാടൻ കലകളിൽ പലതും അന്യം നിന്നുപോകുന്നു. അതതരം

കലകളിൽ പരിശീലനം ലഭ്യമല്ലെന്നു മാത്രമല്ല, ആ രംഗത്തു പ്രവർത്തിക്കുന്ന കലാകാരൻമാർ അവശത അനുഭവിക്കുകയും ചെയ്യുന്നു.

19. പഞ്ചായത്ത് കലാമേളകൾ വേണ്ടത്ര ഫലപ്രദമല്ല.

20. വ്യക്തമായൊരു സാംസ്കാരിക നയത്തിൻെറ അഭാവമുണ്ട്.

**പരിഹാര നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാ-സാംസ്കാരിക സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്തുതല സാംസ്കാരിക സമിതി രൂപീകരിക്കണം. പ്രസ്തുത സമിതിയുടെ ഭാരവാഹികളെ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കുക. ആ സമിതി അംഗസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗനിർദ്ദേശം നൽകുകയും, സാമ്പത്തിക സഹായം നൽകുകയും. പഞ്ചായത്തുതല കലാ-കായിക-സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുകയും വേണം.

2. സ്വന്തമായി സ്ഥലമുള്ള കലാസമിതികൾക്കും ഗ്രന്ഥശാലകൾക്കും കെട്ടിടം നിർമ്മിക്കാനുള്ള ധനസഹായം നൽകണം.

3. സ്ഥിരമായി കലാ-കായിക പരിശീലനം നടത്താൻ തയ്യാറാകുന്ന സാംസ്കാരിക സംഘങ്ങൾക്ക് ധനസഹായവും ഉപകരണങ്ങളും ലഭ്യമാക്കണം.

4. പന്തലക്കോട്ടുള്ള പഞ്ചായത്ത് സ്റ്റേഡിയവും നെടുവേലി H.S.S.ലെ മിനി സ്റ്റേഡിയവും വികസിപ്പിച്ച് കായിക പരിശീലന സൗകര്യം ഏർപ്പെടുത്തുക.

5. സാംസ്കാരിക സംഘടനകൾക്കും സന്നദ്ധ സംഘടനകൾക്കുമുള്ള ഗ്രാൻറ് വർധിപ്പിക്കുക.

6. കൊഞ്ചിറ, ശിവൻകോണം, കൊടിപ്പറമ്പ്, ഈന്തിവിള, പുളിമത്തുർ, തേക്കട, കുതിരലാഞ്ചി എന്നിവിടങ്ങളിൽ നീന്തൽക്കുളം നിർമ്മിക്കുകയോ, ഉള്ള കുളങ്ങളെ നീന്തൽ പരിശീലനം നടത്തുന്നതിനായി തയ്യാറാക്കുകയോ ചെയ്യുക.

7. കന്യാകുളങ്ങര കേന്ദ്രമാക്കി ഒരു ഇൻഫർമേഷൻ സെൻറർ തുറക്കണം.

8. പ്രാദേശികമായ വികസനപ്രവർത്തനങ്ങളിലും ബോധവൽക്കരണ പരിപാടികളിലും സാംസ്കാരിക സംഘടനകളെ പങ്കാളികളാക്കുക.

9. ഒരു വാർഡിൽ ഒന്ന് എന്ന നിലയിലെങ്കിലും റേഡിയോ, ടി.വി കിയോസ്കുകൾ സ്ഥാപിക്കുക.

10. നിലവാരമുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നതിന് ഫിലിം സൊസൈറ്റിയും ചിൽഡ്രൻസ് ഫിലിം സൊസൈറ്റിയും രൂപീകരിക്കണം.

11. സ്ത്രീകളുടെ വായനാശീലം വളർത്താൻ സഞ്ചരിക്കുന്ന വായനശാലകൾ ആരംഭിക്കണം.

12. പുതിയ തലമുറയിൽ വായനാശീലം വളർത്താൻ ശ്രേഷ്ഠകൃതികളുടെ ചർച്ചകൾ സംഘടിപ്പിക്കണം. ഇല ക്ട്രോണിക്സ് മാധ്യമങ്ങൾ ചിന്താമണ്ഡലത്തെ എങ്ങനെ പ്രതികൂലമായി ബാധിക്കുന്നുവെന്നു ബോധ്യപ്പെടുത്തുന്ന തിനായി റീഡേഴ്സ് ക്ലബുകൾ ആരംഭിക്കണം.

13. മദ്യം, മയക്കുമരുന്ന് എന്നിവ പൂർണമായും നിരോധിക്കുകയും അവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

14. സ്ത്രീപീഡനത്തിനെതിരെ സംഘശക്തി വളർത്തിയെടുക്കുകയും സ്വയാർജ്ജിത വരുമാനമുണ്ടാക്കാൻ സ്ത്രീകൾക്ക് തൊഴിൽ നൽകുകയും ചെയ്യുക.

15. പെരുംകുറിലെ പഞ്ചായത്ത് ലൈബ്രറി പ്രവർത്തന ക്ഷമമാക്കുകയും മണ്ഡപത്തിലെ മഹാത്മജി ഗ്രന്ഥശാലയിലെ പുസ്തകങ്ങൾ കണ്ടെടുത്തു വിതരണം തുടങ്ങുകയും എല്ലാ ഗ്രന്ഥശാലകൾക്കും ഗസറ്റും പുസ്തകങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

16 തേക്കട, നെടുവേലി, കന്യാകുളങ്ങര എന്നിവിടങ്ങളിൽ ഓരോ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.

17 അന്യം നിന്നുപോകുന്ന നാടൻ കലകളെ പരിപോഷിപ്പിക്കുകയും അവശ കലാകാരൻമാർക്ക് ധനസഹായം നൽകുകയും നാടൻകലകളുടെ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

18 കുറ്റിയാണിയിൽ ഒരു ബുക്ക് ബാങ്ക് സ്ഥാപിക്കുക.

19 വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും കലോത്സവങ്ങൾ സംഘടിപ്പിക്കുക.

20 പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളിൽ നേടുന്ന സർടിഫിക്കറ്റുകൾക്ക് വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ പരിഗണന ലഭ്യമാക്കുക.

21 കന്യാകുളങ്ങരയുടെയോ, കൊഞ്ചിറയുടെയോ പരിസര പ്രദേശങ്ങളിൽ കലാപരിപാടി, മീറ്റിംഗ്, വിവാഹം എന്നിവ നടത്തുന്നതിന് അനുയോജ്യമായ ഒരു പഞ്ചായത്ത് ഹാൾ നിർമ്മിക്കുക.

22 കലാ-സാംസ്കാരിക സംഘടനകൾ ധനശേഖരണാർത്ഥം നടത്തുന്ന കലാപ്രദർശനങ്ങളെ വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കുക.

23 ഒരു സാംസ്കാരിക നയം ആവിഷ്കരിക്കുക.

# പാർപ്പിടം - സാമൂഹ്യക്ഷേമം

## പാർപ്പിടം

### പ്രശ്നങ്ങൾ

1 ദാരിദ്ര്യരേഖയ്ക്ക് താഴെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ബുദ്ധിമുട്ടുണ്ട്.

2 പഴയവീടുകൾ പുനരുദ്ധരിക്കുന്നതിന് ഇവർക്ക് ധനസഹായം ലഭ്യമാകുന്നില്ല.

### നിർദ്ദേശങ്ങൾ

1 ഐ. ആർ. ഡി. പി. സർവ്വേയിൽപ്പെട്ടിട്ടുള്ളവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വീട് നിർമ്മിക്കുന്നതിന് ഇപ്പോൾ നൽകുന്ന സർക്കാർ വിഹിതവും ധനസഹായ തുകയും വർദ്ധിപ്പിക്കണം.

2 ഭവന നിർമ്മാണ വായ്പ നൽകുന്നതിന് ലീഡ് ബാങ്ക് നിർദ്ദേശാനുസരം സർവ്വീസ് ഏരിയായിൽ പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് ടാർജറ്റ് നിശ്ചയിക്കുകയും പഞ്ചായത്ത് സമിതി ശുപാർശ ചെയ്യുന്ന കുടുംബങ്ങൾക്ക് വായ്പ കൊടുക്കുകയും ചെയ്യണം.

3 ഭൂരഹിതർക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായത്തിന്റെ തുക ആനുപാതികമായി വർദ്ധിപ്പിക്കണം.

4 സർക്കാർ ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകളുടെ അറ്റകുറ്റപണി അതാത് ഗുണഭോക്താക്കൾ തന്നെ ചെയ്യേണ്ടതാണ്.

5 ഓലക്കെട്ടിടങ്ങൾ ക്രമേണ ഓടുമേയുന്നതിന് സഹായം നൽകണം.

# സാമൂഹ്യക്ഷേമം

### പ്രശ്നങ്ങൾ

1 സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടക്കുമ്പോൾ മോണിറ്ററിംഗ് നടക്കുന്നില്ല.

### നിർദ്ദേശങ്ങൾ

1 ക്ഷേമ പദ്ധതികൾക്കു നിശ്ചയിക്കുന്ന വരുമാന മാനദണ്ഡം വ്യക്തികൾക്കായി നിജപ്പെടുത്തുക.

2 ക്ഷേമനിധികളുടെ പ്രവർത്തനം പഞ്ചായത്തു തലത്തിൽ സഹകരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കണം.

3 പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു കല്യാണമണ്ഡപം ആരംഭിക്കുക.

# വനിതാക്ഷേമം

### നിർദ്ദേശങ്ങൾ

1 വനിതകൾക്കായി തൊഴിൽ പരിശീലന കേന്ദ്രമുണ്ടാക്കണം

2 സെൽഫ് - ഗ്രൂപ്പുകൾ രൂപീകരിക്കണം

3 ത്രെഫ്ട് ആന്റ് ക്രെഡിറ്റ് സംവിധാനം ഉണ്ടാക്കണം

4 സി. ബി. സി. എസ്. സ്കീം വ്യാപമാക്കണം.

5 പഞ്ചായത്തു തലത്തിൽ വനിതാസെൽ രൂപീകരിക്കണം.

# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

1 കാർഷിക മേഖലയിൽ പണിയെടുത്തിരുന്നവർ ഇന്ന് തൊഴിൽരഹിതരാണ്.

2 പഞ്ചായത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ മാനേജുമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംവരണം പാലിക്കുന്നില്ല.

3 തൊഴിലുപകരണങ്ങളുണ്ടെങ്കിലും (ബുക്ക് ബൈൻറിംഗ്) പട്ടികജാതി സഹകരണ സംഘത്തിൽ അത് പ്രയോജനപ്പെടുത്തുന്നില്ല.

### നിർദ്ദേശങ്ങൾ

1 കർഷകത്തൊഴിലാളികൾ തൊഴിൽ ഉറപ്പുവരുത്താൻ നിലവിലുള്ള നെൽപ്പാടങ്ങൾ സംരക്ഷിക്കണം.

2 കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കണം

3 ശാസ്ത്രീയവും സാങ്കേതികവുമായ കൃഷി രീതിക്ക് പ്രോത്സാഹനം നൽകണം

4 പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ നിയമനത്തിന് സംവരണം കർശനമായി പാലിക്കണം.

5 ദളിത് ക്രൈസ്തവർക്ക് പട്ടികജാതിക്കാരുടെ ആനുകൂല്യങ്ങൾ നൽകണം.

6 കറി പൗഡർ നിർമ്മാണം, റെഡി മെയ്ഡ് നിർമ്മാണം, സഹകരണ കൺസ്യൂമർ സ്റ്റോർ, തേനീച്ച വളർത്തൽ, ഔഷധസസ്യകൃഷി, മെഴുകുതിരി

നിർമ്മാണം, ഇറച്ചിക്കോഴി വളർ... , ഓർക്കി
... ആന്തൂറിയം കൃഷി, കൂൺകൃ... ുടങ്ങിയ
...നിറ്റുകൾ ഉണ്ടാക്കി തൊഴിലവ...രങ്ങൾ
...പ്പിക്കണം.

...സ പുരോഗതിക്കായി ഒരു ഗൈഡൻസ്
...സ്ഥാപിക്കണം.

## സ...കരണമേഖല

**നിർദ്ദേശങ്ങൾ**

1 അമിത പലിശക്ക് പണ... ടുത്തിരിക്കുന്ന പാവ
പ്പെട്ടവരെ സഹായിക്കാനായി അവർക്ക് കുറഞ്ഞ
പ...ശനിരക്കിൽ വായ്പ നൽകുകയും അത് കളക്
ടിംഗ് ഏജൻറുമാരെ ഉപയോഗിച്ച് തവണകളായി
വാങ്ങുകയും ചെയ്യുന്ന സംവിധാനം സഹകരണ
ബാങ്കുവഴി നടപ്പിലാക്കുക.

2 ആകർഷകമായ നിക്ഷേപ പദ്ധതികൾ
ആരംഭിക്കുക.

3 കർഷകർ...ുള്ള വായ്പാ വിതരണത്തോത്

...വ്യവസ്ഥയിലുള്ള അശാസ്ത്രീയത

...ായ്പകൾ ഉദാരമായി പരിഷ്ക്കരിക്കുക.

## വിഭവസമാഹരണം

**നിർദ്ദേശങ്ങൾ**

1 പഞ്ചായത്ത് പ്രദേശത്തെ പരസ്യ ബോർഡ...കൾക്ക്
നികുതി ഏർപ്പെടുത്തണം.

2 പഞ്ചായത്ത് ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ള ഭ...നികു
തി പിരിക്കുക.

3 പാറ ക്വാറികൾക്ക് നികുതി ഏർപ്പെടുത്തണം.

## മത്സ്യകൃഷി

പഞ്ചായത്തു കുളങ്ങൾ സംരക്ഷിച്ച് മത്സ്യകൃഷി നടത്താൻ കഴിയും.

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറപേര് | | വെമ്പായം ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്) |
| വിസ്തീർണ്ണം | | 30.58 ചതുരശ്ര കി. മീറ്റർ |
| ഉൾപ്പെടുന്ന വില്ലേജുകൾ | | തേക്കട വില്ലേജ്<br>വെമ്പായം വില്ലേജ്,<br>വട്ടപ്പാറ വില്ലേജിൻെറ കുറെ ഭാഗങ്ങൾ |
| ബ്ലോക്കു പഞ്ചായത്തു മണ്ഡലങ്ങൾ | | കന്യാകുളങ്ങര, വേറ്റിനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | നെടുമങ്ങാട് |
| താലൂക്ക് | | നെടുമങ്ങാട് |
| ജില്ലാ പഞ്ചായത്ത് മണ്ഡലം | : | മാണിക്കൽ |
| ജില്ലാ പഞ്ചായത്ത് | | തിരുവനന്തപുരം |
| അസംബ്ലിമണ്ഡലം | : | നെടുമങ്ങാട് |
| പാർലമെൻറ് മണ്ഡലം | : | ചിറയിൻകീഴ് |
| വാർഡുകൾ | : | പതിമൂന്ന് |
| ജനസംഖ്യ | | 32,637 |
| പുരുഷന്മാർ | | 16,067 |
| സ്ത്രീകൾ | | 16,570 |
| പട്ടികജാതി | | 2746 |
| പുരുഷന്മാർ | | 1333 |
| സ്ത്രീകൾ | | 1413 |
| പട്ടികവർഗ്ഗം | | 142 |
| പുരുഷന്മാർ | | 72 |
| സ്ത്രീകൾ | | 70 |
| | | (അവലംബം: സെൻസസ് - 1991) |
| ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് | | പി. ശ്രീധരൻപിള്ള |
| വൈസ് പ്രസിഡൻറ് | | എസ്. രാജേന്ദ്രൻ |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | | എൻ. എ. സലാം |

# വെമ്പായം പഞ്ചായത്ത്


പുല്ലമ്പാറ
പനവൂർ
ആനാട്
മാണിക്കൽ
നെടുമങ്ങാട്
കരകുളം
ശ്രീകാര്യം
പോത്തൻകോട്
I ചീരാണിക്കര
II കാരംകോട്
III തേക്കട
IV കല്യാകുളങ്ങര
V പെരുംകൂർ
VI കണക്കോട്
VII കുറ്റിയാണി
VIII വേറ്റിനാട്
IX നെടുവേലി
X കൊഞ്ചിറ
XI വഴയ്ക്കാട്
XII നന്നാട്ടുകാവ്
XIII തീപ്പുകൽ
പഞ്ചായത്ത് അതിർത്തി
വാർഡ് അതിർത്തി
M.C. റോഡ്
റോഡുകൾ

# അധികാരം ജനങ്ങളിലേക്ക്



## ഒൻപതാം പദ്ധതി ജനകീയ പദ്ധതി